നം. കെ.എസ്.എ/കെ.എൻ.യു/യു.4/80/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കണ്ണൂർ സർവ്വകലാശാല ഓഡിറ്റ് കാര്യാലയം
കണ്ണൂർ-2
Email:kannuruty.ksad@kerala.gov.in
ഫോൺ:04972 715385
തീയ്യതി: 15-05-2019

ജോയിന്റ് ഡയറക്ടർ.

രജിസ്ട്രാർ
കണ്ണൂർ സർവ്വകലാശാല.
കണ്ണൂർ.

സർ,

വിഷയം:- കണ്ണൂർ സർവ്വകലാശാലയുടെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കണ്ണൂർ സർവ്വകലാശാലയുടെ 2017-18 ലെ വാർഷിക കണക്കുകൾ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് പ്രകാരവും 1996 ലെ കണ്ണൂർ സർവ്വകലാശാല നിയമം 55-ാം വകുപ്പ് പ്രകാരവും പുറപ്പെടുവിക്കുന്ന കണ്ണൂർ സർവ്വകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയച്ചുകൊള്ളുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ/ക്രമക്കേടുകൾ പരിഹരിച്ച് ആയതു സംബന്ധിച്ച മറുപടി ഈ റിപ്പോർട്ടു കൈപ്പറ്റി രണ്ടുമാസത്തിനകം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ് (1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം നമ്പർ ചട്ടം കാണുക.

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ഉ.പ.സ)
3. lfadreport@yahoo.com (വെബ് പോർട്ടലിൽ പ്രസിദ്ധീകരണത്തിന്)
4. ഓഫീസ് കോപ്പി.
5. സ്പെയർ കോപ്പി.

നമ്പർ. കെ.എസ്.എ/കെ.എൻ.യു/യു.4/80/2019 തീയതി: 15-05-2019

# കണ്ണൂർ സർവകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 18, കണ്ണൂർ സർവകലാശാല നിയമത്തിലെ 55-ാം വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

| പേര് | ഉദ്യോഗപ്പേര് | കാലഘട്ടം |
|---|---|---|
| ശ്രീ. വർഗീസ് ജോസഫ് | ജോയിന്റ് ഡയറക്ടർ | 21-08-2018 മുതൽ തുടരുന്നു. |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം. | ഓഡിറ്റർമാരുടെ പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ. സുരേഷ്ബാബു കെ.വി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ പ്രമോദ് കെ.വി | ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി ഷൈമകുമാരി എസ്.എൽ | ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ പ്രദീപ്കുമാർ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 5 | ശ്രീ ശശിധരൻ എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 6 | ശ്രീ സുധീഷ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 7 | ശ്രീമതി ഷിജില വി.ഡി | സീനിയർഗ്രേഡ് ഓഡിറ്റർ |
| 8 | ശ്രീ ഷൈജിത്ത് പി.സി | സീനിയർഗ്രേഡ് ഓഡിറ്റർ |
| 9 | ശ്രീ സിജേഷ് പി | ഓഡിറ്റർ |
| 10 | കുമാരി ശാലിനി പി.എം | ഓഡിറ്റർ |

## ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ

| | | |
|---|---|---|
| വൈസ്ചാൻസലർ | ഡോ.എം.കെ അബ്ദുൾഖാദർ | 01-04-2017 മുതൽ 14-04-2017 വരെ |
| | ഡോ.ബാബു സെബാസ്റ്റ്യൻ | 15-04-2017 മുതൽ 23-11-2017 വരെ |
| | പ്രൊ. ഗോപിനാഥ് രവീന്ദ്രൻ | 24-11-2017 മുതൽ 31-03-2018 വരെ |
| പ്രൊ-വൈസ്ചാൻസലർ | ഡോ.ടി.അശോകൻ | 01-04-2017 മുതൽ 26-03-2018 വരെ |
| | പ്രൊ പി.ടി.രവീന്ദ്രൻ | 27-03-2018 മുതൽ 31-03-2018 വരെ |
| രജിസ്ട്രാർ | ഡോ.ബാലചന്ദ്രൻ കീഴോത്ത് | 01-04-2017 മുതൽ 31-03-2018 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ.ഷാജി ജോസ് | 01-04-2017 മുതൽ 31-03-2018 വരെ |
| പരീക്ഷാ കൺട്രോളർ | ഡോ.പി.ബാബു ആന്റോ | 01-04-2017 മുതൽ 31-03-2018 വരെ |

# ആമുഖം

സർവ്വകലാശാലയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, യു.ജി.സി എന്നിവയിൽ നിന്നും ലഭിച്ച പദ്ധതി തുകകൾ, മറ്റ് ഏജൻസികളിൽ നിന്നും പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകൾ, സംസ്ഥാന സർക്കാറിന്റെ പദ്ധതിയിതര ഗ്രാന്റ്, സർവ്വകലാശാലയുടെ തനത് ഫണ്ട് എന്നിവയുടെ വരവ്-ചെലവ് കണക്കുകൾ പരിശോധനാ വിധേയമാക്കി. സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ, സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവയുടെ കണക്കുകൾ പരിശോധിച്ച് പ്രത്യേക ഓഡിറ്റ് നോട്ടുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അവയിൽ സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാരനടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് താഴെപറയും പ്രകാരം നാല് ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു.


| ക്രമ നം. | ഭാഗം | വിഷയം | പേജ് നം. |
|---|---|---|---|
| 1 | 1 | പൊതു അവലോകനം | 10 |
| 2 | 2 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 39 |
| 3 | 3-1 | ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 51 |
| 4 | 3-2 | പ്രവർത്തനാവലോകന റിപ്പോർട്ടുകൾ | 110 |
| 5 | 4 | ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും | 127 |

# ഉള്ളടക്കം


| ഖണ്ഡിക | വിഷയം | പേജ് നമ്പർ |
|---|---|---|
| | **ഭാഗം 1<br>പൊതു അവലോകനം** | |
| 1-1 | പൊതുവിവരങ്ങൾ | 10 |
| 1-2 | ബജറ്റ് | 11 |
| 1-3 | വാർഷിക ധനകാര്യ പത്രിക | 13 |
| 1-4 | ധനസഹായം | 16 |
| 1-5 | വിനിയോഗ സാക്ഷ്യപത്രങ്ങൾ | 22 |
| 1-6 | തനത് വരുമാനം | 22 |
| 1-7 | കണ്ണൂർ സർവ്വകലാശായുടെ വരവുചെലവുകൾ -അവലോകനം | 23 |
| 1-8 | എൻഡോവ്മെന്റുകൾ/ ചെയറുകൾ | 27 |
| 1-9 | സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകൾ | 29 |
| 1-10 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 35 |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 37 |
| 1-12 | ആഭ്യന്തര നിയന്ത്രണം | 37 |
| | **ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | ഇ-ഗ്രാന്റ്സ് മുഖേന ലഭിക്കേണ്ട പരീക്ഷാഫീസിനത്തിലെ ലക്ഷക്കണക്കിന് രൂപയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. | 39 |
| 2-2 | പദ്ധതി ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച - സർവകലാശാലക്ക് 39.02കോടി രൂപ നഷ്ടപ്പെട്ടു | 40 |
| 2-3 | യു.ജി.സി - പന്ത്രണ്ടാം പദ്ധതി ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഗ്രാന്റ് യഥാസമയം വിനിയോഗിച്ചില്ല - സർവ്വകലാശാലക്ക് 8.53 കോടി രൂപ നഷ്ടമായി. | 41 |
| 2-4 | ഇ-ഗവേണൻസ് ഗ്രാന്റ് – 73% തുക ചെലവഴിക്കാതെ തിരിച്ചടച്ചു – പദ്ധതി നിർവ്വഹണത്തിലെ വീഴ്ച. | 42 |
| 2-5 | ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സർവകലാശാലക്ക് ലഭ്യമാവേണ്ട ഫീസുകൾ - കൃത്യത പരിശോധിക്കപ്പെടുന്നില്ല. | 45 |
| 2-6 | ചെയർ, എൻഡോവ്മെന്റ് - പലിശ കോർപസ് ഫണ്ടിനോട് ചേർത്ത് നിക്ഷേപിക്കുന്നില്ല | 45 |
| 2-7 | കോഴ്സ് അഫിലിയേഷൻ/ അഡ്മിനിസ്ട്രേഷൻ ഫീസ് – വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. | 46 |
| 2-8 | കാലഹരണപ്പെട്ട കോഷൻ ഡെപ്പോസിറ്റ് തുക സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല (അപ്ലൈഡ് ഇക്കണോമിക്സ്, തലശ്ശേരി) | 47 |
| 2-9 | സെമസ്റ്റർ ഫീസ് ഈടാക്കി സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല (എം.ബി.എ സെന്റർ നീലേശ്വരം) | 47 |
| 2-10 | ലക്ഷദ്വീപിൽ നിന്നുള്ള വിദ്യാർത്ഥിയുടെ ഫീസ് ലഭിച്ചത് സർവകലാശാല ഫണ്ടിൽ അടവാക്കിയില്ല (ഐ.ടി, ... | 47 |

| | | |
|---|---|---|
| | മാങ്ങാട്ടുപറമ്പ് ) | |
| 2-11 | സ്റ്റുഡന്റ്സ് വെബ്സെന്റർ വഴി പണം സ്വീകരിക്കുമ്പോൾ രശീതുകൾ നൽകുന്നില്ല. | 48 |
| 2-12 | ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ വിദ്യാർത്ഥികളിൽ നിന്നും കോഷൻ ഡെപ്പോസിറ്റ് ഈടാക്കുന്നില്ല | 48 |
| 2-13 | വിവിധ സെമസ്റ്റർ ഫീസുകൾ: അടവു വിവരം ലഭ്യമല്ല (ഹെൽത്ത് സയൻസ് പാലയാട്) | 48 |
| 2-14 | ഹോസ്റ്റൽ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല (ഹോസ്റ്റൽ, മാങ്ങാട്ടുപറമ്പ്) | 49 |

## ഭാഗം 3-1
## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ


| | | |
|---|---|---|
| 3-1-1 | സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ കെട്ടിടനിർമ്മാണം – ഊരാളുങ്കൽ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റിക്ക് എസ്റ്റിമേറ്റിൽ കോൺട്രക്ടേർസ് പ്രോഫിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല. | 51 |
| 3-1-2 | ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ്, ലൈബ്രറി കെട്ടിടത്തിൽ 4 ലിഫ്റ്റിന്റെ നിർമ്മാണം, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാബിൻ, സിണ്ടിക്കേറ്റ് റൂം ഇന്റീരിയർ ഫർണിഷിംഗ് അധികജോലികൾ-പദ്ധതി നിർവഹണത്തിലെ വീഴ്ചകൾ | 52 |
| 3-1-3 | സിന്തറ്റിക്ക് ട്രാക്കിന് സ്ഥലം വാങ്ങൽ - സ്ഥലത്തിന്റെ അതിരുകൾ പോലും നിർണ്ണയിക്കാതെയും സ്ഥലം സർവകലാശാലയുടെ ഉടമസ്ഥതയിലാക്കാതെയും 1.36 കോടി രൂപ നൽകിയത് ക്രമപ്രകാരമല്ല. | 60 |
| 3-1-4 | മാങ്ങാട്ട്പറമ്പ് കാമ്പസ് - കായികവിദ്യാഭ്യാസ പഠനവകുപ്പിൽ ഫിറ്റ്നസ് സെന്റർ നിർമ്മാണം -യു ജി സി സ്പോർട്സ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ കാലതാമസം. | 62 |
| 3-1-5 | സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ച് സർവകലാശാലക്ക് കൈമാറുന്നതിന് മുൻപ് തന്നെ നിർമ്മാണവൈകല്യങ്ങൾ പരിഹരിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. | 63 |
| 3-1-6 | പാലയാട് ക്യാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി-നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയ 69,509/- രൂപ ഈടാക്കേണ്ടതാണ്. | 65 |
| 3-1-7 | മാനന്തവാടി കാമ്പസ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം (വിമൻ ഫെസിലിറ്റി സെന്റർ) -(Vertical extension of health centre cum guest house)- മാനേജ്മെന്റ് ചാർജ്ജുൾപ്പെടെയുള്ള തുകക്ക് നികുതി റിക്കവറി നടത്തിയതിനാൽ സർവകലാശാലക്കുണ്ടായ നഷ്ടം ₹24,515 | 66 |
| 3-1-8 | സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന്റെ ലംഘനം- സ്ഥലംമാറിപ്പോയ ജീവനക്കാരന്റെ ഭവന നിർമ്മാണ വായ്പ തിരിച്ച് പിടിച്ചില്ല | 67 |
| 3-1-9 | ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) തസ്തികയിലെ അനധികൃത സംയോജനവും പ്രൊമോഷനുകളും – സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിച്ചുള്ള തീരുമാനങ്ങൾ - സർവകലാശാലക്ക് സാമ്പത്തിക ബാധ്യത | 67 |
| 3-1-10 | കരാർ ദിവസവേതനം അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വേതനം നൽകുന്നില്ല. | 71 |
| 3-1-11 | ഫെസ്റ്റിവൽ അഡ്വാൻസ് അധികനിരക്കിൽ അനുവദിച്ചതും തിരിച്ചടവ് കാലയളവ് ദീർഘിപ്പിച്ച് നല്കിയതും ക്രമപ്രകാരമല്ല. | 75 |
| 3-1-12 | സർവ്വകലാശാലയിലെ അദ്ധ്യാപക ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ തുക ഈടാക്കുന്നതിൽ അപാകങ്ങൾ | 76 |
| 3-1-13 | അധിക തസ്തിക അനുവദിച്ചിട്ടും താത്കാലിക ജീവനക്കാർ ജോലിയിൽ തുടരുന്നു | 77 |

| | | |
|---|---|---|
| 3-1-14 | ആറാമത് യു.ജി.സി സ്കീം - യു.ജി.സി സ്കെയിലിലുള്ള അദ്ധ്യാപകർക്ക് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകങ്ങൾ - ₹26,04,572/- അധികം നൽകിയത് ഈടാക്കേണ്ടതാണ്. | 78 |
| 3-1-15 | അധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നില്ല | 86 |
| 3-1-16 | വാഹനങ്ങളുടെ ഉപയോഗം – അപാകങ്ങൾ | 88 |
| 3-1-17 | കെമിക്കലുകൾ റേറ്റ്കോൺട്രാക്ടിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നു | 90 |
| 3-1-18 | പ്രവർത്തനം ഇല്ലാത്ത പഠന വകുപ്പുകളിലെ ഫർണിച്ചറുകളും മറ്റ് ആസ്തികളും നിഷ്ക്രിയമാവുന്നത് സംബന്ധിച്ച് | 92 |
| 3-1-19 | വനിതാ ഹോസ്റ്റലിലെ ഫർണിച്ചർ പൂർണ്ണമായും ഉപയോഗയോഗ്യമാക്കേണ്ടതാണ്. | 93 |
| 3-1-20 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനുമതി വാങ്ങാതെയുള്ള സർവകലാശാലയിലെ കെട്ടിടനിർമ്മാണങ്ങൾ. | 93 |
| 3-1-21 | യു.ജി.സി പന്ത്രണ്ടാം പദ്ധതി - ജനറൽ ഡവലപ്മെന്റൽ അസിസ്റ്റൻസ്, പട്ടികജാതി/പട്ടികവർഗ ഫണ്ട് ചെലവഴിക്കുന്നതിൽ അലംഭാവം | 95 |
| 3-1-22 | യു.ജി.സി പന്ത്രണ്ടാം പദ്ധതി - എസ്.സി/എസ്.ടി സേവന ഘടകം - നെറ്റ് കോച്ചിംഗ് ക്ലാസെടുത്ത അധ്യാപകർക്ക് അധികം പ്രതിഫലം നൽകിയത് സംബന്ധിച്ച്. | 99 |
| 3-1-23 | സർവ്വകലാശാല റിസർച്ച് ഫെലോഷിപ്പ് - ഗവേഷണ വിദ്യാർത്ഥികൾ ഫെലോഷിപ്പ് തുക കൈപ്പറ്റുന്നില്ല | 99 |
| 3-1-24 | പഠന വകുപ്പുകളിലെ ഉപയോഗയോഗ്യമല്ലാത്ത വിവിധ സാധനസാമഗ്രികൾ ലേലം ചെയ്ത് ഒഴിവാക്കൽ- തുടർനടപടികൾ വൈകുന്നു. | 101 |
| 3-1-25 | പഠന വകുപ്പുകളിലെ ലൈബ്രറികളിൽ നിന്നും നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ അവയുടെ വില ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചില്ല. | 102 |
| 3-1-26 | പഠന വകുപ്പുകളിലെ ലൈബ്രറി പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ നടത്തി ഡാറ്റാഎൻട്രി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 103 |
| 3-1-27 | ലൈബ്രറി സ്റ്റോക്കിൽ നിന്നും പുസ്തകങ്ങൾ നഷ്ടമായത് (ഡിപ്പാർട്ട്മെന്റ് ഓഫ് ലോ, പാലയാട്) | 103 |
| 3-1-28 | കമ്പ്യൂട്ടർ ലാബിൽ നിന്നും 73160/-രൂപ വില മതിക്കുന്ന കമ്പ്യൂട്ടർ ആക്സസറീസ് നഷ്ടപ്പെട്ടത്-സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള തുടർനടപടികൾ വൈകുന്നു (ഐ.ടി, മാങ്ങാട്ടുപറമ്പ്) | 103 |
| 3-1-29 | പരീക്ഷാ നടത്തിപ്പ് ചെലവുകൾക്കായി അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം | 104 |
| | **ഭാഗം 3-2**<br>**പ്രവർത്തനാവലോകന റിപ്പോർട്ടുകൾ** | |
| 3-2-1 | എഞ്ചിനീയറിംഗ് വിഭാഗം | 110 |
| 3-2-2 | യൂണിവേഴ്സിറ്റി കാഷ് കൗണ്ടർ | 115 |
| 3-2-3 | പരീക്ഷാവിഭാഗം | 117 |
| 3-2-4 | യു.ജി.സി-ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് സെന്റർ (എച്ച്.ആർ.ഡി.സി) - അവലോകനം | 120 |

| | | |
|---|---|---|
| 3-2-5 | വിദൂര വിദ്യാഭ്യാസ വിഭാഗം | 122 |
| 3-2-6 | സർവകലാശാലയിലെ ഇ-ഗവേണൻസ് സംവിധാനം | 125 |
| | **ഭാഗം 4**<br>**ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | ധനസ്ഥിതി | 127 |
| 4-2 | സ്ഥിരനിക്ഷേപങ്ങൾ | 128 |
| 4-3 | ഓഡിറ്റ് റിക്കവറി | 129 |
| 4-4 | ഓഡിറ്റ് ചാർജ് | 130 |
| 4-5 | ഓഡിറ്റ് പ്രത്യവലോകനം | 131 |
| 4-6 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 132 |
| | **അനുബന്ധം-1** | |
| | കണ്ണൂർ സർവ്വകലാശാലയുടെ പേരിൽ 31.03.2018 ന് നിലവിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ കാണിക്കുന്ന പത്രിക | 134 |
| | **അനുബന്ധം-2** | |
| | 1998-99 മുതൽ 2017-18 വരെയുള്ള കാലയളവിൽ അനുവദിച്ച മുൻകൂറുകളിൽ ക്രമപ്പെടുത്താൻ ബാക്കിയുള്ളതിന്റെ വിവരങ്ങൾ കാണിക്കുന്ന പത്രിക | 138 |


ജോയിന്റ് ഡയറക്ടർ.
കണ്ണൂർ സർവ്വകലാശാല ഓഡിറ്റ്.

# ഭാഗം -1
# പൊതു അവലോകനം
## 1-1 പൊതുവിവരങ്ങൾ

ബഹു. കേരള ഗവർണ്ണറുടെ 1995 നവംബർ 11 ലെ വിജ്ഞാപനത്തിലൂടെ പ്രഖ്യാപിക്കപ്പെട്ട കണ്ണൂർ സർവ്വകലാശാല, കേരള നിയമസഭയുടെ 1996 ലെ 22-ാം നിയമ നിർമ്മാണത്തിലൂടെ സ്ഥാപിതമായി. 1996 മാർച്ച് രണ്ടാം തീയ്യതി ഔദ്യോഗികമായി നിലവിൽ വന്നു. മൾട്ടി ക്യാമ്പസ് സിസ്റ്റം നിലനിൽക്കുന്ന സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരം കണ്ണൂർ കോർപ്പറേഷനിൽ ഉൾപ്പെടുന്ന താവക്കരയിലാണ്. സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ ഓഫീസുകളും ഭരണ വിഭാഗം, അക്കാദമിക് വിഭാഗം, പരീക്ഷാ വിഭാഗം, ധനകാര്യ വിഭാഗം, വിദൂര വിദ്യാഭ്യാസ വിഭാഗം, ലൈബ്രറി തുടങ്ങിയവയും ആസ്ഥാന മന്ദിരത്തിലാണ് പ്രവർത്തിക്കുന്നത്.

താവക്കര കാംപസിനു പുറമെ തലശ്ശേരി, മാങ്ങാട്ടുപറമ്പ്, ധർമ്മശാല, പയ്യന്നൂർ, നീലേശ്വരം, കാസർഗോഡ്, മാനന്തവാടി എന്നിവിടങ്ങളിലും സർവ്വകലാശാല ക്യാമ്പസുകൾ പ്രവർത്തിക്കുന്നു. ഇവയിൽ ആകെ 28 പഠനവകുപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ 3 കമ്മ്യൂണിറ്റി കോളേജുകളും 7 സ്വാശ്രയ സ്ഥാപനങ്ങളും (MBA-2, MCA-2, Teacher Education-3) സർവ്വകലാശാല നേരിട്ട് നടത്തുന്നു. 9 സർക്കാർ കോളേജുകൾ, 12 എയിഡഡ് കോളേജുകൾ, 51 അൺ-എയിഡഡ് കോളേജുകൾ, 8 ഓറിയന്റൽ ടൈറ്റിൽ കോളേജുകൾ, 15 പ്രൊഫഷണൽ കോളേജുകൾ, 13 ടീച്ചർ ട്രെയിനിങ് കോളേജുകൾ, 2 എം.ബി.എ കോളേജുകൾ എന്നിവ ഉൾപ്പെടെ ആകെ 110 സ്ഥാപനങ്ങൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്നു.

1996 ലെ കണ്ണൂർ സർവ്വകലാശാല നിയമം, 1998 ലെ കണ്ണൂർ സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1999 ലെ കണ്ണൂർ സർവ്വകലാശാല ഓർഡിനൻസ്, അനുബന്ധമായി പുറപ്പെടുവിച്ച ബൈലോകൾ, കാലാകാലങ്ങളിൽ ബാധകമായ സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്.

സെനറ്റ്, സിണ്ടിക്കേറ്റ് എന്നീ ഭരണ സമിതികളും വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുമാണ് സർവ്വകലാശാലയുടെ ഭരണം നടത്തുന്നത്. സർവ്വകലാശാലയുടെ ചാൻസലർ ബഹു.കേരള ഗവർണ്ണർ ആണ്. ഭരണ നിർവ്വഹണത്തിന് സിണ്ടിക്കേറ്റിനെ സഹായിക്കുന്നതിനായി വിവിധ സിണ്ടിക്കേറ്റ് ഉപസമിതികളും ഫൈനാൻസ് കമ്മിറ്റി, പ്ലാനിങ് ബോർഡ് എന്നിവയും പ്രവർത്തിച്ചുവരുന്നു. അക്കാദമിക് വിഷയങ്ങളിൽ നയങ്ങൾ രൂപീകരിക്കുന്നതും മേൽനോട്ടം നടത്തുന്നതും അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നീ സമിതികളാണ്.

സർവ്വകലാശലയുടെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ്. സ്റ്റാറ്റ്യൂട്ട് 1998 ലും ഓർഡിനൻസ് 1999 ലും നിലവിൽ വന്നു. സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തുന്നതിന് സിണ്ടിക്കേറ്റിന് അധികാരമുണ്ടെങ്കിലും അത് നടപ്പിൽ വരുത്തുന്നതിന് ചാൻസലറുടെ അനുമതി ആവശ്യമാണ്. ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നതിന് സിണ്ടിക്കേറ്റിന് അധികാരമുണ്ട്. എന്നാൽ സർവ്വകലാശാലക്ക് അധികച്ചെലവ് ഉണ്ടാക്കുന്ന ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനോ റദ്ദാക്കുന്നതിനോ സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണ് (സെക്ഷൻ 40(3)- സർവ്വകലാശാല നിയമം).

വളർച്ചയുടെ പാതയിലുള്ള സർവ്വകലാശാലയ്ക്ക് കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്റ്റാറ്റ്യൂട്ടിലും ഓർഡിനൻസിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിൽ ഇപ്രകാരം ഭേദഗതികൾ വരുത്തുന്നതിന് സർവ്വകലാശാലയുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകുന്നുണ്ട്. നിലവിലുള്ള സ്റ്റാറ്റ്യൂട്ടിലെയും ഓർഡിനൻസിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി സിണ്ടിക്കേറ്റ് തീരുമാനങ്ങൾ എടുക്കുന്നതും ആയത് നടപ്പാക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജീവനക്കാരുടെ നിയമനം, ശമ്പള സ്കെയിൽ, പ്രമോഷൻ, യോഗ്യതകൾ, അന്തർസർവ്വകലാശാല സ്ഥലംമാറ്റം എന്നീ വിഷയങ്ങളിൽ ഇത്തരം വ്യതിചലനങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നിയമം അനുശാസിക്കുന്ന വിധത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ഭരണ സമിതികൾ ജാഗ്രത പുലർത്തേണ്ടതാണ്. അതുപോലെതന്നെ പുതിയ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ആവശ്യാനുസരണം തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2017-18 വാർഷിക കണക്കുകളെ അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ എല്ലാ വരവ്-ചെലവ് വിവരങ്ങളും പരിശോധനാ വിധേയമാക്കി. ഇതിനു പുറമെ തെരഞ്ഞെടുക്കപ്പെട്ട ഏതാനും മേഖലകളിൽ പ്രവർത്തന അവലോകനവും നടത്തിയിട്ടുണ്ട്.

# 1-2 ബജറ്റ്

കണ്ണൂർ സർവ്വകലാശാല നിയമം വകുപ്പ്-51, സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ VII ഖണ്ഡിക-10 എന്നിവ പ്രകാരമാണ് സർവ്വകലാശാല ബജറ്റ് തയ്യാറാക്കുന്നത്.

മുൻ വർഷത്തെ യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ, പുതുക്കിയ ബജറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല വരും വർഷത്തെ ബജറ്റ് തയ്യാറാക്കി വരുന്നത്. ഇത് ധനകാര്യ കമ്മിറ്റി പരിശോധിച്ചതിനു ശേഷം സിൻഡിക്കേറ്റിന് സമർപ്പിക്കുകയും സിൻഡിക്കേറ്റ് വിശദീകരണ കുറിപ്പോടുകൂടിയ മെമ്മോറാണ്ടം സഹിതം ബഹു.ചാൻസലർക്ക് അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുന്നു. ബഹു. ചാൻസലർ അംഗീകരിച്ച ബജറ്റാണ് യൂണിവേഴ്സിറ്റി ബജറ്റായി അറിയപ്പെടുന്നത്.

കണ്ണൂർ സർവ്വകലാശാലയുടെ വാർഷിക ബജറ്റ് 23-12-2018 ലെ 2016.587 നമ്പർ തീരുമാന പ്രകാരം സിൻഡിക്കേറ്റ് പാസാക്കുകയും ബഹു.ചാൻസലർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (GS3-464/2017 തീയ്യതി: 30-06-2017). ആയതിന്റെ സംഗ്രഹം ചുവടെ കൊടുക്കുന്നു.

**മുന്നിരിപ്പ്: 3436.64 ലക്ഷം**

**<u>വരവ്</u>**

| | |
|---|---|
| നോൺ-പ്ലാൻ | 6735.00 ലക്ഷം |
| പ്ലാൻ | 3530.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 491.93 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1261.00 ലക്ഷം |
| ആകെ | 12017.93 ലക്ഷം |
| മൊത്തം വരവ് | 15454.57 ലക്ഷം |

## ചെലവ്

| | |
|---|---|
| നോൺ-പ്ലാൻ | 6970.67 ലക്ഷം |
| പ്ലാൻ | 6662.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 491.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1330.00 ലക്ഷം |
| ആകെ | 15454.1 ലക്ഷം |
| നീക്കിയിരിപ്പ് | 0.47 ലക്ഷം |
| മൊത്തം ചെലവ് | 15454.57 ലക്ഷം |

## പുതുക്കിയ ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 27-12-2017 ലെ 2017.857 നമ്പർ തീരുമാന പ്രകാരം സിൻഡിക്കേറ്റ് പാസാക്കിയിട്ടുണ്ട്. ആയതിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

## മുന്നിരിപ്പ്: 5144.66

## വരവ്

| | |
|---|---|
| നോൺ-പ്ലാൻ | 7443.33 ലക്ഷം |
| പ്ലാൻ | 2450.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 517.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1229.00 ലക്ഷം |
| ആകെ | 11639.76ലക്ഷം |
| ആകെ വരവ് | 16784.42 ലക്ഷം |

## ചെലവ്

| | |
|---|---|
| നോൺ-പ്ലാൻ | 7704.74 ലക്ഷം |
| പ്ലാൻ | 3592.00 ലക്ഷം |
| സ്പെഷൽ ഫണ്ട് | 516.43 ലക്ഷം |
| ഋണശീർഷക കണക്കുകൾ | 1337.15 ലക്ഷം |
| ആകെ | 13150.32 ലക്ഷം |
| നീക്കിയിരിപ്പ് | 3634.10 ലക്ഷം |
| ആകെ | 116784.42 ലക്ഷം |

എന്നാൽ യഥാർത്ഥ വരവ്-ചെലവുകൾ യഥാക്രമം 10333.30 ലക്ഷം രൂപയും 10171.92 ലക്ഷം രൂപയുമാണ്.

ബജറ്റിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതാനും വകുപ്പുകളിൽ ആരംഭിക്കാനിരുന്ന പദ്ധതികൾ നടപ്പുവർഷം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു.

| ബജറ്റ് കോഡ് | ഇനങ്ങൾ (പാർട്ട്-II പ്ലാൻ) | വകയിരുത്തിയ തുക |
|---|---|---|
| 446-090 | സെന്റർ ഫോർ കരിയർ ഡവലപ്മെന്റ് | 1,00,000 |
| 456-090 | എക്സ്റ്റൻഷൻസെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസ് | 2,00,000 |
| 468-090 | ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി | 2,00,000 |
| 475-090 | ഡിപ്പാർട്ട്മെന്റ് ഓഫ് ലൈബ്രറി സയൻസ് | 2,00,000 |
| 479-262 | ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോസയൻസ് | 1,00,00,000 |
| 480-262 | ഇന്റർ നാഷണൽ & ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോളജി | 75,00,000 |

സർവ്വകലാശാല നിയമങ്ങളിലേയും കേരള ബജറ്റ് മാന്വലിലേയും വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് രൂപീകരിക്കുന്നത്. ബജറ്റ് രൂപീകരിച്ച് സാമ്പത്തിക നിയന്ത്രണം ഫലപ്രദമാക്കുന്നത് അതാത് സാമ്പത്തിക വർഷത്തെ ഡിസംബർ മാസം വരെയുള്ള യഥാർത്ഥ വരവ്-ചെലവ് കണക്കുകൾ ആധാരമാക്കിയാണ്. എന്നാൽ ശേഷിക്കുന്ന മൂന്ന് മാസങ്ങളിൽ ഫീസ് വർദ്ധനവ് മൂലവും മറ്റും വരവിനത്തിലും പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് ആകസ്മികമായി ചെലവിനത്തിലുമുണ്ടാകുന്ന വർദ്ധനവുകൾ ബജറ്റിൽ പ്രതിഫലിക്കാറില്ല. അത്തരത്തിലുള്ള ചെറിയ മാറ്റങ്ങളൊഴിച്ചാൽ തീർത്തും യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റാണ് രൂപീകരിച്ചത്.

# 1-3 വാർഷിക ധനകാര്യ പത്രിക

കണ്ണൂർ സർവ്വകലാശാലയിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് പ്രത്യേക അക്കൗണ്ടിങ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ടാലി സോഫ്റ്റ്വെയറിന്റെ സഹായത്തോടെയാണ് നിലവിൽ വാർഷിക കണക്കുകൾ തയ്യാറാക്കിവരുന്നത്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത് എന്ന് സർവ്വകലാശാല അവകാശപ്പെടുന്നുണ്ടെങ്കിലും വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളായ ഇൻകം&എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകൾക്കും ബാധകമാക്കാവുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി കണക്കുകളുടെ സോഫ്റ്റ്വെയർ മാതൃക കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് 2013 ൽ എല്ലാ സംസ്ഥാനങ്ങൾക്കും അയച്ചിരുന്നു. ഇതിൻമേൽ 24-10-2013 ൽ സംസ്ഥാന സർക്കാർ സർവ്വകലാശാലകളുടെ അഭിപ്രായം തേടുകയുണ്ടായി (ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ (കെ)22882/ കെ.3/ഉ.വി നമ്പർ കത്ത്). കേന്ദ്ര മാനവവിഭവശേഷി വകുപ്പ് തയ്യാറാക്കിയ അക്കൗണ്ടിംഗ് മാതൃക സംബന്ധിച്ച കണ്ണൂർ സർവ്വകലാശാലയുടെ നിർദ്ദേശങ്ങൾ 28-12-2013 ൽ തന്നെ സർക്കാറിന് അയച്ചിരുന്നു. എന്നാൽ തുടർനടപടികൾ ഒന്നുംതന്നെ സർക്കാറിന്റെ ഭാഗത്തുനിന്നോ സർവ്വകലാശാലയുടെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. സർവ്വകലാശാല ആരംഭം മുതലുള്ള ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യം കണക്കാക്കാത്തതിനാലാണ് ബാലൻസ് ഷീറ്റും ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റും തയ്യാറാക്കാൻ സാധിക്കാത്തത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. മൂല്യം കണക്കാക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും നിർദ്ദേശം കാത്തിരിക്കുകയാണ് എന്നും അറിയിച്ചിട്ടുണ്ട്.

അപൂർണ്ണമായതും നിയതമായ ചട്ടപ്രകാരമല്ലാതെയും കണക്കുകൾ തയ്യാറാക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. സർവ്വകലാശാലയുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി ഈ കണക്കുകളിലൂടെ

വെളിവാകുന്നമില്ല. ആയതിനാൽ കണക്കുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ആസ്തി/ബാധ്യത മൂല്യനിർണ്ണയം സംബന്ധിച്ചും സർവ്വകലാശാല ഭരണസമിതി തീരുമാനമെടുത്ത് സമയബന്ധിതമായി നടപ്പാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഹാർഡ് കോപ്പി ഫിനാൻസ് ഓഫീസറുടെ 14-08-2018 തീയ്യതിയിലെ ഫിൻ/എഫ് എ1/1420/അക്കൗണ്ട്സ്/2017-18 നമ്പർ കത്തു മുഖേനയും സോഫ്റ്റ് കോപ്പി 14-09-2018 ലെ ഫിൻ/എഫ്.എ1/1421/അക്കൗണ്ട്സ്/2017-18 നമ്പർ കത്തു പ്രകാരവും ഓഡിറ്റിനു ലഭ്യമാക്കി. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 9(i) വകുപ്പ് പ്രകാരം 2017-18 ലെ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കേണ്ട സമയ പരിധി 31-07-2018 ആയിരുന്നുവെങ്കിലും രണ്ടാഴ്ച വൈകി 14-08-2018 നാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളത്. 10-08-2018 ലെ 2018.654 നമ്പർ തീരുമാന പ്രകാരം ധനകാര്യ പത്രിക സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 2017-18 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയതിലെ അപാകങ്ങൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

### (1) അക്കൗണ്ടിങ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല.

സർവ്വകലാശാല ആരംഭം മുതലുള്ള ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യനിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കാത്തതിനാൽ സർവ്വകലാശാലയുടെ ആസ്തി/ബാധ്യതകളുടെ മുന്നിരിപ്പ് (ഓപ്പണിംഗ് ബാലൻസ് ) തയ്യാറാക്കാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കാതെയാണ് വാർഷിക വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കുന്നത്. കൂടാതെ കണക്കുകൾ തയ്യാറാക്കുന്നതിന് ഏകീകൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുമില്ല.

### (2) ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല.

സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ, മറ്റ് സെന്ററുകൾ, അഫിലിയേറ്റഡ് കോളേജുകൾ, എന്നിവിടങ്ങളിൽനിന്നുള്ള വിവിധ ഫീസിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് (ഡി.സി.ബി) പത്രിക സമാഹരിച്ച് സർവ്വകലാശാല ഒരു കൺസോളിഡേറ്റഡ് ഡി.സി.ബി പത്രിക തയ്യാറാക്കിയിട്ടില്ല. ചില പഠന വകുപ്പുകളുടെ ഡി.സി.ബി പത്രിക സർവ്വകലാശാല ലഭ്യമാക്കിയതിൽ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ ഫീസിനങ്ങൾ വേർതിരിച്ച് കാണിച്ചിട്ടില്ല (ട്യൂഷൻ ഫീ, സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീ, യൂണിവേഴ്സിറ്റി യൂണിയൻ ഫീ മുതലായവ). ശരിയായ ഡിമാന്റ് തുക കണക്കാക്കാതെ കളക്ഷൻ തുക തന്നെ ഡിമാന്റായി കാണിച്ച ഡി.സി.ബി യാണ് തയ്യാറാക്കിയിട്ടുള്ളത്.

സർവ്വകലാശാലയുടെ കീഴിലുള്ള മുഴുവൻ പഠന വകുപ്പുകൾ, സെന്ററുകൾ സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഡി.സി.ബി പത്രികകൾ സമാഹരിച്ച് വിവിധ ഫീസിനങ്ങൾ വേർതിരിച്ച് കാണിച്ചുകൊണ്ടുള്ള ഒരു കൺസോളിഡേറ്റഡ് ഡി.സി.ബി പത്രിക സർവ്വകലാശാല തയ്യാറാക്കേണ്ടതാണ്. ഇതിൽ ലഭ്യമാകാനുള്ള ഇ-ഗ്രാന്റ് അടക്കമുള്ള തുകകൾ ബാലൻസായി

ഉണ്ടാകണം. അതോടൊപ്പം കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭ്യമാകേണ്ട വിവിധ ഇനങ്ങളിലുള്ള ഇ ഗ്രാന്റ് തുകകൾ, കോഴ്സ് അഫിലിയേഷൻ ഫീ എന്നിവ സംബന്ധിച്ച ഡി.സി.ബി യും തയ്യാറാക്കേണ്ടതാണ്.

## (3) ഫെസ്റ്റിവൽ അഡ്വാൻസിന് ഡെബ്റ്റ് സ്, ഡെപ്പോസിറ്റ് & അഡ്വാൻസ് ഭാഗത്ത് പ്രത്യേക ശീർഷം അനുവദിച്ചത്.

ഫെസ്റ്റിവൽ അഡ്വാൻസിനായി പ്രത്യേക ശീർഷം സർവ്വകലാശാല അനുവദിച്ചിട്ടുണ്ട്. വാർഷിക കണക്കുകളുടെ ഭാഗം-IV ൽ ഋണശീർഷ കണക്കുകളിലാണ് ഇവ ഉൾപ്പെടുത്തിയിരിക്കുന്നത്. 832-905 എന്ന ഹെഡിൽ നിന്നും ചെലവഴിക്കുകയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കുമ്പോൾ 608-905 ഹെഡിൽ വരവായി ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത് എന്നാൽ ഫെസ്റ്റിവൽ അഡ്വാൻസിന് പ്രത്യേക ഹെഡ് അനുവദിക്കാതെ ഈ ഇനത്തിലുള്ള ചെലവ് 001-സ്റ്റാഫ് സാലറി, 002-സ്റ്റാഫ് സാലറി (അദ്ധ്യാപകർ) എന്നീ ഹെഡുകളിൽ നിന്നും നിർവഹിക്കേണ്ടതാണ്.

## (4) സർവ്വകലാശാല വകുപ്പുകൾ/സെന്ററുകൾ എന്നിവയുടെ വരുമാനം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

സർവ്വകലാശാല വകുപ്പുകൾ/സെന്ററുകളുടെ 31-03-2018 ലെ നീക്കിയിരിപ്പായി 1,87,26,486/- രൂപയുടെ വിശദാംശങ്ങൾ വാർഷിക കണക്കിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 ലെ വാർഷിക കണക്കുകളിൽ പേജ്-77 ൽ ഓരോ വകുപ്പ്/ സെന്ററുകളുടെയും ക്ലോസിങ് ബാലൻസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കുകളുടെ ക്ലോസിങ് ബാലൻസിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. മാത്രമല്ല വകുപ്പുകളുടെ ക്ലോസിങ് ബാലൻസായി പാസ്ബുക്ക് ബാലൻസാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ സർവ്വകലാശാലയുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. യഥാർത്ഥ ബാലൻസ് അറിയുന്നതിനായി കാഷ് ബുക്ക് ബാലൻസ് ഉൾപ്പെടുത്തേണ്ടതും അവ പാസ് ബുക്കുമായി അനുരഞ്ജനം നടത്തി വാർഷിക കണക്കിന്റെ ഭാഗമാക്കേണ്ടതുമാണ്.

## (5) ചെയർ/എൻഡോവ്മെന്റ് പലിശ തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ചെയർ/എൻഡോവ്മെന്റ് ഇനത്തിൽ 2017-18 വർഷത്തിൽ 30,87,141/- രൂപ മുന്നിരിപ്പുണ്ട്. ആയത് ജില്ലാ ട്രഷറി, എസ്.ബി.ഐ സൗത്ത് ബസാർ ബ്രാഞ്ച് എന്നിവിടങ്ങളിലായി സ്ഥിരനിക്ഷേപമായാണ് സൂക്ഷിച്ചിട്ടുള്ളത്. 2017-18 ൽ പുതിയ എൻഡോവ്മെന്റുകൾ ഒന്നും ലഭിച്ചിട്ടില്ല. 2017-18 വർഷത്തെ ധനകാര്യപത്രിക പ്രകാരം (പേജ് നം.12 ലെ ഹെഡ് 504-300) പലിശയിനത്തിൽ 36,000/- രൂപ വരവുണ്ട്. പേജ് നം.60 ലെ ഹെഡ് 704-300 പ്രകാരം 4,02,070/- രൂപ ചെലവും ഉണ്ട്. എന്നാൽ വരവ് സംബന്ധിച്ച ശരിയായ കണക്ക് സർവ്വകലാശാല സൂക്ഷിക്കുന്നില്ല (ബാരിസ്റ്റർ എം.കെ.നമ്പ്യാർ എൻഡോവ്മെന്റിന്റെ കീഴിൽ 10 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം മൂന്ന് വർഷം പൂർത്തിയായത് 19-05-2017 ൽ ആണ്. ആയതിന്റെ പലിശ

അക്കൗണ്ടിൽ വന്നിട്ടില്ല എന്ന് കാണുന്നു. സർവ്വകലാശാല സൂക്ഷിക്കുന്ന എൻഡോവ്മെന്റ് രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ വ്യക്തമാക്കിയിട്ടില്ല).

## (6) <u>ബൈന്റിങ് ചാർജ് - ചെലവുശീർഷത്തിൽ മാറ്റം</u>

ബൈന്റിങ് ചാർജിനത്തിലെ ചെലവ് നിർവ്വഹിക്കുന്നതിനായി "040" എന്ന ഹെഡ് അനുവദിച്ചിട്ടുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ പരീക്ഷാ വിഭാഗത്തിൽ ബൈന്റിങ് ചാർജിനത്തിലുള്ള ചെലവ് "033" എന്ന ഹെഡിൽനിന്നുമാണ് നിർവ്വഹിച്ചിട്ടുള്ളത് (വൗചർ നം. 398 - ₹68,482/- ; വൗചർ നം. 1312 - ₹61,779/-).

## (7) <u>യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറിയിൽ നിന്നുള്ള വരവ് - പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിച്ചിട്ടില്ല.</u>

വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ആനുവൽ സബ്സ്ക്രിപ്ഷൻ ചാർജ്, ഫൈൻ, താത്കാലിക രജിസ്ട്രേഷനുള്ള ചാർജ്, ഫോട്ടോകോപ്പി ചാർജ് എന്നിവയാണ് സെൻട്രൽ ലൈബ്രറിയിൽ നിന്നുമുള്ള വരവുകൾ. ഇവയെല്ലാം ചേർത്ത് "106-003 യൂണിവേഴ്സിറ്റി സെൻട്രൽ ലൈബ്രറി" എന്ന ഒറ്റ ഹെഡ് ഓഫ് അക്കൗണ്ടിലാണ് വരവ് വരുന്നത്. തൻമൂലം ഇനം തിരിച്ചുള്ള വരവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഓരോ ഇനത്തിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട് രൂപീകരിക്കേണ്ടതാണ്.

# 1-4 ധനസഹായം

സർവ്വകലാശാലയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. താഴെ പറയുന്ന സ്ഥാപനങ്ങളാണ് തൻവർഷം ധനസഹായം നൽകിയത്.

1. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം
2. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം
3. റൂസ ധനസഹായം
4. യു.ജി.സി ധനസഹായം
5. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

## 1.4.1 സംസ്ഥാന സർക്കാരിൽനിന്നുള്ള പദ്ധതിയിതര ധനസഹായം

2017-18 വർഷം പദ്ധതിയിതര ധനസഹായമിനത്തിൽ 32,32,65,000 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സർക്കാർ ഉത്തരവ് നം./ തീയതി | തുക | വരവു ചേർത്ത തീയതി | ട്രഷറി/ ബാങ്ക് |
|---|---|---|---|---|
| 1 | GO(Rt)No.726/17/H.Edn dt.18.04.17 | 2,69,38,750 | 28.04.17 | ജില്ലാ ട്രഷറി, കണ്ണൂർ |
| 2 | GO(Rt)No.918/17/H.Edn dt.22.05.17 | 2,69,38,750 | 31.05.17 | -ടി- |
| 3 | GO(Rt)No.1129/17/H.Edn dt.17.06.17 | 2,69,38,750 | 29.06.17 | -ടി- |
| 4 | GO(Rt)No.1355/17/H.Edn dt.18.07.17 | 2,69,38,750 | 28.07.17 | -ടി- |
| 5 | GO(Rt)No.1510/17/H.Edn dt.10.08.17 | 2,69,38,750 | 26.08.17 | -ടി- |
| 6 | GO(Rt)No.1700/17/H.Edn dt.25.09.17 | 2,69,38,750 | 27.09.17 | -ടി- |
| 7 | GO(Rt)No.1932/17/H.Edn dt.25.10.17 | 2,69,38,750 | 01.11.17 | -ടി- |
| 8 | GO(Rt)No.2109/17/H.Edn dt.21.11.17 | 2,69,38,750 | 30.11.17 | -ടി- |
| 9 | GO(Rt)No.2346/17/H.Edn dt.27.12.17 | 2,69,38,750 | 30.12.17 | -ടി- |
| 10 | GO(Rt)No.198/18/H.Edn dt.29.01.18 | 2,69,38,750 | 30.01.18 | -ടി- |
| 11 | GO(Rt)No.347/18/H.Edn dt.22.02.18 | 2,69,38,750 | 22.02.18 | -ടി- |
| 12 | GO(Rt)No.557/18/H.Edn dt.24.03.18 | 2,69,38,750 | 26.03.18 | -ടി- |
| ആകെ | | 32,32,65,000 | | |

ഇതിന് പുറമെ അഡിഷനൽ നോൺ പ്ലാൻ ഗ്രാന്റായി GO(Rt)No.557/18/H.Edn dt.24.03.18 പ്രകാരം 2,00,00,000 രൂപ അനുവദിക്കുകയും 28.03.2018 ന് സർവകലാശാല ഫണ്ടിൽ വരവ് വെക്കുകയും ചെയ്യെങ്കിലും 31.03.2018 ന് ഈ തുക സർക്കാർ തിരിച്ചെടുത്തു.

## 1.4.2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

2017-18 വർഷം പദ്ധതി ധനസഹായമിനത്തിൽ 11,00,00,000 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാദ വർഷം | സർക്കാർ ഉത്തരവ് നം./ തീയതി | തുക | ചെലാൻ നം./ തീയതി | ട്രഷറി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലപരിധി |
|---|---|---|---|---|---|---|
| I | GO(Rt)No. 1038/2017/ H.Edn dt.06.06.17 | 5,00,00,000 | 28.07.17 | ജില്ലാ ട്രഷറി, കണ്ണൂർ | -- | 31.03.2018 |
| II | GO(Rt)No. 264/2017/ H.Edn dt.13.02.17 | 6,00,00,000 | 31.03.2018 | -ടി- | -- | -ടി- |
| ആകെ | | 11,00,00,000 | | | | |

2017-18 വർഷം പദ്ധതി ധനസഹായമിനത്തിൽ 11,00,00,000 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ടെങ്കിലും മുൻ വർഷ നീക്കിയിരിപ്പുൾപ്പെടെ തൻ വർഷം ചെലവഴിക്കാൻ അവശേഷിച്ചിരുന്ന പദ്ധതി ഗ്രാന്റിൽ നിന്നും 2017-18 വർഷം 26,02,13,038 രൂപ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്.

## 1.4.3 യു.ജി.സി ധനസഹായം

തൻവർഷം യു.ജി.സി ധനസഹായ ഇനത്തിൽ 2,22,86,806രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ഉത്തരവ് നം./ തീയതി | തുക | വരവ് വന്ന തീയതി | ട്രഷറി / ബാങ്ക് | പദ്ധതി / പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | പദ്ധതി ഗ്രാന്റ് | --ഇല്ല-- | | | | | |
| 2 | ഫെലോ ഷിപ്പ്/ സ്കോളർ ഷിപ്പ് | No. F 17-53/1998 (SA-I) 31-03-2017 | 1,46,35,627 | 25-08-17 | SBI താവക്കര ബ്രാഞ്ച് | ജെ. ആർ. എഫ് | 31-03-2018 |
| | | No. F 30-99/2015 (SA-II) 12-02-2018 | 15,26,073 | 16-03-18 | -ടി- | റിസർച്ച് ഗ്രാന്റ് | 31-03-2018 |
| | | ലഭ്യമല്ല | 1,00,000 | 03-04-17 | -ടി- | -- | -- |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | 1,62,61,700 | | | | |
| 3 | യു.ജി.സി – എച്ച്.ആർ.ഡി.സി | F. No. 33-31/2017 (HRDC), 19-12-2017 | 45,60,000 | 12-01-18 | SBI താവക്കര ബ്രാഞ്ച് | എച്ച്.ആർ.ഡി.സിക്ക് വേണ്ടിയുള്ള ഗ്രാന്റ് | 31-03-2018 |
| | | | 9,60,000 | 03-02-18 | -ടി- | | |
| | | | 4,80,000 | 01-02-18 | -ടി- | | |
| | | | 60,00,000 | | | | |
| 4 | മറ്റുള്ളവ | ലഭ്യമല്ല | 11,053 | 25-08-17 | -ടി- | -- | -- |
| | | -ടി- | 14,053 | 02-02-18 | -ടി- | -- | -- |
| | ആകെ | | 25,106 | | | | |
| | മൊത്തം | | 2,22,86,806 | -- | -- | -- | -- |

## 1.4.4 റൂസ ധനസഹായം

| ക്രമ നം. | ഇനം | ഉത്തരവ് നം./ തീയതി | തുക | വരവ് വന്ന തീയതി | ട്രഷറി / ബാങ്ക് | പദ്ധതി / പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | റൂസ ധനസഹായം | ഇല്ല | 10,00,00,000 | 26-09-17 | SBI സൗത്ത് ബസാർ ബ്രാഞ്ച് | -- | -- |
| | ആകെ | | 10,00,00,000 | -- | -- | -- | -- |

## 1.4.5 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

| ക്രമ നം. | ഇനം/ ഫണ്ടിംഗ് ഏജൻസി | ഉത്തരവ് നം./ തീയതി | തുക | വരവ് വന്ന തീയതി | ട്രഷറി / ബാങ്ക് | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | എൻ.എസ്. എഎസ്. ഗ്രാന്റ് | എ2-492/17/ എൻ. എസ്.എസ് തീയ്യതി: 10-08-17 (സംസ്ഥാന എൻ.എസ്. എസ് ഓഫീസർ) | 9,57,000 | 11-08-2017 | SBI സൗത്ത് ബസാർ, കണ്ണൂർ | റഗുലർ ഗ്രാന്റ് | 31-03-2018 |
| | | | 16,65,000 | | | സ്പെഷ്യൽ കോച്ചിങ് പ്രോഗ്രാം | |
| | ആകെ | | 26,22,000 | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | റിസേർച്ച് പ്രൊജക്ടുകൾ (ഡിപ്പാർട്ട് മെന്റുകൾ) | --ഇല്ല-- | | | | | |
| 3 | ഇൻഡിവിഡ്വൽ റിസേർച്ച് പ്രൊജക്ടുകൾ | ലഭ്യമല്ല | 8,00,000 | 03-04-17 | SBI താവക്കര ബ്രാഞ്ച് | -- | -- |
| | | ലഭ്യമല്ല | 3,59,578 | 25-04-17 | -ടി- | -- | -- |
| | | No.1562/ 2016 KSCSTE 29-03-17 | 22,69,800 | 25-04-17 | -ടി- | -- | -- |
| | | ലഭ്യമല്ല | 1,14,898 | 22-06-18 | -ടി- | -- | -- |
| | | -ടി- | 1,07,281 | 22-06-17 | -ടി- | -- | -- |
| | | -ടി- | 2,80,000 | 31-10-17 | -ടി- | -- | -- |
| | | -ടി- | 58,549 | 27-06-17 | -ടി- | -- | -- |
| | | -ടി- | 93,654 | 21-07-17 | -ടി- | -- | -- |
| | | -ടി- | 5,20,000 | 31-08-17 | -ടി- | -- | -- |
| | | -ടി- | 1,50,000 | 31-08-17 | -ടി- | -- | -- |
| | | -ടി- | 4,99,934 | 14-09-17 | -ടി- | -- | -- |
| | | -ടി- | 6,51,688 | 15-09-17 | -ടി- | -- | -- |
| | | -ടി- | 8,00,000 | 30-11-17 | -ടി- | -- | -- |
| | | -ടി- | 1,00,000 | 16-02-18 | -ടി- | -- | -- |
| | | No. F 5-230/ 2014 (HRP) 30-06-17 UGC | 2,74,400 | 31-03-18 | -ടി- | -- | -- |
| | | ആകെ | 70,79,782 | | | | |
| 4 | കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫെലോഷിപ്പ് | | 3,89,160 | 17-06-17 | SBI താവക്കര ബ്രാഞ്ച് | -- | -- |
| | | DST/ INSPIRE felloship/ 2015 IF 150430 dt.12-10-17 | 3,80,000 | 30-12-17 | -ടി- | Inspire Felloship | |
| | | ആകെ | 7,69,160 | | | | |
| 5 | സംസ്ഥാന സർക്കാരിൽ | | 1,90,000 | 25-04-17 | SBI താവക്കര ബ്രാഞ്ച് | സ്കീം | -- |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിന്നുള്ള ഫെലോ ഷിപ്പ് | | 4,07,910 | 26-04-17 | -ടി- | ഫെലോ ഷിപ്പ് | -- |
| | | | 4,11,748 | 26-04-17 | -ടി- | -ടി- | -- |
| | | | 2,36,600 | 26-04-17 | -ടി- | -ടി- | -- |
| | | | 20,000 | 10-05-17 | -ടി- | -ടി- | -- |
| | | | 3,36,800 | 08-06-17 | -ടി- | -ടി- | -- |
| | | ആകെ | 16,03,058 | | | | |

# 1-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ

തൻവർഷം അനുവദിച്ച വിനിയോഗ സാക്ഷ്യപത്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിംഗ് ഏജൻസിയുടെ ഉത്തരവ് നം./ തീയതി | ലഭിച്ച ധന സഹായം | വിനിയോഗിച്ച തുക | ഉദ്ദേശ്യം | വിനിയോഗ സാക്ഷ്യപത്രം നം./ തീയതി | പദ്ധതി/ പ്രത്യേക ഉദ്ദേശം | പദ്ധതി കാലയളവ്/ വിനിയോഗ കാലയളവ് |
|---|---|---|---|---|---|---|---|
| 1 | UGC No.F5/230/ 2014(HRP) Dt. 13-06-2017 | 8,83,470 | 8,83,470 | Thulunad & Thulu language – A Comprehensive analysis project Expenditure. | KSA/KNU/ U4/305/18 Dt. 11-10-2018 | -- | 01-07-2015 to 30-06-2018 |

# 1-6 തനത് വരുമാനം (OWN FUND)

സർവ്വകലാശാലയുടെ തനത് വരുമാനം (നോൺ-പ്ലാൻ വരവ്) പ്രധാനമായും പരീക്ഷാ ഫീസ് വരവുകൾ, വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ നിന്നുള്ള വരവുകൾ, ജനറൽ അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫീസ് വരവുകൾ (കോഴ്സ് അഫിലിയേഷൻ, സ്റ്റുഡന്റ്സ് അഫിലിയേഷൻ, അപേക്ഷാ ഫീസുകൾ, സർട്ടിഫിക്കറ്റിനുള്ള ഫീസുകൾ മുതലായവ), ഫിക്സഡ് ഡെപ്പോസിറ്റ് പലിശയിനത്തിലുള്ള വരവ്, വിവിധ പഠന വകുപ്പുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള വരവുകൾ, പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് വരവുകൾ തുടങ്ങിയവയാണ്. 2017-18 വർഷം ഈ ഇനത്തിൽ ആകെ 464176503 രൂപ ലഭിച്ചിട്ടുണ്ട്. ഇത് ആകെ വരവിന്റെ 44.92% വരുന്നു.

| ഇനം | വരവ് | ശതമാനം |
|---|---|---|
| പരീക്ഷാ ഫീസുകൾ | 173101560 | 37.29 |

| | | |
|---|---|---|
| വിദൂര വിദ്യാഭ്യാസ വിഭാഗം | 64714191 | 13.94 |
| ജനറൽ അഡ്മിനിസ്ട്രേഷൻ ഫീസുകൾ | 63334551 | 13.64 |
| ഫിക്സഡ് ഡെപ്പോസിറ്റ് (Interest) | 56531887 | 12.18 |
| പഠനവകുപ്പുകൾ | 38078320 | 8.20 |
| സ്വാശ്രയ സ്ഥാപനങ്ങൾ | 28183229 | 6.10 |
| പരീക്ഷയുമായി ബന്ധപ്പെട്ട മറ്റ് ഫീസുകൾ | 16642697 | 3.58 |
| നോൺ അക്കാദമിക് വകുപ്പുകൾ | 12412065 | 2.67 |
| പലവക | 7216573 | 1.55 |
| കമ്മ്യൂണിറ്റ് കോളേജ്/ ഫാഷൻ ഡിസൈനിംഗ് | 3961430 | 0.85 |
| ആകെ | 464176503 | |



മുൻ വർഷങ്ങളെ അപേക്ഷിച്ച് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2015-16 | 327962400 |
| 2016-17 | 364372858 |
| 2017-18 | 464176503 |

മേൽ പറഞ്ഞ പ്രകാരം 2016-17 വർഷം 11% വും 2017-18 ൽ 27% വും തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 11-01-2017 ലെ EGI-1/Exam Fee revision/2016 ഉത്തരവ് പ്രകാരം 09-01-2017 പ്രാബല്യത്തിൽ പരീക്ഷാ ഫീസ് വർദ്ധിപ്പിക്കുകയുണ്ടായി ആയതിനാൽ 2017-18 വർഷം പരീക്ഷാ ഫീസ് ഇനത്തിലും അതു വഴി തനത് വരുമാനത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

തനത് വരുമാനവും സംസ്ഥാന സർക്കാർ ഗ്രാന്റും ഉൾപ്പെടുന്നതാണ് സർവ്വകലാശാലയുടെ ആകെ നോൺ-പ്ലാൻ വരവ്. ആയത് 2017-18 ൽ 787441503 രൂപയാണ്.

# 1-7 കണ്ണൂർ സർവ്വകലാശായുടെ വരവുചെലവുകൾ - അവലോകനം

കേന്ദ്ര/സംസ്ഥാന സർക്കാറുകളിൽനിന്നും, യു.ജി.സി തുടങ്ങിയ മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളാണ് പ്രധാനമായും സർവ്വകലാശാലയുടെ അക്കാദമിക് ഗവേഷണ പ്രവർത്തനങ്ങൾക്കും മൂലധന ആസ്തികൾ ആർജിക്കുന്നതിനും വിനിയോഗിക്കുന്നത്. വിവിധതരം ഫീസുകളിലൂടെയും മറ്റും ലഭിക്കുന്ന തനത് വരുമാനം, സംസ്ഥാന സർക്കാറിന്റെ നോൺ-പ്ലാൻ ഗ്രാന്റ് എന്നിവ ഭരണ ചെലവുകൾക്കും വിനിയോഗിക്കുന്നു. കണ്ണൂർ സർവ്വകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവുകളുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th colspan="3">വരവ്</th><th colspan="3">ചെലവ്</th></tr>
<tr><td colspan="6"><u>നോൺ-പ്ലാൻ</u></td></tr>
<tr><td>സർവ്വ കലാശാലയുടെ തനത് വരുമാനം</td><td>46,41,76,503</td><td rowspan="2">78,74,41,503</td><td colspan="3" rowspan="2">58,90,16,137<br>(17 കോടി രൂപ പെൻഷൻ ഫണ്ടിൽ സ്ഥിരനിക്ഷേപം നടത്തിയത് കുറച്ച്)</td></tr>
<tr><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>32,32,65,000</td></tr>
<tr><td colspan="6"><u>പ്ലാൻ</u></td></tr>
<tr><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>11,00,00,000</td><td rowspan="3">21,27,24,133</td><td>സംസ്ഥാന സർക്കാർ ഗ്രാന്റ്</td><td>10,93,42,754</td><td rowspan="3">12,61,64,830</td></tr>
<tr><td>യു.ജി.സി ഗ്രാന്റ്</td><td>7,30,736</td><td>യു.ജി.സി ഗ്രാന്റ്</td><td>1,68,22,076</td></tr>
<tr><td>മറ്റ് ഏജൻസികൾ (RUSA ഗ്രാന്റ്)</td><td>10,19,93,397</td><td>മറ്റ് ഏജൻ സികൾ</td><td>--</td></tr>
</table>

| ഇയർമാർക്ക്ഡ് (സ്പെഷ്യൽ ഫണ്ട്സ്) | | | | | |
|---|---|---|---|---|---|
| സംസ്ഥാന സർക്കാർ ഗ്രാന്റ് | 16,03,058 | | സംസ്ഥാന സർക്കാർ ഗ്രാന്റ് | 15,88,451 | |
| കേന്ദ്ര സർക്കാർ ഗ്രാന്റ് | 7,69,160 | | കേന്ദ്ര സർക്കാർ ഗ്രാന്റ് | 11,48,430 | |
| യു.ജി.സി ഗ്രാന്റ് | 2,22,86,806 | | യു.ജി.സി ഗ്രാന്റ് | 1,93,29,684 | |
| മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 71,15,782 | | മറ്റ് ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് | 78,52,407 | |
| എൻ.എസ്.എസ് ഗ്രാന്റ് | 29,34,353 | 3,47,09,159 | എൻ.എസ്.എസ് ഗ്രാന്റ് | 28,11,477 | 3,27,30,449 |
| **ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ്** | | | | | |
| ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ് | | 10,84,55,316 | ഡെബ്റ്റ്സ്, ഡെപ്പോസിറ്റ്സ്, അഡ്വാൻസസ് | | 11,90,67,986 |
| **ആകെ** | | **114,33,30,111** | **ആകെ** | | **86,69,79,402** |

## വരവ്




## ചെലവ്




നോൺ-പ്ലാൻ ഇനത്തിൽ സർവ്വകലാശാലയുടെ തനതുവരുമാനമായി 2017-18 വർഷം 46,41,76,503/- രൂപ ലഭിച്ചിട്ടുണ്ട്. വിവിധ ഇനങ്ങളിൽ പിരിച്ചെടുക്കുന്ന ഫീസുകളാണ് സർവ്വകലാശാലയുടെ തനതു വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്നത്. സ്ഥിര നിക്ഷേപങ്ങളിലുള്ള പലിശയും സർവ്വകലാശാല സെന്ററുകളിൽനിന്നുള്ള വരവുകളുമാണ് തനതു വരുമാനത്തിലെ മറ്റ് പ്രധാന ഇനങ്ങൾ. 2016-17 വർഷത്തേക്കാൾ തനതു വരുമാനത്തിൽ 14.79 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സ്ഥിര ജീവനക്കാർക്കും കരാർ ജീവനക്കാർക്കുമുള്ള ശമ്പള വിതരണത്തിനായി തൻ വർഷം 37,85,26,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 6,88,58,453/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ നോൺ-പ്ലാൻ വരുമാനത്തിന്റെ 57% വരും ഈ ചെലവുകൾ.

പരീക്ഷാ ചെലവുകൾ, കറന്റ് ചാർജ്, സ്റ്റേഷനറി/പ്രിന്റിങ്, സിംഗിൾ വിന്റോ അഡ്മിഷൻ, കെമിക്കൽസ് & ഗ്ലാസ്‌വെയേർസ് വാങ്ങൽ, യാത്രാ ബത്ത, വാഹന മെയിന്റനൻസ്, റിസേർച്ച് സ്കോളർഷിപ്പ് (നോൺ യു.ജി.സി), ഒ.ഇ&എം, ഓഡിറ്റ് ചാർജ് എന്നിവയാണ് നോൺ-പ്ലാൻ ഇനത്തിലുള്ള മറ്റ് പ്രധാന ചെലവുകൾ. ഇതിനു പുറമെ 17 കോടി രൂപ സർവ്വകലാശാല പെൻഷൻ ഫണ്ടിൽ തൻ വർഷം സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്.

ഭൂമി വാങ്ങുന്നതിനും മരാമത്ത് പണികൾക്കുമായാണ് പദ്ധതിയിനത്തിൽ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത്. ഇതിനായി 10,78,86,009/- രൂപ തൻ വർഷം പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിനത്തിലെ പ്രധാന ചെലവുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവ് (₹) |
|---|---|
| ഭൂമി വാങ്ങൽ | 1,36,05,220 |
| മരാമത്ത് പണികൾ | 9,42,80,789 |
| ബുക്ക് വാങ്ങൽ | 51,02,254 |
| ഫർണിച്ചർ വാങ്ങൽ | 30,72,069 |
| റിസർച്ച് ഫെലോഷിപ്പ് | 25,50,468 |

| | |
|---|---|
| സെൻട്രൽ ലൈബ്രറി മോഡേണൈസേഷൻ | 25,00,000 |
| മറ്റുള്ളവ | 50,54,030 |
| ആകെ | 126164830 |




പദ്ധതിയിനത്തിൽ റൂസ(RUSA)യിൽ നിന്നുള്ള ഗ്രാന്റായി 10,00,00,000/-രൂപ 26-09-2017 ന് ലഭിച്ചിട്ടുണ്ട്. മേൽ തുകയുടെ പലിശയിനത്തിൽ 19,93,397/- രൂപയും തൻവർഷം വരവുണ്ട്. എന്നാൽ 2017-18 ൽ മേൽ ഫണ്ടിൽനിന്ന് തുകയൊന്നുംതന്നെ ചെലവഴിച്ചിട്ടില്ല.

## 1-8 എൻഡോവ്മെന്റുകൾ/ ചെയറുകൾ

| ക്രമ നം. | എൻഡോവ് മെന്റിന്റെ പേര്/ ഉദ്ദേശ്യം | ഫിക്സഡ് ഡെപ്പോസിറ്റ് നം./ തീയ്യതി | തുക | പലിശ നിരക്ക് | കാലാവധി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഹെർമ്മൻ ഹെസ്സേ യൂണിവേഴ്സിറ്റി എൻഡോവ് മെന്റ് | 36874609205 (എസ്.ബി.ഐ സൗത്ത് ബസാർ ബ്രാഞ്ച്) | 2,78,366 | 6.25 | 5 വർഷം | |
| 2 | ബാരിസ്റ്റർ എം.കെ.നമ്പ്യാർ ചെയർ | 799010500253528<br>14-11-2017 (ജില്ലാ ട്രഷറി, കണ്ണൂർ) | 10,00,000 | 8.5 | 3 വർഷം | |
| | | 27803<br>30-10-2015 (ജില്ലാ ട്രഷറി, കണ്ണൂർ) | 5,00,000 | 9 | 10 വർഷം | |
| 3 | ഇ.കെ.നായനാർ ചെയർ ഫോർ പാർലമെന്ററി അഫയേഴ്സ് | 23996<br>28-09-2013 (ജില്ലാ ട്രഷറി, കണ്ണൂർ) | 8,00,000 | 8.5 | 5 വർഷം | 26-09-18 തീയ്യതിയിൽ<br>(നം. 799010500510012) പുന:നിക്ഷേപിച്ചു. |
| 4 | പി.പി.ലക്ഷ്മണൻ എൻഡോവ്മെന്റ് | 36814263925<br>26-04-2017 (എസ്.ബി.ഐ | 1,08,775 | 6.9 | 1 വർഷം | |

| | | | | | | |
|---|---|---|---|---|---|---|
| | | സൗത്ത് ബസാർ ബ്രാഞ്ച്) | | | | |
| 5 | സുധാകൃഷ്ണൻ എൻഡോവ്മെന്റ് | 27804<br>30-10-2015 (ജില്ലാ ട്രഷറി, കണ്ണൂർ) | 1,50,000 | 9 | 5 വർഷം | |
| | | 27770<br>21-10-2015 (ജില്ലാ ട്രഷറി, കണ്ണൂർ) | 1,50,000 | 9 | 5 വർഷം | |
| | | 28102<br>22-12-2015 (ജില്ലാ ട്രഷറി, കണ്ണൂർ) | 1,00,000 | 9 | 5 വർഷം | |
| | ആകെ | | 30,87,141 | | | |

# 1-9 സർവ്വകലാശാലയുടെ കീഴിലുള്ള പഠന വകുപ്പുകൾ

കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ കാസർഗോഡ്, നീലേശ്വരം, പയ്യന്നൂർ, മാങ്ങാട്ടുപറമ്പ്, പാലയാട്, മാനന്തവാടി എന്നീ സ്ഥലങ്ങളിലായി 6 പഠനകേന്ദ്രങ്ങളും അവയുടെ കീഴിൽ താഴെ പറയും പ്രകാരം 28 പഠന വകുപ്പുകളും പ്രവർത്തിക്കുന്നുണ്ട്. പഠനകേന്ദ്രത്തിന്റെ മേധാവി ക്യാമ്പസ് ഡയറക്ടറാണ്. എല്ലാ പഠന വകുപ്പുകളുടെയും 2017-18 വർഷത്തെ ഓഡിറ്റ് ഈ ഓഫീസിൽ നിന്നും നടത്തിയിട്ടുള്ളതും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. വിവിധ പഠനകേന്ദ്രങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഠനവകുപ്പ് | തുടങ്ങിയ വർഷം | അനുവദിച്ച സീറ്റ് | 2017-18 ലെ അഡ്മിഷൻ | വകുപ്പ് തലവൻ<br>സ്ഥിരം/ താത്കാലികം |
|---|---|---|---|---|---|
| **ഡോ. പി.കെ.രാജൻ മെമ്മോറിയൽ ക്യാമ്പസ്, നീലേശ്വരം** | | | | | |
| 1 | മലയാളം പഠനവകുപ്പ് | 2002 | 35 | 34 | സ്ഥിരം |
| 2 | മോളിക്യുലാർ ബയോളജി പഠനവകുപ്പ് | 2008 | 20 | 20 | സ്ഥിരം |
| 3 | ഹിന്ദി പഠനവകുപ്പ് | 2008 | 25 | 12 | താത്കാലികം |

| | | | | | |
|---|---|---|---|---|---|
| **സ്വാമി ആനന്ദതീർത്ഥ ക്യാമ്പസ്, പയ്യന്നൂർ** | | | | | |
| 1 | പ്യയർ &അപ്ലൈഡ് ഫിസിക്സ് പഠനവകുപ്പ് | 2003 | 20 | 20 | സ്ഥിരം |
| 2 | രസതന്ത്ര പഠനവകുപ്പ് | 2002 | 17 | 17 | സ്ഥിരം |
| 3 | ഭൂമിശാസ്ത്ര പഠനവകുപ്പ് | 2003 | 18 | 20 | സ്ഥിരം |
| 4 | സംഗീത പഠനവകുപ്പ് | 2002 | 10 | 6 | സ്ഥിരം |
| നാനോ സയൻസ് എന്ന പേരിൽ ഒരു പഠന വകുപ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവിടെ കോഴ്സുകളൊന്നും നടത്തപ്പെടുന്നില്ല. കാസർഗോഡ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന കന്നഡ വകുപ്പിൽ അംഗീകരിച്ച അധ്യാപക തസ്തികകളില്ല. | | | | | |
| **മാങ്ങാട്ടുപറമ്പ് ക്യാമ്പസ്** | | | | | |
| 1 | കായിക പഠനവകുപ്പ് | 2001 | BP Ed. -35<br>MP Ed.-35 | 35<br>42 | സ്ഥിരം |
| 2 | വിവരസാങ്കേതിക വിദ്യ പഠനവകുപ്പ് | 2000 | MCA - 35<br>MCA LE -35 | 37<br>30 | സ്ഥിരം |
| 3 | ഗണിതശാസ്ത്ര പഠനവകുപ്പ് | 2008 | 20 | 18 | സ്ഥിരം |
| 4 | സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പ് | 2008 | 25 | 22 | സ്ഥിരം |
| 5 | ബിഹേവിയറൽ സയൻസ് പഠനവകുപ്പ് | 2006 | 20 | 20 | സ്ഥിരം |
| 6 | വുഡ് ടെക്നോളജി പഠനവകുപ്പ് | 2007 | 25 | 24 | താത്കാലികം |
| 7 | മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം പഠനവകുപ്പ് | 2010 | 25 | 25 | താത്കാലികം |
| 8 | ഹിസ്റ്ററി & ഹെറിറ്റേജ് പഠനവകുപ്പ് | 2007 | 25 | 26 | സ്ഥിരം |
| 9 | പരിസ്ഥിതി പഠനവകുപ്പ് | 2008 | 20 | 15 | സ്ഥിരം |
| **ധർമ്മശാല** | | | | | |
| 1 | പെഡഗോഗിക്കൽ സയൻസ് പഠനവകുപ്പ് | 2005 | M Ed. -50 | 29 | സ്ഥിരം |

| | | | | | |
|---|---|---|---|---|---|
| പാലയാട് ക്യാമ്പസ് | | | | | |
| 1 | ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജ് പഠന വകുപ്പ് | 1974 | 35 | 35 | സ്ഥിരം |
| 2 | നരവംശശാസ്ത്ര പഠനവകുപ്പ് | 1986 | 20 | 20 | സ്ഥിരം |
| 3 | ബയോ ടെക്നോളജി & മൈക്രോ ബയോളജി | 2000 | 25 (രണ്ട് വിഷയത്തിനും കൂടി) | 13(ബയോ ടെക്നോളജി)<br>12(മൈക്രോ ബയോളജി) | സ്ഥിരം |
| 4 | മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ് | 2000 | 45 | 42 | സ്ഥിരം |
| 5 | അപ്ലൈഡ് ഇക്കണോമിക്സ് പഠനവകുപ്പ് | 2001 | 25 | 25 | സ്ഥിരം |
| 6 | നിയമ പഠനവകുപ്പ് | 1996 | 60 LLB<br>17 LLM | 56<br>18 | സ്ഥിരം |
| 7 | ഹെൽത്ത് സയൻസ് | | | | സ്ഥിരം |
| | (1) മെഡിക്കൽ മൈക്രോ ബയോളജി | 2005 | 15 (3 Years Course)<br>5 (2Years Course) | 6<br>2 | |
| | (2) മെഡിക്കൽ ബയോകെമിസ്ട്രി | 2005 | 15 (3 Years Course)<br>5 (2Years Course) | 6<br>2 | |
| | (3) മെഡിക്കൽ ലബോറട്ടറി ടെക്നോളജി | 2006 | 15 | 11 | |
| 8 | ലൈബ്രറി & ഇൻഫർമേഷൻ സയൻസ് | 2009 | 25 | 27 | സ്ഥിരം |
| മാനന്തവാടി ക്യാമ്പസ് | | | | | |
| 1 | ജന്തുശാസ്ത്ര പഠനവകുപ്പ് | 2008 | 20 | 20 | സ്ഥിരം |
| 2 | റൂറൽ & ട്രൈബൽ സോഷ്യോളജി | 2008 | 20 | 20 | സ്ഥിരം |

പഠനകേന്ദ്രങ്ങളിൽ ഓരോ അധ്യാപക തസ്തികയിലും ജോലിചെയ്തുവരുന്ന സ്ഥിരം, കരാർ, ഗസ്റ്റ് അധ്യാപകരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | തസ്തിക | അനുവദിച്ച തസ്തികകളുടെ എണ്ണം | സ്ഥിരം അധ്യാപകർ | കരാർ നിയമനം | ഗസ്റ്റ് അധ്യാപകർ | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | പ്രൊഫസർ | 5 (ഫിസിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഉൾപ്പെടെ) | 9 | -- | -- | -- | 9 |
| 2 | അസോഷ്യേറ്റ് പ്രൊഫസർ | 30 | 10 | -- | -- | -- | 10 |
| 3 | അസിസ്റ്റന്റ് പ്രൊഫസർ | 60 | 35 | 137 | 16 | 1 | 189 |
| ആകെ | | 95 | 54 | 137 | 16 | 1 | 208 |

മേൽ കൊടുത്ത പ്രകാരം അംഗീകരിച്ച തസ്തികകൾ 95 എണ്ണമാണുള്ളത്. ഇതിൽ 54 തസ്തികകളിൽ മാത്രമാണ് സ്ഥിരം നിയമനം നടത്തിയിട്ടുള്ളത്. ബാക്കി നിയമനങ്ങൾ കരാർ നിയമനങ്ങളോ മണിക്കൂർ അടിസ്ഥാനത്തിൽ പ്രതിഫലം പറ്റുന്ന ഗസ്റ്റ് നിയമനങ്ങളോ ആണ്. ആവശ്യത്തിനനുസരിച്ച് അധ്യാപക തസ്തികകൾ അംഗീകരിച്ച് കിട്ടുന്നതിന് സർവ്വകലാശാല നടപടി എടുത്തുകാണുന്നില്ല. അംഗീകാരമുള്ളതസ്തികകളിൽ തന്നെ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനും നടപടി എടുത്തു കാണുന്നില്ല.

പ്രൊഫസർ തസ്തികയിൽ കായിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തസ്തിക ഉൾപ്പെടെ 5 അംഗീകൃത തസ്തികകളാണുള്ളത്. ഇതിനു പുറമെ യു.ജി.സി കരിയർ അഡ്വാൻസ്മെന്റ് സ്കീം (CAS) വഴി പ്രൊഫസർ ആയി സ്ഥാനക്കയറ്റം ലഭിച്ച് പ്രൊഫസർ സ്ഥാനത്ത് തുടരുന്ന 4 പ്രൊഫസർമാരും സർവ്വകലാശാലയിലുണ്ട്.

മാങ്ങാട്ടുപറമ്പിൽ പ്രവർത്തിക്കുന്ന കായിക വിദ്യാഭ്യാസ കേന്ദ്രത്തിന്റെ തലവൻ ഡയറക്ടർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനാണ്. ഈ തസ്തിക അനധ്യാപക തസ്തികയായിരുന്നു. 05-02-2014 ലെ സിൻഡിക്കേറ്റ് തീരുമാനം നം. 2014.010 നെ തുടർന്ന് സ.ഉ നം. Ad A2/12487/2008 തീയ്യതി: 29-01-2015 പ്രകാരം ഈ തസ്തിക അധ്യാപക തസ്തികയാക്കി മാറ്റുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് വകുപ്പ് തലവൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം.28349/2014 കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ജി.ഒ (എം.എസ്) നം.965/2014 തീയ്യതി:26-12-2014 ഉത്തരവ് പ്രകാരം ഓർഡിനൻസ് ഭേദഗതി ചെയ്യുന്നതിനും മേൽ തസ്തിക അധ്യാപക തസ്തികയാക്കുന്നതിനും അനുവാദം നൽകുകയുണ്ടായി. എന്നാൽ ഇതുവരെ ഇതുസംബന്ധിച്ച് ഭേദഗതി ഓർഡിനൻസിൽ വരുത്തുകയോ ചാൻസലറുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. മേൽ തസ്തിക അനധ്യാപക തസ്തികയായിരുന്നുവെങ്കിൽ 31.01.2015 ന് സേവനത്തിൽ നിന്ന് വിരമിക്കേണ്ടിയിരുന്ന വകുപ്പ് തലവൻ ഇപ്പോഴും സേവനത്തിൽ തുടരുകയാണ്.

കാസർഗോഡ് പഠനകേന്ദ്രത്തിലെ കന്നട വകുപ്പ് വർഷം തോറും ശോഷിച്ചുകൊണ്ടിരിക്കുകയാണ്. നേരത്തെ ഉണ്ടായിരുന്ന കന്നട ഭാഷാ സർട്ടിഫിക്കറ്റ് കോഴ്സ് നിർത്തലാക്കിയ ശേഷം എം.ഫിൽ കോഴ്സ് മാത്രമാണ് ഇവിടെ നടന്നുവരുന്നത്. 2017-18 വർഷം എം.ഫിൽ കോഴ്സിന് ആരും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

നീലേശ്വരം പഠന കേന്ദ്രത്തിലെ മാനേജ്മെന്റ് പഠന വകുപ്പിൽ 2017-18, 2018-19 വർഷങ്ങളിൽ അഡ്മിഷൻ ഉണ്ടായിട്ടില്ല. കാസ്രഗോഡ് പഠനകേന്ദ്രത്തിലെ ഐ.ടി, മാനേജ്മെന്റ് പഠന വകുപ്പുകൾ വിദ്യാർത്ഥികളുടെ അഭാവം കാരണം 2016-17 വർഷം മുതൽ നിർത്തലാക്കുകയുണ്ടായി.

സർവ്വകലാശാലയിലെ പഠനകേന്ദ്രങ്ങളിലെ അനധ്യാപക തസ്തികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പഠനകേന്ദ്രം | സ്ഥിരം ജീവനക്കാർ (എണ്ണം) | താൽക്കാലിക ജീവനക്കാർ (എണ്ണം) | ആകെ |
|---|---|---|---|---|
| 1 | കാസർഗോഡ് | | | |
| | അസിസ്റ്റന്റ് | 1 | ഇല്ല | 1 |
| | ഓഫീസ് അറ്റന്റന്റ് | ഇല്ല | 1 | 1 |
| | ലൈബ്രേറിയൻ | 1 | ഇല്ല | 1 |
| 2 | നീലേശ്വരം | | | |
| | അസിസ്റ്റന്റ് | 2 | 1 | 3 |
| | ഓഫീസ് അറ്റന്റന്റ് | 1 | 1 | 2 |
| | ലൈബ്രേറിയൻ | 1 | ഇല്ല | 1 |
| 3 | പയ്യന്നൂർ | | | |
| | അസിസ്റ്റന്റ് | 4 | ഇല്ല | 4 |
| | ഓഫീസ് അറ്റന്റന്റ് | 1 | 1 | 2 |
| | ലൈബ്രേറിയൻ | 1 | ഇല്ല | 1 |
| 4 | മാങ്ങാട്ടുപറമ്പ് | | | |
| | അസിസ്റ്റന്റ് | 10 | ഇല്ല | 10 |
| | ഓഫീസ് അറ്റന്റന്റ് | ഇല്ല | 4 | 4 |
| | ലൈബ്രേറിയൻ | 2 | 1 | 3 |
| 5 | പാലയാട് | | | |
| | അസിസ്റ്റന്റ് | 5 | 2 | 7 |
| | ഓഫീസ് അറ്റന്റന്റ് | 1 | 3 | 4 |
| | ലൈബ്രേറിയൻ | 4 | ഇല്ല | 4 |
| 6 | മാനന്തവാടി | | | |
| | അസിസ്റ്റന്റ് | 2 | ഇല്ല | 2 |
| | ഓഫീസ് അറ്റന്റന്റ് | ഇല്ല | 1 | 1 |
| | ലൈബ്രേറിയൻ | 1 | ഇല്ല | 1 |

കാസർഗോഡ് രണ്ട് പഠന വകുപ്പുകൾക്കും കൂടി ഒന്നും, നീലേശ്വരം 4 പഠന വകുപ്പുകൾക്കും കൂടി മൂന്നും, മാങ്ങാട്ടുപറമ്പ് (ധർമ്മശാല ഉൾപ്പെടെ) 12 പഠന വകുപ്പുകൾക്കും കൂടി പത്തും, പാലയാട് 9 പഠന വകുപ്പുകൾക്കും കൂടി എഴും, മാനന്തവാടി മൂന്ന് പഠന വകുപ്പുകൾക്കും കൂടി രണ്ടും

അസിസ്റ്റന്റ്മാരാണുള്ളത്. പഠന കേന്ദ്രങ്ങളിൽ ആവശ്യത്തിന് ഓഫീസ് സ്റ്റാഫ് ഇല്ലാത്തത് പഠനകേന്ദ്രമങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ചില വകുപ്പുകളിൽ അധ്യാപകർ തന്നെ ഓഫീസ് ജോലികളും ചെയ്യേണ്ട സ്ഥിതിയാണുള്ളത്.

പഠനകേന്ദ്രങ്ങളിൽ ഓഫീസിലെ ദൈനംദിന ആവശ്യങ്ങൾക്കായി വകുപ്പ് തലവന്റെ പേരിൽ ഒരു എസ്.ബി അക്കൗണ്ട് നിലവിലുണ്ട്. ഇതുകൂടാതെ ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്നതിനായി ഒരു കറന്റ് അക്കൗണ്ടും നിലവിലുണ്ട്. താത്കാലിക ജീവനക്കാരുടെ ശമ്പളം, വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന കോഷൻ ഡെപ്പോസിറ്റ്, ഇംപ്രസ്റ്റ് എന്നിവയാണ് എസ്.ബി അക്കൗണ്ടിലെ പ്രധാന വരവുകൾ. വകുപ്പുകളിലൊന്നും തന്നെ കാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ബേങ്ക് പാസ് ബുക്ക് പ്രകാരമുള്ള എൻട്രികൾ അതേപടി ഒന്നിച്ച് പകർത്തി എഴുതുകയാണ് ചെയ്തുവരുന്നത്. ചില വകുപ്പുകളിലെ ബാങ്ക് അക്കൗണ്ടിൽ വർഷാന്ത്യത്തിൽ വലിയ തുക നീക്കിയിരിപ്പ് കാണുന്നു. ഏതെല്ലാം തുകകൾ ചേർന്നതാണ് ഇതെന്ന് വ്യക്തമല്ല. തിരികെ കൊടുക്കേണ്ട കോഷൻ ഡെപ്പോസിറ്റ് കഴിച്ച് ബാക്കിവരുന്ന തുക സർവ്വകലാശാല ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നില്ല. വകുപ്പുകളിലൊന്നിലും ഇ-ഗ്രാന്റ്സ് ഇടപാടുകൾ കേഷ് ബുക്കിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവ്-ചെലവുകൾക്ക് വ്യക്തതയില്ലാതാവുന്നു.

# 1-10 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ പഠനകേന്ദ്രങ്ങളിലെ ബി.എഡ്, എം.ബി.എ, എം.സി.എ എന്നീ കോഴ്സുകൾ സ്വാശ്രയ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാർ സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ച ഫീസ് നിരക്കുകളാണ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നത്. സർവ്വകലാശാല നേരിട്ട് നടത്തുന്ന ഈ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| ക്രമ നം. | പഠനകേന്ദ്രം | കോഴ്സ് |
|---|---|---|
| 1 | കാസർകോട്, ധർമ്മശാല, മാനന്തവാടി | ബി.എഡ് |
| 2 | നീലേശ്വരം, മാങ്ങാട്ടുപറമ്പ് | എം.ബി.എ |
| 3 | നീലേശ്വരം, പാലയാട് | എം.സി.എ |

വിദ്യാർത്ഥികളുടെ അഭാവം കാരണം കാസർഗോഡ് പഠനകേന്ദ്രത്തിലെ എം.ബി.എ, ഐ.ടി കോഴ്സുകൾ 2016-17 വർഷം നിർത്തലാക്കി. നീലേശ്വരം പഠനകേന്ദ്രത്തിൽ എം.സി.എ കോഴ്സിന് 2017-18, 2018-19 വർഷങ്ങളിൽ അഡ്മിഷൻ നടന്നിട്ടില്ല.

ഈ കോഴ്സുകൾക്ക് സർവ്വകലാശാല ഈടാക്കിവരുന്ന ട്യൂഷൻ ഫീസ് താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | കോഴ്സ് | കാലയളവ് | ട്യൂഷൻ ഫീ (സെമസ്റ്റർ) |
|---|---|---|---|
| 1 | എം.ബി.എ | 4 സെമസ്റ്റർ | 31,500 |
| 2 | എം.സി.എ | 6 സെമസ്റ്റർ | 17,065 |
| 3 | ബി.എഡ് | 2 വർഷം | പ്രതിവർഷം 29,000 രൂപ |

ബി.എഡിന് ഇ-ഗ്രാന്റ്സിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിക്കുന്ന ഇ-ഗ്രാന്റ്സ് 29,000/- രൂപ മാത്രമായതിനാൽ 2015 മുതൽ 35,000/- രൂപയുണ്ടായിരുന്ന സർവ്വകലാശാല ഫീ 2017-18 വർഷം മുതൽ 29,000/- രൂപയായി കുറയ്ക്കുകയുണ്ടായി.

വിവിധ വിഷയങ്ങൾക്ക് സർവ്വകലാശാല അംഗീകരിച്ച സീറ്റുകളും 2017-18 വർഷത്തെ പ്രവേശനവും താഴെ കൊടുക്കുന്നു.

| ക്രമ നം. | പഠനകേന്ദ്രം | വിഷയം | അംഗീകരിച്ച സീറ്റ് | 2017-18 വർഷത്തെ പ്രവേശനം |
|---|---|---|---|---|
| 1 | കാസർകോട് | ബി.എഡ് | 50 | 50 |
| 2 | ധർമ്മശാല | ബി.എഡ് | 50 | 50 |
| 3 | മാനന്തവാടി | ബി.എഡ് | 50 | 50 |
| 4 | മാങ്ങാട്ടുപറമ്പ് | എം.ബി.എ | 35 | 32 |
| 5 | പാലയാട് | എം.സി.എ | 35 | 34 |
| 6 | നീലേശ്വരം | എം.ബി.എ | 35 | 35 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ 2017-18 വർഷത്തെ വരവും ചെലവും താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | സ്ഥാപനം | വരവ് | ചെലവ് |
|---|---|---|---|
| 1 | ടീച്ചർ എഡ്യൂക്കേഷൻ സെന്റർ | 1,13,85,780 | 1,01,24,515 |
| 2 | ഐ.ടി എഡ്യൂക്കേഷൻ സെന്റർ | 86,45,825 | 28,94,750 |
| 3 | മാനേജ്മെന്റ് സ്റ്റഡി സെന്റർ | 81,51,624 | 24,40,871 |
| ആകെ | | 2,81,83,229 | 1,54,60,136 |

ഇതിനു പുറമെ ഈ സ്ഥാപനങ്ങൾക്ക് 31-03-2018 വരെ ഇ-ഗ്രാന്റ്സ് ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇ-ഗ്രാന്റ്സ് കുടിശ്ശിക |
|---|---|---|
| 1 | ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, ധർമ്മശാല | 10,26,000 |
| 2 | ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, കാസർകോട് | ഇല്ല |
| 3 | ടീച്ചർ എഡ്യൂക്കേഷൻ സെന്റർ, മാനന്തവാടി | 1,14,000 |
| 4 | ഐ.ടി എഡ്യൂക്കേഷൻ സെന്റർ, പാലയാട് | ഇല്ല |
| 5 | മാനേജ്മെന്റ് സ്റ്റഡി സെന്റർ, മാങ്ങാട്ടുപറമ്പ് | 5,89,770 |
| 6 | ഐ.ടി.എഡ്യൂക്കേഷൻ സെന്റർ, നീലേശ്വരം | 39,555 |

| | | |
|---|---|---|
| 7 | മാനേജ്മെന്റ് സ്റ്റഡി സെന്റർ, കാസർകോട് | ഇല്ല |
| 8 | ഐ.ടി.എഡ്യുക്കേഷൻ സെന്റർ , കാസർകോട് | ഇല്ല |
| ആകെ | | 17,69,325 |

സർവ്വകലാശാല നേരിട്ട് നടത്തുന്ന ഈ സ്ഥാപനങ്ങളിൽ താത്കാലികാടിസ്ഥാനത്തിലുള്ള അധ്യാപക നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ പ്രവേശനം ഏകജാലക സംവിധാനം വഴിയാണ് നിയന്ത്രിക്കുന്നത്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് നടന്ന തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | അക്കൗണ്ടന്റ് ജനറൽ | 2018 മാർച്ച് 1 മുതൽ ഏപ്രിൽ-13 വരെ | 2016-17 | SG S II(HQ) III/II/8-3785/24 14-05-2018 |

# 1-12 ആഭ്യന്തര നിയന്ത്രണം

കണ്ണൂർ സർവകലാശാലയിൽ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ പൊതുവെ തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇനിയും മെച്ചപ്പെടേണ്ടതായുണ്ട്. സർവകലാശാലയിലെ വിവിധ സെക്ഷനുകളിൽ ചെയ്യേണ്ട ജോലികൾ നിശ്ചയിച്ചുകൊണ്ടുള്ള ജോലി വിഭജന ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. എന്നാൽ വിവിധ സെക്ഷനുകളുടെ ജോലി പുരോഗതി അവലോകനം ചെയ്യുകയോ പുതുക്കിയ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുന്നില്ല. സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചു ചേർക്കാറില്ല. സർവകലാശാല പഠനവകുപ്പുകളുടേയും സെന്ററുകളുടേയും ഇന്റേണൽ ഓഡിറ്റിനായി Fin/FD Sn/Estt/ Vol.IV/2018, തീയതി 4-7-2018 പ്രകാരം ഒരു അസിസ്റ്റന്റിനേയും ഒരു സെക്ഷൻ ഓഫീസറേയും ഒരു അസിസ്റ്റന്റ് രജിസ്ട്രാരേയും ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് സെക്ഷൻ രൂപീകരിക്കുകയും ഇന്റേണൽ ഓഡിറ്റ് ടിം നിലവിൽ 2017-18 വർഷത്തെ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സർവകലാശാല ഹെഡ്ക്വാർട്ടേഴ്സിലെ വരവ് ചെലവുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം നിലവിലില്ല. വൗച്ചറുകൾ ധനകാര്യ വിഭാഗത്തിലെ വിവിധ സെക്ഷനുകളിൽ പ്രീ-ഓഡിറ്റ് ചെയ്യുകയും വരവ്/ചെലവുകൾ അക്കൗണ്ട് ചെയ്യുകയും മാത്രമാണ് ചെയ്യുന്നത്. സർവകലാശാലക്ക് ലഭിക്കേണ്ട വരവുകൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. പരീക്ഷാ ഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ കണക്കും സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാലക്ക് ലഭിക്കേണ്ട സ്പോർട്സ് അഫിലിയേഷൻ ഫീസ്, സ്റ്റുഡന്റ്സ് യൂണിയൻ ഫീസ്, സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ്, യൂണിവേഴ്സിറ്റി ഡവലപ്മെന്റ് ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിക്കേണ്ട തുകയുടേയും, അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് സർവകലാശാലക്ക് ലഭിക്കേണ്ട കോഴ്സ് അഫിലിയേഷൻ

ഫീസ് ഇനത്തിലുള്ള തുകയുടേയും വ്യക്തമായ കണക്ക് സർവകലാശാലയിലില്ല. കൃത്യമായ പരിശോധനാ സംവിധാനത്തിന്റെ അഭാവത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

അംഗീകരിച്ച ബജറ്റിൽ ഒതുങ്ങി നിന്നുകൊണ്ടാണ് കണ്ണൂർ സർവകലാശാലയിൽ ചെലവുകൾ ചെയ്യുന്നത്. ബജറ്റ് നിയന്ത്രണം പൂർണ്ണമായും പാലിക്കുന്നുണ്ട്. വരവ് ചെലവുകൾ അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനായി അക്കൗണ്ട് ചട്ടങ്ങൾ രൂപീകരിക്കാത്തത് വലിയ പോരായ്മയാണ്. ടാലി സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിലവിൽ സർവകലാശാലയിൽ വാർഷിക കണക്കുകൾ തയ്യാറാക്കുന്നത്. സർവകലാശാലയുടെ ആസ്തി-ബാധ്യതകൾ പ്രതിഫലിപ്പിക്കുന്ന ബാലൻസ് ഷീറ്റ് വാർഷിക കണക്കുകളോടൊപ്പം തയ്യാറാക്കുന്നില്ല. സർവകലാശാലയിലെ കാഷ് കൗണ്ടറിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ചുമതലയുള്ള ജീവനക്കാരൻ അവധിയിലാകുമ്പോൾ കാഷ് കൗണ്ടർ പ്രവർത്തിക്കുന്നില്ല. ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർവ്വകലാശാലയിലെ മരാമത്ത് പ്രവർത്തികൾ സംഘടിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനും ചുമതലയുള്ള എഞ്ചിനീയറിങ് വിഭാഗത്തിന്റെ പ്രവർത്തനം സാങ്കേതിക വിദഗ്ധരുടെ അഭാവം മൂലം മന്ദീഭവിച്ചിരിക്കുകയാണ്. പ്രധാനപ്പെട്ട നിർമ്മാണ പ്രവർത്തികൾ എല്ലാം തന്നെ സി.പി.ഡബ്ല്യു.ഡി, അക്രഡിറ്റഡ് ഏജൻസികൾ വഴിയാണ് നടത്തപ്പെടുന്നത്. സർവ്വകലാശാല സ്ഥാപിതമായപ്പോൾ അനുവദിച്ച തസ്തിക മാത്രമാണ് എഞ്ചിനീയറിങ് വിഭാഗത്തിലുള്ളത്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും പണികളുടെ മേൽനോട്ടം നടത്തുന്നതിനും അളവുകൾ രേഖപ്പെടുത്തുന്നതിനും ഉത്തരവാദിത്തപൂർണ്ണമായ സമീപനം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഉണ്ടാകുന്നില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പാളിച്ചകൾ ഈ റിപ്പോർട്ട് ഖണ്ഡിക-3-2-1 ൽ ചേർത്തിട്ടുണ്ട്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ഗ്രാന്റ്സ് മുഖേന ലഭിക്കേണ്ട പരീക്ഷാഫീസിനത്തിലെ ലക്ഷക്കണക്കിന് രൂപയുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല

സർവകലാശാലയുടെ പ്രധാന തനതുവരുമാന സ്രോതസ്സ് പരീക്ഷാഫീസിനത്തിൽ ലഭിക്കുന്ന തുകയാണ്. 2017-2018 വർഷത്തിൽ 17.31കോടി രൂപയാണ് പരീക്ഷാഫീസിനത്തിലെ വരവ് തുക.എന്നാൽ അർഹരായ കുട്ടികൾക്ക് പരീക്ഷ ഫീസിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട ഇ-ഗ്രാന്റ് തുകയുടെ കണക്കുകൾ തയ്യാറാക്കുന്നതിനും അവ ഈടാക്കുന്നതിനും ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കണ്ടെത്തി. അർഹരായ വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് ഫീസടക്കേണ്ടതില്ല. അതാത് കോളേജ് പ്രിൻസിപ്പൽ/മേധാവി വഴി ഇ-ഗ്രാന്റിനുള്ള അപേക്ഷ സമർപ്പിക്കുകയും പട്ടികജാതി പട്ടികവർഗ്ഗവകുപ്പിൽനിന്ന് അർഹരായവർക്കുള്ള തുക പ്രിൻസിപ്പൽ/ മേധാവിയുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തുവരുന്ന സംവിധാനമാണ് നിലവിലുള്ളത്. കോളേജ് പ്രിൻസിപ്പൽമാരുടെ അക്കൗണ്ടിൽ വരുന്ന തുക സർവകലാശാലക്ക് ചലാൻ വഴി കോളേജുകൾ അതാത് സമയം അടവാക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസിളവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന അതാത് കോളേജ് പ്രിൻസിപ്പാൽമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അവരെ പരീക്ഷയെഴുതുവാൻ അനുവദിക്കുകയും പരീക്ഷാഫലം പ്രഖ്യാപിക്കുകയും സർട്ടിഫിക്കറ്റ് സാധാരണരീതീയിൽ ഫീസടച്ച വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ രീതിയിൽ തന്നെ അനുവദിക്കുകയും ചെയ്യുന്ന നടപടിയാണ് തുടർന്നു വരുന്നത്.എന്നാൽ സർവ്വകലാശാലക്ക് ലഭിക്കേണ്ട തുകകൾ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ട യാതൊരു നടപടിയും സർവ്വകലാശാലയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല.

വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസിളവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന അതാത് കോളേജ് പ്രിൻസിപ്പാൽമാരുടെ സാക്ഷ്യപത്രം ലഭിക്കുമ്പോൾ തന്നെ ഇ-ഗ്രാന്റ്സ് വഴി അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് ലഭിക്കേണ്ട ഫീസിനത്തിലുള്ള തുക ഡിമാന്റായി രേഖപ്പെടുത്തി വയ്ക്കേണ്ടതും തുക കോളേജ് പ്രിൻസിപ്പാൽമാരിൽ നിന്ന് ലഭിക്കുന്ന മുറക്ക് പ്രസ്തുതഡിമാന്റിന് നേരെ വരവ് രേഖപ്പെടുത്തേണ്ടതും സാമ്പത്തികവർഷാവസാനം ഇ-ഗ്രാന്റ്സ് വഴി ലഭിക്കുവാൻ ബാക്കിയുള്ള തുകയെത്രയാണെന്ന് കണക്കാക്കേണ്ടതുമാണ്. സർവകലാശാലയിലെ പരീക്ഷാവിഭാഗത്തിലെ അഫിലിയേറ്റഡ് കോളേജുകളുടെ ചുമതലയിലുള്ള വിവിധ സെക്ഷനുകളാണ് ഇതു സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ക്രോഡീകരിച്ച് സർവകലാശാല അക്കൗണ്ട്സ് സെക്ഷന് കൈമാറേണ്ടതും. സർവകലാശാല പരീക്ഷാവിഭാഗം ഓഡിറ്റിന്റെ ഭാഗമായി 2017-2018 വർഷം വരെയുള്ള കാലയളവിലെ പരീക്ഷാഫീസിനത്തിൽ (ഇ-ഗ്രാന്റ്സ് വഴി) സർവകലാശാലക്ക് ലഭിക്കുവാനുള്ള തുകയുടെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 21-11-2018 ന് നൽകിയ ഓഡിറ്റ് റിക്വസിഷന് (നം.2) പരീക്ഷാകൺട്രോളറുടെ ഓഫീസിൽ നിന്നും മറുപടി ലഭിക്കുകയുണ്ടായില്ല. ഓഡിറ്റ് റിക്വസിഷന് മറുപടി ലഭിക്കാത്തതിനെതുടർന്ന് 15-01-2019

തീയതിയിൽ പരീക്ഷാവിഭാഗത്തിലെ സെക്ഷനുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വിദ്യാർത്ഥികൾ ഇ-ഗ്രാന്റ്സ് സംവിധാനം വഴി ഫീസിളവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന അതാത് കോളേജ് പ്രിൻസിപ്പാൽമാരുടെ സാക്ഷ്യപത്രം ലഭിക്കുമ്പോൾ ഫീസ് വിവരം അതാത് സെക്ഷനുകൾ ഡിമാന്റായി രേഖപ്പെടുത്തുന്നില്ല. പ്രസ്തുത സാക്ഷ്യപത്രം ഫയൽ ചെയ്ത് സൂക്ഷിക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്.
2. മേൽ സൂചിപ്പിച്ച പ്രകാരം കണക്കുകൾ രേഖപ്പെടുത്താത്തതിനാൽ ഓരോ സാമ്പത്തിക വർഷത്തിലും പരീക്ഷാഫീസിനത്തിൽ കുടിശ്ശികയുള്ള തുകയുടെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി പത്രിക തയ്യാറാക്കുവാൻ സർവകലാശാലക്ക് കഴിയുന്നില്ല.
3. ഫീസ് കുടിശ്ശിക സംബന്ധിച്ച് കണക്കുകൾ തയ്യാറാക്കാത്തതിനാൽ ഓരോ കോളേജുകളിൽ നിന്നും ലഭിക്കേണ്ട തുകയെത്രയാണെന്ന വിവരം സ്രവകലാശാലയുടെ പക്കലില്ല. ആയതിനാൽ എത്ര തുക പ്രസ്തുത കോളേജുകളിൽ നിന്ന് ലഭിക്കുവാനുണ്ടെന്ന് സർവകലാശാലക്ക് കോളേജ് പ്രിൻസിപ്പാൽമാരെ അറിയിക്കുവാൻ സാധിക്കുന്നില്ല.
4. പട്ടികജാതി/പട്ടികവർഗ്ഗവകുപ്പ് മുഖേന അതാത് കോളേജ് പ്രിൻസിപ്പൽ/മേധാവി വഴി ഫീസിനത്തിലുള്ള തുക ലഭിച്ചത് സർവകലാശാല ഫണ്ടിൽ അടക്കാതെ സൂക്ഷിക്കുന്നുണ്ടോയെന്ന് സർവകലാശാല പരിശോധന നടത്തി ഉറപ്പുവരുത്തുന്നില്ല.

ഇതു സംബന്ധിച്ച് സർവകലാശാലയിലെ സെക്ഷനുകൾ കണക്കുകൾ സൂക്ഷിക്കുന്നില്ലയെന്നത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ഇ-ഗ്രാന്റ്സ് ഇനത്തിൽ സർവകലാശാലക്ക് ലഭിക്കാനുള്ള ലക്ഷക്കണക്കിന് രൂപയുടെ കണക്കുകൾ സൂക്ഷിക്കാത്തത് സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2019 ഏപ്രിൽ മുതൽ പരീക്ഷാവിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്ത്തന്നെ ഫീസ് അടവ് വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊഫോർമ വിജ്ഞാപനത്തിന്റെ ഭാഗമായി തന്നെ കോളേജുകൾക്ക് നൽകി വിവരശേഖരണം നടത്തി കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പരീക്ഷാ കൺട്രോളർ അറിയിക്കുകയുണ്ടായി.

## 2-2 പദ്ധതി ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച - സർവകലാശാലക്ക് 39.02കോടി രൂപ നഷ്ടപ്പെട്ടു

2017-18 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പ്രകാരം കണ്ണൂർ സർവകലാശാലക്ക് പദ്ധതി ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയ 24 കോടി രൂപയിൽ (Grants for the creation of capital Asset- 4,00,00,000 + Grant in aid-General-Non salary – 20,00,00,000} രണ്ടു ഗഡുക്കളായി 11 കോടി രൂപ മാത്രമാണ് സർവകലാശാലക്ക് ലഭ്യമായിട്ടുള്ളത്. ആദ്യ ഗഡുവായി 5 കോടി രൂപ 28-07-2017 ന് ലഭിക്കുകയുണ്ടായി. രണ്ടാം ഗഡുവായി അനുവദിച്ച 6 കോടി രൂപ 31-03-2018 ന് കണ്ണൂർ സർവകലാശാലയുടെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വരുകയും അതേ ദിവസം തന്നെ സർക്കാർ ഈ തുക തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകക്ക് പുറമെ 2014-15 മുതൽ 2016-17 വരെ പദ്ധതി ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ വിനിയോഗിക്കാത്ത 20,02,13,038 രൂപയും സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. 2017-18 വർഷം താഴെ പറയുന്ന തീയതികളിൽ മൊത്തം 26,02,13,038 രൂപ പദ്ധതി ഗ്രാന്റ് തുകയിൽ നിന്ന് സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 10-01-2018 | 8,20,88,116 |
| 29-03-2018 | 11,81,24,922 |
| 31-03-2018 | 6,00,00,000 |
| ആകെ | 26,02,13,038 |

പദ്ധതി ഗ്രാന്റ് തുക വിനിയോഗിക്കാതെ സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിൽ ഒരു കോടിയിലധികം നീക്കിയിരിപ്പ് ഉണ്ടായിരുന്നതിനാലാണ് സർക്കാർ തുക തിരിച്ചെടുത്തത്. സർക്കാർ തിരിച്ചെടുത്ത തുകയിൽ 8,20,88,116 രൂപ 2018-19 വർഷം തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തെ പദ്ധതിയിന വിഹിതത്തിൽ നിന്നുമാണ് തുക അനുവദിച്ചിട്ടുള്ളത്. 2017-18 വർഷത്തെ ബജറ്റ് അലോട്ട്മെന്റ് പ്രകാരം ലഭ്യമാകേണ്ടിയിരുന്ന തുക പൂർണ്ണമായി ലഭ്യമാകാത്തതിനാൽ നഷ്ടമായ 13,00,00,000 രൂപയും സർക്കാർ തിരിച്ചെടുത്ത 26,02,13,038 രൂപയുമുൾപ്പെടെ മൊത്തം 39,02,13,038/- രൂപ സർവകലാശാലക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതി ഗ്രാന്റ് തുക യഥാസമയം വിനിയോഗിക്കാത്തതിനാലാണ് ഇത്രയും തുക നഷ്ടപ്പെടുവാൻ ഇടയായത്. 2017-18 വർഷത്തെ ബജറ്റിൽ മരാമത്ത് പ്രവൃത്തികൾക്കായി 49,25,00,000 രൂപ പ്ലാൻ ഗ്രാന്റ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും 9,21,47,080 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. മരാമത്ത് പ്രവർത്തികൾക്കായി വകയിരുത്തിയ തുക ചെലവഴിക്കുന്നതിൽ ഗണ്യമായ കുറവുണ്ടായതാണ് 2017-18 വർഷത്തിൽ മൊത്തം പദ്ധതി ചെലവ് കുറയുവാനിടയായത്. പദ്ധതി ആസൂത്രണത്തിലും, അവ നടപ്പിലാക്കുന്നതിലും സംഭവിച്ച വീഴ്ചയാണ് വിനിയോഗത്തിലെ കുറവിന് കാരണം. സർവകലാശാലയിലെ പ്ലാനിങ്ങ് & ഡവലപ്പ്മെന്റ് വിഭാഗത്തിന്റേയും, എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റേയും പ്രവർത്തനത്തിലെ കാര്യക്ഷമത ഇല്ലായ്മയാണ് ഇത് വെളിവാക്കുന്നത്. പദ്ധതി ആസൂത്രണത്തിലും, അവ നടപ്പിലാക്കുന്നതിലും ശ്രദ്ധ പതിപ്പിച്ച് പദ്ധതി ഗ്രാന്റ് പൂർണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 യു.ജി.സി - പന്ത്രണ്ടാം പദ്ധതി ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഗ്രാന്റ് യഥാസമയം വിനിയോഗിച്ചില്ല - സർവ്വകലാശാലക്ക് 8.53 കോടി രൂപ നഷ്ടമായി

യു.ജി.സിയുടെ പന്ത്രണ്ടാം പദ്ധതി ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഗ്രാന്റ് ലഭിക്കുന്നതിനായി സർവകലാശാല 14.23 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഗ്രാന്റ് ഇനത്തിൽ 14.23 കോടി രൂപ 12-ാം പദ്ധതി കാലയളവിൽ (2012-17) അനുവദിക്കുകയുണ്ടായി. അനുവദിച്ച 14.23 കോടി രൂപയിൽ 5,69,20,000 രൂപ (31-08-2012 ൽ 2,88,25,000 രൂപ + 25-07-2013 ൽ 2,80,95,000 രൂപ) മാത്രമാണ് സർവകലാശാലക്ക് ലഭ്യമായിട്ടുള്ളത്. ലഭിക്കാൻ ബാക്കിയുള്ള തുകയായ 8,53,80,000/- രൂപ പന്ത്രണ്ടാം പദ്ധതി കാലയളവ് പൂർത്തിയായതിനാൽ ലാപ്സാകുകയുണ്ടായി. ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക യഥാസമയം വിനിയോഗിക്കാത്തതിനാലാണ് തുടർ ഗഡുക്കൾ ലഭിക്കാതിരുന്നത്. സർവകലാശാല യു.ജി.സിക്ക് 08-06-2018ന് അയച്ച (ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ്

ഗ്രാന്റിന്റെ) 01-04-2012 മുതൽ 30-09-2017 വരെയുള്ള ചെലവ് പത്രിക പ്രകാരം യു.ജി.സി യിൽനിന്ന് ലഭിച്ച 5,69,20,000/- രൂപയിൽ 4,23,89,185 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിനായി നീക്കിവെച്ച 7,02,00,000 രൂപയിൽ 14,19,252 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലാണ് വിനിയോഗം ഇത്രയും കുറയാൻ കാരണം. പന്ത്രണ്ടാം പദ്ധതി കാലയളവ് 2017 വർഷം അവസാനിച്ചുവെങ്കിലും ലഭ്യമായ തുക 2019 മാർച്ച് വരെ ചെലവഴിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. എങ്കിലും പദ്ധതി കാലയളവ് അവസാനിച്ചതിനാൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ഇനി ലഭിക്കില്ല. യഥാസമയം ഗ്രാന്റ് വിനിയോഗിക്കാതിരുന്നതിനാൽ സർവകലാശാലക്ക് യു.ജി.സി പന്ത്രണ്ടാം പദ്ധതി ജനറൽ ഡവലപ്പ്മെന്റ് അസിസ്റ്റൻസ് ഗ്രാന്റിനത്തിൽ ലഭ്യമാവേണ്ടിയിരുന്ന 8,53,80,000 രൂപ നഷ്ടമായിട്ടുണ്ട്. ഈ വിഷയം സർവകലാശാല അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 2-4 ഇ-ഗവേണൻസ് ഗ്രാന്റ് - 73% തുക ചെലവഴിക്കാതെ തിരിച്ചടച്ചു - പദ്ധതി നിർവ്വഹണത്തിലെ വീഴ്ച

യൂണിവേഴ്സിറ്റീസ് വിത്ത് പൊട്ടൻഷ്യൽ ആന്റ് എക്സലൻസ് അവാർഡ് നൽകുന്നതിനുവേണ്ടി യു.ജി.സി നടത്തിയ പരിശോധനയിൽ കേരളത്തിലെ സർവ്വകലാശാലകളിൽ ഒന്നുപോലും അർഹത നേടിയിരുന്നില്ല. ആയതിനുള്ള അർഹത നേടുവാനായി സർവ്വകലാശാലകളെ പ്രാപ്തരാക്കുവാൻ വേണ്ടി കണ്ണൂർ സർവ്വകലാശാല ഉൾപ്പെടെ അഞ്ചു സർവ്വകലാശാലകൾക്ക് 5 കോടി രൂപ വീതമുള്ള പ്രൊജക്റ്റിന് ജി.ഒ.ആർ.ടി നം. 56-2013/ഹയർ എഡ്യൂക്കേഷൻ തീയ്യതി:02-03-2013 പ്രകാരം സംസ്ഥാന സർക്കാറിന്റെ അനുമതി ലഭ്യമായിരുന്നു. താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് കണ്ണൂർ സർവ്വകലാശാലക്കും 5 കോടി രൂപ ലഭിച്ചിരുന്നു.

| ക്രമ നം. | പ്രൊപ്പോസൽ | | തുക |
|---|---|---|---|
| 1 | ജനറൽ റിക്വയർമെന്റ് | ഡാറ്റാസെന്റർ | 65 ലക്ഷം |
| | | കണക്ടിവിറ്റി | 110 ലക്ഷം |
| 2 | അഡ്മിനിസ്ട്രേഷൻ | ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം | 40 ലക്ഷം |
| | | ബയോമെടിക് അറ്റന്റൻസ് | 60 ലക്ഷം |
| 3 | അക്കാദമിക് ഡിവിഷൻ | | 25 ലക്ഷം |
| 4 | എസ്റ്റാബ്ലിഷ്മെന്റ് ഡിവിഷൻ | | 1 കോടി |
| 5 | ഫിനാൻസ് ഡിവിഷൻ | | 1 കോടി |
| | ആകെ | | 5 കോടി |

06-03-2013 ലെ ജി.ഒ.ആർ.ടി നം.312/2013/ഹയർ എഡ്യൂക്കേഷൻ പ്രകാരമാണ് കണ്ണൂർ സർവ്വകലാശാലയ്ക്ക് 5 കോടി രൂപ അനുവദിച്ചിട്ടുള്ളത്. 31-03-2018 വരെ ഈയിനത്തിൽ ആകെ

ചെലവഴിച്ച തുക 1,32,89,854/- രൂപ മാത്രമാണ്. വർഷം തിരിച്ചുള്ള ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---:|
| 2013-14 | 2451687 |
| 2014-15 | 2957247 |
| 2015-16 | 5418734 |
| 2016-17 | 1914586 |
| 2017-18 | 547600 |
| ആകെ | 13289854 |

ഇത് അനുവദിച്ച തുകയുടെ 26.58% മാത്രമാണ്.

2013-14 മുതൽ 2017-18 വരെ നടത്തിയ ചെലവുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ചെലവ് തുക |
|---|---|---|
| 1 | ബയോമെട്രിക് അറ്റന്റൻസ് | 10,50,295 |
| 2 | ലോക്കൽ ഏരിയ നെറ്റ് വർക്ക് | 52,03,762 |
| 3 | കമ്പ്യൂട്ടർ/മറ്റ് പർച്ചേസുകൾ | 30,57,716 |
| 4 | സെർവർ പർച്ചേസ് | 7,16,705 |
| 5 | കോൺടാക്റ്റ് ജീവനക്കാരുടെ വേതനം | 27,03,020 |
| 6 | സി.സി ടി.വി സിസ്റ്റം | 4,67,600 |
| 7 | മറ്റ് ചെലവുകൾ (പരസ്യം, റിഫ്രഷ്മെന്റ്) | 90,756 |
| | ആകെ | 1,32,89,854 |

പദ്ധതി നിർവ്വഹണം സംബന്ധിച്ച നിലവിലുള്ള സ്ഥിതി ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | നിലവിലെ സ്ഥിതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ബയോമെട്രിക് സംവിധാനം | നിലവിലുണ്ട് | എന്നാൽ ലീവ് അക്കൗണ്ട്/ശമ്പള വിതരണവുമായി ബന്ധിപ്പിച്ചിട്ടില്ല. |
| 2 | ഇ-പെയ്മെന്റ് | നിലവിലില്ല | |
| 3 | എക്സാം മാനേജ്മെന്റ് സിസ്റ്റം | നിലവിലില്ല | |
| 4 | ശമ്പളം/ പെൻഷൻ സംബന്ധിച്ച സോഫ്റ്റ്‌വെയർ | നിലവിലുണ്ട് | |
| 5 | ഇ-ടെണ്ടർ | ഇല്ല | |
| 6 | ലോക്കൽ ഏരിയ നെറ്റ്‌വർക്ക് | അഡ്മിനിസ്ട്രേഷൻ സെക്ഷനിൽ മാത്രം നിലവിലുണ്ട്. | എന്നാൽ ക്യാമ്പസിൽ വൈ-ഫൈ ലഭ്യമാണ് |
| 7 | ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം | അഡ്മിനിട്രേറ്റീവ്, അക്കാദമിക്, ഫിനാൻസ്, പ്ലാനിങ് സെക്ഷനുകളിലും എല്ലാ വകുപ്പുകളിലും നിലവിലുണ്ട് | പരീക്ഷാ വിഭാഗത്തിൽ നിലവിലില്ല. |
| 8 | ഇന്റർ ക്യാമ്പസ് കണക്ടിവിറ്റി | നിലവിലുണ്ട് | |
| 9 | ഓൺലൈൻ വെരിഫിക്കേഷൻ ഓഫ് സർട്ടിഫിക്കറ്റ് | ഇല്ല | |
| 10 | ഡിജിറ്റലൈസേഷൻ | ഇല്ല | |

| | | | |
|---|---|---|---|
| | ഓഫ് ഓൾഡ് റെക്കോഡ് | | |
| 11 | ഡാറ്റാ സെന്റർ | ഇല്ല | |
| 12 | സെൻട്രലൈസ്ഡ് അഡ്മിഷൻ | ഇല്ല | സിംഗിൾ വിൻഡോ അഡ്മിഷൻ നിലവിലുണ്ട് (2018-19 അക്കാദമിക് വർഷം മുതൽ സ്വന്തമായി സോഫ്റ്റ്‌വെയർ ഡവലപ് ചെയ്തു). |
| 13 | ഇ-ഗവേണൻസ് സോഫ്റ്റ്‌വെയർ ഡവലപ്മെന്റ് | ഇല്ല | |

01-01-2018 ലെ സ.ഉ നം.02/2018/ഫിൻ നമ്പർ ഉത്തരവ് പ്രകാരം STSB അക്കൗണ്ടിലെ ഒരു കോടിയിൽ അധികരിച്ച തുകകൾ സ്റ്റേറ്റ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റുവാൻ നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ആകെ 820.88 ലക്ഷം രൂപ 10-01-2018 ന് ഗവ. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റിയിരുന്നു. പ്രസ്തുത തുകയിൽ ഇ-ഗവേണൻസ് ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാതെ ബാക്കി വന്ന തുകയും ഉൾപ്പെട്ടതായും ഇപ്രകാരം സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്ത ഇ-ഗവേണൻസ് ഗ്രാന്റുമായി ബന്ധപ്പെട്ട ബാക്കി തുക തിരികെ ലഭിച്ചിട്ടില്ല എന്നും കണ്ണൂർ സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ 07-12-2018 ലെ നം.ഫിൻ.ബി1/5527/ ബി.ഇ/2018-19 കത്ത് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2013-ൽ ലഭിച്ച 5 കോടി രൂപയിൽ 5 വർഷത്തിനകം ചെലവഴിച്ചത് ആകെ തുകയുടെ 26.58% മാത്രമാണ്. കണ്ണൂർ സർവ്വകലാശാലയുടെ വിവര സാങ്കേതിക മേഖലയിൽ സർവ്വതോന്മുഖമായ വികസനത്തിന് ഉതകുമായിരുന്ന ഈ പ്രൊജക്ടിലെ ബാക്കി 3,67,10,646/- രൂപ (ആകെ ഫണ്ടിന്റെ 73.42% തുക) ഗവ. സഞ്ചിതനിധിയിലേക്ക് തിരിച്ച് ഒടുക്കേണ്ടിവന്നിരിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു.

## 2-5 ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സർവകലാശാലക്ക് ലഭ്യമാവേണ്ട ഫീസുകൾ - കൃത്യത പരിശോധിക്കപ്പെടുന്നില്ല.

2017-18 വർഷത്തെ വാർഷിക കണക്കു പ്രകാരം സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിലും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും സർവ്വകലാശാലക്ക് വിവിധ ഫീസിനങ്ങളിൽ താഴെ പറയും പ്രകാരം വരവുണ്ട്.

| ഇനം | തുക |
|---|---|
| സ്പോർട്സ് അഫിലിയേഷൻ ഫീസ് | 62,91,325/- |
| സ്റ്റുഡന്റ്സ് യൂണിയൻ ഫീസ് | 40,79,400/- |

| | |
|---|---|
| സ്റ്റുഡന്റ്സ് അഫിലിയേഷൻ ഫീസ് | 60,03,646/- |
| യൂണിവേഴ്സിറ്റി ഡവലപ്മെന്റ് ഫണ്ട് | 19,16,750/- |

എന്നാൽ പ്രസ്തുത ഇനങ്ങളിലെ വരവിന്റെ കൃത്യത നിരീക്ഷിക്കുന്നതിനായുള്ള ഒരു സംവിധാനവും സർവകലാശാലയിലില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-25/06-12-2018), കോളേജുകൾ, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകൾ എന്നിവ സർവ്വകലാശാലാഫണ്ടിലേക്ക് അടക്കുന്ന പ്രസ്തുത ഫീസ് ഇനങ്ങളുടെ ഡിമാന്റ് ഡ്രാഫ്റ്റ്/ ചലാൻ രസീത് എന്നിവ വിദ്യാർത്ഥിക്ഷേമ വിഭാഗത്തിൽ സ്വീകരിച്ച് ധനകാര്യ വിഭാഗത്തിലേക്ക് കൈമാറുക മാത്രമാണ് ചെയ്യുന്നതെന്നും കണക്കുകൾ തയ്യാറാക്കുന്നതിന് പ്രത്യേകം രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല എന്നുമാണ് സ്റ്റുഡൻസ് സർവീസ് ഡയറക്ടർ (ഡി.എസ്.എസ്) മറുപടി നല്കിയിട്ടുള്ളത്. സർവ്വകലാശാലയിലെ ഡി.എസ്.എസ് സെക്ഷനാണ് മേൽ പറഞ്ഞ ഫീസിനങ്ങളുടെ കണക്കുകൾ സൂക്ഷിക്കേണ്ടതും അവ ക്രോഡീകരിച്ച് ധനകാര്യ വിഭാഗത്തിന് കൈമാറേണ്ടതും. വിദ്യാർത്ഥികളിൽനിന്നും ഈ ഇനങ്ങളിലുള്ള ഫീസുകൾ പിരിച്ചെടുക്കേണ്ട ചുമതല അതാത് കോളേജുകൾക്കും ഡിപ്പാർട്ട്മെന്റുകൾക്കുമാണ്. എന്നാൽ ഇത് സംബന്ധിച്ച കണക്കുകൾ ടി സ്ഥാപനങ്ങൾ തയ്യാറാക്കുന്നില്ല എന്ന് കാണുന്നു. കോളേജുകൾ അയച്ചു തരുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ യാതൊരു പരിശോധനയും കൂടാതെ സ്വീകരിക്കുകയാണ് നിലവിൽ ചെയ്യുന്നത്. കോളേജുകളിൽ നിന്നും, സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളിൽ നിന്നും സർവ്വകലാശാലക്ക് ലഭിക്കേണ്ട ഫീസിനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അഡ്മിഷൻ ക്ലോസ് ചെയ്തതിനു ശേഷം കോളേജുകളിൽ നിന്ന് അയച്ചുതരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതും, കോളേജുകളിൽനിന്ന് ഡിമാന്റ് ഡ്രാഫ്റ്റ്/ചലാൻ അയച്ചുതരുന്ന മുറക്ക് ഡിമാന്റ് രജിസ്റ്ററിൽ വരവുകൾ രേഖപ്പെടുത്തി വരവിന്റെ കൃത്യത നിരീക്ഷിക്കേണ്ടതുമാണ്.

# 2-6 ചെയർ, എൻഡോവ്മെന്റ് - പലിശ കോർപസ് ഫണ്ടിനോട് ചേർത്ത് നിക്ഷേപിക്കുന്നില്ല

കണ്ണൂർ സർവ്വകലാശാലയുടെ 2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സർവ്വകലാശാലയിൽ സ്ഥാപിതമായിരിക്കുന്ന എൻഡോവ്മെന്റുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ചെയർ/ എൻഡോവ്മെന്റ് എന്നിവയുടെ കോർപസ് ഫണ്ടിൽ നിന്ന് ലഭിക്കുന്ന പലിശ ഫണ്ടിനോട് ചേർത്ത് നിക്ഷേപിക്കുന്നതായി കാണുന്നില്ല. പലിശ ഇനത്തിൽ ലഭിക്കുന്ന തുക, ചെലവഴിച്ച തുക എന്നിവ കണക്കാക്കി ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല, ചില ചെയറിന്റെ/ എൻഡോവ്മെന്റിന്റെ പ്രവർത്തനം അതുമായി ബന്ധപ്പെട്ട് രൂപപ്പെടുത്തിയ നിയമാവലി അനുസരിച്ച് നടക്കുന്നില്ലെന്നും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 1. <u>ബാരിസ്റ്റർ എം.കെ.നമ്പ്യാർ ചെയർ</u>

Pld/B4/Chair/MKN/03 തീയ്യതി:30-07-2005 പ്രകാരം സ്ഥാപിതമായ ബാരിസ്റ്റർ എം.കെ.നമ്പ്യാർ ചെയർ പാലയാടുള്ള സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസുമായി ബന്ധിപ്പിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഭരണഘടനയെ സംബന്ധിച്ചും വിവിധ നിയമങ്ങളെ സംബന്ധിച്ചും യുവജനങ്ങൾക്ക് അറിവും വൈദഗ്ദ്യവും ലഭ്യമാക്കുന്നതിനും സെമിനാറുകളും വർക്ക്ഷോപ്പുകളും, മറ്റ് പാഠ്യപദ്ധതികളും നടപ്പാക്കുന്നതിനുമാണ് ചെയർ സ്ഥാപിതമായിട്ടുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് കോർപസ് ഫണ്ട് ഇനത്തിൽ ആകെ 15 ലക്ഷം രൂപ നിക്ഷേപമുണ്ട് (DD

No.135288 തീയ്യതി:19.03.2004 - 10 ലക്ഷം രൂപ, DD No.260353 തീയ്യതി:09.09.2005 - 5 ലക്ഷം രൂപ). ഇതിൽ 10 ലക്ഷം രൂപ 19-05-2004 ൽ 8.5% നിരക്കിൽ 10 വർഷത്തേക്കും (FD No. EE719901 തീയ്യതി:19-05-2004) തുടർന്ന് 19-05-2014 ൽ മൂന്ന് വർഷത്തേക്കും വീണ്ടും 19-05-2017 ന് 8.5% നിരക്കിൽ മൂന്നുവർഷത്തേക്കും പുതുക്കി നിക്ഷേപിച്ചു. 5 ലക്ഷം രൂപ 28-10-2005 ൽ 7.5% പലിശ നിരക്കിൽ 10 വർഷത്തേക്കും 9% നിരക്കിൽ 28-10-2015 ൽ 10 വർഷത്തേക്കും പുതുക്കി നിക്ഷേപിച്ചിട്ടുണ്ട്. നാളിതുവരെ ആകെ 9,09,095/- രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട് (ക്രമീകരിക്കാത്ത മുൻകൂർ 1,20,000 +3,25,000 ഉൾപ്പെടെ). 2014 ന് ശേഷം പരിപാടികളൊന്നും നടത്തിയതായും കാണുന്നില്ല. നാളിതുവരെയുള്ള പലിശ കണക്കാക്കുകയോ ചെലവ് കഴിഞ്ഞ് മിച്ചം വന്ന തുക കോർപസ് ഫണ്ടിനൊപ്പം ചേർത്ത് സ്ഥിരനിക്ഷേപം നടത്തുകയോ ചെയ്തിട്ടില്ല. ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക കോർപ്പസ് ഫണ്ടിനൊപ്പം ചേർത്ത് പുനർ നിക്ഷേപിക്കണമെന്ന് ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട് (ചട്ടം-8). സാധാരണ പലിശ നിരക്കിൽ കണക്കാക്കിയാൽ പോലും നാളിതുവരെ ഏകദേശം 15.55 ലക്ഷം രൂപ പലിശ ഇനത്തിൽ ആകെ വരവുണ്ട്.

എൻഡോവ്മെന്റ് രജിസ്റ്റർ പ്രകാരം Pld/B1/Chair/MKN/10/Vol.II തീയ്യതി:03-11-2010 ഉത്തരവനുസരിച്ച് നൽകിയ 1,20,000/- രൂപയുടെ മുൻകൂർ, Pld/B1/Chair/MKN/10/Vol.II തീയ്യതി: 03-01-2014 ഉത്തരവനുസരിച്ച് നൽകിയ 3,25,000/- രൂപയുടെ മുൻകൂർ എന്നിവ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

## 2-7 കോഴ്സ് അഫിലിയേഷൻ/ അഡ്മിനിസ്ട്രേഷൻ ഫീസ് - വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം കോഴ്സ് അഫിലിയേഷൻ/ അഡ്മിനിസ്ട്രേഷൻ ഫീസിനത്തിൽ 30147800/- രൂപ വരവുണ്ട്. കോഴ്സ് അഫിലിയേഷന് വേണ്ടി കോളേജുകളിൽനിന്നും ലഭിക്കുന്ന അഫിലിയേഷൻ ഫീസ് - അഡ്മിനിസ്ട്രേഷൻ ഫീസ് എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഓരോ കോളേജിലുമുള്ള മൊത്തം കോഴ്സുകൾ, അതിൽ പെർമനന്റ് അഫിലിയേഷൻ ലഭിച്ച കോഴ്സുകൾ, പ്രൊവിഷണൽ അഫിലിയേഷനിൽ തുടരുന്ന കോഴ്സുകൾ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. തൻമൂലം ഈ ഇനങ്ങളിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക എത്രയെന്ന് വ്യക്തമല്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/28-11-2018) സർവ്വകലാശാല മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഓരോ കോളേജിലുമുള്ള മൊത്തം കോഴ്സുകൾ, അതിൽ പെർമനന്റ് അഫിലിയേഷൻ ലഭിച്ച കോഴ്സുകൾ, പ്രൊവിഷണൽ അഫിലിയേഷനിൽ തുടരുന്ന കോഴ്സുകൾ, തൻവർഷം കോഴ്സ് അവസാനിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഡാറ്റ തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ വരവിന്റെ കൃത്യത നിരീക്ഷിക്കേണ്ടതുമാണ്.

## 2-8 കാലഹരണപ്പെട്ട കോഷൻ ഡെപ്പോസിറ്റ് തുക സർവ്വകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല (അപ്ലൈഡ് ഇക്കണോമിക്സ്, തലശ്ശേരി)

കോഷൻഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2003 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികളിൽ

പലർക്കും കോഴ്സിന്റെ കാലയളവ് പൂർത്തിയായിട്ടും കോഷൻ ഡെപ്പോസിറ്റ് തുക തിരികെ നൽകിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (എ.ഒ.2-6/2018,തീയതി 18.06.2018) 22.06.2018 ന് വകുപ്പ് മേധാവി ലഭ്യമാക്കിയ മറുപടിയിൽ 2003 മുതൽ 2009 വരെ വിതരണം ചെയ്യാത്ത 13250 രൂപ സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്നും 2010 ന് ശേഷം വിതരണം ചെയ്യാത്ത തുക വിദ്യാർത്ഥികൾക്ക് തിരികെ നല്കുന്നതിനോ, സർവ്വകലാശാല ഫണ്ടിൽ ഒടുക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർവ്വകലാശാല ഉത്തരവ് നമ്പർ Acad-D1/5392/CD/2010 തീയ്യതി:06.06.2013 പ്രകാരം റഗുലർ ക്ലാസ് അവസാനിച്ച് ഒരു വർഷത്തിനകം വിദ്യാർത്ഥികൾ അവകാശപ്പെടാത്ത കോഷൻ ഡെപ്പോസിറ്റ് തുകകൾ വകുപ്പ് തലവൻ/ കോഴ്സ് ഡയറക്ടർ സർവ്വകലാശാല ഫണ്ടിലേക്ക് കൈമാറേണ്ടതാണ്. കാലഹരണപ്പെട്ട കോഷൻ ഡെപ്പോസിറ്റ് തുകയായ 12,000/- രൂപ സർവ്വകലാശാല ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-9 സെമസ്റ്റർ ഫീസ് ഈടാക്കി സർവകലാശാല ഫണ്ടിൽ ഒടുക്കിയിട്ടില്ല (എം.ബി.എ) സെന്റർ നീലേശ്വരം)

എം.ബി.എ കോഴ്സിന് 2016 വർഷം അഡ്മിഷൻ നേടിയ 34 വിദ്യാർത്ഥികളിൽ 18 പേരുടെ നാലാം സെമസ്റ്റർ ഫീസ് ഓഡിറ്റ് തീയതി വരെ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-എ.ഒ 3/4/2018, തീയതി 16-07-2018) വിദ്യാർത്ഥികളിൽ നിന്നും ഫീസ് ലഭ്യമാവുന്ന മുറക്ക് സർവകലാശാല ഫണ്ടിൽ ഒടുക്കുന്നതാണെന്നാണ് അസിസ്റ്റന്റ് ഡയറക്ടർ 19-07-2018 ന് മറുപടി നല്കിയിട്ടുള്ളത്. 18 വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ ഫീസായ 566370 രൂപ (18x31465) വിദ്യാർത്ഥികളിൽ നിന്നും ഈടാക്കി സർവകലാശാല ഫണ്ടിൽ ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ലക്ഷദ്വീപിൽ നിന്നുള്ള വിദ്യാർത്ഥിയുടെ ഫീസ് ലഭിച്ചത് സർവകലാശാല ഫണ്ടിൽ അടവാക്കിയില്ല (ഐ.ടി, മാങ്ങാട്ടുപറമ്പ്)

2015 MCA ബാച്ചിലുൾപ്പെട്ട ലക്ഷദ്വീപിൽനിന്നുള്ള ഒരു വിദ്യാർത്ഥിയുടെ വിവിധ ഫീസിനങ്ങളിൽ സർവകലാശാലക്ക് ലഭിക്കേണ്ട 21120/-രൂപ ലക്ഷദ്വീപ് വിദ്യാഭ്യാസ ഓഫീസറിൽനിന്നും ഡിഡി നം.220974/04-11-2017 പ്രകാരം ഐ.ടി എഡ്യുക്കേഷൻ പഠനവകുപ്പ് തലവന് കൈമാറിയിട്ടുണ്ട്. കാഷ്ബുക്കിൽ 18-11-2017 ൽ വരവ് ചേർത്ത തുക സർവകലാശാലാ ഫണ്ടിൽ അടവാക്കിയിട്ടില്ല. ഒന്നാം സെമസ്റ്റർ ഫീസ്, രണ്ടാം സെമസ്റ്റർ ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 21560/-രൂപയാണ് സർവകലാശാലക്ക് ലഭിക്കേണ്ടത്. എന്നാൽ 21120/-രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഫീസിനത്തിൽ 440/-രൂപയുടെ കുറവ് കാണുന്നു. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം-4 (കെ.എസ്.എ/ കെ.എൻ.യു/ഐടി/2017-2018 തീയ്യതി:21-06-2018)-ന് നല്കിയ മറുപടിയിൽ ഫീസിനത്തിൽ കുറവുവന്ന തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. ലഭിച്ച 21120/-രൂപ സർവകലാശാലയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. കുറവുവന്ന തുക ഈടാക്കുന്നമുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-11 സ്റ്റുഡന്റ്സ് വെബ്സെന്റർ വഴി പണം

## സ്വീകരിക്കുമ്പോൾ രശീതുകൾ നൽകുന്നില്ല.

സ്റ്റുഡന്റ്സ് വെബ്സെന്ററിൽ ഓൺലൈനായി ഫീസ് ഒടുക്കാനെത്തുന്ന വിദ്യാർത്ഥികൾക്ക് ഫീസ് അടച്ചതിന് റഫറൻസ് ഐഡി യോടുകൂടിയ രശീത് നൽകിവരുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനും പ്രിന്റ് എടുക്കുന്നതിനും സർവ്വകലാശാല വാങ്ങുന്ന തുകയ്ക്ക് രശീത് ഒന്നും തന്നെ നൽകുന്നില്ല. ഈ തുകയ്ക്ക് രശീത് ഒന്നുംതന്നെ നൽകുന്നില്ല. പകരം ഓരോ വിദ്യാർത്ഥിയിൽനിന്നും ലഭിക്കുന്ന തുക രജിസ്റ്ററിൽ എഴുതി കാഷ് കൗണ്ടറിൽ അടക്കുകയാണ് ചെയ്തുവരുന്നത്. സർവ്വകലാശാല പിരിച്ചെടുക്കുന്ന തുകക്ക് രശീത് നൽകേണ്ടതാണ്. ആയതിനാൽ സ്റ്റുഡന്റ്സ് വെബ്സെന്റർ വഴി പണം സ്വീകരിക്കുന്നതിന് രശീത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-12 ടീച്ചർ എഡ്യുക്കേഷൻ സെന്ററുകളിലെ വിദ്യാർത്ഥികളിൽ നിന്നും കോഷൻ ഡെപ്പോസിറ്റ് ഈടാക്കുന്നില്ല.

സർവ്വകലാശാലയുടെ വിവിധ ബി.എഡ് സെന്ററുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും കോഴ്സ് ഫീസിനത്തിൽ വാർഷിക ഫീസായി 2017 ലെ അഡ്മിഷന് 35,000/- രൂപയും 2018 അഡ്മിഷൻ മുതൽ 29,000/- രൂപയുമാണ് ഈടാക്കിയത്. ഇതിൽ കോഷൻ ഡെപ്പോസിറ്റ് ഉൾപ്പെടുന്നില്ല. വിദ്യാർത്ഥികൾക്ക് ലാബ്, ലൈബ്രറി സൗകര്യങ്ങൾ അനുവദിക്കുന്നതിനാൽ അഡ്മിഷൻ സമയത്ത് കോഷൻ ഡെപ്പോസിറ്റ് കൂടി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 വിവിധ സെമസ്റ്റർ ഫീസുകൾ: അടവു വിവരം ലഭ്യമല്ല (ഹെൽത്ത് സയൻസ് പാലയാട്)

ഹെൽത്ത് സയൻസ് പഠന വകുപ്പിന്റെ താഴെ പറയുന്ന കോഴ്സുകളിൽ വിദ്യാർത്ഥികളിൽ നിന്നും വിവിധ സെമസ്റ്റർ ഫീസുകൾ ഈടാക്കിയതും സർവ്വകലാശാലയിലേക്ക് അടവാക്കിയതും സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കോഴ്സ് | വർഷം/ കാലയളവ് | സെമസ്റ്റർ | വിദ്യാർത്ഥികളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ മൈക്രോബയോളജി | 2016-19 (3 വർഷം) | 3, 4 | 3 | 157530 |
| 2 | മെഡിക്കൽ മൈക്രോബയോളജി | 2015-18 (3 വർഷം) | 5, 6 | 9 | 472590 |
| 3 | മെഡിക്കൽ മൈക്രോബയോളജി | 2017-19 (2വർഷം) | 2 | 13 | 338000 |
| 4 | മെഡിക്കൽ ബയോകെമിസ്ട്രി | 2016-19 (3 വർഷം) | 3, 4 | 5 | 262550 |
| 5 | മെഡിക്കൽ ബയോകെമിസ്ട്രി | 2015-18 (3 വർഷം) | 5, 6 | 11 | 577610 |
| 6 | മെഡിക്കൽ | 2016-18 | 3, 4 | 2 | 105020 |

| | | | | | |
|---|---|---|---|---|---|
| | ബയോകെമിസ്ട്രി | (2 വർഷം) | | | |
| 7 | മെഡിക്കൽ ബയോകെമിസ്ട്രി | 2017-19 (2വർഷം) | 2 | 5 | 130000 |
| 8 | എം.എൽ.ടി | 2016-18 | 4 | 8 | 208000 |
| | ആകെ | | | | 2251300 |

ഇതുസംബന്ധിച്ച് നൽകിയ 27.06.2018 തീയ്യതിയി ലെ എ.ഒ2/16/2018 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെയായും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 2-14 ഹോസ്റ്റൽ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല (ഹോസ്റ്റൽ, മാങ്ങാട്ടുപറമ്പ്)

2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കണ്ണൂർ സർവ്വകലാശാലയുടെ മാങ്ങാട്ടുപറമ്പ ക്യാമ്പസിൽ പ്രവർത്തിക്കുന്ന മെൻസ് ഹോസ്റ്റലിന്റെ വാടക വരവ് രജിസ്റ്റർ, അഡ്മിഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം ഹോസ്റ്റലിൽ അഡ്മിഷൻ ലഭിച്ച 2017-19 ബാച്ചിലെ താഴെ പറയുന്നവരിൽ നിന്നും വിവിധ മാസങ്ങളിലെ റൂം വാടക ഈടാക്കിയതായി കാണുന്നില്ല. ഈ വിദ്യാർത്ഥികൾ പ്രസ്തുത കാലയളവിൽ ഹോസ്റ്റൽ വിട്ടുപോയിട്ടുണ്ടോ എന്നത് പരിശോധിക്കുന്നതിനാവശ്യമായ രേഖയോ/ അറ്റന്റൻസ് രജിസ്റ്ററോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വിവിധ മാസങ്ങളിൽ ഫീസ് ഈടാക്കാത്തവരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര് | കോഴ്സ് / കാലയളവ് | ഹോസ്റ്റലിൽ പ്രവേശനം നേടിയ തീയ്യതി | റൂം വാടക ഈടാക്കാത്ത മാസം | തുക |
|---|---|---|---|---|---|
| 1 | സുമിസ്.എച്ച്.എസ് | ബി.പി.എഡ് /2017-19 | 17.07.2017 | 2017 സെപ്റ്റംബർ മുതൽ | 2850 |
| 2 | ഹാരിസ് പി.പി. | -ടി- | -ടി- | -ടി- | 2850 |
| 3 | അനിൽകുമാർ.പി.എസ്. | -ടി- | -ടി- | -ടി- | 2850 |
| 4 | ശ്രീജിൽ കെ | -ടി- | -ടി- | 2018 ജനുവരി മുതൽ | 1050 |
| 5 | വൈശാഖ് എം.വി. | -ടി- | -ടി- | -ടി- | 1050 |
| 6 | നീലുദ്ദീൻ ഇ.റ്റി | -ടി- | -ടി- | -ടി- | 1050 |
| 7 | രാഹുൽ പത്മനാഭൻ | ഇ.വി.എസ് / 2017-19 | 24.07.2017 | 2018 ഫെബ്രുവരി മുതൽ | 700 |
| 8 | രാഹുൽ ജെ. | -ടി- | 21.07.2017 | 2018 ജനുവരി മുതൽ | 1050 |
| 9 | അമൽ സുധൻ കെ. | മാത്സ്/ 2017-19 | 04.08.2017 | -ടി- | 1050 |
| 10 | അരുൺ കുമാർ ടി.വി | ബി.എഡ് | 07.08.2017 | 2017 സെപ്റ്റംബർ | 2850 |

| | | | | | |
|---|---|---|---|---|---|
| | | | | മുതൽ | |
| 11 | നിതിൻ പി.ജെ | എം.സി.എ | 04.10.2017 | 2017 ജനവരി മുതൽ | 1050 |
| 12 | നിതീഷ് കെ.കെ | ബി.എഡ് | 26.10.2017 | 2017 നവംബർ മുതൽ | 1950 |

ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എ.ഒ.2/8എ 18-19 തീയ്യതി:19-06-2018) ഹോസ്റ്റൽ വാർഡൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോസ്റ്റൽ വാടക ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1-1 സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ കെട്ടിടനിർമ്മാണം - ഊരാളുങ്കൽ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റിക്ക് എസ്റ്റിമേറ്റിൽ കോൺട്രക്ടേർസ് പ്രോഫിറ്റ് അനുവദിച്ചത് ക്രമപ്രകാരമല്ല.

ഫയൽ നം.PLD/E3/15591/Creation of Capital Assets 2014-2015

18-09-2017 തീയതിയിലെ 84/2017 നമ്പർ കരാർ പ്രകാരം സർവകലാശാലയിലെ താവക്കര കാമ്പസിൽ 4.76 കോടി രൂപയുടെ എസ്റ്റിമേറ്റിൽ സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റിയുമായി കരാർ ചമക്കുകയുണ്ടായി. ഡി എസ് ആർ 2014 നിരക്കിനൊപ്പം 2017 ലെ കോസ്റ്റ് ഇൻഡക്സ് തുക കൂടി ചേർത്ത് 10% കോൺട്രാക്ടേർസ് പ്രോഫിറ്റും 5% ഓവർഹെഡ് ചാർജ്ജും ഉൾപ്പെടെയുള്ള നിരക്കിലാണ് സർവകലാശാല ഊരാളുങ്കൽ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റിയുമായി കരാർ ചമച്ചത്. സർക്കാരിന്റെ 25-07-2017 തീയതിയിലെ G.O.(P) No.95/2017/Fin ഉത്തരവ് പ്രകാരം സുതാര്യമായ ടെണ്ടർ നടപടികളിലൂടെ പണികൾ നടത്തുവാനായി കരാറുകാരെ ചുമതല ഏൽപ്പിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് (പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ്) മാത്രമേ 10% കരാറുകാരന്റെ ലാഭം അനുവദിക്കുകയുള്ളൂ. മരാമത്ത് പണികൾ നേരിട്ട് നിർവഹിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് 10% കരാറുകാരന്റെ ലാഭം അനുവദനീയമല്ല. അവർക്ക് നിശ്ചിത നിരക്കിലുള്ള സെന്റേജ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. ഇവിടെ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേർസ് കോ-ഓപ് സൊസൈറ്റി നേരിട്ടാണ് മരാമത്ത് പ്രവൃത്തികൾ നടത്തിവരുന്നത്. ആയതിനാൽ സൂചന സർക്കാർ ഉത്തരവ്

പ്രകാരം കരാറുകാരന്റെ ലാഭം അനുവദനീയമല്ല. എന്നാൽ സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ് സൊസൈറ്റിക്ക് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദിച്ചതായി പരിശോധനയിൽ കാണുന്നു. ഓഡിറ്റ് കാലയളവിലെ ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ-2353 , 2353A, 2353B, 2353C<br>തീയതി 09-01-2018<br>ഒന്നാം പാർട്ട് ബിൽ<br>(Gross Amount-1,02,40,300, Deductions-1)<br>IT-2%=20,48,062<br>LWF=1,02,403<br>(ഉത്തരവ് നമ്പർ-ഫയൽ നം.PLD/E3/15591/Creation of Capital Assets 2014-2015 തീയതി 08-01-2018)<br>ചെക്ക് നമ്പർ-<br>2511548/9-01-2018 -25,00,000/-രൂപ<br>2511549/9-01-2018 -25,00,000/-രൂപ<br>2511550/9-01-2018 -25,00,000/-രൂപ<br>2511551/9-01-2018 -24,33,091/-രൂപ | വൗച്ചർ നമ്പർ-3446/31-03-2018<br>രണ്ടാം പാർട്ട് ബിൽ<br>(Gross Amount- 78,74,837, Deductions-1)<br>IT=14,80,232<br>LWF=74,012<br>ചെക്ക് നമ്പർ 2841984/31-03-2018:76,52,802/-രൂപ<br>(ഉത്തരവ് നമ്പർ-ഫയൽ നം. PLD/E3/15591/ Creation of Capital Assets 2014-2015 തീയതി 28-03-2018) |

മേൽ സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്നത് മത്സരാധിഷ്ഠിത ടെണ്ടറിലൂടെയായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർവകലാശാല സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ ഉൾപ്പെടെയുള്ള വിവിധ മരാമത്ത് പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ് സൊസൈറ്റിക്ക് നൽകിയത് പ്രസ്തുതനടപടിക്രമങ്ങൾ പാലിച്ചുകൊണ്ടായിരുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വസിഷന് (നമ്പർ 30/19-12-2018), നടപടിക്രമങ്ങൾ പൂർത്തിയായ ശേഷമാണ് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന സർവകലാശാലയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ് സൊസൈറ്റിയുമായി കരാറിൽ ഏർപ്പെടുന്നത് തന്നെ 18-09-2017 തീയ്യതിയിൽ മാത്രമാണ്. അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദനീയമായ സെന്റേജ് ചാർജ് മാത്രമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 10% കരാറുകാരന്റെ ലാഭം അനുവദനീയമല്ല. ആയതിനാൽ പണികൾ പൂർത്തിയാക്കി അവസാന ബിൽ തയ്യാറാക്കുമ്പോൾ 10% കരാറുകാരന്റെ ലാഭം എസ്റ്റിമേറ്റിൽ നിന്നും കുറവ് ചെയ്ത് തുടർന്നുള്ള ബില്ലുകൾ ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-1-2 ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ്,ലൈബ്രറി കെട്ടിടത്തിൽ നാല് ലിഫ്റ്റിന്റെ നിർമ്മാണം,സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാബിൻ, സിണ്ടിക്കേറ്റ് റൂം ഇന്റീരിയർ ഫർണിഷിംഗ്

# അധികജോലികൾ-പദ്ധതി നിർവഹണത്തിലെ വീഴ്ചകൾ

ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ്, സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാബിൻ, സിണ്ടിക്കേറ്റ് റൂം ഇന്റീരിയർ ഫർണിഷിംഗ് അധികജോലികൾ, ലൈബ്രറിയിൽ നാല് ലിഫ്റ്റിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് (എച്ച്.പി.എഫ് എൽ) എന്ന ഏജൻസിയുമായി കരാർ ചമക്കുകയുണ്ടായി. ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുമതി സർവകലാശാലക്ക് ഇതുവരെ ലഭിച്ചില്ല. 2016 സെപ്തംബറിൽ നിർമ്മാണം പൂർത്തിയാക്കിയ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കാത്തതുൾപ്പെടെ പ്രവൃത്തിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1)ഫയൽ നം.PLD/E3/3806/2015 ,VOL 1,VOL 2 (1)

2)വൗച്ചർ നമ്പർ-95/18-04-2017 (ഫൈനൽ പേയ്മെന്റ് തുക)-₹2463717/-

ചെക്ക് നമ്പർ-3027667/18-04-2017

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ് | 1,06,05,280 |
| | സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാബിൻ, സിണ്ടിക്കേറ്റ് റൂം ഇന്റീരിയർ ഫർണിഷിംഗ് അധികജോലികൾ | 23,33,841 |
| | ലൈബ്രറിയിൽ നാല് ലിഫ്റ്റിന്റെ നിർമ്മാണം | 1,28,01,702 |
| എഗ്രിമെന്റ് നമ്പർ | | നമ്പർ ഇല്ല<br>20-07-2015 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി | | വർക്ക് ഓർഡർ നൽകി 24 മാസത്തിനകം. |
| ആകെ പ്രവൃത്തി മൂല്യത്തിൻമേൽ സർവകലാശാല അനുവദിച്ച ബില്ലിന്റെ വിവരം | ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ് + സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ കാബിൻ,സിണ്ടിക്കേറ്റ് റൂം ഇന്റീരിയർ ഫർണിഷിംഗ് അധികജോലികൾ | പ്രവൃത്തിമൂല്യം - 1,11,50,116.00<br>സർവീസ് ടാക്സ് (6% ) - 6,69,006.96<br>കൺസൽട്ടൻസി<br>ചാർജസ് (6% ) - 6,69,006.96<br>കൺസൽട്ടൻസി ചാർജിൽമേലുള്ള സർവീസ് ടാക്സ് (15%) -1,00,351.04 |
| | ആകെ | 1,25,88,480.96 |
| | ലൈബ്രറിയിൽ നാല് | പ്രവൃത്തിമൂല്യം - |

| | | |
|---|---|---|
| | ലിഫ്റ്റിന്റെ നിർമ്മാണം | 1,21,92,427.00<br>സർവീസ് ടാക്സ് (6% ) - 7,31,545.62<br>കൺസൽട്ടൻസി ചാർജസ് (6% ) - 7,31,545.62<br>കൺസൽട്ടൻസി ചാർജിൽമേലുള്ള സർവീസ് ടാക്സ് (15%) - 1,09,731.84 |
| | ആകെ | 1,37,65,250.08 |
| ആകെ മൊത്തം | | 2,63,53,731.04 |

എച്ച് പി എഫ് എല്ലിന് അനുവദിച്ച തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ചെലവ് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 1 | ആദ്യ ഗഡു | 44,92,118 | PLD/E3/3806/2015 തീയതി:04-11-2015<br>നികുതിയിനത്തിലുള്ള ₹3,14,448/- കുറവ് ചെയ്താണ് ബിൽ തുക (₹41,77,670) നൽകിയത്. |
| 2 | രണ്ട്, മൂന്ന് ഗഡുക്കൾ | 83,84,016 | PLD/E3/3806/2015 തീയതി 09-03-2016<br>നികുതിയിനത്തിലുള്ള ₹5,86,881/- കുറവ് ചെയ്താണ് ബിൽ തുക(₹ 77,97,135) നൽകിയത്. |
| 3 | മൂന്നാം ഗഡു | 1,03,25,614 | PLD/E3/3806/2015 തീയതി:25-05-2016 |
| 4 | ഫൈനൽ ഗഡു<br>വൗച്ചർ നമ്പർ-95/18-04-2017<br>ചെക്ക് നമ്പർ-3027667/18-04-2017 | 31,51,983 | PLD/E3/3806/2017 തീയതി:23-02-2017<br>ഫൈനൽ ബിൽ തുകയായ 31,51,983.04 രൂപയിൽ നിന്ന് ലൈബ്രറി കെട്ടിടത്തിലെ നാല് ലിഫ്റ്റിന്റെ നിർമ്മാണത്തിന് സർവകലാശാല അനുവദിച്ച ബിൽ തുകയായ 1,37,65,250.08/-രൂപയുടെ 5% തുകയായ 6,88,265.54 രൂപ കുറവ് ചെയ്ത് 24,63,717.00 രൂപ അനുവദിച്ചു. |

## (i) <u>2016 സെപ്തംബറിൽ നിർമ്മാണം പൂർത്തിയാക്കിയ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കുവാൻ സാധിച്ചില്ല. ₹1,37,65,250/-രൂപയുടെ നിഷ്ഫലചെലവ്.</u>

കണ്ണൂർ സർവകലാശാല സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ 13 പാസഞ്ചർ കപ്പാസിററിയുള്ള 2 ലിഫ്റ്റ് ,10 പാസഞ്ചർ കപ്പാസിററിയുള്ള 2 ലിഫ്റ്റ് എന്നിവയുടെ സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിംഗ് എന്നിവ പൂർത്തീയാക്കിയെങ്കിലും കരാർ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന കമ്പനിക്ക് ലിഫ്റ്റ് കമ്മീഷൻ ചെയ്ത് പ്രവർത്തനക്ഷമമാക്കുവാൻ ഇതുവരെയും സാധിച്ചിട്ടില്ല. 2016 സെപ്തംബറിൽ താൽക്കാലികമായി സിസ്റ്റം എനർജൈസ് ചെയ്ത് സർവകലാശാല അധികാരികളുടെ

സാന്നിധ്യത്തിൽ ടെസ്റ്റ് റൺ നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തിയതായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് രജിസ്ട്രാർക്കയച്ച 21-12-2016 തീയതിയിലെ HPL/K/AGM/2016-17/271/487 നമ്പർ കത്തിൽ പരാമർശിച്ചിട്ടുണ്ട്. മാത്രവുമല്ല, ലിഫ്റ്റ് പ്രവർത്തക്ഷമമാക്കുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുമതി ലഭിക്കണമെന്നും ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് കെട്ടിടത്തിന്റെ നിർമ്മാണം അംഗീകരിച്ച് ലഭിക്കണമെന്നും പ്രസ്തുതനടപടിക്ക് കാലതാമസം വരുമെന്നതിനാൽ ഫൈനല്ല ബിൽ അനുവദിക്കണമെന്നുമുള്ള കമ്പനിയുടെ മേൽ സൂചിപ്പിച്ച അപേക്ഷയും ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് അഡീഷണൽ ജനറൽ മാനേജർ (എൻജിനീയറിംഗ്) സമർപ്പിച്ച 22-12-2016 തീയതിയിലെ HPL/KU/UC/2016-17/486നമ്പർ അപേക്ഷയും പരിഗണിച്ച് ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും 5% തുക റിട്ടെൻഷൻ തുകയായി കുറവ് ചെയ്ത ശേഷം കണ്ണൂർ സർവകലാശാലയുടെ 23-02-2017 തീയതിയിലെ PLD/E3/3806/2015 Vol 2(1) ഉത്തരവ് പ്രകാരം ഫൈനൽ ബിൽ അനുവദിക്കുകയുണ്ടായി. പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച് ഒന്നര വർഷത്തോളമായിട്ടും സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിച്ച് കോർപ്പറേഷൻ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പോലും പൂർത്തീകരിക്കുവാൻ സർവകലാശാലക്ക് സാധിച്ചിട്ടില്ല. കോർപ്പറേഷൻ അനുമതി ലഭിക്കാതെയുള്ള സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ നിർമ്മാണപ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസം കാരണം ലിഫ്റ്റ് പ്രവർത്തനക്ഷമാക്കുന്നതിന് ആവശ്യമായ വൈദ്യുതകണക്ഷന് വേണ്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുമതി സർവകലാശാലക്ക് ഇതുവരെ ലഭിച്ചില്ല. 2016 സെപ്തംബറിൽ നിർമ്മാണം പൂർത്തിയാക്കിയ സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമ മാക്കുവാൻ സാധിക്കാത്തതിനാൽ ₹1,37,65,250/-രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തി നിഷ്ക്രിയമായി കിടക്കുകയാണ്. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിച്ച് കോർപ്പറേഷൻ അനുമതി ലഭിക്കുന്നതിനും ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള അനുമതി ലഭിക്കുന്നതിനും വേണ്ടി സർവകലാശാല സ്വീകരിച്ച നടപടികളും പ്രസ്തുത വിഷയത്തിൽ നിലവിലുള്ള സ്ഥിതി വിവരവും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 16-10-2018 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/16-10-2018) സർവകലാശാല മറുപടി ലഭ്യമാക്കിയിട്ടില്ല.

## (ii) <u>കരാർ വ്യവസ്ഥയിലുൾപ്പെടുത്തിയതിനെക്കാൾ അധികനിരക്കിൽ കൺസൽട്ടൻസി ചാർജ് അനുവദിച്ചത് ക്രമപ്രകാരമല്ല. അധികചെലവ് ₹ 2,68,440/-</u>

കോസ്റ്റ് പ്ലസ് കൺസൽട്ടൻസി ചാർജ് അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് വർക്കായി നിർവഹണം നടത്തുന്നതിനാണ് പ്രസ്തുത പ്രൊജക്ട് വർക്ക് ഹിന്ദുസ്ഥാൻ പ്രീ ഫാബ് ലിമിറ്റഡ് എന്ന ഏജൻസിക്ക് നൽകിയിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡുമായി ചമച്ച കരാർ വ്യവസ്ഥകളിലെ (ഏക കരാർ) വ്യവസ്ഥ -4 പ്രകാരം ചെയ്ത പ്രവൃത്തിമൂല്യം 2 കോടി രൂപ വരെയാണെങ്കിൽ പ്രവൃത്തിമൂല്യത്തിന്റെ 6% നിരക്കിലും 2 കോടി രൂപക്ക് മുകളിലാണെങ്കിൽ പ്രവൃത്തി മൂല്യത്തിന്റെ 5% നിരക്കിലും ആണ് എച്ച്.പി.എഫ്.എല്ലിന് കൺസൽട്ടൻസി ചാർജിനത്തിൽ അനുവദിക്കേണ്ടത്. കൂടാതെ കൺസൽട്ടൻസി ചാർജിൻമേൽ അതാത് സമയം പ്രാബല്യത്തിലുള്ള നിരക്കിൽ സർവീസ് ചാർജും അനുവദിക്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടെണ്ടർ പ്രകാരം പ്രവൃത്തികളുടെ ആകെ തുക 2കോടി രൂപയിൽ കുറവാണെങ്കിലും പിന്നീട്

നിർവഹണഘട്ടങ്ങളിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും തുക 2 കോടി രൂപക്ക് മുകളിൽ കടക്കുകയുമുണ്ടായി. ആകെ പ്രവൃത്തിമൂല്യം 2 കോടി രൂപക്ക് മുകളിലായതിനാൽ കൺസൽട്ടൻസി ചാർജ് 5% നിരക്കിലാണ് എച്ച്.പി.എഫ്.എല്ലിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ സർവകലാശാല 6% നിരക്കിൽ തന്നെ കൺസൽട്ടൻസി ചാർജും ആയതിന്റെ 15% നിരക്കിൽ സർവീസ് ടാക്സും അനുവദിച്ച് ബിൽ നൽകിയതിനാൽ ₹2,68,440രൂപയുടെ അധികചെലവുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെലവ് വിവരം | തുക |
|---|---|---|
| | ആകെ പ്രവൃത്തിമൂല്യം(1,11,50,116 +1,21,92,427) | ₹2,33,42,543 |
| | കൺസൽട്ടൻസി ചാർജിനത്തിൽ അനുവദിക്കാവുന്ന തുക (2,33,42,543 രൂപയുടെ 5%) + 15% സർവീസ് ടാക്സ് | ₹13,42,196 (11,67,127+1,75,069) |
| | കൺസൽട്ടൻസി ചാർജിനത്തിൽ അനുവദിച്ച തുക(2,33,42,543 രൂപയുടെ 6%) + 15% സർവീസ് ടാക്സ് ) | ₹16,10,636 (14,00,553+2,10,083) |
| | അധികം നൽകിയ തുകയുടെ വിവരങ്ങൾ | |
| | കൺസൽട്ടൻസി ചാർജ് | ₹ 2,33,426 |
| | കൺസൽട്ടൻസി ചാർജിൻമേലുള്ള 15% സർവീസ് ടാക്സ്. | ₹ 35,014 |
| | ആകെ അധികം നൽകിയ തുക | ₹ 2,68,440 |

കൺസൽട്ടൻസി ചാർജിനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം ₹ 2,68,440/-അധികം നൽകിയത് അംഗീകരിക്കുന്നില്ല.

## (iii) ഇൻവെന്ററി ലിസ്റ്റും ബില്ലിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സർവകലാശാല ലൈബ്രറി ഓഡിറ്റോറിയത്തിൽ സ്ഥാപിച്ച വിവിധ ഉപകരണങ്ങളുടെ ലിസ്റ്റ് സർവകലാശാല ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 12-04-2017 ലെ HPL/PM/KU/2016-17 നമ്പർ കത്ത് പ്രകാരം എച്ച് പി എഫ് എൽ പ്രൊജക്റ്റ് മാനേജർ നൽകുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് പരിശോധനവിധേയമാക്കിയതിൽ മേൽസൂചിപ്പിച്ച കത്ത് പ്രകാരം നൽകിയ ഇൻവെന്ററി ലിസ്റ്റിലുൾപ്പെട്ട താഴെപ്പറയുന്ന ഇനങ്ങൾ ബിൽ പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി ഇനം നമ്പർ,വിവരണം | ഇൻവെന്ററി ലിസ്റ്റ് പ്രകാരം | ബിൽ പ്രകാരം | നിരക്ക് |
|---|---|---|---|---|
| 1 | 34,Supply and fixing of recess mounting type of 1x15 LED scewless bottom frame as per the direction of engineering in charge as required. | 129 | 135 | ₹2500/-യൂണിറ്റ് |
| 2 | 35,Supply of 03x03W white/warm white led fittings | 10 | 12 | ₹2500/-യൂണിറ്റ് |
| 3 | 49,Supply,instalaltion,testing, commissioning of hooter | 1 | 2 | ₹1050/-യൂണിറ്റ് |

മേൽ സൂചിപ്പിച്ച പ്രകാരം ഇൻവെന്ററി ലിസ്റ്റ് പ്രകാരമുള്ള ഉപകരണങ്ങളുടെ എണ്ണവും ബില്ല് പ്രകാരമുള്ള എണ്ണവും തമ്മിൽ പൊരുത്തപ്പെടാത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (iv) ഫൈനൽ ബില്ലിൽ നിന്നും എച്ച് പി എഫ് എൽ ഉപയോഗിച്ച വൈദ്യുതചാർജ്, വാട്ടർ ചാർജ് എന്നിവ കുറവ് ചെയ്തില്ല.

ഇലക്ട്രിസിറ്റി ചാർജ് ഈടാക്കുന്നതിനുള്ള നിബന്ധന കരാറിൽ ഉൾപ്പെടുത്തിയിരുന്നില്ല. എച്ച്.പി.എഫ്.എൽ എൻജിനീയർ-ഇൻ-ചാർജിന്റെ അപേക്ഷ പ്രകാരം പ്രവൃത്തിയുടെ ബില്ലുകളിൽ നിന്ന് ചാർജ് ഈടാക്കുന്നതാണെന്ന നിബന്ധന പ്രകാരം പ്രവൃത്തിക്കാവശ്യമായ വൈദ്യുതി, വെള്ളം എന്നിവ സർവകലാശാലയിലുള്ള സ്രോതസ്സുകളിൽ നിന്ന് എടുക്കുവാൻ കണ്ണൂർ സർവകലാശാല രജിസ്ട്രാറുടെ 14-01-2016 തീയതിയിലെ PLD/E3/3806/2015 നമ്പർ കത്ത് പ്രകാരം എച്ച്.പി.എഫ് എല്ലിന്റെ എൻജിനീയർ-ഇൻ ചാർജ് ശ്രീ മിതേഷ് കുമാറിന് അനുമതി നൽകുകയുണ്ടായി. എച്ച്.പി.എഫ്.എല്ലിനുവേണ്ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ പ്രവൃത്തിയുടെ നിർവഹണത്തിനായി സർവകലാശാലയിലെ വൈദ്യുതിയാണ് ഉപയോഗിച്ചത്. വൈദ്യുതി ഉപയോഗിക്കുന്നതിന് സർവകലാശാല അനുമതി നല്കിയതായും കരാറുകാർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് രേഖപ്പെടുത്തുന്നതിനായി പ്രത്യേകം എനർജി മീറ്റർ സ്ഥാപിച്ചിരുന്നതായും എന്നാൽ സർവകലാശാലയുടെ അനുമതിയില്ലാതെ കരാറുകാരൻ എനർജി മീറ്റർ എടുത്തുമാറ്റിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഫയൽ നമ്പർ-PLD/E3/3806/2015 നോട്ട് ഫയൽ പേജ് നമ്പർ 71). ഇപ്രകാരം പ്രത്യേകം ഇലക്ട്രിസിറ്റി മീറ്റർ സ്ഥാപിച്ചത് കെ.എസ്.ഇ.ബിയാണോ സർവകലാശാലയാണോയെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 2015 ഡിസംബർ മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ ലൈബ്രറി ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗിന് ₹7206, ലിഫ്റ്റ് സ്ഥാപിക്കലിന് ₹23908 ഉൾപ്പെടെ ആകെ ₹31,114/- രൂപയുടെ വൈദ്യുതി വിനിയോഗിച്ചതായി ഫയലിൽ രേഖപ്പെടുത്തുകയും പ്രസ്തുത തുക എച്ച്.പി.എഫ്.എല്ലിനുള്ള ബില്ലിൽ നിന്ന് കുറവ് ചെയ്യുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചപ്പോഴും പ്രസ്തുത തുക കുറവ് ചെയ്തിട്ടില്ല. കരാറുകാർ ഉപയോഗിച്ച വൈദ്യുതിയുടെ അളവ് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനവും വ്യക്തമല്ല. പ്രസ്തുത തുക കുറവ് ചെയ്യാത്തത് സംബന്ധിച്ചും എനർജി മീറ്ററിന്റെ അഭാവത്തിൽ തുക നിശ്ചയിച്ചത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയിട്ടില്ല.

2014 DSR ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ വാട്ടർ ചാർജ് നിരക്ക് 1% ആണ്. സർവ്വകലാശാലയിലെ സ്രോതസ്സുകളിൽ നിന്നുള്ള വെള്ളം പ്രവൃത്തിക്കായി ഉപയോഗിച്ചതിനാൽ 2014 DSR ഷെഡ്യൂൾ നിരക്കിലുള്ള തുക വാട്ടർ ചാർജിനത്തിൽ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് റിക്കവറി നടത്തേണ്ടതായിരുന്നു. എന്നാൽ വാട്ടർ ചാർജിനത്തിൽ തുകയൊന്നും തന്നെ സർവകലാശാല റിക്കവറി ചെയ്തിട്ടില്ല. വാട്ടർ ചാർജിനത്തിൽ തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (v).സർവീസ് ടാക്സ് അധികനിരക്കിൽ നൽകിയത്.₹47,363/- അധികചെലവ്.

പ്രവൃത്തിമൂല്യത്തിന്റെ 6% നിരക്കിലുള്ള തുക സർവീസ് ടാക്സായി എച്ച് പി എഫ് എല്ലിന് അനുവദിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡുമായി ചമച്ച കരാർ വ്യവസ്ഥകളിലെ വ്യവസ്ഥ -4 പ്രകാരം പ്രവൃത്തിമൂല്യത്തിന്റെ 5.6% നിരക്കിലുള്ള തുകയാണ് സർവീസ് ടാക്സിനത്തിൽ എച്ച് പി എഫ് എല്ലിന് അനുവദിക്കേണ്ടിയിരുന്നത്. എച്ച് പി എഫ് എല്ലിന്റെ ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തിമൂല്യമായ 2,33,42,543 രൂപയിൽ നേരത്തെയനുവദിച്ച 20592658/- രൂപയുടെ 5.8% കഴിച്ച് ബാക്കിയുള്ള പ്രവൃത്തികളിൻ മേൽ അനുവദിക്കേണ്ട സർവീസ് ടാക്സ് 27,49,885/- രൂപയുടെ 6 ശതമാനം ആണ്. എന്നാൽ ഫൈനൽ ബിൽ പ്രകാരം മൊത്തം പ്രവൃത്തിമൂല്യമായ ₹ 2,33,42,543 /- കണക്കിലെടുത്ത് ആയതിന്റെ 6% നിരക്കിൽ സർവീസ് ടാക്സും 15% കൺസൽട്ടൻസി ചാർജിൻമേലുള്ള സർവീസ് ടാക്സും എച്ച്.പി.എഫ്.എല്ലിന് അനുവദിച്ചതിനാൽ 47,363 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച 47,363/- രൂപ ഈടാക്കേണ്ടതാണ്.

സർവീസ് ടാക്സിനത്തിൽ അനുവദിച്ച തുകയുടെ വിനിയോഗവിവരം എച്ച്.പി.എഫ്.എല്ലിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

അംഗീകരിച്ച പ്രവൃത്തിമൂല്യത്തുകയുടെ (₹2,33,42,543) അടിസ്ഥാനത്തിൽ അനുവദിക്കേണ്ടയിരുന്ന സർവീസ് ടാക്സ് താഴെപ്പറയും പ്രകാരമാണ്.

| 1,2,3 പാർട്ട് ബില്ലുകൾ പ്രകാരം അനുവദിച്ച തുക | | ഫൈനൽ ബിൽ പ്രകാരം അനുവദിക്കേണ്ടിയിരുന്ന ബാക്കി തുക* | | അനുവദിച്ചത് | അധികം |
|---|---|---|---|---|---|
| പ്രവൃത്തി | ₹2,05,92,658 | പ്രവൃത്തി | 27,49,885 | | |
| സർവീസ് ടാക്സ് @5.8% | ₹ 11,94,374 | സർവീസ് ടാക്സ് @6% | 1,64,993 | | |
| കൺസൽട്ടൻസി ചാർജ് @6% | ₹ 12,35,556 | കൺസൽട്ടൻസി ചാർജ് @6% | 1,64,994 | | |
| കൺസൽട്ടൻസി ചാർജിൻമേലുള്ള സർവീസ് ടാക്സ് @14.5% | ₹ 1,79,156 | കൺസൽട്ടൻസി ചാർജിൻമേലുള്ള സർവീസ് ടാക്സ് @15% | 24,749 | | |
| ആകെ | 2,32,01,748 | ആകെ | 31,04,620 | 31,51,983 | 47,363 |

റിമാർക്സ് : *കൺസൽട്ടൻസി ചാർജ് 6% ആണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.അധികം നൽകിയതിന്റെ വിവരം ഖണ്ഡിക 2ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രവൃത്തി ടെണ്ടർ ചെയ്ത് നൽകിയ കരാറുകാരുടെ ബില്ലിൽ നിന്ന് സർവീസ് ടാക്സ് കുറവ് ചെയ്യാതെ എച്ച്.പി.എഫ്.എല്ലിന് സർവീസ് ടാക്സ് അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

## (vi) ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ്-റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അധികജോലികൾക്ക് എസ്റ്റിമേറ്റിലുൾപ്പെടുത്തിയ 9% ഡിസ്കൗണ്ട് അനുവദിച്ചില്ല.

ഇന്റീരിയർ ഫർണിഷിംഗ് അധികജോലികൾക്കുള്ള കരാറും ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തിയുടെ കരാർ എറ്റെടുത്തM/S വീരേന്ദ്രകുമാർ & കമ്പനിക്ക് തന്നെയാണ് നൽകിയത്. എസ്റ്റിമേറ്റിൽ 9% ഡിസ്കൗണ്ട് കമ്പനി ഓഫർ ചെയ്തിരുന്നു. അധികജോലികളുടെ മൂല്യനിർണ്ണയത്തുക 27,97,059/-രൂപയാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തിക്ക് അനുവദിച്ച 9% ഡിസ്കൗണ്ട് അധികജോലികളുടെ നിരക്കിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. എസ്റ്റിമേറ്റിലും 16.3% കുറഞ്ഞ നിരക്കിലാണ് ഓഡിറ്റോറിയം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തിയുടെ കരാർ M/S വീരേന്ദ്രകുമാർ & കമ്പനിക്ക് ടെണ്ടർ പ്രകാരം നൽകിയത്. അധിക ജോലികൾക്കുള്ള കരാർ നിരക്കുകൾ അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ സർവകലാശാലക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (vii) പ്രവൃത്തിയുടെ എം.ബുക്ക്, ഷെഡ്യൂളിൽ ഉൾപ്പെടാത്ത ഇനങ്ങളുടെ ഡാറ്റാ ഷീറ്റ്, പർച്ചേസ് ബില്ലുകൾ എന്നിവ ഹാജരാക്കാതെ തുക അനുവദിച്ചത് ക്രമപ്രകാരമല്ല.ബില്ലിൽ DSRകോഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. DSR 2014 പ്രകാരമുള്ള നിരക്കാണോ കരാറുകാർക്ക് അനുവദിച്ചതെന്ന് വ്യക്തമല്ല.

വിശദമായ ചെലവ് വിവരങ്ങൾ ഉൾപ്പെടുന്ന ത്രൈമാസ അക്കൗണ്ടുകൾ, ബില്ലുകളുടെ സർട്ടിഫൈഡ് കോപ്പികൾ,ചെലവ് വിശദാംശങ്ങളുടെ രേഖകൾ, പ്രവൃത്തി പുരോഗതി റിപ്പോർട്ട് മുതലായവ സർവകലാശാല നിശ്ചയിക്കുന്ന മാതൃകയിൽ തയ്യാറാക്കി നൽകണമെന്ന് കരാർ വ്യവസ്ഥകളിലെ വ്യവസ്ഥ -3 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം രേഖകൾ ഒന്നും തന്നെ എച്ച് പി എഫ് എൽ ഹാജരാക്കിയതായി കാണുന്നില്ല. ചെലവ് സംഗ്രഹം (Abstract of Payment) മാത്രമാണ് ബിൽ കോപ്പികളായി ഫയലിൽ വെച്ചിട്ടുള്ളത്. DSR 2014 അടിസ്ഥാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഫയലിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഹാജരാക്കിയ ബില്ലിൽ പ്രവൃത്തിയുടെ DSRകോഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ബില്ലിൽ DSRകോഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ DSR 2014 പ്രകാരമുള്ള നിരക്കാണോ കരാറുകാർക്ക് അനുവദിച്ചതെന്ന് വ്യക്തമല്ല. ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തിയുടെ മെഷർമെന്റ് 15-11-2016 തീയതിയിലും ലിഫ്റ്റ് പ്രവൃത്തിയുടെ മെഷർമെന്റ് 25-03-2016 തീയതിയിലും എടുത്തതായി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കും മറ്റ് രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല, ഷെഡ്യൂളിൽ ഉൾപ്പെടാത്ത ഇനങ്ങളിലാണ് തുക കൂടുതൽ ചെലവഴിച്ചിട്ടുള്ളത്. ഷെഡ്യൂളിൽ ഉൾപ്പെടാത്ത ഇനങ്ങളുടെ നിരക്ക് നിശ്ചയിച്ചതിന്റെ ഡാറ്റ ഷീറ്റോ പർച്ചേസ് സംബന്ധിയായ ബില്ലുകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടാത്ത ഇനം പ്രവൃത്തികളും ഫൈനൽ ബിൽ പ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നു. ആയതിന് അനുമതി നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ സ്രവകലാശാലക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## (viii) നികുതിയിനങ്ങളിൽ നൽകിയ തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

കരാർ വ്യവസ്ഥകൾ പ്രകാരം നികുതികൾ ഉൾപ്പെടെയുള്ള തുകയാണ് എച്ച്.പി.എഫ്.എല്ലിന് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള തുകകൾ അടവാക്കിയതിന്റെ സർട്ടിഫൈഡ് കോപ്പികൾ എച്ച് പി എഫ് എൽ സർവകലാശാലക്ക് നൽകിയതായി കാണുന്നില്ല. രണ്ടും മൂന്നും ഗഡുക്കളായി ₹83,84,016/- എച്ച്.പി.എഫ്.എൽ –ന് അനുവദിച്ചപ്പോൾ ₹5,86,881/-വിവിധ നികുതികളുടെ ഇനത്തിൽ സർവകലാശാല കിഴിവ് വരുത്തിയിട്ടുണ്ട്. ഇപ്രകാരം കിഴിവ് വരുത്തിയ തുക തിരികെ നൽകുന്നതിന് എച്ച്.പി.എഫ്.എൽ ആവശ്യപ്പെടുകയും ആയത് അനുവദിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും (Pld/E3/3806/2015 തീയതി:09-08-2016) ചെയ്തിട്ടുണ്ട്. എന്നാൽ തുക നല്കിയതായുള്ള വിവരം ഫയലിൽ ലഭ്യമല്ല. നികുതിയിനത്തിൽ കുറവ് വരുത്തിയ ₹5,86,881/- സർവകലാശാല സർക്കാരിലേക്ക് അടച്ചിട്ടുണ്ടോയെന്നും എച്ച്.പി.എഫ്.എൽ -ന് ₹5,86,881/- പിന്നീട് അനുവദിച്ച് നൽകിയിട്ടുണ്ടോയെന്നുമുള്ള വിവരം അറിയിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ

ഈയിനത്തിൽ സ്രവകലാശാലക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് കൂടുതൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കൺസൽട്ടൻസി ചാർജിനത്തിൽ അധികം നൽകിയതിനാൽ ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവായ 2,68,440/- രൂപയും സർവീസ് ചാർജിനത്തിൽ അധികം നൽകിയതിനാൽ ഓഡിറ്റിൽ അംഗീകരിക്കാത്ത ചെലവായ 47,363/- രൂപയും ഉൾപ്പെടെ 3,15,803/- രൂപ റീടെൻഷൻ തുകയിൽ നിന്നും ഈടാക്കേണ്ടതാണ്. 2017-2018 വർഷത്തിൽ അന്തിമ ബിൽ നൽകിയതിൽ 3,15,803/- രൂപയുടെ ചെലവ് കഴിച്ച് ബാക്കിയുള്ള 21,47,914/- രൂപയുടെ (24,63,717-3,15,803) ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിച്ച് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-1-3 സിന്തറ്റിക്ക് ട്രാക്കിന് സ്ഥലം വാങ്ങൽ - സ്ഥലത്തിന്റെ അതിരുകൾ പോലും നിർണ്ണയിക്കാതെയും സ്ഥലം സർവകലാശാലയുടെ ഉടമസ്ഥതയിലാക്കാതെയും 1.36 കോടി രൂപ നൽകിയത് ക്രമപ്രകാരമല്ല.

കേരള ക്ലെയ്സ് & സിറാമിക് പ്രോഡക്ട് ലിമി. കമ്പനിയുടെ ഉടമസ്ഥതയിലുള്ള കല്ല്യാശ്ശേരി അംശം ദേശം റീ.സർവേ നം.360/2ബി, 360/3 എന്നിവയിൽപ്പെട്ട 60 സെന്റ് സ്ഥലം മാങ്ങാട്ട് പറമ്പ് കാമ്പസിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക്ക് ട്രാക്ക് നിർമ്മിക്കുന്നതിന് കണ്ണൂർ സർവകലാശാലക്ക് വിട്ടുനൽകുവാൻ സർക്കാരിന്റെ 05.03.2018 ലെ സ.ഉ.(എം.എസ്) നം.84/2018/ റവ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ജില്ലാ കലക്ടർ നിശ്ചയിച്ച ലാൻഡ് വാല്യൂ സെന്റിന് 2,26,717/-രൂപ നിരക്കിൽ സർവകലാശാലയുടെ 28-03-2018 തീയതിയിലെ Pld/E3/5144/14 VOL 2 നമ്പർ ഉത്തരവ് പ്രകാരം 1,36,03,020/- രൂപ (വൗച്ചർ നമ്പർ 3435 'എ' മുതൽ 'ഇ' വരെ/ തീയതി:31-03-2018) കേരള ക്ലെയ്സ്&സിറാമിക് പ്രോഡക്ട് ലിമി. കമ്പനി മാനേജിംഗ് ഡയരക്ടർക്ക് അനുവദിക്കുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 3435/31-03-2018 | 2841989/31-03-2018 | 25,00,000 | |
| 2 | 3435A/31-03-2018 | 2841990/31-03-2018 | 25,00,000 | |
| 3 | 3435 B/31-03-2018 | 2841991/31-03-2018 | 25,00,000 | |
| 4 | 3435 C/31-03-2018 | 2841992/31-03-2018 | 25,00,000 | |
| 5 | 3435 D/31-03-2018 | 2841993/31-03-2018 | 25,00,000 | |
| 6 | 3435 E /31-03-2018 | 2841994/31-03-2018 | 11,03,020 | |
| ആകെ തുക | | | 1,36,03,020 | |

ഭൂമി വാങ്ങലുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി.

## സ്ഥലം സർവകലാശാലയുടെ ഉടമസ്ഥതയിലാക്കാതെ 1,36,03,020/-രൂപ മുൻകൂർ ആയി നൽകി.

കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട് ലിമി. കമ്പനിയുടെ ഉടമസ്ഥതയിലുള്ള 60 സെന്റ് സ്ഥലം സർവകലാശാലയുടെ പേരിൽ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ മുഴുവൻ പൂർത്തീകരിച്ച് ഉടമസ്ഥാവകാശം സർവകലാശാലയ്ക്ക് ലഭിച്ചതിന് ശേഷം മാത്രമാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിലുള്ള തുക കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട് ലിമി. കമ്പനി മാനേജിംഗ് ഡയരക്ടർക്ക് അനുവദിക്കേണ്ടിയിരുന്നത്. വാങ്ങിയ ഭൂമിയുടെ രേഖകൾ തയ്യാറാക്കുന്നതിനും അതിർത്തി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കണ്ണൂർ തഹസിൽദാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇക്കാര്യങ്ങൾക്കായി കേരള ക്ലേയ്സ് & സിറാമിക്ക് പ്രൊഡക്ട് ലിമിറ്റഡ് മാനേജിംഗ് ഡയരക്ടറുമായി ചേർന്ന് ഒരു ജോയന്റ് ഇൻസ്പെക്ഷൻ നടത്തുന്നതാണെന്നുമാണ് ഭൂമി വാങ്ങൽ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് റിക്വസിഷന് (നം.24/21-12-2018) സർവകലാശാല മറുപടി (നം.PLD/E3/5144/2014 VOL 2 തീയതി 19-01-2019) നൽകിയത്. ഭൂമി വാങ്ങിയതിനുള്ള തുക അനുവദിക്കുന്നതിന് മുൻപുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച പ്രാരംഭനടപടികൾ ഒന്നും പൂർത്തിയാക്കാതെയും സ്ഥലം സ്രവകലാശാലയുടെ ഉടമസ്ഥതയിലാക്കാതെയും 1.36 കോടി രൂപ നൽകിയത് ക്രമപ്രകാരമല്ല. നിലവിലും ഭൂമി സർവകലാശാലയുടെ ഉടമസ്ഥതയിലായിട്ടില്ല.

## ഭൂമിയുടെ അതിർത്തി നിർണ്ണയം പോലും നടത്താതെ തുക നൽകി.

വാങ്ങിയ ഭൂമിയുടെ ലൊക്കേഷൻ,സ്കെച്ച്,സൈറ്റ് പ്ലാൻ എന്നിവയും ഭൂമിയുടെ അതിർത്തിനിർണ്ണയം നടത്തിയതിന്റെ വിവരങ്ങളും സ്ഥലം രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളും ആരാഞ്ഞുകൊണ്ട് സർവകലാശാലയിൽ നിന്നും വിശദാംശങ്ങൾ തേടിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (റിക്വിസിഷൻ നം.34/ തീയതി:21-12-2018). സൂക്ഷ്മ പരിശോധനയിൽ മേൽനടപടിക്രമങ്ങൾ ഒന്നും തന്നെ പൂർത്തീയാക്കാതെയാണ് പണം കൈമാറിയത് എന്നും കണ്ടു. വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ അതിർത്തിപോലും നാളിതുവരെ നിർണ്ണയിച്ചിട്ടില്ലെന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതാണ്.

സർക്കാർ ഉത്തരവ് പ്രകാരം 60 സെന്റ് സ്ഥലം സർവകലാശാലയുടെ ഉടമസ്ഥതയിലാക്കുന്നതിന് ജില്ലാ കലക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥലം സർവകലാശാലയുടെ ഉടമസ്ഥതയിലാക്കിയിട്ടില്ല. വാങ്ങിയ സ്ഥലവുമായി ബന്ധപ്പെട്ട ഒരു രേഖയും സർവകലാശാലയുടെ പക്കൽ ലഭ്യമല്ല. സാമ്പത്തിക വർഷം അവസാനം പദ്ധതിതുക ലാപ്സായി പോകുന്നത് ഒഴിവാക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രമേ ഈ ഇടപാടുകൾക്ക് പിന്നിൽ ഉള്ളൂ എന്ന് വ്യക്തമാണ്. ഭൂമി വാങ്ങൽ സംബന്ധിച്ച പ്രാരംഭനടപടികൾ പോലും പൂർത്തിയാക്കാതെ കോടിക്കണക്കിന് രൂപയുടെ സർവകലാശാല ഫണ്ട് ചെലവഴിച്ചത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. ഈ വിഷയത്തിൽ സർവകലാശാല അധികാരികളുടെ അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

വാങ്ങിയ ഭൂമി സർവകലാശാലയുടെ ആസ്തിയായി ഇതു വരെ മാറിയിട്ടില്ലാത്തതിനാൽ 1,36,03,020/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-1-4 മാങ്ങാട്ട്പറമ്പ് കാമ്പസ് - കായികവിദ്യാഭ്യാസ പഠനവകുപ്പിൽ ഫിറ്റ്നസ് സെന്റർ നിർമ്മാണം -യു ജി സി സ്പോർട്സ് ഗ്രാന്റ് വിനിയോഗിക്കുന്നതിലെ കാലതാമസം.

ഫയൽ നം.PLD/E3/16774/FCB/2015/ Fitness Centre Building

1. വൗച്ചർ നമ്പർ-1400/28-09-2017(ചെക്ക് നമ്പർ-872718/ 28-09-2017) -₹50,00,000/-
2. വൗച്ചർ നമ്പർ-1400A/28-09-2017(ചെക്ക് നമ്പർ-872719/ 28-09-2017) -₹50,00,000/-
3. വൗച്ചർ നമ്പർ-1400B/28-09-2017(ചെക്ക് നമ്പർ-872720/ 28-09-2017) -₹20,00,000/-

യു.ജി.സി 12-ാം പദ്ധതിയിൽ കണ്ണൂർ സർവകലാശാലക്ക് 2.5 കോടി രൂപ സ്പോർട്സ് ഗ്രാന്റിനത്തിൽ അനുവദിക്കുകയും ആദ്യഗഡുവായി 1.3 കോടി രൂപ 19-06-2015 ന് സർവകലാശാലക്ക് ലഭിക്കുകയുമുണ്ടായി. 2.5കോടി രൂപയിൽ 2.4കോടി രൂപ ഫിറ്റ്നെസ്സ് സെന്റർ നിർമ്മാണത്തിനും 10 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ്. ആദ്യഗഡുവായി ലഭിച്ച 1.3കോടി രൂപയിൽ 1.2കോടി രൂപ ഫിറ്റ്നെസ്സ് സെന്റർ നിർമ്മാണത്തിന് (എസ്റ്റിമേറ്റ് തുക -2,40,02,900 രൂപ) PLD/E3/16774/FCB/2015/ Fitness Centre Building തീയതി 27-09-2017 നമ്പർ ഉത്തരവ് പ്രകാരം നിർവഹണ ഏജൻസിയായ സി.പി.ഡബ്ല്യു.ഡി ക്ക് അഡ്വാൻസിനത്തിൽ അനുവദിക്കുകയുണ്ടായി. ഒന്നാം ഗഡു വിനിയോഗം സംബന്ധിച്ച് യു.ജി.സി നിർദ്ദേശിച്ച സമയപരിധി പാലിക്കാത്തതിനാൽ 5 ഓർമ്മക്കുറിപ്പുകളും 11-09-2017ന് അന്തിമ ഓർമ്മക്കുറിപ്പും യു.ജി.സി സർവകലാശാലക്ക് അയക്കുകയുണ്ടായി. തുക യു.ജി.സി നിർദ്ദേശിച്ച സമയക്രമം പാലിച്ച് ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം യു.ജി.സി ക്ക് അയക്കുന്നതിൽ സർവകലാശാല ഗുരുതരമായ വീഴ്ച വരുത്തിയതായി കാണുന്നു. ആദ്യഗഡുമായി ലഭിച്ച തുക ചെലവഴിച്ചതിന് ശേഷം രണ്ടാം ഗഡു കൂടി വാങ്ങി 31-03-2017 നകം (12-ാം പദ്ധതി കാലയളവ്) ചെലവഴിക്കേണ്ടതായിരുന്നു. എന്നാൽ ആദ്യഗഡുവായി ലഭിച്ച തുക തന്നെ അഡ്വാൻസിനത്തിൽ നിർവഹണ ഏജൻസിയായ സി.പി.ഡബ്ല്യു.ഡി-ക്ക് നൽകി (എസ്റ്റിമേറ്റ് തുകയുടെ 20% നൽകുന്നതിന് പകരം 50% തന്നെ നല്കി) ചെലവ് രേഖപ്പെടുത്തിയത് 28-09-2017 ന് മാത്രമാണ്. ഫിറ്റ്നെസ്സ് സെന്റർ നിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ല. പന്ത്രണ്ടാം പദ്ധതി കാലയളവ് കഴിഞ്ഞ സ്ഥിതിക്ക് സ്പോർട്സ് ഗ്രാന്റിനത്തിൽ യു.ജി.സി യിൽ നിന്ന് ലഭിക്കുവാനുള്ള ബാക്കി തുകയായ 1.2 കോടി രൂപ നഷ്ടമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. യു.ജി.സി ഗ്രാന്റ് വിനിയോഗിക്കുന്നതിലെ കാര്യക്ഷമതയില്ലായ്മ കോടിക്കണക്കിന് രൂപ സർവകലാശാലക്ക് നഷ്ടപ്പെടുന്നതിനും പദ്ധതി പൂർത്തീകരണത്തിന് തടസ്സം നേരിടുന്നതിനും ഇടയാക്കി.

നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാരൻ സർവകലാശാലയുടെ വൈദ്യുതി ഉപയോഗിച്ചത്-തുക ബില്ലിൽ നിന്നും റിക്കവറി ചെയ്യേണ്ടതാണ്.

കണ്ണൂർ സർവകലാശാല മാങ്ങാട്ട്പറമ്പ് കാമ്പസിലെ നിർമ്മാണ പ്രവൃത്തികൾക്ക് സർവകലാശാലയുടെ വൈദ്യുതി ഉപയോഗിക്കുന്നതായി 20-03-2018 ൽ ഇലക്ട്രിക്കൽ ഓവർസിയർ

റിപ്പോർട്ട് ചെയ്ത വിവരം മേൽ സൂചിപ്പിച്ച ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർവകലാശാലയുടെ വൈദ്യുതി ഉപയോഗിച്ചതിന് കരാറുകാരനിൽ നിന്ന് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സർവകലാശാല അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാർ സർവകലാശാലയുടെ വൈദ്യുതി ഉപയോഗിക്കുകയും സർവകലാശാലക്ക് വൈദ്യുത ചാർജിനത്തിൽ വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർവകലാശാല സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-1-5 സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ച് സർവകലാശാലക്ക് കൈമാറുന്നതിന് മുൻപ് തന്നെ നിർമ്മാണവൈകല്യങ്ങൾ പരിഹരിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

ഫയൽ നം.PLD/E3/12105/CLC/2009,VOL 3.

വൗച്ചർ നമ്പർ-2583/31-01-2018(അഡ്ഹോക്ക് പേയ്മെന്റ് തുക)-₹15,00,000/-

ചെക്ക് നമ്പർ-3089361/31-01-2018

കണ്ണൂർ സർവകലാശാലയിൽ സെൻട്രൽ ലൈബ്രറി പ്രവർത്തനമാരംഭിച്ച ശേഷം ശ്രദ്ധയിൽപ്പെട്ട കെട്ടിട നിർമ്മാണത്തിലെ നിരവധി നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് സർവകലാശാലയുടെ 27-01-2018 ലെ നം.PLD/E3/12105/CLC/2009, VOL 3 നമ്പർ ഉത്തരവ് പ്രകാരം 15,00,000/- രൂപ കെട്ടിട നിർമ്മാണ ചുമതലയുള്ള M/s ഈസ്റ്റ് കോസ്റ്റ് കൺസ്ട്രക്ഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിക്ക് അനുവദിക്കുകയുണ്ടായി. നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് നിരവധി തവണ സർവകലാശാല M/s ഈസ്റ്റ് കോസ്റ്റ് കൺസ്ട്രക്ഷൻ & ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന കമ്പനിക്ക് കത്തെഴുതിയെങ്കിലും കമ്പനിയുടെ ഭാഗത്തുനിന്ന് യാതൊരു മറുപടിയും ലഭിക്കാതെ വരികയും ഒടുവിൽ സാമ്പത്തിക പ്രതിസന്ധി കാരണം കമ്പനിക്ക് പ്രവർത്തികൾ തുടരാനാകുന്നില്ലെന്നും ആയതിനാൽ കമ്പനിക്ക് അനുവദിക്കുവാൻ ബാക്കിയുള്ള തുകയിൽ നിന്ന് നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള തുക അനുവദിച്ചുതരണമെന്നും ആവശ്യപ്പെട്ടതിന്റെയടിസ്ഥാനത്തിലാണ് ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ സപ്ലിമെന്ററി കരാർ ചമച്ച് 15,00,000/- രൂപ സർവകലാശാല കമ്പനിക്ക് അനുവദിച്ചത്. അനുവദിച്ച 15,00,000/-രൂപ കമ്പനിയുടെ അക്കൗണ്ടിൽ ക്രെഡിറ്റാകുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നും ആയതിനാൽ തുക ക്രെഡിറ്റായ തീയതി മുതൽ ഒരു മാസം പ്രവൃത്തി പൂർത്തീകരിക്കുവാൻ സമയം നൽകണമെന്നും കമ്പനി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ചർച്ചകൾ പ്രകാരം സർവകലാശാല ചൂണ്ടിക്കാണിച്ച വിവിധ നിർമ്മാണ വൈകല്യങ്ങൾ പരിഹരിക്കുന്നതിന് 2018 മാർച്ച് 30വരെ കമ്പനിക്ക് സമയം നൽകുകയുണ്ടായി. എന്നാൽ മാർച്ച് 30 നകം കമ്പനി നിർമ്മാണവൈകല്യങ്ങൾ പരിഹരിക്കുകയുണ്ടായില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് 16-07-2018 തീയതിയിൽ മാത്രമാണ് കമ്പനി സർവകലാശാലക്ക് കത്ത് നൽകിയത്. പ്രസ്തുത റിപ്പയറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തി അളവ്പുസ്തകം സഹിതം കമ്പനി സർവകലാശാലക്ക് വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ല. പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുണ്ടെന്ന് 16-07-2018 തീയതിയിൽ കമ്പനി സർവകലാശാലക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും സർവകലാശാല എൻജിനീയറിംഗ് വിഭാഗം റിപ്പയറിംഗ് പ്രവൃത്തികൾ ആവശ്യപ്പെട്ടത് പ്രകാരം തന്നെ ചെയ്തിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുമില്ല. മേൽ സൂചിപ്പിച്ച അപാകങ്ങളുള്ളതിനാൽ 15 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണം സംബന്ധിച്ച് താഴെപ്പറയുന്ന അപാകങ്ങൾ സംബന്ധിച്ച് സർവകലാശാല നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## I. <u>സെൻട്രൽ ലൈബ്രറി കെട്ടിടം സർവകലാശാലക്ക് കൈമാറാതെ ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് കാലയളവ് അംഗീകരിക്കാവുന്നതല്ല.</u>

സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് കരാറുകാരനും കൺസൽട്ടന്റും സെൻട്രൽ ലൈബ്രറി കെട്ടിടം നാളിതുവരെയായും സർവകലാശാലക്ക് കൈമാറിയിട്ടില്ല. സർവകലാശാലക്ക് കെട്ടിടം കൈമാറിയ തീയതി മുതൽ മാത്രമാണ് ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് ആരംഭിക്കുന്നത്. ആയതിനാൽ ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് 2018 ഫെബ്രുവരിയിൽ അവസാനിച്ചുവെന്ന കമ്പനിയുടെ വാദം (16-07-2018 തീയതിയിൽ കമ്പനി സർവകലാശാലക്ക് എഴുതിയ കത്തിൽ രേഖപ്പെടുത്തിയത് ) അംഗീകരിക്കാവുന്നതല്ല.

## II. <u>സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണം-വിദഗ്ദസംഘത്തിന്റെ പരിശോധനറിപ്പോർട്ട് പ്രകാരമുള്ള നിർമ്മാണവൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

2018 ആഗസ്റ്റ് 9,10 തീയതികളിലായി സർവകലാശാല നിയോഗിച്ച സാങ്കേതികവിദഗ്ദർ ഉൾപ്പെട്ട വിദഗ്ദസംഘം നടത്തിയ പരിശോധനയിൽ സെൻട്രൽ ലൈബ്രറി,ഭരണവിഭാഗം കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങളിൽ നിരവധി നിർമ്മാണവൈകല്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പരിശോധനറിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ ചുവടെ കൊടുക്കുന്നു.

1. സെൻട്രൽ ലൈബ്രറി,ഭരണവിഭാഗം കെട്ടിടങ്ങളിൽ പൈലിംഗ് വേണ്ടത്ര ആഴത്തിൽ നടത്തിയിട്ടില്ല.
2. സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ വിള്ളലുകൾ കാണപ്പെട്ടത് പ്ലിന്ത് ബീം നിർമ്മിക്കാതെ ഭിത്തി പണിതതിനാലാണ്.
3. സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ഫ്ലോറിംഗിന് ഗുണനിലവാരമില്ലാത്ത വിട്രിഫൈഡ് ടൈലുകൾ ഉപയോഗിച്ചു.
4. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ M25,M30 ഗ്രേഡിലുള്ള കോൺക്രീറ്റ് ഉപയോഗിക്കേണ്ടതിന് പകരം M20 ഗ്രേഡ് കോൺക്രീറ്റ് ഉപയോഗിച്ചു.
5. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ വിവിധ സാനിറ്ററി ഉപകരണങ്ങൾ ഗുണനിലവാരമുള്ളതല്ല.

വിദഗ്ദസംഘം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നിർമ്മാണവൈകല്യങ്ങൾ മുഴുവൻ പരിഹരിച്ചുവെന്ന് ഉറപ്പുവരുത്തി എല്ലാവിധ നടപടിക്രമങ്ങളും (കോർപ്പറേഷനിൽ നിന്നുള്ള ഒക്യുപ്പൻസി ഉൾപ്പെടെ) പൂർത്തീയാക്കി സർവകലാശാലക്ക് കെട്ടിടം രേഖാമൂലം കൈമാറിയതിന് ശേഷം മാത്രമേ കമ്പനിക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച് സർവകലാശാല തീരുമാനമെടുക്കാവൂ എന്ന കാര്യവും യുക്തമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

III. **<u>നഗരസഭയുടെ ഒക്കുപ്പൻസി ലഭിക്കാത്ത നിലകളിലും സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു.</u>**

സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിനും ഒന്നാം നിലക്കും മാത്രമാണ് നിലവിൽ കണ്ണൂർ നഗരസഭയിൽ നിന്നും കണ്ടീഷനൽ ഒക്കുപ്പൻസി അനുവദിച്ചിട്ടുള്ളത്. 2, 3, 4 നിലകൾക്ക് കണ്ണൂർ നഗരസഭയിൽ നിന്നും ഒക്കുപ്പൻസി ലഭിച്ചിട്ടില്ല. ഇവിടെ സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നഗരസഭയുടെ ഒക്കുപ്പൻസി ലഭിക്കാത്ത നിലകളിൽ സർവകലാശാലയിലെ വിവിധ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത് ശരിയല്ല. നിർദ്ദിഷ്ട ഫീസടച്ച് സെൻട്രൽ ലൈബ്രറി കെട്ടിടനിർമ്മാണ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

# 3-1-6 പാലയാട് ക്യാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി-നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയ 69,509/- രൂപ ഈടാക്കേണ്ടതാണ്.

File No. PLD/E2/6680/MAINT.PAL/2010.

സൂചന ഫയൽ പരിശോധിച്ചതിൽ, കണ്ണൂർ സർവ്വകലാശാല പാലയാട് ക്യാമ്പസിലെ ഇൻഫർമേഷൻ ടെക്നോളജി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി നിർമ്മിതി കേന്ദ്ര തയ്യാറാക്കിയ 12.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർവ്വകലാശാല അംഗീകരിച്ചതായും വർക്ക് ഓർഡർ ടി സ്ഥാപനത്തിന് നൽകിയതായും കാണുന്നു. മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 5,64,388/- രൂപ ഉത്തരവ് നമ്പർ PLD/E2/6680/MAINT.Pal/2010 തീയ്യതി: 18-09-2015 പ്രകാരം നൽകിയിട്ടുണ്ട്. നിർമ്മിതി കേന്ദ്ര സമർപ്പിച്ച അവസാന ബിൽ, അളവു പുസ്തകം എന്നിവ പ്രകാരം ആകെ 8,60,035/- രൂപയുടെ പണികൾ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. മാനേജ്മെന്റ് ചാർജ് ആയി ആകെ വേലമൂല്യത്തിന്റെ 8% തുകയായ 68,803/- രൂപ കൂടി കൂട്ടിയാൽ നിർമ്മിതി കേന്ദ്രക്ക് ആകെ നൽകേണ്ട തുക 9,28,837/- രൂപയാണ്.

എന്നാൽ അവസാന ബിൽ, തുക നൽകിയ വൗച്ചർ എന്നിവ പരിശോധിച്ചതിൽ 69,509/- രൂപ നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>നൽകാവുന്ന തുക</u>**

| | |
|---|---|
| ആകെ വേലമൂല്യം | 8,60,035.00 |
| 8% മാനേജ്മെന്റ് ചാർജ് | 68,803.00 |
| ആകെ | 9,28,837.00 |

**<u>നൽകിയ തുക</u>**

| | |
|---|---|
| മൊബിലൈസേഷൻ അഡ്വാൻസ് | 5,64,388.00 |
| അവസാന ബിൽ (വൗച്ചർ നമ്പർ 1496, ചെക്ക് നം.872806/13-10-2017) | 4,33,958.00 |
| ആകെ | 9,98,346.00 |
| | |

| | |
|---|---|
| അധികം നൽകിയത് | 69,509.00 |

തുക അധികം നൽകിയതുമായി ബന്ധപ്പെട്ട് സർവകലാശാല വിശദീകരണം തേടിയിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 26/06-12-2018) തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് മറുപടിയിൽ വ്യക്തത വരുത്തിയിട്ടില്ല. നികുതിയിനത്തിൽ എസ്റ്റിമേറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും അവസാനബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നത് മൂലമാണ് സർക്കാരിലേക്ക് അടക്കേണ്ട നികുതി അധികമായി നിർമ്മിതികേന്ദ്രത്തിന് നൽകിയത്. നിർമ്മിതി കേന്ദ്രത്തിന് അധികം നൽകിയ 69,509/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. 69509/- രൂപ നിർമ്മിതി കേന്ദ്രത്തിൽ നിന്നോ ഫൈനൽ ബിൽ സംബന്ധിച്ച ശുപാർശ നൽകിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നോ ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-1-7 മാനന്തവാടി കാമ്പസ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം (വിമൻ ഫെസിലിറ്റി സെന്റർ) -(Vertical extension of health centre cum guest house)- മാനേജ്മെന്റ് ചാർജുൾപ്പെടെയുള്ള തുകക്ക് നികുതി റിക്കവറി നടത്തിയതിനാൽ സർവകലാശാലക്കുണ്ടായ നഷ്ടം ₹ 24,515

1. ഫയൽ നം.PLD/E3/7875/FF/HC-GH/MDY/11
2. വൗച്ചർ നമ്പർ-651/15-06-2017 (ഫൈനൽ പേയ്മെന്റ് തുക)-₹2,94,180/-

   ചെക്ക് നമ്പർ-739945/24-06-2017
3. എം ബുക്ക് നമ്പർ-NKW-78/2012-13,NKW-78-A/2012-13,NKW-78- B/2012-13

നിർമ്മിതി കേന്ദ്ര, വയനാട് മുഖേന നടപ്പിലാക്കിയ മാനന്തവാടി കാമ്പസ് ലേഡീസ് ഹോസ്റ്റൽ നിർമ്മാണം (വിമൻ ഫെസിലിറ്റി സെന്റർ) - (Vertical extension of health centre cum guest house) എന്ന പ്രവൃത്തിയിൽ ആകെ പ്രവൃത്തിമൂല്യത്തിൻമേൽ നികുതികൾ കണക്കാക്കി റിക്കവറി നടത്തുന്നതിന് പകരം നിർമ്മിതികേന്ദ്രത്തിന് നൽകേണ്ട മാനേജ്മെന്റ് ചാർജ്ജുൾപ്പെടെയുള്ള ആകെ പ്രവൃത്തിമൂല്യത്തിനോട് കൂട്ടിയ തുകയിൽ നിന്നും നികുതി റിക്കവറി നടത്തുകയാണുണ്ടായത്. ഇപ്രകാരം നികുതി റിക്കവറി നടത്തിയതിനാൽ സർവകലാശാലക്ക് 24,515/- രൂപയുടെ അധികചെലവുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 70,04,472.08 | 70,04,472.08 | 0 |
| (+) മാനേജ്മെന്റ് ചാർജ് 7% | 4,90,313.05 | | 0 |
| ആകെ | 74,94,785.00 | 70,04,472.08 | 0 |
| (+)നികുതികൾ | | (+)നികുതികൾ | |
| | | | |

| | | | |
|---|---|---|---|
| വാറ്റ് 4% | 2,99,791.00 | 2,80,178.88 | 19,612 |
| ക്ഷേമനിധി 1% | 74,948.00 | 70,044.72 | 4,903 |
| മാനേജ്മെന്റ് ചാർജ് 7% | 0.00 | 4,90,313.05 | |
| ആകെ മൊത്തം തുക | 78,69,524.00 | 78,45,009.00 | 24,515.00 |

അധികം നൽകിയ 24,515/-രൂപ നിർമ്മിതികേന്ദ്രയിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

**<u>നികുതികൾ റിക്കവറി നടത്തുന്നതിലെ അപാകങ്ങൾ-നിർമ്മിതികേന്ദ്രക്ക് അധികം നൽകിയത് സബന്ധിച്ച്.</u>**

പ്രവൃത്തിയുടെ ഫൈനൽബിൽ അനുവദിച്ചപ്പോൾ മേൽ സൂചിപ്പിച്ച പ്രകാരം ആകെ പ്രവൃത്തിമൂല്യത്തിൻമേൽ വാറ്റ് 4% നിരക്കിൽ കണക്കാക്കി നികുതി അടച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ്/പാർട്ട് ബിൽ അനുവദിച്ചപ്പോൾ തത്സമയം പ്രാബല്യത്തിലുണ്ടായിരുന്ന 3.03% നിരക്കിലാണ് റിക്കവറി നടത്തിയത്. ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ബാക്കിയുള്ള പ്രവൃത്തിമൂല്യത്തെ അടിസ്ഥാനമാക്കി നികുതി കണക്കാക്കിയാൽ മതിയായിരുന്നു. തെറ്റായി നികുതി കണക്കാക്കിയത് മൂലം നിർമ്മിതികേന്ദ്രക്ക് അധികതുക നൽകുവാനിടയായിട്ടുണ്ട്.

# 3-1-8 സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന്റെ ലംഘനം-സ്ഥലംമാറിപ്പോയ ജീവനക്കാരന്റെ ഭവന നിർമ്മാണ വായ്പ തിരിച്ച് പിടിച്ചില്ല

സർവ്വകലാശാലയുടെ 07-08-2017 ലെ Ad A1/493/2016 നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ സെക്ഷൻ ഓഫീസറായിരുന്ന ശ്രീ ആനന്ദ് ബി യെ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്നതിനുവേണ്ടി വിടുതൽ ചെയ്തിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണ വായ്പാ തിരിച്ചടവ് രജിസ്റ്റർ പരിശോധിച്ചതിൽ 2013-14 ൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഇനത്തിൽ അനുവദിച്ച 10,00,000 രൂപയിൽ മുതൽ ഇനത്തിൽ അടക്കാൻ ബാക്കിയുള്ള 570000/-രൂപയും അന്നുവരെയുള്ള പലിശയും ഒടുക്കാതെയാണ് ടിയാനെ വിടുതൽ ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് (1998) ലെ ചാപ്റ്റർ- IV പാർട്ട്-II സ്റ്റാറ്റ്യൂട്ട്-22എ(IX) പ്രകാരം മറ്റ് സർവ്വകലാശാലകളിലേക്ക് സ്ഥലം മാറ്റപ്പെടുന്ന ജീവനക്കാരൻ സ്ഥലം മാറ്റം പ്രാബല്യത്തിലാവുന്നതിനുമുമ്പ് എല്ലാ ബാധ്യതകളും തീർക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി കുടിശ്ശികയുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് തിരിച്ചുപിടിക്കാതെ ടിയാനെ വിടുതൽ ചെയ്തത് ക്രമപ്രകാരമല്ല.

മാത്രമല്ല ടിയാനെ വിടുതൽ ചെയ്തതിനു ശേഷം പ്രതിമാസ തിരിച്ചടവ് കൃത്യമായി നടത്തുന്നില്ല എന്നും രജിസ്റ്ററിൽ നിന്നും വ്യക്തമാവുന്നു. 2017 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ പ്രതിമാസ തിരിച്ചടവ് 2017 ഡിസംബർ മാസം മാത്രമാണ് ടിയാൻ ഒടുക്കിയത്. 2018 ഫെബ്രുവരി മാസത്തിന് ശേഷം ടിയാൻ തുകയൊന്നും തന്നെ തിരിച്ചടച്ചതായി കാണുന്നില്ല. 28.02.2018 ൽ വായ്പ ഇനത്തിൽ 5,00,000 രൂപയും പലിശ ഇനത്തിൽ 2,56,953/- കുടിശ്ശിക ഉണ്ടെന്ന് കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 33 തീയ്യതി 19.12.18 ന് സർവ്വകലാശാല മറുപടി പ്രകാരം ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഇനത്തിൽ നിലനിൽക്കുന്ന കുടിശ്ശിക ഒറ്റത്തവണയായി ഒടുക്കിത്തീർക്കാൻ ശ്രീ ആനന്ദ് ബി ക്ക് നിർദ്ദേശം നൽകിയതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. തുക തിരിച്ചു പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-1-9 ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) തസ്തികയിലെ അനധികൃത സംയോജനവും പ്രൊമോഷനുകളും -സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ലംഘിച്ചുള്ള തീരുമാനങ്ങൾ - സർവകലാശാലക്ക് സാമ്പത്തിക ബാധ്യത

കണ്ണൂർ സർവകലാശാല സിണ്ടിക്കേറ്റിന്റെ 13-04-2018 ലെ 2018-290നമ്പർ തീരുമാന പ്രകാരം ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തസ്തികകൾ സംയോജിപ്പിച്ച് ടൈപ്പിസ്റ്റ്-കം-സ്റ്റെനോഗ്രാഫർ എന്ന തസ്തിക ആക്കുവാനും ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) തസ്തികകൾ ഏകീകരിച്ച് ഓഫീസ് സൂപ്രണ്ട് എന്ന തസ്തികയാക്കി മാറ്റുന്നതിനും തീരുമാനിച്ചിരുന്നു. സംയോജിത ലിസ്റ്റിൽ നിന്ന് പ്രസ്തുത തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിക്കുകയും ആകെയുള്ള തസ്തികയുടെ അടിസ്ഥാനത്തിൽ ഓഫീസ് സൂപ്രണ്ട് തസ്തികയിൽ നിന്നും 1:1റേഷ്യോ അടിസ്ഥാനത്തിൽ ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് (ഉത്തരവ് നം.Ad.E1/6246/2018(iii) തീയതി 19-06-2018) സർവകലാശാലയുടെ 26-07-2018 തീയതിയിലെ ഉത്തരവ് നം.Ad.E1/12446/2018 പ്രകാരം ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ (FC&D)എന്നീ തസ്തികകൾ ഏകീകരിക്കുകയും റേഷ്യോ അടിസ്ഥാനത്തിൽ 1:1ഹയർ ഗ്രേഡ് അനുവദിക്കുകയുമുണ്ടായി. സർവകലാശാലയിൽ സർക്കാർ അനുവദിക്കാത്ത 2സെക്ഷൻ ഓഫീസർ(FC&D) തസ്തികകൾ ഉൾപ്പെടെ പരിഗണിച്ച് മൊത്തം 6തസ്തികകൾ കണക്കിലെടുത്ത് 1:1റേഷ്യോ അടിസ്ഥാനത്തിൽ സീനിയറായ 3 പേർക്ക് മുൻകാല പ്രാബല്യത്തിലാണ് ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് ഉത്തരവാക്കിയത് (സർവ്വകലാശാലയിൽ സർക്കാർ അനുവദിക്കാത്ത 2സെക്ഷൻ ഓഫീസർ(FC&D)തസ്തികകൾ ഉൾപ്പെടെ പരിഗണിച്ച് ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച സർവ്വകലാശാല നടപടിയും അംഗീകരിക്കാവുന്നതല്ല). എന്നാൽ ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) വിഭാഗങ്ങളിലായി ആകെ 4തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. ഇപ്രകാരം കണക്കിലെടുത്താൽ 2 പേർക്ക് മാത്രമാണ് ഹയർ ഗ്രേഡിന് അർഹതയുള്ളത്. എന്നാൽ ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെയും സർവകലാശാല സ്റ്റാറ്റ്യൂട്ടിലും ഓർഡിനൻസിലും ആവശ്യമായ ഭേദഗതി വരുത്താതെയും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ₹40500-85000 എന്ന ശമ്പളസ്കെയിലിൽ ശ്രീമതി രഞ്ജിനി പി.വി എന്നവർക്ക് 01-03-2018 പ്രാബല്യത്തിൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് അനുവദിച്ച് നൽകിയതും സീനിയറായ മറ്റ് 2 പേർക്ക് പ്രസ്തുത തസ്തികയിൽ അനുവദിച്ച മുൻകാലപ്രാബല്യവും സാധുതയില്ലാത്തതും ക്രമവിരുദ്ധവുമാണ്. ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) തസ്തികകളിലേക്കുള്ള അനധികൃത പ്രൊമോഷനുകൾ നൽകിയതിനെ തുടർന്ന് ഒഴിവ് വരുന്ന മുറക്ക് ആയതിന്റെ ഫീഡർ കാറ്റഗറിയിലുള്ള തസ്തികകളിലേക്കും സർവകലാശാല അനധികൃത പ്രൊമോഷനുകൾ നൽകിയിട്ടുണ്ട്.

കണ്ണൂർ സർവകലാശാല ഓർഡിനൻസ് 1999 പ്രകാരം ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തസ്തികകൾ സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| തസ്തിക | കാറ്റഗറി | ശമ്പളസ്കെയിൽ | യോഗ്യത | പ്രൊമോഷൻ |
|---|---|---|---|---|
| സ്റ്റെനോഗ്രാഫർ | സ്റ്റെനോഗ്രാഫർ ഗ്രേഡ്-2 | ₹3590-5400 | 1.Pre-Degree Pass<br>2.Type writing English(Higher) (KGTE) or equivalent<br>3.Certificate /Diploma in Computer Operation<br>4.Shorthand English (Higher) (KGTE) or equivalent | സ്റ്റെനോഗ്രാഫർ ഗ്രേഡ്-1മുതലുള്ള പ്രൊമോഷൻ സീനിയോറിറ്റി അടിസ്ഥാനത്തിൽ |
| | സ്റ്റെനോഗ്രാഫർ ഗ്രേഡ്-1 | ₹4600-8000 | | |
| | സീനിയർ ഗ്രേഡ് സ്റ്റെനോഗ്രാഫർ | ₹5500-9075 | | |
| | സെലക്ഷൻഗ്രേഡ് സ്റ്റെനോഗ്രാഫർ | ₹5800-9425 | | |
| ടൈപ്പിസ്റ്റ് | കാറ്റഗറി | ശമ്പളസ്കെയിൽ | 1.Pre-Degree Pass<br>2.Type writing English(Higher) (KGTE) or equivalent<br>3.Certificate/ Diploma in Computer Operation | UD<br>ടൈപ്പിസ്റ്റ് മുതലുള്ള പ്രൊമോഷൻ സീനിയോറിറ്റി അടിസ്ഥാനത്തിൽ |
| | LD ടൈപ്പിസ്റ്റ് | ₹3590-5400 | | |
| | UD ടൈപ്പിസ്റ്റ് | ₹4600-7125 | | |
| | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | ₹5500-9075 | | |
| | സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ് | ₹5800-9425 | | |
| | ഓഫീസ് സൂപ്രണ്ട് (ടൈപ്പിസ്റ്റ്)* | ₹6500-10550 | | |

*ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം ഓഫീസ് സൂപ്രണ്ട് (ടൈപ്പിസ്റ്റ്) തസ്തികയിലേക്ക് സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റുമാർക്കാണ് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രൊമോഷന് അർഹതയുള്ളത്.

ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(FC&D) തസ്തികയിലെ നിയമനങ്ങൾ സംബന്ധിച്ച് സിണ്ടിക്കേറ്റ് എടുത്ത തീരുമാനങ്ങളുടെ നാൾവഴി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാനം നമ്പർ | തീരുമാനം |
|---|---|
| 22-07-1999 ലെ 99-216 നമ്പർ തീരുമാനം | ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ സംയോജിതലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുവാൻ തീരുമാനമെടുത്ത് ഉത്തരവിറക്കി. |
| 18-04-2007 ലെ 2007-220 | ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ സംയോജിതലിസ്റ്റിൽ നിന്ന് പ്രൊമോഷൻ നൽകുന്ന നടപടിക്രമങ്ങൾ നിർത്തൽ ചെയ്യുവാനും എന്നാൽ അതേ സമയം നിലവിൽ ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ |

| | |
|---|---|
| നമ്പർ തീരുമാനം | സംയോജിത ലിസ്റ്റിൽ നിന്ന് പ്രൊമോഷൻ ലഭിച്ച ആരെയും റിവർട്ട് ചെയ്യേണ്ടതില്ലെന്നും ഉത്തരവിറക്കി |
| 19-05-2011 ലെ 2011-314 നമ്പർ തീരുമാനം | ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ സംയോജിതലിസ്റ്റ് തയ്യാറാക്കി നിയമനം നൽകുവാൻ തീരുമാനമെടുത്ത് ഉത്തരവിറക്കി. |
| 18-05-2016 ലെ 2016-200 നമ്പർ തീരുമാനം | ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ സംയോജിത തസ്തിക വിഭജിച്ച് വീണ്ടും ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ പ്രത്യേകം തസ്തികകളാക്കുകയും (സർവകലാശാല ഓർഡിനൻസിൽ നിലവിലുള്ളത് പോലെ) തെറ്റായ പ്രൊമോഷൻ നൽകിയത് ക്രമപ്പെടുത്തി അധികം നൽകിയ തുക തിരിച്ചുപിടിക്കുവാനും ഉത്തരവിറക്കി. |
| 13-04-2018 ലെ 2018-290 നമ്പർ തീരുമാനം | 18-05-2016 ലെ 2016-200 നമ്പർ തീരുമാനം റദ്ദ് ചെയ്ത് ടൈപ്പിസ്റ്റ്, സ്റ്റെനോ തസ്തികകൾ വീണ്ടും സംയോജിപ്പിച്ച് ഒരു തസ്തികയാക്കുവാൻ ("ടൈപ്പിസ്റ്റ്-കം-സ്റ്റെനോഗ്രാഫർ") തീരുമാനിക്കുകയും ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ സംയോജിത ലിസ്റ്റിൽ നിന്ന് സെക്ഷൻ ഓഫീസർ (FC&D) തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിക്കുകയും ചെയ്ത് ഉത്തരവിറക്കി. |

തസ്തികകൾ ഏകീകരിക്കുന്നത് സംബന്ധിച്ച് സർവകലാശാല ആരംഭം മുതൽ തന്നെ സിണ്ടിക്കേറ്റിന് ആശയക്കുഴപ്പം ഉണ്ട് എന്നത് വ്യക്തമാണ്. തീരുമാനങ്ങൾ അടിക്കടി ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കപ്പെട്ടിട്ടില്ല. ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതകളും പ്രൊമോഷൻ മാനദണ്ഡങ്ങളും നിശ്ചയിക്കുന്ന ഓർഡിനൻസിൽ ചട്ടപ്രകാരമുള്ള ഭേദഗതികൾ വരുത്താതെ തീരുമാനങ്ങൾ എടുത്തത് മൂലം മേൽപ്പറഞ്ഞ തസ്തികകളുടെ ഏകീകരണം, പ്രൊമോഷൻ എന്നിവയിൽ ഗുരുതരമായ ചട്ടലംഘനമാണ് നടന്നിട്ടുള്ളത്. 1996 ലെ കണ്ണൂർ സർവകലാശാല നിയമം സെക്ഷൻ 40(2), 40(3) എന്നിവ പ്രകാരം അധിക ചെലവ് ഉണ്ടാകുന്ന വിധത്തിൽ ഓർഡിനൻസുകൾ ഭേദഗതി ചെയ്യുന്നതിനോ പിൻവലിക്കുന്നതിനോ സർക്കാരിന്റെയും ബഹു:ചാൻസലറുടെയും മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനാൽ മേൽ വിഷയത്തിൽ സിണ്ടിക്കേറ്റെടുത്ത തീരുമാനം നിയമപ്രകാരമല്ല. സർവകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി ക്ക് വിട്ട സാഹചര്യത്തിൽ ടൈപ്പിസ്റ്റ്-കം-സ്റ്റെനോഗ്രാഫർ എന്ന പേരിൽ തസ്തിക പുനർ നാമകരണം ചെയ്തതും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തിയതും പി.എസ്.സി യെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ.ഉ(പി)നം.7/2016/ഉ.വി തീയ്യതി:26-02-2016 പ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേക്കും കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II വിന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ്(ഹയർ), മലയാളം ടൈപ്പ് റൈറ്റിംഗ്(ലോവർ) എന്നിവയാണ്. കമ്പ്യൂട്ടർ അസിസ്റ്റന്റ് വിദ്യാഭ്യാസയോഗ്യതയ്ക്കൊപ്പം ഷോർട്ട്ഹാന്റ്(ഹയർ) ഉം ചേർത്തത് വിഷയം കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഈ തസ്തികക്ക് മറ്റ് സർവ്വകലാശാലകളിൽ നിന്നും വിഭിന്നമായി അടിസ്ഥാന യോഗ്യതകൾ നിഷ്കർഷിച്ചിട്ടുള്ളത് പി.എസ്.സി വഴി പുതിയ നിയമനം അസാധ്യമാക്കുന്നു. ഷോർട്ട്ഹാന്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവവും ഇത്തരത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.9/2017-18) ഈ വിഷയം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി വരുന്നതുവരെ കാത്തുനിൽക്കുന്നതിന് സിണ്ടിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

22-01-2019 ലെ സർക്കാർ ഉത്തരവ് (അച്ചടി) 100/2019/19 ഉ.വി.വ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കണ്ണൂർ സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ്-കം-സ്റ്റെനോഗ്രാഫർ എന്ന തസ്തികയുടെ പേര്

കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയുടെ മുൻ തീരുമാനങ്ങൾ എല്ലാം സർക്കാർ അംഗീകരിച്ച എന്ന വിധത്തിൽ സർവ്വകലാശാല പിന്നീട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. (യു.ഒ.നമ്പർ അഡ്മിൻ/എഡിഇ/14678/2018 തീയ്യതി: 18-02-2018) ഇതു പ്രകാരം ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് പ്രമോഷൻ നൽകുന്നതിനും നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് വിടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ അപാകങ്ങൾ ഒന്നും തന്നെ സർക്കാർ പരിഗണിക്കുകയോ സർവ്വകലാശാലയ്ക്ക് അനുകൂലമായ തീരുമാനങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല. മറ്റ് സർവ്വകലാശാലകളിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർ നാമകരണം ചെയ്തതിനാൽ ഈ സർവ്വകലാശാലയും ഇപ്രകാരം ചെയ്ത നടപടി അംഗീകരിക്കുക മാത്രമാണ് മേൽ ഉത്തരവിലൂടെ സർക്കാർ ചെയ്തിരിക്കുന്നത്.

ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ തസ്തികകളും ഓഫീസ് സൂപ്രണ്ട്, സെക്ഷൻ ഓഫീസർ(എഫ്.സി &ഡി) തസ്തികകളും സംയോജിപ്പിക്കപ്പെടേണ്ടതുണ്ടെങ്കിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതും സർക്കാർ അംഗീകാരത്തോടെ ഓർഡിനൻസിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണ്. അതുപോലെ തന്നെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും വിവരം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഓർഡിനൻസിൽ ഭേദഗതികൾ വരുത്തുന്നതുവരെ സിണ്ടിക്കേറ്റിന്റെ 13-04-2018 ലെ തീരുമാനം മരവിപ്പിക്കേണ്ടതാണ്.

## 3-1-10 കരാർ ദിവസവേതനം അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വേതനം നൽകുന്നില്ല.

സർക്കാർ ഉത്തരവ്(പി)56/2017/ധന തീയ്യതി:28-04-2017 പ്രകാരം സർക്കാർ വകുപ്പുകളിലും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളിലും കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന ജീവനക്കാരുടെ വേതനം 01-04-2017 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട് (സ.ഉ(പി)112/2018/ധന തീയ്യതി: 21-07-2018 പ്രകാരം 01-07-2018 പ്രാബല്യത്തിൽ വീണ്ടും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്). സർക്കാർ വകുപ്പുകൾക്ക് പുറമെ സർവ്വകലാശാലകൾക്കും മറ്റ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും ഈ ഉത്തരവ് ബാധകമാണ്. എന്നാൽ കണ്ണൂർ സർവ്വകലാശാലയിൽ സർക്കാർ നിശ്ചയിച്ച നിരക്കിലും വളരെ കുറഞ്ഞ നിരക്കിലാണ് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വേതനം നൽകിവരുന്നത് എന്ന് കാണുന്നു.

29.09.2016 ലെ സർവ്വകലാശാല ഉത്തരവ് നം.AD.B1/266/DWP/2016 പ്രകാരം ദിവസ വേതനക്കാരുടെ ശമ്പളം പരിഷ്കരിച്ചിരുന്നു. എന്നാൽ ഈ വിഭാഗത്തിലുള്ള ജീവനക്കാരുടെ പരാതികൾ പരിഗണിച്ച് ദിവസ വേതനത്തിലുള്ള ജീവനക്കാരെ കരാർ ജീവനക്കാരായി പരിഗണിക്കുന്നതിന് സിണ്ടിക്കേറ്റ് തീരുമാനിച്ചിരുന്നു (തീരുമാനം നം.2017.665 തീയ്യതി: 22-09-2017). അതനുസരിച്ച് 179 ദിവസത്തെ കരാർ കാലാവധിയിൽ പ്രതിമാസം ശമ്പളം നിജപ്പെടുത്തുകയും ഒരു മാസം 25 പ്രവൃത്തി ദിനങ്ങൾ എന്ന കണക്കിൽ ശമ്പളം വിതരണം ചെയ്യുന്നതിന് ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തിരുന്നു (ഓർഡർ നം.Ad.B1/266/DWP/2017 തീയ്യതി: 24-10-2017) ഈ ഉത്തരവ് പ്രകാരം കരാർ/ ദിവസവേതന ജീവനക്കാർക്ക് സർക്കാർ നിരക്കിലും വളരെ കുറഞ്ഞ നിരക്കിലാണ് വേതനം അനുവദിച്ചത്. വേതനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ജീവനക്കാരുടെ എണ്ണം | സർക്കാർ അംഗീകരിച്ച നിരക്ക് (ജി.ഒ(പി)നം56/17/ ഫിൻ തീയ്യതി:28-04-17) | | സർവ്വകലാശാല അനുവദിച്ച പ്രതിഫലം | |
|---|---|---|---|---|---|---|
| | | | ദിവസ വേതനം | കരാർ വേതനം | ദിവസ വേതനം | കരാർ വേതനം |
| 1 | അസിസ്റ്റന്റ് | 47 | 1025 | 29200 | 600 | 16000 |
| 2 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 2 | 710 | 19,950 | 700 | 17,500 |
| 3 | ഓഫീസ് അറ്റന്റന്റ്/ വാച്ച്മാൻ | 33 | 630 | 17,325 | 550 | 15,200 |
| 4 | സെക്യൂരിറ്റി ഗാർഡ് | 23 | 710 | 19,950 | 600 | 16,000 |
| 5 | ലൈബ്രറി അസിസ്റ്റന്റ് | 1 | 630 | 17,325 | 550 | 15,200 |
| 6 | മേട്രൺ | 6 | 630 | 17,325 | 550 | 15,200 |
| 7 | ഓവർസിയർ ഗ്രേഡ്-1 (സിവിൽ) | 1 | 710 | 19,950 | 600 | 16,000 |
| 8 | ഇലക്ട്രീഷ്യൻ | 2 | 685 | 18,900 | 600 | 16,000 |
| 9 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 2 | 710 | 19,950 | 600 | 16,000 |
| 10 | എൽ.വി ഡ്രൈവർ | 4 | 685 | 18,900 | 600 | 16,000 |
| 11 | ലാബ് അസിസ്റ്റന്റ് | 4 | 685 | 18,900 | 550 | 15,200 |
| 12 | ഡാറ്റാ എൻട്രി അസിസ്റ്റന്റ് | 6 | 710 | 19,950 | 600 | 16,000 |

സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് ബാധകമാക്കിക്കൊണ്ട് സർക്കാർ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്ന നടപടി ശരിയല്ല. ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം സർവ്വകലാശാല അടിയന്തിരമായി പാലിക്കേണ്ടതാണ്. കൂടാതെ കരാർ/ദിവസ വേതന

അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് 26-02-2016 ലെ സ.ഉ നം(പി)28/2016/ധന യിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## <u>അവധി എടുത്ത കരാർ/ദിവസ വേതന ജീവനക്കാരുടെ വേതനം കണക്കാക്കുന്നതിലെ അശാസ്ത്രീയത - ജീവനക്കാർക്ക് വേതന നഷ്ടം</u>

കണ്ണൂർ സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാർക്ക് അശാസ്ത്രീയമായ രീതിയിലാണ് വേതനം കണക്കാക്കുന്നത്. സർവ്വകലാശാല ഉത്തരവ് നം.എഡി.ബി1/266/ഡി.ഡബ്ല്യു.ഡി/2016 തീയ്യതി: 24-10-2017 പ്രകാരം ഒരു മാസത്തേക്ക് വേതനം നിശ്ചയിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്ന മാസം 26-ാം തീയ്യതി മുതൽ അടുത്ത മാസം 25 വരെയുള്ള ദിവസങ്ങളാണ് ഒരു മാസമായി കണക്കാക്കുന്നത്. ഒരു മാസത്തിലെ ആകെ പ്രവൃത്തി ദിനങ്ങൾ 25 എന്ന് കണക്കാക്കിയാണ് വേതനം നൽകുന്നത്. മുഴുവൻ പ്രവൃത്തി ദിവസങ്ങളിലും ഹാജരാകുന്നവർക്ക് വേതനം പൂർണ്ണമായും ലഭിക്കുന്നു. എന്നാൽ ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിലെ വേതനം കുറവ് ചെയ്യുന്നത് അശാസ്ത്രീയമായ വിധത്തിലായതിനാൽ ജീവനക്കാർക്ക് വൻ നഷ്ടം നേരിടുന്നു. ജോലിക്ക് ഹാജരാകാത്ത ദിവസത്തെ വേതനം 1/25 എന്ന നിരക്കിലാണ് കുറവ് ചെയ്യുന്നത്. സർക്കാർ ഉത്തരവ് നം. 28/2016/ധന തീയ്യതി: 26-02-2016 പ്രകാരം ഹാജരാകാത്ത ദിവസങ്ങളിൽ 1/30 നിരക്കിലാണ് ശമ്പളം കുറവ് ചെയ്യേണ്ടത്. ജീവനക്കാർക്ക് വേതനത്തിലുണ്ടാകുന്ന കുറവിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ തസ്തിക | മാസം | | വേതന നിരക്ക് | ആകെ പ്രവൃത്തി ദിവസം | ഹാജരാകാത്ത ദിവസങ്ങൾ | നൽകിയ വേതനം | ഉത്തരവ് നം./ തീയ്യതി |
|---|---|---|---|---|---|---|---|---|
| | | മുതൽ | വരെ | | | | | |
| 1 | സ്മിത കെ (ഓഫീസ് അറ്റന്റന്റ്) | 26-08-18 | 25-09-18 | 15,200 | 21 | 1 | 12,160 | AD.C/ AD C3/ 19511/ 2018 dt. 09-10-18 |
| 2 | സുധ പി. (ഓഫീസ് അറ്റന്റന്റ്) | -ടി- | -ടി- | 15,200 | -ടി- | 0 | 15200 | |
| 3 | ലീലാമ്മ ജോസഫ് (ഓഫീസ് അറ്റന്റന്റ്) | -ടി- | -ടി- | 15,200 | -ടി- | 2 | 11552 | |
| 4 | ഷൈലജ എം.സി (ഓഫീസ് അറ്റന്റന്റ്) | -ടി- | -ടി- | 15,200 | -ടി- | 3 | 10944 | |
| 5 | നിതിൻ എൻ. പ്രകാശ് ഇലക്ട്രീഷ്യൻ | 26-09-18 | 25-10-18 | 16,000 | 22 | 0 | 16000 | AD.B/ AD B1/ 19394/ 2018 dt. 08-11-18 |
| 6 | രാജേഷ് വി.കെ (ലാബ് അസിസ്റ്റന്റ്) | -ടി- | -ടി- | 16,000 | 22 | 1 | 13440 | |
| 7 | ഷീബ പി, അസിസ്റ്റന്റ് | -ടി- | -ടി- | 16,000 | 22 | 1 | 13,440 | |
| 8 | സാജിത കെ., അസിസ്റ്റന്റ് | -ടി- | -ടി- | 16,000 | 22 | 4 | 11,520 | |
| 9 | പ്രിയ പി.പി. അസിസ്റ്റന്റ് | -ടി- | -ടി- | 16,000 | 22 | 5 | 10,880 | |
| 10 | റഹ്ന ബോബി ടി.കെ (ഡാറ്റാ എൻട്രി അസിസ്റ്റന്റ്) | -ടി- | -ടി- | 16,000 | 22 | 2 | 12,800 | |
| 11 | അമർ ജ്യോതി എം. (കമ്പ്യൂട്ടർ ഓപ്പറേറ്റർ) | -ടി- | -ടി- | 17,500 | 22 | 3 | 13,300 | |
| 12 | രമേശൻ കെ എൽ.വി ഡ്രൈവർ | -ടി- | -ടി- | 16,250 | 22 | 2 | 13,000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | പ്രസീത<br>പി.എ<br>അസിസ്റ്റന്റ് | -ടി- | -ടി- | 16,000 | 22 | 0 | 16,000 | |

മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം ആകെയുള്ള 21 പ്രവൃത്തി ദിവസങ്ങളിലും ഹാജരായ വ്യക്തിക്ക് (ഒ.എ) 15,200/- രൂപയും 20 ദിവസം, 19 ദിവസം എന്നിങ്ങനെ ഹാജരായവർക്ക് യഥാക്രമം 12,160/- രൂപ, 11,552/- രൂപ യും ലഭിക്കുന്നു. ഇതിൽ ഒരു ദിവസം ഹാജരാകാത്തവർക്ക് 3,040/- രൂപയും 2 ദിവസത്തിന് 3,648/- രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു. അതുപോലെ ഇലക്ട്രീഷ്യൻ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളുടെ കൺസോളിഡേറ്റഡ് റെമ്യൂണറേഷൻ 16,000/- രൂപയാണ് (ക്രമ നം. 5,6). ഇതിൽ ആകെയുള്ള 22 പ്രവൃത്തി ദിവസങ്ങൾക്ക് 16,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഒരു ദിവസം ഹാജരാകാത്തതിന് 2560/- രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. വേതനം കണക്കാക്കുന്നതിലെ ഇത്തരം അപാകങ്ങൾ പരിഹരിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വേതനം കണക്കാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-1-11 ഫെസ്റ്റിവൽ അഡ്വാൻസ് അധികനിരക്കിൽ അനുവദിച്ചതും തിരിച്ചടവ് കാലയളവ് ദീർഘിപ്പിച്ച് നല്കിയതും ക്രമപ്രകാരമല്ല.

1)ഫയൽ നം.AD/C4/11911/2013

2)വൗച്ചർ നമ്പർ-1262/31-08-2017

ചെക്ക് നമ്പർ-872569/31-08-2017 ₹ 50,20,000/-

സർക്കാരിന്റെ 16-08-2017 തീയതിയിലെ സ.ഉ (അച്ചടി) 108/2017 ധന നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് 2017-18 വർഷം അനുവദിക്കാവുന്ന പരമാവധി ഫെസ്റ്റിവൽ അഡ്വാൻസ് 15,000/- രൂപയാണ്. 21.08.2017 തീയതിയിലെ എ.ഡി-ബി2/3660/ജി.ഒ. ഇംപ്ലി/2016 നമ്പർ കീഴെഴുത്തിലൂടെ പ്രസ്തുത ഉത്തരവ് കണ്ണൂർ സർവ്വകലാശാലയ്ക്ക് ബാധകമാക്കുകയുണ്ടായി. എന്നാൽ ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലും തിരിച്ചടവ് കാലയളവിലും ഇളവ് അനുവദിച്ചുകൊണ്ട് 15,000/- രൂപയ്ക്കു പകരം 20,000/- രൂപ തോതിൽ കണ്ണൂർ സർവകലാശാല ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിക്കുന്നതിന് വൈസ് ചാൻസലർ അനുമതി നൽകുകയും എ.ഡി-സി4/11911/2013 തീയ്യതി:30.08.2017 ഉത്തരവ് പ്രകാരം 251 ജീവനക്കാർക്ക് 20,000/- രൂപ തോതിൽ 50,20,000 രൂപ ഫെസ്റ്റിവൽ അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. 2017 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്ന് തുടങ്ങി 5 പ്രതിമാസ തുല്യ ഗഡുക്കളായി ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കുവാനാണ് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതെങ്കിലും അതിൽനിന്നും വ്യതിചലിച്ച് 10 മാസം കൊണ്ട് അഡ്വാൻസ് ക്രമീകരിക്കുന്നതിനാണ് സർവ്വകലാശാല ഉത്തരവായിട്ടുള്ളത്.

സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ സർവ്വകലാശാല സർക്കാർ പ്രഖ്യാപിച്ച ഫെസ്റ്റിവൽ അഡ്വാൻസ് മാത്രമേ നൽകാവൂ എന്ന് കേരള ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ വകുപ്പ്(ബി) അഡീഷണൽ ചീഫ് സെക്രട്ടറി 05.05.2006 ലെ 10423/B2/2006 നമ്പർ കത്തിലൂടെ കണ്ണൂർ സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകൾക്ക് വർഷങ്ങൾക്ക് മുൻപ് തന്നെ പ്രത്യേക നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സർക്കാർ നിർദ്ദശം കണക്കിലെടുക്കാതെ മുൻവർഷങ്ങളിലെന്നപോലെ 2017-18 വർഷത്തിലും സർവ്വകലാശാലയിലെ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചതും തിരിച്ചടവ് കാലയളവ് 5 മാസത്തിന് പകരം 10 മാസമാക്കി അനുവദിച്ചു നൽകിയ തും ക്രമവിരുദ്ധമാണ്. 251 ജീവനക്കാർക്ക് 5000/-രൂപ വീതം അധികമായി അഡ്വാൻസ് അനുവദിച്ചത് വഴി 12,55,000/-രൂപ ക്രമപ്രകാരമല്ലാതെ താൽക്കാലിക ധനദുർവിനിയോഗമുണ്ടായി. കൂടാതെ തിരിച്ചടവ് കാലയളവ് 10 മാസമായി ദീർഘിപ്പിച്ച് നൽകിയത് വഴി 12,55,000/-രൂപ 5 മാസം ജീവനക്കാർ അനർഹമായി കൈവശം വയ്ക്കുന്നതിനും ഇടയാക്കി.

2018-2019 വർഷത്തിൽ സർക്കാർ ഉത്തരവിന് വിധേയമായാണ് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചതെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവ് അനുസരിച്ച് മാത്രമേ ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിക്കുകയുള്ളൂവെന്നും സർവകലാശാല അറിയിക്കുകയുണ്ടായി.

# 3-1-12 സർവ്വകലാശാലയിലെ അദ്ധ്യാപക ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ തുക ഈടാക്കുന്നതിൽ അപാകങ്ങൾ

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനകം സംസ്ഥാന ഇൻഷൂറൻസ് വകുപ്പിന്റെ എസ്.എൽ.ഐ അംഗത്വമെടുക്കണമെന്ന് ധന(എസ്റ്റാ.ബി) വകുപ്പിന്റെ 16-12-2008 ലെ ജി.ഒ(പി)നം.556/2008 നമ്പർ ഉത്തരവിൽ പറയുന്നുണ്ട്. 12-01-2004 ലെ സ.ഉ. നം ജി.ഒ(പി)25/2004/ഫിൻ പ്രകാരം എസ്.എൽ.ഐ സർവ്വകലാശാല ജീവനക്കാർക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്. കാലാകാലങ്ങളിൽ അടിസ്ഥാന ശമ്പളത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച് അധിക പോളിസി എടുക്കേണ്ടതുമാണ് (50 വയസ് പൂർത്തിയാകുന്നത് വരെ). എന്നാൽ സർവ്വകലാശാലയിലെ അദ്ധ്യാപക ജീവനക്കാർ എസ്.എൽ.ഐ അംഗത്വമെടുക്കുന്നതിലും ശമ്പള വർദ്ധനവിന് ആനുപാതികമായി അധിക പോളിസി എടുക്കുന്നതിലും വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1) എസ്.എൽ.ഐ അംഗത്വമെടുത്തിട്ടില്ല.</u>

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | അന്ന അഗസ്റ്റിൻ | അസി. പ്രൊഫസർ | 36,160 | 500 |
| 2 | ഡോ. എ.സാബു | അസി. | 34,600 | 300 |

| | | | | |
|---|---|---|---|---|
| | | പ്രൊഫസർ | | |
| 3 | സൗമ്യ എൽ | -ടി- | 21,600 | 300 |
| 4 | പ്രസന്നകുമാരി ഇ.എസ് | -ടി- | 21,600 | 300 |
| 5 | ഡോ.കുഞ്ഞഹമ്മദ്.കെ.കെ | -ടി- | 26,590 | 300 |
| 6 | മനോജ് കെ | -ടി- | 21,600 | 300 |
| 7 | ഡോ.അരുൺ ബി | -ടി- | 21,600 | 300 |
| 8 | രമ്യ എ.വി | -ടി- | 21,600 | 300 |
| 9 | ഡോ. റീജ വി | -ടി- | 32,950 | 300 |
| 10 | ഡോ. ശിവദാസ് കെ.കെ | -ടി- | 42,600 | 500 |
| 11 | ഡോ. സൂരജ് എം. ബഷീർ | -ടി- | 21,600 | 300 |

**2) എസ്.എൽ.ഐ വരിസംഖ്യ ഈടാക്കിയതിൽ കുറവ്.**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | എസ്.എൽ.ഐ | |
|---|---|---|---|---|---|
| | | | | ഈടാക്കേണ്ട തുക | ഈടാക്കിയത് |
| 1 | ഡോ.ഇ.ജയദേവി വാര്യർ | അസി. പ്രൊഫസർ | 36,160 | 500 | 300 |
| 2 | ഡോ.കെ.ശ്രീജിത്ത് | അസോസിയേറ്റ് പ്രൊഫസർ | 53,820 | 500 | 300 |

സർവ്വകലാശാല അദ്ധ്യാപക ജീവനക്കാരിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന നിരക്കിൽ എസ്.എൽ.ഐ വിഹിതം ഈടാക്കുന്നതിനും പദ്ധതിയിൽ അംഗത്വമെടുക്കാത്തവർക്ക് ഉടൻ അംഗത്വമെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 3-1-13 അധിക തസ്തിക അനുവദിച്ചിട്ടും താത്കാലിക ജീവനക്കാർ ജോലിയിൽ തുടരുന്നു.

G.O(MS)No. 50/2018 H.Edn. Dated 16-02-2018 പ്രകാരം സർവ്വകലാശാലയിൽ 100 അനദ്ധ്യാപക തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയത് Ad.A1.1859/2010 Vol.II തീയ്യതി: 01-03-2018 സർവ്വകലാശാല ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകളിലേക്ക് വിഭജിച്ച് നൽകിയിട്ടുമുണ്ട്.

സർവ്വകലാശാലയിലെ അധിക ചെലവുകൾ ക്രമീകരിക്കുന്നതിനായി സിണ്ടിക്കേറ്റ് നിയമിച്ച Committee to explore the mobilisation of funds (Fin.B.11060/Mob fund തീയ്യതി: 03-04-2018) ന്റെ 07-05-2018 ലെ യോഗതീരുമാനം നിർദ്ദേശം-2 പ്രകാരം 100 അധിക തസ്തിക അനുവദിച്ചതിനാൽ നിലവിൽ താൽക്കാലികമായി ജോലിചെയ്യുന്ന താഴെ പറയുന്ന ജീവനക്കാരെ നിലനിർത്തേണ്ടതില്ലെന്ന് ശുപാർശ ചെയ്തിരുന്നു.

| | |
|---|---|
| അസിസ്റ്റന്റ് | 42 |
| ടൈപ്പിസ്റ്റ് | 2 |
| ഓഫീസ് അറ്റന്റന്റ് | 5 |
| ഡ്രൈവർ | 3 |
| സെക്യൂരിറ്റി ഗാർഡ്സ് | 5 |

| | |
|---|---|
| പാർട്ട് ടൈം സ്വീപ്പർ | 10 |

ആയത് 21-05-2018 ലെ സിണ്ടിക്കേറ്റ് യോഗം 2018.397 തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. എന്നാൽ ഈ തീരുമാനം നടപ്പിൽ വരുത്തിയിട്ടില്ല. സർവ്വകലാശാലയിൽ നിലവിൽ അധികമായി ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | തസ്തിക | സർക്കാർ അനുവദിച്ച തസ്തികകൾ | 100 അധിക പോസ്റ്റ് അനുവദിക്കുന്നതിനുമുമ്പ് 2016-17ൽ ജോലിചെയ്തവരുടെ എണ്ണം | നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | അധിക ജീവനക്കാർ |
|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് | 237 | 226 | 275 | 38 |
| 2 | ഓഫീസ് അറ്റന്റന്റ് | 36 | 46 | 55 | 19 |
| 3 | സെക്യൂരിറ്റി ഗാർഡ് | 7 | 23 | 23 | 16 |
| 4 | പാർട്ട് ടൈം സ്വീപ്പർ | 10 | 52 | 52 | 42 |
| 5 | ലൈബ്രറി അസിസ്റ്റന്റ് | 4 | 5 | 5 | 1 |
| 6 | പ്രൊഫഷണൽ അസിസ്റ്റന്റ് | 21 | 8 | 22 | 1 |
| 7 | ഡാറ്റാ എൻട്രി അസിസ്റ്റന്റ് | 1 | 10 | 7 | 6 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/01-12-2018) ലഭിച്ച മറുപടിയിൽ അസിസ്റ്റന്റ്, ഓഫീസ് അറ്റന്റന്റ് വിഭാഗങ്ങളിൽ സർക്കാർ അധികമായി അനുവദിച്ച തസ്തികകൾ നിലവിലുള്ള താത്കാലിക തസ്തികകളിൽ കുറവ് വരുത്താതെ വിന്യസിച്ചതിനാൽ ഈ വിഭാഗങ്ങളിലെ താത്കാലിക തസ്തികകൾ നിലനിർത്താൻ സിണ്ടിക്കേറ്റ് തീരുമാനിച്ചു എന്ന് അറിയിച്ചിട്ടുണ്ട്.

19-06-2018 ൽ ചേർന്ന സിണ്ടിക്കേറ്റാണ് ഇത്തരത്തിൽ തീരുമാനം എടുത്തിട്ടുള്ളത്. അധിക തസ്തിക ലഭിച്ചിട്ടും നിലവിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന 42 അസിസ്റ്റന്റുമാരെയും 21 ഓഫീസ് അറ്റൻഡൻറുമാരെയും നിലനിർത്തുന്നതിനാണ് സിണ്ടിക്കേറ്റ് തീരുമാനം എടുത്തത്. വർക്ക് സ്റ്റഡി റിപ്പോർട്ട് പ്രകാരം ആകെ 323 തസ്തികയുടെ കുറവ് കണക്കാക്കിയതിൽ 100 തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന കാരണത്താലാണ് ഈ തസ്തികകൾ നിലനിർത്താൻ സിണ്ടിക്കേറ്റ് തീരുമാനിച്ചത്. സെക്യൂരിറ്റ് ഗാർഡ്, പാർട്ട് ടൈം സ്വീപ്പർ, പ്രൊഫഷണൽ അസിസ്റ്റന്റ് തസ്തികകളിലും കരാർ നിയമനങ്ങളുടെ എണ്ണം വളരെ കൂടുതലാണ് ഇവിടെ അംഗീകൃത തസ്തികയിൽ പോലും സ്ഥിരം നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സ്ഥിരം നിയമനം നടത്താതെ കരാർ നിയമനങ്ങൾ നടത്തുന്നത് ഒഴിവാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതിയെ ദുർബലപ്പെടുത്തുന്ന തീരുമാനങ്ങൾ സിണ്ടിക്കേറ്റ് ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളതാണ് (സർക്കുലർ നം.35043/B1/08/H.Edn. Dt.10-02-2009). ആയതിനാൽ അംഗീകൃത തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നതിനും കരാർ വ്യവസ്ഥയിൽ അധികമായി ജോലിചെയ്യുന്ന ജീവനക്കാരെ ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-1-14 ആറാമത് യു.ജി.സി സ്കീം - യു.ജി.സി സ്കെയിലിലുള്ള അദ്ധ്യാപകർക്ക് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചതിലെ അപാകങ്ങൾ - ₹26,04,572/- അധികം നൽകിയത് ഈടാക്കേണ്ടതാണ്.

ആറാമത് യു.ജി.സി സ്കീം സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ട് പുറപ്പെടുവിച്ച ജി.ഒ(പി) നം. 58/2010/ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി 27-03-2010 സർക്കാർ ഉത്തരവ് പ്രകാരം പി.എച്ച്.ഡി യോഗ്യതയുള്ള അദ്ധ്യാപകർക്ക് ആകെ നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും എം.ഫിൽ യോഗ്യതയുള്ളവർക്ക് രണ്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളുമാണ് അനുവദിക്കാവുന്നത്. സർക്കാരിന്റെ 03-09-2013 തീയതിയിലെ ജി.ഒ(എം.എസ്) നം. 597/2013 ഉന്നതവിദ്യാഭ്യാസവകുപ്പ് ഉത്തരവ് പ്രകാരം 01-01-2006 നും 31-08-2008 നും ഇടയിൽ സർവീസിൽ പ്രവേശിച്ച പി.എച്ച്.ഡി യോഗ്യതയുള്ള അദ്ധ്യാപകർക്ക് നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റും എം.ഫിൽ യോഗ്യതയുള്ളവർക്ക് രണ്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റും 01-01-2006 മുതൽ 31-08-2008 വരെ പഴയനിരക്കിൽ പുതുക്കിയ സ്കെയിലിലെ ശമ്പളത്തോടൊപ്പം ചേർത്തും 01-09-2008 മുതൽ പുതുക്കിയ നിരക്കിലും അനുവദിക്കാനാണ് വ്യവസ്ഥയുള്ളത്. ആറാമത് യു.ജി.സി സ്കീം പ്രകാരമുള്ള പുതുക്കിയ നോൺ-കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റിന് (പേ + എ.ജി.പി യുടെ 3% നിരക്കിൽ) 01-09-2008 മുതലാണ് പ്രാബല്യമെന്ന് ജി.ഒ(പി)നം.58/2010/ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി:27-03-2010 സർക്കാർ ഉത്തരവിലെ ഖണ്ഡിക 4.1-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇൻക്രിമെന്റ് നിരക്കുകളിലെ വ്യത്യാസം മൂലമാണ് 31-08-2008 വരെ പഴയ നിരക്കിലും 01.09.2008 മുതൽ പുതുക്കിയ നിരക്കിലും അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഇതിനുവിരുദ്ധമായി സർവകലാശാല ഉത്തരവ് നം.Acad.B1/15210/2013 തീയതി: 13-01-2017ഉത്തരവ് പ്രകാരം പി.എച്ച്.ഡി യോഗ്യതയുള്ള അദ്ധ്യാപകർക്ക് പഴയ നിരക്കിൽ നാലും പുതുക്കിയ നിരക്കിൽ നാലും ഉൾപ്പെടെ ആകെ എട്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും സർവ്വകലാശാല ഉത്തരവ് നം.Acad/B1/15210/2013 തീയ്യതി: 04.03.2017 പ്രകാരം എം.ഫിൽ യോഗ്യതയുള്ളവർക്ക് പഴയനിരക്കിൽ രണ്ടും പുതുക്കിയ നിരക്കിൽ രണ്ടും ഉൾപ്പെടെ ആകെ നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും അനുവദിക്കുകയുണ്ടായി. ആയത് ക്രമപ്രകാരമല്ല. 01-09-2008 ലെ അടിസ്ഥാന ശമ്പളം നോഷണലായി കണക്കാക്കിയാണ് പുതുക്കിയ നിരക്കിൽ നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതെ പഴയ നിരക്കിൽ അനുവദിച്ച നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റുകളും ചേർത്താണ് 01-09-2008 ലെ ശമ്പളം കണക്കാക്കിയത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര്, തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതി | 01-09-2008 ലെ ശമ്പള നിരക്ക് (പഴയ നിരക്കിലുള്ള അഡ്വാൻസ് ഇൻക്രിമെന്റ് ഒഴിവാക്കിയുള്ള ശമ്പളം) | 01-09-2008 ൽ അനുവദിക്കേണ്ട അഡ്വാൻസ് ഇൻക്രിമെന്റ് (പുതുക്കിയ നിരക്ക്) | 01-09-2008 ൽ അനുവദിക്കേണ്ട ശമ്പളം | 01-09-2008 ൽ അനുവദിച്ച ശമ്പളം. |
|---|---|---|---|---|---|---|
| 1 | ഡോ:എൻ.കെ.ദീപക് അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ് (സർവകലാശാല ഉത്തരവ് നം. Acad.B1/15210/2013 തീയതി 13-01-2017) | 20-01-2006 | 22920 | 690 x4 | 25680 | 27020 |
| 2 | ഡോ: ജി.ജയപാൽ, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി (സർവകലാശാല ഉത്തരവ് നം.Acad.B1/15210/2013 തീയതി 13-01-2017) | 24-01-2006 | 22920 | 690 x4 | 25680 | 27020 |
| 3 | ഡോ:എസ് സുധീഷ്, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി (സർവകലാശാല ഉത്തരവ് നം. Acad.B1/15210/2013 തീയതി 13-01-2017) | 15-02-2006 | 22920 | 690 x4 | 25680 | 27020 |
| 4 | ഡോ.കെ.എൽ.സരളാദേവി അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മ്യൂസിക്ക് (സർവകലാശാല ഉത്തരവ് നം.Acad.B1/15210/2013 തീയതി 13-01-2017) | 07-04-2006 | 22920 | 690 x4 | 25680 | 27020 |
| 5 | ഡോ:വി.എ.വിൽസൺ അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ (സർവകലാശാല ഉത്തരവ് നം.Acad.B1/15210/2013 തീയതി 04-03-2017) (എം.ഫിൽ യോഗ്യത) | 21-01-2006 | 22920 | 690 x2 | 24300 | 24920 |

ജി.ഒ(പി) നം.58/2010/ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി 27-03-2010, ജി.ഒ(പി) നം.234/2012/ ഉന്നതവിദ്യാഭ്യാസവകുപ്പ് തീയതി:28-06-2012 എന്നീ ഉത്തരവുകൾ പ്രകാരം പ്രൊമോഷൻ തീയതി ഓപ്റ്റ് ചെയ്ത് ശമ്പളനിർണ്ണയം നടത്തിയ അദ്ധ്യാപകരിൽ ജൂലായ് രണ്ടിനും ജനവരി ഒന്നിനും

ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് അടുത്ത ജൂലായ് ഒന്നിനും ജനവരി രണ്ടിനും ജൂൺ 30 നും ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് അടുത്ത വർഷം ജൂലായ് ഒന്നിനും ആണ് ഇൻക്രിമെന്റിന് അർഹതയുള്ളത്. എന്നാൽ ജനവരി രണ്ടിനും ജൂൺ 30 നും ഇടയിൽ പ്രൊമോഷൻ ലഭിച്ചവർക്ക് തൻവർഷം ജൂലായിൽ തന്നെ ഇൻക്രിമെന്റ് അനുവദിച്ചതായി കാണുന്നു.

സർക്കാർ ഉത്തരവിന് വിരുദ്ധമായി നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ്, ഇൻക്രിമെന്റ് എന്നിവ അനുവദിച്ചത് ക്രമപ്രകാരമല്ല. ഇപ്രകാരം ക്രമപ്രകാരമല്ലാതെ ഇൻക്രിമെന്റ് അനുവദിച്ചതിനാലും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള പ്രൊമോഷനുകൾക്ക് ശമ്പളനിർണ്ണയം അനുവദിച്ച് 2017-2018 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക അനുവദിച്ചതിനാലും അദ്ധ്യാപകർക്ക് അധികശമ്പളം അനുവദിക്കുകയുണ്ടായി. അധിക ശമ്പളം അനുവദിച്ചതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| പേര്, തസ്തിക | തീയതി | ശമ്പളനിർണ്ണയത്തിന്റെ വിവരങ്ങൾ | അനുവദിക്കേണ്ടിയിരുന്ന ശമ്പളം | അനുവദിച്ച ശമ്പളം | അധിക ശമ്പളം (പ്രതി മാസ നിരക്ക്) |
|---|---|---|---|---|---|
| ഡോ. എൻ.കെ.ദീപക്, അസിസ്റ്റന്റ് പ്രൊഫസർ | 01-09-2008 | നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. | 25680 | 27020 | ₹1340 |
| | 01-07-2009 | ഇൻക്രിമെന്റ് | 26450 | 27840 | ₹1390 |
| | 20-01-2010 | സ്റ്റേജ്-2 പ്രൊമോഷൻ | 28250 | 29680 | ₹1430 |
| | 01-07-2010 | 20-01-2010 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-11 ലാണ് | 28250 | 30570 | ₹2320 |
| | 01-07-2011 | ഇൻക്രിമെന്റ് | 29100 | 31490 | ₹2390 |
| | 01-07-2012 | ഇൻക്രിമെന്റ് | 29980 | 32440 | ₹2460 |
| | 01-07-2013 | ഇൻക്രിമെന്റ് | 30880 | 33420 | ₹2540 |
| | 01-07-2014 | ഇൻക്രിമെന്റ് | 31810 | 34430 | ₹2620 |
| | 20-01-2015 | സ്റ്റേജ്-3 പ്രൊമോഷൻ | 33770 | 36470 | ₹2700 |
| | 01-07-2015 | 20-01-2015 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-16 ലാണ് | 33770 | 37570 | ₹3800 |
| | 01-07-2016 | ഇൻക്രിമെന്റ് | 34790 | 38700 | ₹3910 |
| | 01-07-2017 | ഇൻക്രിമെന്റ് | 35840 | 39870 | ₹4030 |
| ഡോ. ജയപാൽ.ജി, അസിസ്റ്റന്റ് പ്രൊഫസർ | 01-09-2008 | നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. | 25680 | 27020 | ₹1340 |

| | | | | | |
|---|---|---|---|---|---|
| | 01-07-2009 | ഇൻക്രിമെന്റ് | 26450 | 27840 | ₹1390 |
| | 20-01-2010 | സ്റ്റേജ്-2 പ്രൊമോഷൻ | 28250 | 29680 | ₹1430 |
| | 01-07-2010 | 20-01-2010 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-11 ലാണ് | 28250 | 30570 | ₹2320 |
| | 01-07-2011 | ഇൻക്രിമെന്റ് | 29100 | 31490 | ₹2390 |
| | 01-07-2012 | ഇൻക്രിമെന്റ് | 29980 | 32440 | ₹2460 |
| | 01-07-2013 | ഇൻക്രിമെന്റ് | 30880 | 33420 | ₹2540 |
| | 01-07-2014 | ഇൻക്രിമെന്റ് | 31810 | 34430 | ₹2620 |
| | 20-01-2015 | സ്റ്റേജ്-3 പ്രൊമോഷൻ | 33770 | 36470 | ₹2700 |
| | 01-07-2015 | 20-01-2015 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-16 ലാണ് | 33770 | 37570 | ₹3800 |
| | 01-07-2016 | ഇൻക്രിമെന്റ് | 34790 | 38700 | ₹3910 |
| | 01-07-2017 | ഇൻക്രിമെന്റ് | 35840 | 39870 | ₹4030 |
| ഡോ: എസ് സുധീഷ്, അസിസ്റ്റന്റ് പ്രൊഫസർ. | 01-09-2008 | നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. | 25680 | 27020 | ₹1340 |
| | 01-07-2009 | ഇൻക്രിമെന്റ് | 26450 | 27840 | ₹1390 |
| | 15-02-2010 | സ്റ്റേജ്-2 പ്രൊമോഷൻ | 28250 | 29680 | ₹1430 |
| | 01-07-2010 | 15-02-2010 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-11 ലാണ് | 28250 | 30570 | ₹2320 |

| | | | | | |
|---|---|---|---|---|---|
| | 01-07-2011 | ഇൻക്രിമെന്റ് | 29100 | 31490 | ₹2390 |
| | 01-07-2012 | ഇൻക്രിമെന്റ് | 29980 | 32440 | ₹2460 |
| | 01-07-2013 | ഇൻക്രിമെന്റ് | 30880 | 33420 | ₹2540 |
| | 01-07-2014 | ഇൻക്രിമെന്റ് | 31810 | 34430 | ₹2620 |
| | 20-01-2015 | സ്റ്റേജ്-3 പ്രൊമോഷൻ | 33770 | 36470 | ₹2700 |
| | 01-07-2015 | 20-01-2015 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-16 ലാണ് | 33770 | 37570 | ₹3800 |
| | 01-07-2016 | ഇൻക്രിമെന്റ് | 34790 | 38700 | ₹3910 |
| | 01-07-2017 | ഇൻക്രിമെന്റ് | 35840 | 39870 | ₹4030 |
| ഡോ: സരളാദേവി.കെ.എൽ, അസിസ്റ്റന്റ് പ്രൊഫസർ. | 01-09-2008 | നാല് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. | 25680 | 27020 | ₹1340 |
| | 01-07-2009 | ഇൻക്രിമെന്റ് | 26450 | 27840 | ₹1390 |
| | 07-04-2010 | സ്റ്റേജ്-2 പ്രൊമോഷൻ | 27450 | 28840 | ₹1390 |
| | 01-07-2010 | ഇൻക്രിമെന്റ് തീയതിയിൽ ശമ്പള നിർണ്ണയം | 29070 | 30540 | ₹1470 |
| | 01-07-2011 | ഇൻക്രിമെന്റ് | 29950 | 31460 | ₹1510 |
| | 01-07-2012 | ഇൻക്രിമെന്റ് | 30850 | 32410 | ₹1560 |
| | 01-07-2013 | ഇൻക്രിമെന്റ് | 31780 | 33390 | ₹1610 |
| | 01-07-2014 | ഇൻക്രിമെന്റ് | 32740 | 34400 | ₹1660 |
| | 01-07-2015 | ഇൻക്രിമെന്റ് | 33730 | 35440 | ₹1710 |
| | 01-07-2016 | ഇൻക്രിമെന്റ് | 34750 | 36510 | ₹1760 |
| | 01-07-2017 | ഇൻക്രിമെന്റ് | 35800 | 37610 | ₹1810 |
| ഡോ: | 01-09- | രണ്ട് നോൺ | 24300 | 24920 | ₹620 |

| | | | | | |
|---|---|---|---|---|---|
| വി.എ.വിൽസൺ<br>അസിസ്റ്റന്റ് പ്രൊഫസർ | 2008 | കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചു. | | | |
| | 01-07-2009 | ഇൻക്രിമെന്റ് | 25030 | 25670 | ₹640 |
| | 01-07-2010 | ഇൻക്രിമെന്റ് | 25780 | 26440 | ₹660 |
| | 21-01-2011 | സ്റ്റേജ്-2 പ്രൊമോഷൻ | 27560 | 28240 | ₹680 |
| | 01-07-2011 | 21-01-2011 ന് പ്രൊമോഷൻ തീയതിയിൽ ശമ്പളനിർണ്ണയം നടത്തിയതിനാൽ അടുത്ത ഇൻക്രിമെന്റ് 01-07-12 ലാണ് (03-09-2013 തീയതിയിലെ ജി.ഒ (എം.എസ്) നം. 597/2013 ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഖണ്ഡിക-7 പ്രകാരം) | 27560 | 29090 | ₹1530 |
| | 01-07-2012 | ഇൻക്രിമെന്റ് | 28390 | 29970 | ₹1580 |
| | 11-07-2012 | പി.എച്ച്.ഡി യോഗ്യത നേടിയതിനാൽ രണ്ട് നോൺ കോംപൗണ്ടഡ് അഡ്വാൻസ് ഇൻക്രിമെന്റ് (എം.ഫിൽ ഉൾപ്പെടെ ആകെ നാല് എണ്ണം മാത്രമാണ് അനുവദനീയം) | 30110 | 32670 | ₹2560 |
| | 01-07-2013 | ഇൻക്രിമെന്റ് | 31020 | 33650 | ₹2630 |
| | 01-07-2014 | ഇൻക്രിമെന്റ് | 31950 | 34660 | ₹2710 |
| | 01-07-2015 | ഇൻക്രിമെന്റ് | 32910 | 35700 | ₹2790 |
| | 01-07-2016 | ഇൻക്രിമെന്റ് | 33900 | 36780 | ₹2880 |
| | 01-07-2017 | ഇൻക്രിമെന്റ് | 34920 | 37890 | ₹2970 |

ശമ്പളനിർണ്ണയം നടത്തിയതിലെ പിഴവ് മൂലം അദ്ധ്യാപകർക്ക് അധികം നൽകിയ തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | അധികം നൽകിയ തുക (31-03-2018 വരെയുള്ള കാലയളവിലേത്) |
|---|---|---|
| 1 | ഡോ:എൻ.കെ ദീപക്, അസിസ്റ്റന്റ് പ്രൊഫസർ | 5,98,160 |
| 2 | ഡോ:ജയപാൽ.ജി, അസിസ്റ്റന്റ് പ്രൊഫസർ | 5,90,898 |
| 3 | ഡോ:എസ് സുധീഷ്, അസിസ്റ്റന്റ് പ്രൊഫസർ. | 6,25,169 |
| 4 | ഡോ:സരളാദേവി.കെഎൽ, അസിസ്റ്റന്റ് പ്രൊഫസർ. | 3,34,861 |
| 5 | ഡോ: വി എ വിൽസൺ, അസിസ്റ്റന്റ് പ്രൊഫസർ | 4,55,484 |
| | ആകെ | 26,04,572 |

2017-2018 വർഷത്തിൽ അധികം നൽകിയ ₹26,04,572 തിരിച്ചുപിടിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച അദ്ധ്യാപകരുടെ 01-04-2018 മുതൽ വാങ്ങിയ അധികശമ്പളം കൂടി തിരിച്ച് പിടിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 3-1-15 അധ്യാപക തസ്തികകളിൽ സ്ഥിരം നിയമനം നടത്തുന്നില്ല

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ ആകെ 28 പഠന വകുപ്പുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇവയ്ക്കെല്ലാം കൂടി ആകെ 96 അധ്യാപക തസ്തികകൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ഇതിൽ ആകെ 58 തസ്തികകളിൽ മാത്രമാണ് സ്ഥിരം നിയമനം നടത്തിയിട്ടുള്ളത്. വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ഇതിനു പുറമെ 92 അധ്യാപകരെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതായി കാണുന്നു. വിവിധ വകുപ്പുകളിൽ സേവനം ചെയ്യുന്ന അധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | സർക്കാർ അനുവദിച്ച തസ്തികകൾ | സ്ഥിരം അധ്യാപകർ | കരാർ/ ഗസ്റ്റ് നിയമനം |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് പഠന വകുപ്പ് | 7 | 4 | 2 |
| 2 | ആന്ത്രോപ്പോളജി പഠന വകുപ്പ് | 6 | 5 | 3 |
| 3 | ബയോടെക്നോളജി & മൈക്രോ ബയോളജി പഠന വകുപ്പ് | 8 | 6 | 2 |
| 4 | മാനേജ്മെന്റ് സ്റ്റഡീസ് പഠന വകുപ്പ് | 9 | 6 | 2 |
| 5 | ഐ.ടി പഠന വകുപ്പ് | 8 | 4 | 7 |
| 6 | നിയമ പഠന വകുപ്പ് | 4 | 3 | 9 |
| 7 | അപ്ലൈഡ് ഇക്കണോമിക്സ് പഠന വകുപ്പ് | 4 | 2 | 2 |
| 8 | ലൈബ്രറി & ഇൻഫർമേഷൻ | 2 | 1 | 3 |

| | | | | |
|---|---|---|---|---|
| | സയൻസ് പഠന വകുപ്പ് | | | |
| 9 | ഫിസിക്സ് പഠന വകുപ്പ് | 3 | 3 | -- |
| 10 | കെമിസ്ട്രി പഠന വകുപ്പ് | 3 | 2 | 1 |
| 11 | മ്യൂസിക് പഠന വകുപ്പ് | 3 | 2 | 2 |
| 12 | ഫിസിക്കൽ എഡ്യൂക്കേഷൻ പഠന വകുപ്പ് | 5 | 4 | 5 |
| 13 | മലയാളം പഠന വകുപ്പ് | 3 | 3 | 2 |
| 14 | ജോഗ്രഫി പഠന വകുപ്പ് | 2 | 2 | 2 |
| 15 | ഹെൽത്ത് സയൻസ് പഠന വകുപ്പ് | 3 | 1 | 12 |
| 16 | ചരിത്ര പഠന വകുപ്പ് | 2 | 1 | 3 |
| 17 | വുഡ് സയൻസ് പഠന വകുപ്പ് | 3 | -- | 4 |
| 18 | ബിഹേവിയറൽ സയൻസ് പഠന വകുപ്പ് | 2 | 1 | 3 |
| 19 | പെഡഗോഗിക്കൽ സയൻസ് പഠന വകുപ്പ് | 2 | 1 | 3 |
| 20 | മോളിക്യുലാർ ബയോളജി പഠന വകുപ്പ് | 2 | 1 | 3 |
| 21 | ഹിന്ദി പഠന വകുപ്പ് | 2 | -- | 4 |
| 22 | നാനോ സയൻസ് പഠന വകുപ്പ് | 1 | 1 | -- |
| 23 | അപ്ലൈഡ് സുവോളജി പഠന വകുപ്പ് | 3 | 1 | 3 |
| 24 | എൻവയോൺമെന്റൽ സയൻസ് പഠന വകുപ്പ് | 2 | 1 | 3 |
| 25 | സ്റ്റാറ്റിസ്റ്റിക്സ് പഠന വകുപ്പ് | 2 | 1 | 3 |
| 26 | മാത്തമാറ്റിക്കൽ സയൻസ് പഠന വകുപ്പ് | 2 | 1 | 3 |
| 27 | റൂറൽ & ട്രൈബൽ സോഷ്യോളജി പഠന വകുപ്പ് | 2 | 1 | 2 |
| 28 | മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം പഠന വകുപ്പ് | 1 | -- | 4 |
| ആകെ | | 96 | 58 | 92 |

അംഗീകാരമുള്ള 96 തസ്തികകൾ ഉണ്ടായിട്ടും 58 തസ്തികകളിൽ മാത്രം സ്ഥിരം നിയമനം നടത്തിയത് സംബന്ധിച്ച് വിശദീകരണം തേടിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.36/31-12-2018)

കരാർ/ഗസ്റ്റ് നിയമനം സംബന്ധിച്ച വിവരങ്ങളും സർവ്വകലാശാലയിൽ ലഭ്യമല്ല. സർക്കാർ അംഗീകൃത തസ്തികകൾക്ക് പുറമെ കരാർ/ഗസ്റ്റ് അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. ഇതിന് സർക്കാർ അംഗീകാരം വാങ്ങിയതായും കാണുന്നില്ല. 73 അധ്യാപക തസ്തികകൾ പുതുതായി അനുവദിക്കുന്നതിന് സർവ്വകലാശാല സർക്കാറിലേക്ക് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും (നം. അക്കാദ് ബി.4/ടീച്ചിംഗ് പോസ്റ്റ്/2016 തീയ്യതി: 11-05-2017) പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല.

## 3-1-16 വാഹനങ്ങളുടെ ഉപയോഗം - അപാകങ്ങൾ

കണ്ണൂർ സർവ്വകലാശാലയിൽ നിലവിലുള്ള ആകെ വാഹനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാഹനം | നിർമ്മിച്ച വർഷം | നമ്പർ | സെന്ററിന്റെ പേര് | വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | ടാറ്റ ഇൻഡിക്ക DLS Euro II | 08/2009 | KL 13 U220 | കണ്ണൂർ സർവ്വകലാശാല ക്യാമ്പസ്, താവക്കര | സി.ഇ |
| 2 | ടയോട്ട ഇന്നോവ | 09/2013 | KL 13 AA8201 | -ടി- | വി.സി |
| 3 | സിസ്സാൻ സണ്ണി XL Diesal | 12/2013 | KL 13 AB7919 | -ടി- | രജിസ്ട്രാർ |
| 4 | മഹീന്ദ്ര ബൊലേറോ | 12/2014 | KL 13 AD7565 | -ടി- | ജനറൽ |
| 5 | മാരുതി സിയാസ് | 10/2015 | KL 13 AF5307 | -ടി- | പി.വി.സി |
| 6 | ഡെലിവറി വാൻ | 03/2011 | KL 13 W626 | -ടി- | എക്സാമിനേഷൻ സെക്ഷൻ |
| 7 | ഡെലിവറി വാൻ | 03/2017 | KL 13 AJ6746 | -ടി- | എക്സാമിനേഷൻ സെക്ഷൻ |

## 1) ഇന്ധനക്ഷമതാ ടെസ്റ്റ്

മേൽ വാഹനങ്ങളിൽ 2017-18 വർഷം ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി മൈലേജ് രേഖപ്പെടുത്തിയത് താഴെ കാണിച്ച വാഹനങ്ങൾക്കുമാത്രമാണ്.

| ക്രമ നം. | വാഹനം | ടെസ്റ്റ് നടത്തിയ തീയ്യതി | മൈലേജ് |
|---|---|---|---|
| 1 | KL 13 AA8201 ടയോട്ട ഇന്നോവ | 10-08-2018 | 8 Km/Litre |
| 2 | KL 13 AF5307 മാരുതി സിയാസ് | 03-11-2017 | 15.5 Km/Litre |
| 3 | KL 13 W626 ഡെലിവറി വാൻ | 10-08-2018 | 9 Km/Litre |
| 4 | KL 13 AJ6746 ഡെലിവറി വാൻ | 11-10-2017 | 9 Km/Litre |

ബാക്കി വാഹനങ്ങളുടെ ഇന്ധനക്ഷമതാ ടെസ്റ്റ് അവസാനമായി നടത്തിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാഹനം | ടെസ്റ്റ് നടത്തിയ തീയ്യതി |
|---|---|---|
| 1 | KL 13 AB7919 സിസ്സാൻ സണ്ണി | രേഖകൾ ലഭ്യമല്ല. |
| 2 | KL 13 U220 ടാറ്റ ഇൻഡിക്ക | രേഖകൾ ലഭ്യമല്ല. |
| 3 | KL 13 AD7565 മഹീന്ദ്ര ബൊലേറോ | 04-12-2015 |

മുഴുവൻ വാഹനങ്ങളുടെയും ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്.

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഓരോ മാസത്തെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചും സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തി വരുന്നതായി കാണുന്നുണ്ട്.

## 2) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

വാഹനം സംബന്ധിച്ച് സൂക്ഷിക്കേണ്ടതായ ലോഗ് ബുക്ക്, ഇന്ധന രജിസ്റ്റർ, ഡി.സി.ബി രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ ലോഗ് ബുക്ക് മാത്രമേ നിലവിൽ സൂക്ഷിച്ചുവരുന്നുള്ളൂ. എന്നാൽ വെഹിക്കിൾ ഹിസ്റ്ററി ബുക്ക് എന്ന പേരിൽ ഓരോ വാഹനത്തിനും പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിച്ചു വരുന്നുണ്ട്. പ്രസ്തുത രജിസ്റ്ററിൽ വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച വിവരങ്ങളാണ് രേഖപ്പെടുത്തി വരുന്നത്. പ്രസ്തുത രജിസ്റ്റർ മേലുദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി വരുന്നില്ല. വാഹനം സംബന്ധിച്ച മുഴുവൻ വിവരങ്ങളും വെഹിക്കിൾ ഹിസ്റ്ററി ബുക്കിൽ രേഖപ്പെടുത്തേണ്ടതും മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഇന്ധന രജിസ്റ്റർ, ഡി.സി.ബി രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ), റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവയും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3) വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും (ഫുൾകപ്പാസിറ്റി) ഇന്ധനം നിറയ്ക്കേണ്ടതാണ്.

കണ്ണൂർ സർവ്വകലാശാല വൈസ്ചാൻസലർ ഉപയോഗിച്ചുവരുന്ന ടയോട്ട ഇന്നോവ വാഹനം ഒഴികെ ബാക്കി വാഹനങ്ങളിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറച്ചുവരുന്നില്ല. നിലവിലുള്ള സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 170/07 തീയ്യതി: 30-06-2007 പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെയോ സാന്നിധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറയ്ക്കേണ്ടതാണ്. കണ്ണൂർ സർവ്വകലാശാലയുടെ വാഹനങ്ങൾക്ക് ഇന്ധനം നിറക്കുന്നത് ഇന്ത്യൻ ഓയിൽ ഡീലറായ M/s ഡി.ഗംഗാധരൻ, ചൊവ്വ എന്ന സ്ഥാപനത്തിൽ നിന്നാണ്. 15 ദിവസം കൂടുമ്പോൾ ഇന്ധന ചാർജ്, ആകെ തുക അനുവദിക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ വാഹനങ്ങളിൽ ഫുൾ കപ്പാസിറ്റി ഇന്ധനം നിറയ്ക്കുന്നത് അഭിലഷണീയമാണ്.

## 4) വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് നിയതമായ മാർഗരേഖകളുടെ അഭാവം

കണ്ണൂർ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് സെക്ഷൻ-28 ൽ B(15) പ്രകാരം വാഹനങ്ങളുടെ കസ്റ്റോഡിയൻ യൂണിവേഴ്സിറ്റി രജിസ്ട്രാർ ആണ്. എന്നാൽ വാഹനങ്ങളുടെ ഉപയോഗത്തിലും നിയന്ത്രണത്തിലും വ്യക്തമായ മാർഗനിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ വിവിധ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർക്കും ഉദ്യോഗസ്ഥർക്കും സെക്ഷനുകൾക്കും അനുവദിച്ചിട്ടുള്ള യൂണിവേഴ്സിറ്റിയുടെ വാഹനങ്ങൾ സംബന്ധിച്ച ഉപയോഗവും നിയന്ത്രണവും പരിശോധിക്കുവാൻ സാധ്യമാകുകയില്ല. ഈ സാഹചര്യത്തിൽ വാഹനങ്ങളുടെ ഉപയോഗവും നിയന്ത്രണവും സംബന്ധിച്ച മാർഗരേഖ തയ്യാറാക്കേണ്ടതാണ്.

# 3-1-17 കെമിക്കലുകൾ റേറ്റ്കോൺട്രാക്ടിൽ

ഉൾപ്പെടാത്ത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നു.

12-08-2016 തീയ്യതിയിലെ AD.D2/8227/2016, 16-08-2017 തീയ്യതിയിലെ AD.D2/4870/2017 നമ്പർ സർവ്വകലാശാല ഉത്തരവുകൾ പ്രകാരം കെമിക്കലുകളുടെ പർച്ചേസ് പ്രസ്തുത ഉത്തരവുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നോ അവയുടെ ഓതറൈസ്ഡ് ഡിസ്ട്രിബ്യൂട്ടേഴ്സിൽ നിന്നോ ആണ് വാങ്ങുവാൻ അനുമതിയുള്ളത്. എന്നാൽ കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ കെമിക്കലുകൾ വാങ്ങിയിരിക്കുന്നത് മേൽ ഉത്തരവുകളിൽ ഉൾപ്പെടാത്ത അക്ഷയ അസോസിയേറ്റ്സ്-തലശ്ശേരി, ഓസോൺ കെമിക്കൽസ്&സൈന്റിഫിക്-കണ്ണൂർ, ആൽകെമി ലാബ് സൊല്യൂഷൻസ്-കൊച്ചി, കെമിക്കൽ ഹൗസ്-കൊച്ചി, കാവനൽ ഇന്റർനാഷണൽ-കണ്ണൂർ, ന്യൂ ഇന്ത്യ സർജിക്കൽസ് & കെമിക്കൽസ്-കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഡിപ്പാർട്ട്മെന്റ് | കെമിക്കൽ വാങ്ങിയ തുക |
|---|---|
| ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി & മൈക്രോബയോളജി, തലശ്ശേരി ക്യാമ്പസ് | 4,29,363 |
| ഡിപ്പാർട്ട്മെന്റ് ഓഫ് മോളിക്യുലാർ ബയോളജി, നീലേശ്വരം ക്യാമ്പസ് | 1,87,277 |
| സ്കൂൾ ഓഫ് ഹെൽത്ത് സയൻസ്, തലശ്ശേരി ക്യാമ്പസ് | 4,96,895 |
| ഡിപ്പാർട്ട്മെന്റ് ഓഫ് കെമിസ്ട്രി, പയ്യന്നൂർ ക്യാമ്പസ് | 2,23,810 |
| ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, മാനന്തവാടി ക്യാമ്പസ് | 39,447 |
| ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്സ്, പയ്യന്നൂർ ക്യാമ്പസ് | 84,209 |
| ഡിപ്പാർട്ട്മെന്റ് ഓഫ് എൻവയോൺമെന്റൽ സയൻസ്, മാങ്ങാട്ടുപറമ്പ് ക്യാമ്പസ് | 17,547 |
| ആകെ | 14,78,548 |

ഈ അപാകം ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/30-10-2018) മറുപടിയായി ബന്ധപ്പെട്ട പഠനവകുപ്പ് മേധാവികളാണ് കെമിക്കൽസ് വാങ്ങുന്നതെന്നും വകുപ്പ് മേധാവികളോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടെന്നും ഡവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് മേധാവികളുടെ വിശദീകരണം നാളിതുവരെ ഓഡിറ്റിൽ ലഭിച്ചിട്ടില്ല. സർവ്വകലാശാല ഇറക്കിയ ഉത്തരവ് അനുസരിച്ച് വാങ്ങലുകൾ നടത്തുന്നതിന് വകുപ്പ് മേധാവികൾക്ക് ബാധ്യത ഉണ്ട്. ടി ഉത്തരവ് അനുസരിച്ചാണോ അവർ കെമിക്കലുകൾ വാങ്ങിയത് എന്ന് ഉറപ്പുവരുത്താനുള്ള ബാധ്യത ഈ വിഷയം കൈകാര്യം ചെയ്യുന്ന ഡവലപ്മെന്റ് ഓഫീസർക്കും ഉണ്ട്. ഇത് സംബന്ധിച്ച് 18-03-2019 ലെ PICO/Section Officer PICO A/6081/2019 നമ്പർ കത്ത് പ്രകാരം നൽകിയ വിശദീകരണത്തിൽ വകുപ്പു മേധാവികൾ റേറ്റ് കോൺട്രാക്ടിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നോ അവയുടെ അംഗീകാരമുള്ള വിതരണക്കാരിൽ നിന്നോ ആണ്

കെമിക്കലുകൾ വാങ്ങിയതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനങ്ങൾ സർവ്വകലാശാല ഉത്തരവുകളിൽ പരാമർശിച്ച ഏത് സ്ഥാപനങ്ങളുടെ അംഗീകൃത വിതരണക്കാരാണെന്ന് വ്യക്തമല്ല. സർവ്വകലാശാല ഉത്തരവിൽ അംഗീകൃത വിതരണക്കാരുടെ പേരും രേഖപ്പെടുത്തിയിരുന്നില്ല. ആയതിനാൽ ഡിസ്കൗണ്ട് റേറ്റ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. കെമിക്കലുകൾ വാങ്ങുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും അംഗീകരിച്ച നിരക്കിലാണ് അവ വാങ്ങുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-1-18 പ്രവർത്തനം ഇല്ലാത്ത പഠന വകുപ്പുകളിലെ ഫർണിച്ചറുകളും മറ്റ് ആസ്തികളും നിഷ്ക്രിയമാവുന്നത് സംബന്ധിച്ച്

കാസർഗോഡ് ക്യാമ്പസിലെ മാനേജ്മെന്റ് സ്റ്റഡീസ്, ഐ.ടി തുടങ്ങിയ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ഇവിടെയുള്ള ഫർണിച്ചറുകളോ മറ്റ് ഉപകരണങ്ങളോ താവക്കരയിലുള്ള ഹെഡ് ക്വാർട്ടേഴ്സിലേക്കോ മറ്റ് വകുപ്പുകളിലേക്കോ മാറ്റിയിട്ടില്ല. ഇവ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ്. കമ്പ്യൂട്ടറും മറ്റ് ഐ.ടി ഉപകരണങ്ങളും മാത്രമാണ് മറ്റ് പഠന വകുപ്പുകൾക്കും ഹെഡ്ക്വാർട്ടേഴ്സിലേക്കും കൈമാറിയിട്ടുള്ളത്. അവശേഷിക്കുന്ന ഫർണിച്ചറുകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ് (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം).

### (1) മാനേജ്മെന്റ് സ്റ്റഡീസ്

| | |
|---|---|
| വുഡൻ ടേബിൾ | 115 |
| വുഡൻ ചെയർ | 115 |
| സ്റ്റീൽ അലമാര | 2 |
| സ്റ്റീൽ ഷെൽഫ് | 5 |
| എക്സിക്യൂട്ടീവ് ടേബിൾ | 1 |
| എക്സിക്യൂട്ടീവ് ചെയർ | 1 |
| ഓഫീസ് ചെയർ | 4 |

### (2) ഐ.ടി.ഇ.സി

| | |
|---|---|
| ഓഫീസ് ടേബിൾ (സ്റ്റീൽ) | 8 |
| ഓഫീസ് ചെയർ | 1 |
| ഓഫീസ് ചെയർ (Armed) | 6 |
| വുഡൻ ചെയർ (Armed) | 7 |
| സ്റ്റീൽ ബുക്ക് ഷൽഫ് | 5 |
| കമ്പ്യൂട്ടർ ടേബിൾ | 40 |
| വുഡൻ ടേബിൾ വിത്ത് ഡ്രോയർ | 90 |
| വുഡൻ ചെയേഴ്സ് | 90 |
| എക്സിക്യൂട്ടീവ് ചെയർ | 30 |
| വുഡൻ ചെയേഴ്സ് വിത്ത് റൈറ്റിംഗ് പാഡ് | 30 |

| | | |
|---|---|---|
| പബ്ലിക് അഡ്രസിങ് സിസ്റ്റം വിത്ത് ആക്സസറീസ് | 1 | |

ഓഡിറ്റിന്റെ ഭാഗമായി 12-07-2018 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഇവയിൽ പലതും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇവ മറ്റ് പഠനവകുപ്പുകളിലേതുമായി കൂട്ടിക്കലർത്തി സൂക്ഷിച്ചതിനാലും സ്റ്റോക്കിലും ഫർണ്ണിച്ചറിലും സ്പെസിഫിക്കേഷൻ രേഖപ്പെടുത്താത്തിനാലും ഭൗതിക പരിശോധനയിൽ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഈ കാര്യങ്ങൾ വിശദീകരിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE 2017-18/AO2/KSA/KNU തീയ്യതി:25-07-2018) മറുപടി ലഭിച്ചിട്ടില്ല.

മേൽ പറഞ്ഞ ഫർണിച്ചറുകളുടെയും മറ്റ് ആസ്തികളുടെയും കൃത്യമായ കണക്കെടുപ്പ് നടത്തി സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-1-19 വനിതാ ഹോസ്റ്റലിലെ ഫർണിച്ചർ പൂർണ്ണമായും ഉപയോഗയോഗ്യമാക്കേണ്ടതാണ്.

(വൗച്ചർ നം.2312 തീയ്യതി:29-12-2017, തുക: 26,54,229)

കണ്ണൂർ സർവ്വകലാശാലയുടെ മാനന്തവാടി ക്യാമ്പസിലെ വനിതാ ഹോസ്റ്റലിൽ ആകെ 26,54,229/- രൂപയുടെ ഫർണിച്ചറുകൾ SIDCO-യുടെ വർക്ക്ഷോപ്പിൽ നിന്നും വാങ്ങുകയും മേൽ വൗച്ചർ പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിരുന്നു. ആയതിൽ 15,729/-രൂപ നിരക്കിലുള്ള 70 എണ്ണം കട്ടിലുകളും 7,426/- രൂപ നിരക്കിലുള്ള 70 സ്റ്റഡി ടേബിളുകളും ഉൾപ്പെട്ടിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്റർ പേജ്-69 ൽ ചേർത്തിട്ടുണ്ട്. എന്നാൽ ഫയലിൽ ലഭ്യമാക്കിയ ഹോസ്റ്റൽ വാർഡന്റെ 10-01-2019 ലെ കത്ത് പ്രകാരം, ഭൗതിക സൗകര്യങ്ങളുടെ അഭാവം കാരണം (കുടിവെള്ളം, മേൽക്കൂരയിലെ ചോർച്ച) ആകെ 48 വിദ്യാർത്ഥികൾക്ക് മാത്രമേ ഹോസ്റ്റലിൽ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹോസ്റ്റലിൽ നേരത്തെയുള്ള 30 കട്ടിലുകളടക്കം ആകെ 100 സിംഗിൾ കട്ടിലുകളിൽ 52 എണ്ണം ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുകയാണ്.

പ്രസ്തുത ക്യാമ്പസിൽ ടീച്ചർ എഡ്യൂക്കേഷൻ, സുവോളജി, റൂറൽ &ട്രൈബൽ സോഷ്യോളജി എന്നിങ്ങനെയുള്ള ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ക്യാമ്പസിൽ പഠനം തുടരുന്ന ആകെ 180 ഓളം വിദ്യാർത്ഥികളിൽ ഭൂരിഭാഗം പേർക്കും ഹോസ്റ്റൽ സൗകര്യം ആവശ്യമാണ്. എന്നാൽ താഴെ നിലയിൽ 7 ഉം മുകൾ നിലയിൽ 14 ഉം മുറികളിലായി ആകെ 21 മുറികളാണ് വിദ്യാർത്ഥികളുടെ താമസ സൗകര്യത്തിനായി വിനിയോഗിക്കാവുന്നത്. ഒരു മുറിയിൽ 3 വിദ്യാർത്ഥികൾക്ക് താമസസൗകര്യം നൽകിയാൽ തന്നെ ആകെ 63 വിദ്യാർത്ഥികൾക്കുള്ള താമസ സൗകര്യം മാത്രമേ നിലവിൽ ലഭ്യമുള്ളൂ. എന്നാൽ അധികമായി 70 കട്ടിലുകൾ കൂടി വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ കണ്ണൂർ സർവ്വകലാശാലയുടെ വയനാട് ക്യാമ്പസിലെ ഹോസ്റ്റലിൽ ആവശ്യമായ കെട്ടിട സൗകര്യം, കുടിവെള്ളം എന്നിവ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-1-20 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അനുമതി വാങ്ങാതെയുള്ള സർവകലാശാലയിലെ

# കെട്ടിടനിർമ്മാണങ്ങൾ.

സർവകലാശാലയുടെ താവക്കര കാമ്പസിലും കാസർഗോഡ്, നീലേശ്വരം, പയ്യന്നൂർ, പാലയാട്, മാങ്ങാട്ട്പറമ്പ്, മാനന്തവാടി കാമ്പസുകളിലുമായി നിരവധി കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. സർവകലാശാല നടത്തുന്ന എല്ലാ നിർമ്മാണ പ്രവൃത്തികൾക്കും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണാനുമതി വാങ്ങേണ്ടതും കെട്ടിടം പണി പൂർത്തീയാക്കുന്ന മുറക്ക് മറ്റ് നടപടിക്രമങ്ങൾ പൂർത്തീയാക്കുകയും ചെയ്യേണ്ടതാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളിൽ നിന്നുള്ള അനുമതികൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഒക്കുപ്പൻസി നിർബന്ധമാണ്. താവക്കര കാമ്പസിൽ നിലവിലുള്ള കെട്ടിടങ്ങളുടെയും നിർമ്മാണം ആരംഭിച്ച കെട്ടിടങ്ങളുടെയും ചട്ടപ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിടത്തിന്റെ പേര് | അനുമതിയുള്ളത് | റിമാർക്ക്സ് |
|---|---|---|
| അക്കാദമിക്ക് സ്റ്റാഫ് കോളേജ് | ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില എന്നിവയ്ക്ക് മാത്രമാണ് കോർപ്പറേഷനിൽ നിന്നും ഒക്കുപ്പൻസി ലഭിച്ചിട്ടുള്ളത്. | 3,4,5,6 നിലകൾക്ക് കോർപ്പറേഷനിൽ നിന്നുള്ള ഒക്കുപ്പൻസി ലഭിച്ചിട്ടില്ല. ഈ നിലകൾക്ക് കോർപ്പറേഷനിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയതിനുള്ള രേഖകൾ ഫയലില്ല. ഫയർ എൻ.ഒ.സി വാങ്ങിയിട്ടില്ല. |
| സെൻട്രൽ ലൈബ്രറി കെട്ടിടം | ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില | 2,3,4 നിലകൾക്ക് കോർപ്പറേഷനിൽ നിന്നുള്ള ഒക്കുപ്പൻസി ലഭിച്ചിട്ടില്ല. ഈ നിലകൾക്ക് കോർപ്പറേഷനിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയതിനുള്ള രേഖകൾ ഫയലില്ല. ഫയർ എൻ.ഒ.സി വാങ്ങിയിട്ടില്ല. |
| അഡ്മിനിസ്റ്റേറ്റീവ് കെട്ടിടം | ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില | 2-ാം നിലക്ക് കോർപ്പറേഷനിൽ നിന്നുള്ള ഒക്കുപ്പൻസി ലഭിച്ചിട്ടില്ല. ഈ നിലകൾക്ക് കോർപ്പറേഷനിൽ നിന്നും കെട്ടിട നിർമ്മാണാനുമതി വാങ്ങിയതിനുള്ള രേഖകൾ ഫയലില്ല. |
| സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ | കെട്ടിട നിർമ്മാണത്തിന് കോർപ്പറേഷനിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ല | നിർമ്മാണം പൂർത്തീയായി വരുന്നു. |
| സെമിനാർ കോംപ്ലക്സ് | കെട്ടിട നിർമ്മാണത്തിന് കോർപ്പറേഷനിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടില്ല | കെട്ടിട നിർമ്മാണ പൈലിംഗ് ജോലികൾ നടന്നുവരുന്നു. |

സർവകലാശാലയിലെ എൻജിനീയറിംഗ് വിഭാഗത്തിന്റെ പോരായ്മ മൂലം ഇത്തരം വൻകിട പ്രവൃത്തികൾ കോസ്റ്റ്-കം-കൺസൽട്ടൻസി വ്യവസ്ഥയിലാണ് നിർമ്മാണത്തിന് നൽകി വരുന്നത്.

എന്നാൽ ബന്ധപ്പെട്ട കൺസൽട്ടൻസി സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള അനുമതി വാങ്ങാതെ പണി പൂർത്തീകരിക്കുകയാണുണ്ടായത്. ചട്ടപ്രകാരമുള്ള അനുമതി വാങ്ങാതെ പണി പൂർത്തീകരിച്ചതിൽ കരാർ ലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് സർവ്വകലാശാലയിൽ നിലവിൽ സംവിധാനമില്ല. തദ്ദേശസ്വയംഭരണ സ്ഥാപന അനുമതി വാങ്ങാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ചട്ടലംഘനമാണ്. കൂടാതെ പിന്നീട് ക്രമവൽക്കരണത്തിന് നിരവധി സാങ്കേതിക തടസ്സങ്ങൾ ഉണ്ടാവുകയും വൈദ്യുതി കണക്ഷൻ ഉൾപ്പെടെ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്യുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർ &റെസ്ക്യൂ വകുപ്പിൽ നിന്നുള്ള അനുമതി തുടങ്ങിയവ ലഭിക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കെട്ടിടനിർമ്മാണ പൂർത്തീകരണത്തിന് ശേഷം ഒക്കുപ്പൻസിയും ലഭിക്കാതെ വരികയും ചെയ്യുന്നു. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാകാതിരിക്കുന്നതിനുള്ള ഒരു പ്രധാന കാരണം കെട്ടിടത്തിന് കോർപ്പറേഷൻ ഒക്കുപ്പൻസി അനുവദിക്കാത്തതിനാലാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വിവിധ സുരക്ഷമാർഗങ്ങൾ ഒരുക്കാതെയാണ് (ഫയർ & സേഫ്റ്റി മുതലായവ) താവക്കര കാമ്പസിലെ വിവിധ ഓഫീസ് കാര്യാലയങ്ങൾ പ്രവർത്തിക്കുന്നത്. കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് കൊണ്ട് സർവകലാശാല കെട്ടിടങ്ങൾ പണിഉയർത്തുന്നത് ക്രമപ്രകാരമല്ല. നിലവിൽ സർവകലാശാലയിലെ താവക്കര കാമ്പസിലും മറ്റ് കാമ്പസുകളിലും പൂർത്തീയായതും നിലവിൽ നിർമ്മാണം നടന്നുവരുന്നതുമായ കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അനുമതി ലഭിച്ചത് സംബന്ധിച്ച വിശദവിവരം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 3-1-21 യു.ജി.സി പന്ത്രണ്ടാം പദ്ധതി - ജനറൽ ഡവലപ്മെന്റൽ അസിസ്റ്റൻസ് , പട്ടികജാതി/ പട്ടികവർഗ ഫണ്ട് ചെലവഴിക്കുന്നതിൽ അലംഭാവം

യു.ജി.സി പന്ത്രണ്ടാം പദ്ധതി ജനറൽ ഡവലപ്മെന്റൽ അസിസ്റ്റൻസായി കണ്ണൂർ സർവ്വകലാശാലയ്ക്ക് 14.23 കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും തുക ചെലവഴിക്കുന്നതിലെ കാലതാമസം മൂലം ആകെ 5.692 കോടി രൂപ മാത്രമേ യു.ജി.സി യിൽ നിന്നും ലഭിച്ചിരുന്നുള്ളൂ. ഈ തുകയിൽ ആകെ 2,36,16,376/- രൂപ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി നീക്കിവയ്ക്കണമെന്ന് ഗ്രാന്റ് അനുവദിക്കുന്ന ഉത്തരവിൽ യു.ജി.സി വ്യക്തമായി നിർദ്ദേശിച്ചിരുന്നു. ധനസഹായം ലഭിച്ചതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ഉത്തരവ് നം. | തീയ്യതി | തുക |
|---|---|---|
| F-U2-1/2012 (Su-1) | 9/12 | 2,88,25,000 |
| -ടി- | 02-07-2013 | 2,80,95,000 |
| ആകെ | | 5,69,20,000 |

2013 ജൂലൈയിൽ ലഭിച്ച ഈ തുകയിൽ നിന്നും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനോ തുക ചെലവഴിക്കുന്നതിനോ സർവ്വകലാശാല യാതൊരു നടപടികളും തുടർ വർഷങ്ങളിൽ സ്വീകരിച്ചിരുന്നില്ല എന്നു കാണുന്നു. പദ്ധതി കാലയളവ് 31-03-2017ൽ അവസാനിക്കാനിരിക്കേ 14-10-2016 ൽ ചേർന്ന ഗ്രാന്റ് റീ അലോക്കേഷൻ കമ്മിറ്റിയാണ് ഈ വിഷയം ആദ്യമായി പരിഗണനക്ക് എടുക്കുന്നത്. മൂലധന ആസ്തിക്കായി ലഭിച്ച 1.3072 കോടി രൂപ ചെലവഴിച്ച് മാനന്തവാടി എസ്.സി/എസ്.ടി പുരുഷ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് അന്നേ ദിവസം തീരുമാനമെടുത്തിരുന്നു. സേവന ഘടകത്തിൽ ഉൾപ്പെട്ട 1.054 കോടി രൂപ ചെലവഴിക്കുന്നതിന് വിവിധ വകുപ്പുമേധാവികളിൽനിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. 25-10-2016 ൽ ചേർന്ന കമ്മിറ്റി വിവിധ പഠന വകുപ്പുകൾക്കായി 87.55 ലക്ഷം രൂപ സേവന ഘടകത്തിൽ വകയിരുത്തുന്നതിന് തീരുമാനിച്ചു. വിശദമായ പ്രൊപ്പോസലുകൾ വിവിധ വകുപ്പുമേധാവികൾ 31-10-2016 ന് മുൻപായി നൽകണമെന്നും നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ കേവലം 11 വകുപ്പുമേധാവികൾ മാത്രമേ വിശദമായ പ്രൊപ്പോസലുകൾ അയച്ചിട്ടുള്ളൂ എന്നും കാണുന്നു. ഈ പദ്ധതിയിൻ കീഴിൽ വിവിധ വകുപ്പുകൾ നടപ്പാക്കിയ പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഠന വകുപ്പ് | ഇനം | | അനുവദിച്ച തുക | ചെലവ് |
|---|---|---|---|---|---|
| **പാലയാട് ക്യാമ്പസ്** | | | | | |
| 1 | ഇംഗ്ലീഷ് | a) | കമ്മ്യൂണിക്കേഷൻ സ്കിൽ പോഷണം | 2,50,000 | 30,012 |
| | | | | 1,50,000 | -- |
| | | b) | ഇന്നവേറ്റീവ് റിസർച്ച് ആക്ടിവിറ്റീസ് (IRA) | 3,00,000 | 2,23,980 |
| 2 | ബയോടെക്നോളജി & മൈക്രോബയോളജി | IRA | | 1,50,000 | -- |
| 3 | മാനേജ്മെന്റ് സ്റ്റഡീസ് | a) | IRA | 2,70,000 | -- |
| | | b) | സോഫ്റ്റ് സ്കിൽ പോഷണം | -- | -- |
| 4 | അപ്ലൈഡ് ഇക്കണോമിക്സ് | a) | IRA | 1,50,000 | -- |
| | | b) | ബുക്സ് & ജേണൽസ് | 1,50,000 | 97,987 |
| 5 | ആന്ത്രപ്പോളജി | IRA | | 60,000 | -- |
| 6 | നിയമപഠനം | a) | IRA | 90,000 | |
| | | b) | നിയമബോധവത്കരണം | 2,00,000 | |
| 7 | ഹെൽത്ത് സയൻസ് | IRA, വിപുലന പ്രവൃത്തികൾ | | 3,90,000 | 1,85,957 |
| **മാനന്തവാടി ക്യാമ്പസ്** | | | | | |
| 8 | ജന്തുശാസ്ത്രം | a) | വർക്ക്ഷോപ്പ് | 2,50,000 | -- |
| | | b) | IRA | 1,50,000 | -- |
| | | c) | സോഫ്റ്റ്‌വെയർ | 2,00,000 | -- |
| 9 | റൂറൽ & ട്രൈബൽ സോഷ്യോളജി | a) | വിപുലന പ്രവൃത്തികൾ | 1,50,000 | 1,59,980 |
| | | b) | IRA | 1,50,000 | -- |
| | | c) | ബുക്സ് | 1,00,000 | 1,88,580 |
| **മാങ്ങാട്ടുപറമ്പ് ക്യാമ്പസ്** | | | | | |
| 10 | ഫിസിക്കൽ എഡ്യുക്കേഷൻ | a) | IRA | 2,10,000 | -- |
| | | b) | സെമിനാർ | 1,50,000 | 1,45,817 |
| 11 | ഇൻഫർമേഷൻ ടെക്നോളജി | a) | IRA | 1,50,000 | -- |
| | | b) | വിപുലന പ്രവൃത്തികൾ | 3,00,000 | 51,552 |
| | | c) | ICTട്രെയിനിംഗ് | 2,00,000 | 1,42,598 |
| | | d) | ICTസോഫ്റ്റ്‌വെയർ | 1,50,000 | 1,54,979 |
| 12 | ഗണിതശാസ്ത്രം | NET കോച്ചിംഗ് | | 3,00,000 | 26,894 |
| 13 | സ്റ്റാറ്റിസ്റ്റിക്കൽ സയൻസ് | വർക്ക്ഷോപ്പ് | | 1,00,000 | 59,795 |
| 14 | ബിഹേവിയറൽ സയൻസ് | a) | ലൈഫ് സ്കിൽ ട്രെയിനിങ് | 3,00,000 | 1,76,150 |
| | | b) | കൗൺസിലിങ് സെന്റർ | 1,00,000 | -- |
| 15 | പരിസ്ഥിതി പഠനം | IRA | | 1,20,000 | -- |
| 16 | പെഡഗോഗിക്കൽ സയൻസ് | a) | IRA | 1,50,000 | -- |
| | | b) | വിപുലന പ്രവൃത്തികൾ | 1,00,000 | -- |

| | | | | | |
|---|---|---|---|---|---|
| 17 | ചരിത്രവിഭാഗം | വിപുലന പ്രവൃത്തികൾ | | 30,000 | -- |
| **പയ്യന്നൂർ ക്യാമ്പസ്** | | | | | |
| 18 | ഫിസിക്സ് | IRA | | 30,000 | -- |
| 19 | കെമിസ്ട്രി | IRA | | 90,000 | -- |
| 20 | സംഗീതം | IRA | | 90,000 | -- |
| 21 | ഭൂമിശാസ്ത്രം | a) | IRA | 1,80,000 | -- |
| | | b) | വിപുലന പ്രവൃത്തികൾ | 35,000 | -- |
| | | c) | റിമോട്ട് സെൻസിംഗ് സോഫ്റ്റ്‌വെയർ | 9,00,000 | 9,88,825 |
| **നീലേശ്വരം ക്യാമ്പസ്** | | | | | |
| 22 | മലയാളം | കരിയർ ഗൈഡൻസ് | | 2,00,000 | -- |
| 23 | മോളിക്യുലാർ സയൻസ് | a) | IRA | 1,20,000 | -- |
| | | b) | മോളിക്യൂലർ ട്രെയിനിംഗ് | 3,00,000 | -- |
| 24 | ഹിന്ദി | a) | IRA | 90,000 | -- |
| | | b) | ദളിത് സാഹിത്യം | 50,000 | 50,000 |
| ആകെ | | | | 77,05,000 | 26,83,106 |

30 പഠന വകുപ്പുകൾക്കായി റെമഡിയൽ കോച്ചിംഗിനുവേണ്ടി 10,50,000/- രൂപ നീക്കിവെക്കുകയുണ്ടായി (ഓരോ വകുപ്പിനും 35,000/- രൂപ വീതം) ഇതിൽ 9 പഠന വകുപ്പുകൾക്കും കൂടി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പഠന വകുപ്പ് | മുൻകൂർ അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കെമിസ്ട്രി | 20,000 | 12,000 |
| 2 | ഇക്കണോമിക്സ് | 20,000 | 200 |
| 3 | ഹിസ്റ്ററി | -- | 35,969 |
| 4 | ഫിസിക്സ് | 26,250 | -- |
| 5 | ലൈബ്രറി സയൻസ് | 26,250 | 16,339 |
| 6 | ബിഹേവിയറൽ സയൻസ് | 26,250 | 29,875 |
| 7 | പെഡഗോഗിക്കൽ സയൻസ് | 26,250 | 30,690 |
| 8 | പരിസ്ഥിതി പഠനം | 25,200 | -- |
| 9 | മോളിക്യുലാർ ബയോളജി | 26,250 | -- |
| ആകെ | | 1,96,450 | 1,25,073 |

ആകെ 87,55,000/- രൂപ നീക്കിവച്ചതിൽ 28,08,179/- രൂപയാണ് മേൽ പറഞ്ഞ ഇനങ്ങളിലായി ചെലവഴിച്ചിട്ടുള്ളത്. ഇതിനു പുറമെ 4,88,700/- രൂപ മുൻകൂർ അനുവദിച്ചത് ക്രമീകരിക്കാൻ ബാക്കിയുണ്ട്.

2013 ൽ യു.ജി.സിയിൽ നിന്നും ധനസഹായം ലഭിച്ചരിക്കേ, പദ്ധതി കാലയളവ് അവസാനിക്കുന്നതിന് മുൻപ്, ഏകദേശം 3 വർഷം കഴിഞ്ഞതിന് ശേഷമാണ് പട്ടികജാതി/ പട്ടികവർഗ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതുതന്നെ. വിശദമായ പദ്ധതികൾ തയ്യാറാക്കുന്നതിന് പഠന വകുപ്പുകൾക്ക് കഴിഞ്ഞതുമില്ല. വകയിരുത്തിയ തുകകൾ പോലും ചെലവഴിക്കുന്നതിന് വകുപ്പുമേധാവികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടായതായും കാണുന്നു. മാനന്തവാടിയിൽ പുരുഷ ഹോസ്റ്റൽ നിർമ്മാണത്തിന് പദ്ധതിയിട്ടിരുന്നുവെങ്കിലും നാളിതുവരെ യാഥാർത്ഥ്യമായിട്ടില്ല.

ദുർബല വിഭാഗത്തിൽ പെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് യു.ജി.സി ആവിഷ്കരിച്ച പദ്ധതികൾ സർവ്വകലാശാലയിൽ നടപ്പാക്കുന്നതിൽ സംഭവിച്ച പാളിച്ചകളും അവധാനതക്കുറവും അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# 3-1-22 യു.ജി.സി പന്ത്രണ്ടാം പദ്ധതി - എസ്.സി/എസ്.ടി സേവന ഘടകം - നെറ്റ് കോച്ചിംഗ് ക്ലാസെടുത്ത അധ്യാപകർക്ക് അധികം പ്രതിഫലം നൽകിയത് സംബന്ധിച്ച്.

യു.ജി.സി പന്ത്രണ്ടാം പദ്ധതി, എസ്.സി/എസ്.ടി സേവന ഘടകത്തിൽ നെറ്റ് കോച്ചിംഗ് ക്ലാസുകൾ കൈകാര്യം ചെയ്ത അധ്യാപകർക്ക് അനുവദനീയമായ തുകയേക്കാൾ അധികമായി പ്രതിഫലം നൽകിയതായി കാണുന്നു. ഇതു സംബന്ധിച്ച് യു.ജി.സി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം മണിക്കൂറിന് 300 രൂപയാണ് പ്രതിഫലമായി നൽകേണ്ടത്. ഒരു ദിവസം ഒരദ്ധ്യാപകൻ രണ്ടിൽ കൂടുതൽ മണിക്കൂർ ക്ലാസുകൾ കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. അപൂർവ്വമായി സ്പെഷൽ ലക്ചറിനായി പേരുകേട്ട വിദ്യാഭ്യാസ വിചക്ഷണരെ ക്ഷണിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് മണിക്കൂറിന് 500/- രൂപ പ്രതിഫലം അനുവദനീയമായിട്ടുള്ളത്. എന്നാൽ ഗണിതശാസ്ത്ര വിഭാഗം, ഹിസ്റ്ററി & ഹെറിറ്റേജ് പഠന വിഭാഗം എന്നിവിടങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്ത അധ്യാപകരെ മുഴുവൻ മേൽപറഞ്ഞ ഗണത്തിൽപ്പെടുത്തി മണിക്കൂറിന് 500/- രൂപ പ്രകാരം പ്രതിഫലം നൽകിയതായി കാണുന്നു. ഫണ്ട് വിനിയോഗം യു.ജി.സി മാർഗനിർദ്ദേശപ്രകാര മായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നെറ്റ് കോച്ചിംഗിന് ഒരു വിദ്യാർത്ഥിക്ക് മാത്രമായി 34,969/- രൂപ ചെലവാക്കി.</u>

വൗച്ചർ നം.254/08-05-2017 പ്രകാരം എസ്.സി/എസ്.ടി വിഭാഗം വിദ്യാർത്ഥികൾക്ക് നെറ്റ് കോച്ചിംഗ് നടത്തുന്നതിന് ഹിസ്റ്ററി & ഹെറിറ്റേജ് പഠന വിഭാഗം 34,969/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് മാത്രമാണ് കോച്ചിംഗ് നൽകിയതായി കാണുന്നത്. എസ്.സി/എസ്.ടി, മൈനോറിറ്റി വിദ്യാർത്ഥികളുടെ അഭാവത്തിൽ ഒ.ബി.സി, ജനറൽ(ബി.പി.എൽ) വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താവുന്നതാണെന്ന യു.ജി.സി മാർഗ്ഗനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. (യു.ജി.സി XII-ാം പദ്ധതി മാർഗ്ഗനിർദ്ദേശം ആമുഖം – അർഹതാ മാനദണ്ഡം കാണുക). പദ്ധതികൾ നടപ്പാക്കുമ്പോൾ മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 3-1-23 സർവ്വകലാശാല റിസർച്ച് ഫെലോഷിപ്പ് - ഗവേഷണ വിദ്യാർത്ഥികൾ ഫെലോഷിപ്പ് തുക കൈപ്പറ്റുന്നില്ല

സർവ്വകലാശാല നേരിട്ട് നൽകുന്ന റിസർച്ച് ഫെലോഷിപ്പുമായി ബന്ധപ്പെട്ട ഫയൽ/ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗവേഷണ വിദ്യാർത്ഥികൾ ഫെലോഷിപ്പ് തുക ആനുകാലികമായി കൈപ്പറ്റുന്നതായി കാണുന്നില്ല.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വിഷയം | കാലയളവ് | അവസാനം കൈപ്പറ്റിയ തീയ്യതി |
|---|---|---|---|---|
| 1 | ശ്രീല സി. | മലയാളം | 01-12-14 മുതൽ 30-11-17 വരെ | 30-11-16 |
| 2 | റിൻസി ബി. | മലയാളം | 01-12-14 മുതൽ 30-11-17 വരെ | 31-05-17 |
| 3 | ആവിസ് ട്രീസ ബാബു | കെമിസ്ട്രി | 20-06-15 മുതൽ 19-06-18 വരെ | 31-12-17 |
| 4 | അനശ്വര.പി.ആർ. | ഇംഗ്ലീഷ് | 03-12-14 മുതൽ 02-12-17 വരെ | 30-06-17 |
| 5 | വൃന്ദ എം. | ജിയോളജി | 04-12-14 മുതൽ 03-12-17 വരെ | 28-02-17 |
| 6 | ഹണി ബാബു | എജ്യുക്കേഷൻ | 08-12-14 മുതൽ 07-12-17 വരെ | 13-12-16 |
| 7 | രാഹുൽ രവീന്ദ്രൻ | സുവോളജി | 01-12-14 മുതൽ 30-11-17 വരെ | 30-06-15 |
| 8 | ശ്വേത ടി.വി | ജിയോളജി | 16-05-15 മുതൽ 15-11-17 വരെ | 15-06-16 |
| 9 | എലിസബത്ത് ജോർജ് | എജ്യുക്കേഷൻ | 14-10-15 മുതൽ 13-10-18 വരെ | 31-12-17 |
| 10 | ദിവ്യ കൃഷ്ണ | ഇംഗ്ലീഷ് | 22-04-16 മുതൽ 21-04-19 വരെ | 31-03-18 |
| 11 | രസിത രാമചന്ദ്രൻ | മലയാളം | 01-12-15 മുതൽ 30-11-18 വരെ | 31-05-17 |
| 12 | അഞ്ജലി.കെ.നായർ | ഇംഗ്ലീഷ് | 01-12-15മുതൽ 30-11-18 വരെ | 30-09-17 |
| 13 | അഞ്ജന ഇ.പി. | ഫിലോസഫി | 08-06-16 മുതൽ 07-06-19 വരെ | 31-03-17 |
| 14 | വിപിൻ.എ | സംസ്കൃതം | 01-12-15 മുതൽ 30-11-18 വരെ | 31-12-17 |
| 15 | പ്രിയ പി.എ | മലയാളം | 23-08-16 | 31-10-17 |

| | | | | |
|---|---|---|---|---|
| | | | മുതൽ<br>22-08-19 വരെ | |
| 16 | നയന ബി.എസ്. | കോമേഴ്സ് | 01-12-15 മുതൽ<br>30-11-18 വരെ | 31-03-17 |
| 17 | ശിവപ്രസാദ്.കെ.ഐ | മാനേജ്മെന്റ് പഠനം | 01-12-15 മുതൽ<br>30-11-18 വരെ | 31-12-17 |
| 18 | ജസീന എം. | ഹിന്ദി | 01-12-15 മുതൽ<br>30-11-18 വരെ | 30-06-17 |
| 19 | ലേഖ എൻ.കെ | മലയാളം | 14-12-15 മുതൽ<br>01-12-18 വരെ | 30-05-16 |
| 20 | ഷൈജ കരുണാകരൻ | മാനേജ്മെന്റ് പഠനം | 01-12-15 മുതൽ<br>30-11-18 വരെ | 30-06-17 |
| 21 | സിബില പി. | മാനേജ്മെന്റ് പഠനം | 13-07-16 മുതൽ<br>12-07-19വരെ | 31-12-16 |

ഇതു സംബന്ധിച്ച് വിശദീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ വാർഷിക പുരോഗതി റിപ്പോർട്ട് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 23-11-2018 ലെ ഓഡിറ്റ് എൻക്വയറി നം.15 ന് ലഭ്യമാക്കിയ മറുപടിയിൽ ഗവേഷക വിദ്യാർത്ഥികൾ JRF ബിൽ സമർപ്പിക്കുന്നതിലുള്ള കാലതാമസം മൂലമാണ് ഫെലോഷിപ്പ് തുക സമയബന്ധിതമായി നൽകാൻ സാധിക്കാത്തത് എന്നറിയിച്ചിട്ടുണ്ട്. ഫെലോഷിപ്പ് നടപടിക്രമങ്ങൾ ഓർഡിനൻസ് അദ്ധ്യായം-VIII ൽ പറഞ്ഞതു പ്രകാരം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

## <u>പഠനവകുപ്പിലെ അപാകങ്ങൾ</u>

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലുള്ള പഠനവകുപ്പുകളിൽ നടത്തിയ ഓഡിറ്റിന്റെ ഭാഗമായി പുറപ്പെടുവിച്ച ഓഡിറ്റ് നോട്ടുകളിൽ പരിഹരിക്കുവാൻ ബാക്കിയുള്ള ഖണ്ഡികകൾ ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

# 3-1-24 പഠന വകുപ്പുകളിലെ ഉപയോഗയോഗ്യമല്ലാത്ത വിവിധ സാധനസാമഗ്രികൾ ലേലം ചെയ്ത് ഒഴിവാക്കൽ-തുടർനടപടികൾ വൈകുന്നു.

1. കണ്ണൂർ സർവ്വകലാശാലയുടെ പയ്യന്നൂർ ക്യാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിന്റെ 2017-2018 വർഷത്തെ കമ്പ്യൂട്ടർ, ഫർണ്ണിച്ചർ, വിവിധ ഉപകരണങ്ങൾ മുതലായവയുടെ വാർഷിക ഭൗതിക പരിശോധനാറിപ്പോർട്ട് പ്രകാരം റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുവാൻ സാധിക്കാത്ത നിലയിൽ 4 കമ്പ്യൂട്ടറുകൾ സെന്ററിലുണ്ട്. ഇവ സെന്ററിലെ വെയ്റ്റിംഗ് റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്.
2. കണ്ണൂർ സർവ്വകലാശാല ടീച്ചർ എഡ്യുക്കേഷൻ സെന്റർ, ധർമ്മശാല കാമ്പസിലെ 2017-2018 വർഷത്തെ ഫർണ്ണിച്ചർ, വിവിധ ഉപകരണങ്ങൾ മുതലായവയുടെ വാർഷിക ഭൗതിക പരിശോധനാറിപ്പോർട്ട് പ്രകാരം റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുവാൻ സാധിക്കാത്ത

നിലയിലുള്ള നിരവധി ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും സെന്ററിലുണ്ട്. ഇവ കാമ്പസിലെ ബി.എഡ് മലയാളം ക്ലാസ് മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

സർവ്വകലാശാലയുടെ 16.08.2014 തീയതിയിലെ എഡി.ഡി3/6281/2011നമ്പർ ഉത്തരവ് പ്രകാരം പഴക്കം ചെന്നതും റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുവാൻ സാധിക്കാത്ത നിലയിലുള്ളതുമായ ഫർണ്ണിച്ചറുകളും, വിവിധ ഉപകരണങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് തലവൻ, കംപ്യൂട്ടർ പ്രോഗ്രാമർ, സർവ്വകലാശാല അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ(ഇലക്ട്രിക്കൽ), അതാത് വകുപ്പിലെ സർവ്വകലാശാല ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം സർവ്വകലാശാല ടീച്ചർ എഡ്യുക്കേഷൻ സെന്ററിലെ കോഴ്സ് ഡയറക്ടർ മേൽ കമ്മിറ്റിയുടെ യോഗം വിളിച്ചുചേർക്കേണ്ടതും സാധനസാമഗ്രികളുടെ മൂല്യനിർണ്ണയം നടത്തി സർവ്വകലാശാല നിയമപ്രകാരം ഒഴിവാക്കലിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയതിനാൽ അടിയന്തിരമായി കമ്മിറ്റി വിളിച്ചു ചേർക്കുകയും കേടായ സാധനസാമഗ്രികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ഓഡിറ്റിൽ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

# 3-1-25 പഠന വകുപ്പുകളിലെ ലൈബ്രറികളിൽ നിന്നും നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ അവയുടെ വില ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ചില്ല.

1. കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പുസ്തകങ്ങളുടെ 2015 ജൂണിൽ നടത്തിയ സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 16,828/- രൂപ വില വരുന്ന 12 പുസ്തകങ്ങൾ നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കുന്നതിനോ ഉള്ള നടപടി സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. പ്രസ്തുതവിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2. കണ്ണൂർ സർവ്വകലാശാല ടീച്ചർ എഡ്യുക്കേഷൻ സെന്റർ, ധർമ്മശാല കാമ്പസിലെ ലൈബ്രറിയിലെ പുസ്തകങ്ങളുടെ 2017-2018 വർഷത്തെ വാർഷിക ഭൗതിക പരിശോധനാ റിപ്പോർട്ട് പ്രകാരം 265 പുസ്തകങ്ങൾ 2009 മുതൽ 2014 വരെയുള്ള കാലയളവിൽ നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഷ്ടപ്പെട്ട പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനോ ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കുന്നതിനോ ഉള്ള നടപടി സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-1-26 പഠന വകുപ്പുകളിലെ ലൈബ്രറി പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ നടത്തി ഡാറ്റാഎൻട്രി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. കാസർഗോഡ് ക്യാമ്പസ് ബി.എഡ് സെന്ററിൽ ഒരു പ്രൊഫഷണൽ അസിസ്റ്റന്റ് നിലവിലുണ്ട്. ഇവിടെ 5074 പുസ്തകങ്ങളും പുറമെ നിരവധി ജേണലുകളും ഉണ്ട്. ഇവ ക്ലാസിഫിക്കേഷൻ നടത്തി കമ്പ്യൂട്ടറിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. നിലവിൽ ഒരു ഇഷ്യൂ രജിസ്റ്ററിൽ ഓരോ വിദ്യാർത്ഥിയുടെ പേരിലും ഓരോ പേജ് നൽകി വിതരണ വിവരം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു പുസ്തകത്തിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ചറിയണമെങ്കിൽ മുഴുവൻ ഇഷ്യൂ രജിസ്റ്ററുകളും പരിശോധിക്കേണ്ട സ്ഥിതിയാണ്. ആയതിനാൽ ക്ലാസിഫിക്കേഷൻ നടത്തി ഡാറ്റ എൻട്രി നടത്തി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മാനന്തവാടി റൂറൽ & ട്രൈബൽ സോഷ്യോളജി പഠനവകുപ്പിൽ ഒരു പ്രൊഫഷണൽ അസിസ്റ്റന്റ് നിലവിലുണ്ട്. ഇവിടെ ലൈബ്രറി പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ നടത്തി, ഡാറ്റാ എൻട്രി നടത്തി സൂക്ഷിച്ചിട്ടില്ല. ഒരു ഇഷ്യൂ രജിസ്റ്ററിൽ വിതരണ വിവരം രേഖപ്പെടുത്തുകയാണ് ചെയ്തുവരുന്നത്. പുസ്തകത്തിന്റെ നിലവിലുള്ള സ്ഥിതി അറിയണമെങ്കിൽ മുഴുവൻ ഇഷ്യൂ രജിസ്റ്ററും പരിശോധിക്കേണ്ടിവരുന്നു. ആയതിനാൽ പുസ്തകങ്ങൾ ക്ലാസിഫിക്കേഷൻ നടത്തി, ഡാറ്റാ എൻട്രി നടത്തി സൂക്ഷിക്കേണ്ടതാണ്.

## 3-1-27 ലൈബ്രറി സ്റ്റോക്കിൽ നിന്നും പുസ്തകങ്ങൾ നഷ്ടമായത് (ഡിപ്പാർട്ട്മെന്റ് ഓഫ് ലോ, പാലയാട്)

ലൈബ്രറി പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (എ.ഒ2/10/18-19 തീയ്യതി:25.06.2018) വകുപ്പ് മേധാവി 02.07.2011 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മൊത്തം 1378/- രൂപ വിലമതിക്കുന്ന 17 പുസ്തകങ്ങൾ സ്റ്റോക്കിൽ നിന്നും നഷ്ടമായതായി കാണിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയുടെ 20.05.2014 ലെ നഷ്ടമായ ലൈബ്രറി പുസ്തകങ്ങൾ സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശ ഉത്തരവ് പ്രകാരം 1000 പുസ്തകങ്ങൾക്ക് 5 പുസ്തകങ്ങൾ നഷ്ടമാവുന്നത് (ഒന്നിന് മുഖവില 1000/- രൂപയിൽ കൂടാത്തതും ലഭ്യത കുറവായതുമായവ ഒഴികെ) എഴുതി തള്ളാവുന്നതാണെന്ന വ്യവസ്ഥ നിലവിലുണ്ടെന്നും ആയതിനാൽ എഴുതി തള്ളാവുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഹിതം വകുപ്പ മേധാവി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ നിലവിലുണ്ടെങ്കിൽ ആയതിന് വിധേയമായ നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം നഷ്ടമായ പുസ്തകത്തിന്റെ വില സർവ്വകലാശാല വ്യവസ്ഥകൾ പ്രകാരം ഉത്തരവാദിയിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-1-28 കമ്പ്യൂട്ടർ ലാബിൽ നിന്നും 73160/-രൂപ വില മതിക്കുന്ന കമ്പ്യൂട്ടർ ആക്സസറീസ് നഷ്ടപ്പെട്ടത്-

# സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള തുടർനടപടികൾ വൈകുന്നു (ഐ.ടി, മാങ്ങാട്ടുപറമ്പ്)

കണ്ണൂർ സർവകലാശാല ഐ ടി എഡ്യുക്കേഷൻ പഠനവകുപ്പിലെ കമ്പ്യൂട്ടർ ലാബിൽ നിന്നും 73160/-രൂപ വില മതിക്കുന്ന വിവിധ ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന്റെ വില 2014,2015,2016 അഡ്മിഷൻ എം സി എ വിദ്യാർത്ഥികളിൽ നിന്നും (152വിദ്യാർത്ഥികളിൽ നിന്ന് 481/-രൂപ നിരക്കിൽ) ഈടാക്കുന്നതിനും ആയത് ഇൻസ്റ്റാൾ ചെയ്ത് കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും എഡി.ഡി2/7948/2014/23-09-2017നമ്പർ ഉത്തരവ് പ്രകാരം വകുപ്പ് തലവനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 52430/-രൂപയാണ് 109വിദ്യാർത്ഥികളിൽ നിന്നും പിരിച്ചെടുത്തിട്ടുള്ളത്. ബാക്കിയുള്ള 20730/-വസൂലാക്കുവാൻ വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പ് മേധാവി സ്രവ്വകലാശാല രജിസ്ട്രാർക്ക് കത്തയക്കുകയുണ്ടായി (കത്ത് നം.Dept. of IT/General/2016 Dtd.05.12.2017). വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകുവാൻ വൈസ് ചാൻസലർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഈ കത്തിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് രജിസ്ട്രാർ വകുപ്പ് മേധാവിക്ക് ടി കത്തിൽ (Ad.D2/7948/2014 dtd.18.01.2018 നമ്പർ കത്ത്) പ്രത്യേക നിർദ്ദേശം നൽകിയിരുന്നില്ല. വിദ്യാർത്ഥികൾക്ക് തുക തിരിച്ചുനൽകുന്നത് സംബന്ധിച്ച് രജിസ്ട്രാറിൽ നിന്നും നിർദ്ദേശം ലഭിക്കാത്തതിനാൽ തുക ഇതുവരെ തിരിച്ചുനൽകുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ സാധിച്ചിട്ടില്ലെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (കെ.എസ്.എ/കെ.എൻ.യു/ഐ.ടി/2017-18 തീയ്യതി:22.06.2018) വകുപ്പ് മേധാവി മറുപടി നൽകുകയുണ്ടായി. എഡി.ഡി2/7948/2014/23-09-2017നമ്പർ ഉത്തരവ് മരവിപ്പിച്ച് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ തുക തിരികെ നൽകേണ്ടത് സംബന്ധിച്ചും നഷ്ടപ്പെട്ട ഉപകരണങ്ങൾ പൊതുമുതലായ സ്ഥിതിക്ക് അതിനെപ്പറ്റി വിശദമായ ഒരു പൊലീസ് അന്വേഷണം നടത്തണമെന്ന നിർദ്ദേശം സംബന്ധിച്ചും വകുപ്പ് മേധാവി സർവ്വകലാശാല രജിസ്ട്രാർക്ക് കത്തയച്ചിരുന്നുവെങ്കിലും തുടർനടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല. കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കാത്തത് സംബന്ധിച്ചും ഇക്കാര്യത്തിലുള്ള തൽസ്ഥിതിവിവരം സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യം ഉചിതമായ നടപടികൾക്കായി സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-1-29 പരീക്ഷാ നടത്തിപ്പ് ചെലവുകൾക്കായി അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

പരീക്ഷാ നടത്തിപ്പ് ചെലവുകൾക്കായി സർവ്വകലാശാല വിവിധ പരീക്ഷാ സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് മുൻകൂറുകൾ അനുവദിച്ചുവരുന്നുണ്ട്. മുൻകൂർ അനുവദിച്ച ഉത്തരവുകൾ പ്രകാരം അവസാന പരീക്ഷ കഴിഞ്ഞ് ഒരു മാസത്തിനകം മുൻകൂർ ക്രമീകരിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം മുൻകൂർ ഇനത്തിൽ അനുവദിച്ച 19,47,050/- രൂപയിൽ 2,02,650/- രൂപ ഇനിയും ക്രമീകരിച്ചിട്ടില്ല. 2008-09 മുതൽ 2017-18 വരെ മൊത്തം 9,17,550/- രൂപ മുൻകൂർ ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുണ്ട്. 2008-09 മുതൽ 2017-18 വരെ അനുവദിച്ച മുൻകൂറുകളിൽ മൊത്തം 9,17,750/- രൂപ നവംബർ 2018 വരെ ക്രമീകരിച്ചിട്ടില്ല. ജി.ഒ(പി)നം.419/2011/ഫിൻ തീയ്യതി:04-10-

2011, ജി.ഒ(പി)നം. 390/2012/ഫിൻ തീയ്യതി:10-07-2012 എന്നീ സർക്കാർ ഉത്തരവുകളിൽ മുൻകൂർ നിശ്ചിത സമയത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും മുൻകൂർ ക്രമീകരിക്കാൻ വൈകിയാൽ സർവ്വകലാശാല പലിശ ഈടാക്കുന്നില്ല. 2017-18 വർഷം വരെ അനുവദിച്ച മുൻകൂറുകളിൽ ഓഡിറ്റ് തീയ്യതി വരെ ക്രമീകരിക്കാൻ ബാക്കിയുള്ളവയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പി.പി.ആർ, ക്രമ നമ്പർ | ചെലവ് വിവരം | തുക | ചെക്ക് നം/ തീയതി |
|---|---|---|---|
| 2 | 3 | 4 | 5 |
| **2008-09** | | | |
| വാല്യംVII-55<br>പേജ് നം.19 | അസിസ്റ്റന്റ് ഡയറക്ടർ, ITEC, കണ്ണൂർ | 1,500 | 095881 06-11-2008 |
| | | 1,500 | |
| **2010-11** | | | |
| വാല്യംVII-142 | പ്രിൻസിപ്പാൾ, മമ്പറം ഹയർ സെന്ററി സ്കൂൾ | 27,000 | 366933 14-05-2010 |
| 143 | ശ്രീമതി കെ.എം.സാബിറ, ഹെഡ് മിസ്ട്രസ്, ഡി.ഐ സബാ എച്ച്.എസ്.എസ്, കണ്ണൂർ. | 31,000 | 366934 14-05-2010 |
| 154 | പ്രിൻസിപ്പൽ, എൽ.ബി.എസ് സെന്റർ, തളിപ്പറമ്പ | 3,000 | 366945 14-05-2010 |
| 160 | ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ, മാങ്ങാട്ടുപറമ്പ്. | 2,000 | 366951 14-05-2010 |
| | | 63,000 | |
| **2011-12** | | | |
| വാല്യംVIII-50 | ഹെഡ് മാസ്റ്റർ, സെന്റ് ജോസഫ് എച്ച്.എസ്.എസ്, തലശ്ശേരി. | 13,000 | 436491 06-04-2011 |
| 88 | പ്രിൻസിപ്പാൾ, NAM കോളേജ്, കല്ലിക്കണ്ടി | 15,000 | 436480 06-04-2011 |
| 96 | പ്രിൻസിപ്പാൾ, അൽ മക്വർ അറബിക് കോളേജ്, നാട്ടുകാണി. | 2,300 | 438500 16-05-2011 |
| 125 | പ്രിൻസിപ്പാൾ, ഡി.ഐ സബാ എച്ച്.എസ്.എസ് കണ്ണൂർ. | 8,000 | 438787 20-05-2011 |
| | | 38,300 | |
| **2012-13** | | | |
| 209 | പ്രിൻസിപ്പാൾ, എം.ജി കോളേജ്, ഇരിട്ടി. | 10,000 | 503327 19-05-2012 |
| 217 | പ്രിൻസിപ്പാൾ ഓർഫനേജ് അറബിക് കോളേജ്, കാഞ്ഞങ്ങാട്. | 4,500 | 503335 19-05-2012 |
| 219 | പ്രിൻസിപ്പാൾ, റഹ്മാനിയ അറബിക് കോളേജ്, പടന്ന | 3,000 | 503337 19-05- |

| | | | |
|---|---|---|---|
| | | | 2012 |
| 231 | പ്രിൻസിപ്പാൾ, എസ്.എൻ.ഡി.പി യോഗം ആർട്സ് &സയൻസ് കോളേജ്, നീലേശ്വരം | 2,500 | 507198 06-10-2012 |
| 233 | പ്രിൻസിപ്പാൾ, ഗവ.കോളേജ്, കാസർഗോഡ് | 11,200 | 507200 06-10-2012 |
| | | 31200 | |
| **2013-14** | | | |
| 268 | പ്രിൻസിപ്പാൾ, ഇ.കെ.നായനാർ മെമ്മോറിയൽ ഗവ.കോളേജ്, കാഞ്ഞങ്ങാട്. | 23,000 | 510322 02-05-2013 |
| വാല്യംIX-33 | പ്രിൻസിപ്പാൾ, ക്രസന്റ് എച്ച്.എസ്.എസ്, മൊട്ടാമ്പ്രം | 9,000 | 512644 18-05-2013 |
| 42 | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്, തലപ്പുഴ | 12,500 | 512653 18-05-2013 |
| 62 | പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, വയനാട്. | 30,000 | 213163 16-12-2013 |
| | | 74500 | |
| **2014-15** | | | |
| 94 | പ്രിൻസിപ്പാൾ, മേരി മാതാ കോളേജ്, മാനന്തവാടി | 6,000 | 256347 06-05-2014 |
| 139 | അംബിക ടി.കെ, ജി.എച്ച്.എസ്.എസ്, ആറാട്ടുതറ | 9,000 | 256611 23-05-2014 |
| 192 | പ്രിൻസിപ്പാൾ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ചീമേനി | 10,000 | 145568 13-11-2014 |
| 202 | പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ. | 1,00,000 | 206761 24-01-2015 |
| 210 | ദാക്ഷായണി എം, ജി.എച്ച്.എസ് കോലത്തൂർ | 7,000 | 207398 31-03-2015 |
| | | 1,32,000 | |
| **2015-16** | | | |
| വാല്യംX-36 | സോളി ജോബ്, ജി.എച്ച്.എസ്.എസ്, ഉളിക്കൽ | 12,000 | 205125 08-05-2015 |
| 90 | സോളി ജോബ്, ജി.എച്ച്.എസ്.എസ്, ഉളിക്കൽ | 18,000 | 295042 23-05-2015 |
| 103 | രാജേഷ് കെ, ഡിപ്പാർട്ട്മെന്റ് ഓഫ് ടീച്ചർ | 4,000 | 295055 |

| | | | |
|---|---|---|---|
| | എഡ്യൂക്കേഷൻ, മാനന്തവാടി. | | 23-05-2015 |
| 108 | പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ. | 1,10,000 | 295242 18-06-2015 |
| 133 | പ്രിൻസിപ്പാൾ, എം.ജി കോളേജ്, ഇരിട്ടി. | 4,000 | 376293 14-10-2015 |
| | | 1,48,000 | |
| **2016-17** | | | |
| 138 | പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ. | 1,00,000 | 485786 16-04-2016 |
| 140 | ഫാ. മെൽവിൻ ലോബോ, ഉദയ ഇംഗ്ലീഷ് മീഡിയം എച്ച്.എസ്.എസ്, ഉദയ നഗർ മഞ്ചേശ്വരം | 14,000 | 485793 21-04-2016 |
| 169 | പ്രിൻസിപ്പാൾ, സ-അദിയ അറബിക് കോളേജ് | 6,000 | 485822 21-04-2016 |
| 171 | പ്രിൻസിപ്പാൾ, ജമാ അത്ത എച്ച്.എസ്.എസ്, പുതിയങ്ങാടി, കണ്ണൂർ. | 11,500 | 485824 21-04-2016 |
| 172 | പ്രിൻസിപ്പാൾ, അൽ മക്വർ അറബിക് കോളേജ്, നാട്ടുകാണി. | 11,000 | 485825 21-04-2016 |
| 177 | പ്രിൻസിപ്പാൾ, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പട്ടുവം, കുറ്റിക്കോൽ, കണ്ണൂർ. | 10,300 | 486119 17-05-2016 |
| 180 | പ്രിൻസിപ്പാൾ, ഗവ. കോളേജ്, പെരിങ്ങോം. | 6,200 | 486122 17-05-2016 |
| 184 | പ്രിൻസിപ്പാൾ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ. | 20,800 | 486126 17-05-2016 |
| 188 | പ്രിൻസിപ്പാൾ, കോ-ഓപ്പറേറ്റീവ് ആർട്ട്സ് & സയൻസ് കോളേജ്, മാടായി, കണ്ണൂർ. | 15,100 | 486130 17-05-2016 |
| 189 | പ്രിൻസിപ്പാൾ, ഇ.എം.എസ് മെമ്മോറിയൽ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്,കണ്ണൂർ | 9,500 | 486131 17-05-2016 |
| 211 | പ്രിൻസിപ്പാൾ, എം.ജി കോളേജ്, ഇരിട്ടി, കീഴൂർ, കണ്ണൂർ. | 6,800 | 486166 23-05-2016 |
| വാല്യംXI - 1 | പ്രദീപ്കുമാർ കെ (ഹെഡ് മാസ്റ്റർ), കമ്പിൽ മാപ്പിള എച്ച്.എസ്.എസ്, കൊളച്ചേരി,കണ്ണൂർ | 11,900 | 486178 23-05-2016 |
| 11 | പ്രിൻസിപ്പാൾ, ജി.പി.എം ഗവ. കോളേജ്, മഞ്ചേശ്വരം, കാസർഗോഡ്. | 3,500 | 525399 26-07-2016 |

| | | | |
|---|---|---|---|
| | | 2,26,600 | |
| **2017-18** | | | |
| വാല്യംXII-43 | പ്രിൻസിപ്പാൾ, ഓർഫനേജ് അറബിക് കോളേജ്, കാഞ്ഞങ്ങാട് | 3400 | 819915 , 12-05-2017 |
| 44 | പ്രിൻസിപ്പാൾ,ദാറുൾ ഇർഷാദ് അറബിക് കോളേജ്, പാറാൽ | 2300 | 819916, 12-05-2017 |
| 90 | ഹെഡ് മാസ്റ്റർ, മലബാർ ഇസ്ലാമിക്ക് കോംപ്ലക്സ് ഹൈസ്കൂൾ, ചട്ടഞ്ചാൽ | 10600 | 820043, 22-05-2017 |
| 94 | പ്രിൻസിപ്പാൾ, ഓർഫനേജ് അറബിക് കോളേജ്, കാഞ്ഞങ്ങാട് | 4700 | 820047, 22-05-2017 |
| 95 | പ്രിൻസിപ്പാൾ, ദാറുൾ ഇർഷാദ് അറബിക് കോളേജ്, പാറാൽ | 2800 | 820048, 22-05-2017 |
| 97 | പ്രിൻസിപ്പാൾ, എെഡിയൽ അറബിക് കോളേജ്, ഉളിയിൽ | 3000 | 820050, 22-05-2017 |
| 98 | പ്രിൻസിപ്പാൾ, സർ-സയ്യിദ് കോളേജ്, തളിപ്പറമ്പ | 53650 | 820579, 16-08-2017 |
| 101 | പ്രിൻസിപ്പാൾ, എസ്.എെ.ബി.ജി.എ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇരിക്കൂർ | 2800 | 247053 15-09-2017 |
| 107 | പ്രിൻസിപ്പാൾ, എസ്.എെ.ബി.ജി.എ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഇരിക്കൂർ | 2700 | 247125 23-09-2017 |
| 112 | പ്രിൻസിപ്പാൾ, ഗോവിന്ദ പൈ മെമ്മോറിയൽ ഗവ. കോളേജ്, കാസർഗോഡ് | 12000 | 820750, 31-08-2017 |
| 116 | പ്രിൻസിപ്പാൾ, സർ-സയ്യിദ് കോളേജ്, തളിപ്പറമ്പ | 11700 | 820754, 31-08-2017 |
| 123 | പ്രിൻസിപ്പാൾ, മഹാത്മാഗാന്ധി കോളേജ്, ഇരിട്ടി | 10100 | 820760, 31-08-2017 |
| 128 | പ്രിൻസിപ്പാൾ, ഗോവിന്ദ പൈ മെമ്മോറിയൽ ഗവ. കോളേജ് , കാസർഗോഡ് | 12400 | 247134 06-10-2017 |
| 131 | പ്രിൻസിപ്പാൾ, സർ-സയ്യിദ് കോളേജ്, തളിപ്പറമ്പ | 10500 | 247137 06-10-2017 |
| 140 | പ്രിൻസിപ്പാൾ, ഗവ.കോളേജ്, വിദ്യാനഗർ, കാസർഗോഡ് | 22500 | 247320 18-11-2017 |
| 142 | പ്രിൻസിപ്പാൾ, എസ്. എൻ.കോളേജ്, കണ്ണൂർ. | 37500 | 247380 |

| | | | |
|---|---|---|---|
| | | | 20-11-2017 |
| | | 202650 | |
| | ആകെ തുക | 9,17,750 | |

# 3-2 പ്രവർത്തനാവലോകനം

## 3-2-1 എഞ്ചിനീയറിംഗ് വിഭാഗം

### (1) എൻജിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിൽ സർവ്വകലാശാലക്കുണ്ടായ വീഴ്ച

സർവകലാശാല പ്രവർത്തനമാരംഭിച്ച സമയത്ത് എൻജിനീയറിംഗ് വിഭാഗത്തിന് സർക്കാർ അനുവദിച്ച തസ്തികകളുടെ വിവരങ്ങളും സർവകലാശാല ഓർഡിനൻസ് പ്രകാരം ഓരോ തസ്തികയുടെ അടിസ്ഥാനയോഗ്യതയും ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | സർക്കാർ അനുവദിച്ച തസ്തികകളുടെ എണ്ണം | ഓർഡിനൻസ് പ്രകാരമുള്ള യോഗ്യത |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 1 | സംസ്ഥാന സർക്കാരിൽ സമാന തസ്തികക്കുള്ളയോഗ്യത |
| അസിസ്റ്റന്റ് എൻജിനീയർ | 1 | ----ടി---- |
| ഓവർസിയർ ഗ്രേഡ്-1 (സിവിൽ) | 1 | ----ടി---- |
| ഓവർസിയർ ഗ്രേഡ്-1 (ഇലക്ട്രിക്കൽ) | 1 | ----ടി---- |
| ഇലക്ട്രീഷ്യൻ | 1 | ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സർവകലാശാലയിലെ എൻജിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | തസ്തിക | സർക്കാർ അനുവദിച്ച തസ്തികകളുടെ എണ്ണം | സ്ഥിരം ജീവനക്കാരുടെ എണ്ണം | കരാർ ജീവനക്കാരുടെ എണ്ണം | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | 1 | ഇല്ല | 1 (18-05-2018ന് ആദ്യമായി നിയമിച്ചു.) | 1 | |
| 2 | അസിസ്റ്റന്റ് എൻജിനീയർ | 1 | 1 | ഇല്ല | 1 | |
| 3 | ഓവർസിയർ ഗ്രേഡ്1(സിവിൽ) | 1 | ഇല്ല | 1 | 1 | |
| 4 | ഓവർസിയർ | 1 | 1 | ഇല്ല | 1 | |

| | | | | | | |
|---|---|---|---|---|---|---|
| | ഗ്രേഡ്-1 (ഇലക്ട്രിക്കൽ) | | | | | |
| 5 | ഇലക്ട്രീഷ്യൻ | 1 | ഇല്ല | 2 | 2 | |
| ആകെ | | 5 | 2 | 4 | 6 | |

സർവകലാശാല എൻജിനീയറിംഗ് സിവിൽ വിഭാഗത്തിൽ നിലവിൽ താൽക്കാലിക ജീവനക്കാർ മാത്രമാണ് ജോലിചെയ്തുവരുന്നത്.

അടിയന്തിര പ്രാധാന്യത്തോടെ നിയമനം നടത്തേണ്ടിയിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ, ഓവർസിയർ ഗ്രേഡ്-1 (സിവിൽ), ഓവർസിയർ ഗ്രേഡ്-1 (ഇലക്ട്രിക്കൽ) തസ്തികകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം നടത്താതെ അനിശ്ചിതമായി വൈകിപ്പിക്കുകയായിരുന്നു.

അന്തർസർവകലാശാല സ്ഥലം മാറ്റം മുഖേന പിന്നീട് താഴെപ്പറയുന്ന തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുകയുണ്ടായി.

| ക്രമ നമ്പർ | തസ്തികയുടെ പേര് | അന്തർസർവകലാശാല സ്ഥലം മാറ്റം സംബന്ധിച്ച വിവരം |
|---|---|---|
| 1 | ഓവർസിയർ ഗ്രേഡ്-1 (സിവിൽ) | കേരളയൂണിവേഴ്സിറ്റിയിൽ നിന്നും ഓവർസിയർ ഗ്രേഡ് -1 തസ്തികയിൽ നിന്നും കണ്ണൂർ സർവകലാശാലയിൽ ഓവർസിയർ ഗ്രേഡ് -2 ആയി 07-06-2005 തീയതിയിൽ ജോലിയിൽ പ്രവേശിച്ചു. |
| 2 | ഓവർസിയർ ഗ്രേഡ്-1 (ഇലക്ട്രിക്കൽ) | കലിക്കറ്റ് സർവകലാശാലയിൽ നിന്നും പമ്പ് ഓപ്പറേറ്റർ തസ്തികയിൽ ഓപ്ഷൻ മുഖേന സ്ഥലം മാറ്റം ലഭിച്ച് 03-11-1998 ന് കണ്ണൂർ സർവകലാശാലയിൽ ജോലിയിൽ പ്രവേശിച്ചു. 30-06-2010 ന് ഓവർസിയർ ഗ്രേഡ്-1 (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചു. |

## (2) എൻജീനീയർമാരും ഓവർസിയർമാരും ഇല്ലാത്തതിനാൽ മൾട്ടി കാമ്പസിലുള്ള സർവകലാശാലയുടെ പൊതുമരാമത്ത് പ്രവൃത്തികൾ മേൽനോട്ടം നടത്തുന്നില്ല. കരാർ പ്രവൃത്തികളുടെ നിർവഹണത്തിൽ ഗുരുതരമായ വീഴ്ചകളുണ്ടാവുന്നു.

കണ്ണൂർ സർവകലാശാലയിൽ താവക്കര മെയിൻ കാമ്പസിന് പുറമെ മാങ്ങാട്ട് പറമ്പ്, കാസർഗോഡ്, നീലേശ്വരം, പയ്യന്നൂർ, പാലയാട്(തലശ്ശേരി), മാനന്തവാടി എന്നിവിടങ്ങളിൽ കാമ്പസുകൾ പ്രവർത്തിക്കുന്നുണ്ട്. സി പി ഡബ്ല്യു ഡി, അക്രഡിറ്റഡ് ഏജൻസികളായ നിർമ്മിതികേന്ദ്ര, ഊരാളുങ്കൽ ലേബർ കോൺട്രക്ടേഴ്സ് കോ-ഓപ് സൊസൈറ്റി(ULCCS), കൺസൽട്ടൻസി വ്യവസ്ഥയിൽ കരാർ ഏറ്റെടുത്ത് പണികൾ നടത്തുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവക്ക് നിർവഹണ ചുമതല നൽകിയ നിരവധി പൊതുമരാമത്ത് കെട്ടിടനിർമ്മാണ പ്രവൃത്തികൾ സർവകലാശാലയുടെ വിവിധ കാമ്പസുകളിൽ നിലവിൽ നടന്നുവരുന്നുണ്ട്. സി പി ഡബ്ല്യു ഡി ക്ക് ഏൽപ്പിച്ച പ്രവൃത്തികൾ ടെണ്ടർ നൽകിയാണ് കരാറുകാരെ ഏൽപ്പിക്കുന്നത്. ULCCS അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ നേരിട്ടും നിർമ്മിതി കേന്ദ്ര സ്വന്തം നിലയിലുമാണ് (നിർമ്മിതി കേന്ദ്ര പല പ്രവൃത്തികളും സബ് കോൺട്രാക്ട് നല്കുന്നുമുണ്ട്) പ്രവൃത്തികളുടെ നിർവഹണം നടത്തുന്നത്.

കോടിക്കണക്കിന് രൂപയുടെ കെട്ടിടനിർമ്മാണ പ്രവൃത്തികളാണ് സർവകലാശാലയിൽ നടന്നുവരുന്നത്. കിഫ്ബിയിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന150 കോടി രൂപയുടെ ധനസഹായം കൂടി കണക്കിലെടുത്ത് നിരവധി കെട്ടിടനിർമ്മാണ പ്രൊജക്ടുകൾക്ക് സർവകലാശാല രൂപം നൽകിയിട്ടുമുണ്ട്. നിലവിൽ നടന്നുവരുന്നതും ഭാവിയിൽ നടക്കാനിരിക്കുന്നതുമായ പൊതുമരാമത്ത് പ്രൊജക്ടുകളുടെ മേൽനോട്ടച്ചുമതല നിർവഹിക്കുന്നതിന് സർവകലാശാലയിൽ സിവിൽ ഓവർസിയർമാർ ആരുംതന്നെയില്ല. സർവകലാശാലയിലെ ഒരു അസിസ്റ്റന്റ് എൻജിനീയർക്ക് (നിലവിൽ സസ്പെൻഷനിലാണ്) താവക്കര കാമ്പസിലെയും മറ്റ് വിവിധ കാമ്പസുകളിലും ഏതാണ്ട് ഒരേ സമയം നടക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ നിരീക്ഷിച്ച് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്താനാവുന്നില്ലെയെന്നത് സുവ്യക്തമാണ്. കരാറടിസ്ഥാനത്തിൽ നിയമിച്ച ഒരു സിവിൽ ഓവർസിയറാണ് സർവകലാശാലയിലുള്ളത്. ഈ ഓവർസിയർക്ക് സർവകലാശാലയിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ 10% പ്രവൃത്തികൾ പോലും മേൽ നോട്ടം ചെയ്യാനാകില്ലെന്നുറപ്പാണ്. നിർമ്മാണത്തിന്റെ സുപ്രധാന ഘട്ടങ്ങളിൽ ഓവ്വസിയർമാരുടെയും എൻജിനീയർമാരുടെയും മേൽനോട്ടമില്ലാതെ പോതുമരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെടുന്നത് ക്രമക്കേടുകൾക്കും ഗുണനിലവാരചോർച്ചക്കും ഇടയാക്കുമെന്ന കാര്യം യുക്തമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണം ഏൽപ്പിച്ച ഏജൻസികളുടെ എൻജിനീയർമാരും കൺസൽട്ടൻസി ഏജൻസിക്കാരും തയ്യാറാക്കുന്ന അളവ് പുസ്തകത്തിലെ അളവുകൾ സർവകലാശാലയിലെ അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല. അസിസ്റ്റന്റ് എൻജിനീയർ പരിശോധിച്ച അളവുകൾ ചെക്ക് മെഷർ ചെയ്യുന്നതിന് ക്ഷമതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് സർവകലാശാല നടപടി സ്വീകരിച്ചിട്ടുമില്ല. നിർവഹണ ഏജൻസികളുടെ എൻജീനീയർമാരും കൺസൽട്ടൻസി ഏജൻസിക്കാരും തയ്യാറാക്കി നൽകുന്ന അളവ് പുസ്തകത്തിലെ അളവുകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള എൻജിനീയറിംഗ് വിഭാഗത്തിലെ യോഗ്യരായ ജീവനക്കാരുടെ കുറവ് മൂലം നിർവഹണ ഏജൻസികളുടെ എൻജീനീയർമാരും കൺസൽട്ടൻസി ഏജൻസിക്കാരും തയ്യാറാക്കി നൽകുന്ന ബില്ലുകൾ അതേപടി പാസ്സാക്കി നൽകുന്ന സ്ഥിതിയാണ് സർവകലാശാലയിലുള്ളത്. ഇത് കരാറുകാർക്ക് ലക്ഷക്കണക്കിന് രൂപ അധികം നൽകുന്നതിനിതിടയാക്കുന്നുണ്ടെന്ന കാര്യവും യുക്തമായ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

സെൻട്രൽ ലൈബ്രറി, ഭരണവിഭാഗം കെട്ടിടങ്ങളുടെ നിർമ്മാണത്തിലെ അപാകങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് സർവകലാശാല എൻജിനീയർ, കേരള സർവകലാശാല, ഡോ:ഉണ്ണികൃഷ്ണൻ, ഗവർമെന്റ് എൻജിനീയറിംഗ് കോളേജ്, തൃശ്ശൂർ, പ്രൊ.മിത്ര ഡി.സി, അസോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം, പ്രൊ.ബിജു.വി, അസോസിയേറ്റ് പ്രൊഫസർ, കോളേജ് ഓഫ് എൻജിനീയറിംഗ്, തിരുവനന്തപുരം എന്നിവരടങ്ങുന്ന ഒരു വിദഗ്ദസംഘത്തെ സർവകലാശാല നിയോഗിച്ചിരുന്നു. 2018 ആഗസ്റ്റ് 9,10 തീയതികളിലായി വിദഗ്ദസംഘം സെൻട്രൽ ലൈബ്രറി, ഭരണവിഭാഗം കെട്ടിടങ്ങളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. സെൻട്രൽ ലൈബ്രറി, ഭരണവിഭാഗം കെട്ടിടങ്ങളിൽ പൈലിംഗ് വേണ്ടത്ര ആഴത്തിൽ നടത്തിയിട്ടില്ല.
2. സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ വിള്ളലുകൾ കാണപ്പെട്ടത് പ്ലിന്ത് ബീം നിർമ്മിക്കാതെ ഭിത്തി പണിതതിനാലാണ്.

3. സെൻട്രൽ ലൈബ്രറി കെട്ടിടത്തിന്റെ ഫ്ലോറിംഗിന് ഗുണനിലവാരമില്ലാത്ത വിട്രിഫൈഡ് ടൈലുകൾ ഉപയോഗിച്ചു.
4. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ M25, M30 ഗ്രേഡിലുള്ള കോൺക്രീറ്റ് ഉപയോഗിക്കേണ്ടതിന് പകരം M20 ഗ്രേഡ് കോൺക്രീറ്റ് ഉപയോഗിച്ചു.
5. സെൻട്രൽ ലൈബ്രറി കെട്ടിടത്തിലെ വിവിധ സാനിറ്ററി ഉപകരണങ്ങൾ ഗുണനിലവാരമുള്ളതല്ല.
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ഇല്ലാതെ നിർമ്മാണ പ്രവൃത്തികൾ നടത്തിയത് കാരണം ഒക്കുപ്പൻസി ലഭിക്കാത്തതിനാലാണ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനാവാതെ കോടിക്കണക്കിന് രൂപയുടെ നിഷ്ക്രിയചെലവുകൾ ഉണ്ടായത്.

വിവിധ ഏജൻസികൾ വഴി നിർവഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ അംഗീകരിച്ച പ്ലാൻ, എസ്റ്റിമേറ്റ് എന്നിവക്ക് വിരുദ്ധമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹണ ഏജൻസികളുടെയും കരാറുകാരുടെയും ശ്രദ്ധയിൽപ്പെടുത്തി യഥാസമയം പരിഹരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറുടെ കൃത്യമായ മോണിറ്ററിഗും സൂപ്പർവിഷനും അത്യാവശ്യമാണ്. മോണിറ്ററിംഗിലെയും സൂപ്പർവിഷനിലെയും പരാജയം സർവകലാശാല പൊതുമരാമത്ത് പ്രവൃത്തികളിൽ ക്രമക്കേടും ഗുണനിലവാരക്കുറവും ഉണ്ടാകുന്നതിനിടയാക്കിയതായി മേൽ സൂചിപ്പിച്ച കണ്ടെത്തലുകളിൽ നിന്ന് വ്യക്തമാണ്.

## (3) കാര്യക്ഷമതയില്ലാത്ത എൻജിനീയറിംഗ്, പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം- പൊതുമരാമത്ത് പ്രവർത്തികൾക്ക് ബജറ്റിൽ വകയിരുത്തിയ 83% തുകയും ചെലവഴിക്കാനായില്ല.

കണ്ണൂർ സർവകലാശാലയുടെ 2017-2018 വർഷത്തെ ബജറ്റിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി താഴെപ്പറയുന്ന മേജർ ഹെഡുകളിൽ വകയിരുത്തിയ തുകകളിൽ 17% മാത്രമാണ് ചെലവ് നടന്നിട്ടുള്ളത്. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ പ്ലാനിംഗ് & ഡെവലപ്മെന്റ് വിഭാഗം വരുത്തിയ ഗുരുതരമായ വീഴ്ചകളും എൻജിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മയുമാണ് സർക്കാർ അനുവദിച്ച ഗ്രാന്റ് ഏറ്റവും കൂടുതൽ ചെലവഴിക്കപ്പെടേണ്ട ഹെഡുകളിൽ ചെലവ് നാമമാത്രമാകുന്നതിനിടയാക്കിയതും ഇതു വഴി സ്രക്കാർ ഗ്രാന്റ് നഷ്ടപ്പെടാനിടയായതെന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| മേജർ ഹെഡ് | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| 431- വർക്സ് (സ്റ്റേറ്റ് പ്ലാൻ) | 49,25,00,000 | 9,21,47,080 | 18.7% |
| 931-വർക്സ് (യു ജി സി ഡെവലപ്മെന്റൽ പ്രോഗ്രാം) | 15,27,00,000 | 1,57,38,929 | 10.3% |
| ആകെ | 64,52,00,000 | 10,78,86,009 | 16.7% |

## (4) എൻജിനീയറിംഗ് വിഭാഗത്തിൽ തസ്തികകൾ സൃഷ്ടിക്കുവാനും നിയമനം നടത്തുവാനും ഉള്ള നടപടി സ്വീകരിക്കുന്നതിൽ സർവകലാശാലക്ക് നിസംഗത.

കണ്ണൂർ സർവകലാശാല രൂപീകരണത്തിന് ശേഷം പല ഘട്ടങ്ങളിലായി അസിസ്റ്റന്റ് മുതൽ ജോയന്റ് രജിസ്ട്രാർ വരെയുള്ള തസ്തികകൾ സർവകലാശാലയിൽ സൃഷ്ടിക്കുകയും നിയമനം യഥാസമയം തന്നെ നടത്തുകയുമുണ്ടായി. ഏറ്റവും ഒടുവിൽ 2018 വർഷത്തിലും 100 ലധികം തസ്തികകൾ ഈ വിഭാഗത്തിൽ സർക്കാർ അനുവദിക്കുകയുണ്ടായി. സർവകലാശാലയുടെ രൂപീകരണഘട്ടത്തിൽ തന്നെ അനുവദിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തിക ഇതുവരെ നികത്തിയിട്ടില്ല. സാങ്കേതികാനുമതി നൽകൽ, എസ്റ്റിമേറ്റുകളുടെ പരിശോധന, എസ്റ്റിമേറ്റ് തയ്യാറാക്കൽ, അളവ് പുസ്തക പരിശോധന മുതലായ സുപ്രധാനചുമതലകൾ നിർവഹിക്കേണ്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തിക നികത്താതെയിരുന്നത് വലിയ വീഴ്ചയാണ്. അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽ യോഗ്യതയില്ലാത്ത ജീവനക്കാരന് നിയമനം നൽകിയതും വീഴ്ചയാണ്. വർഷങ്ങളായി ഓവർസിയർ(സിവിൽ) തസ്തിക ഒഴിഞ്ഞുകിടക്കുന്നു. സർവകലാശാലയിലെ അനധ്യാപകനിയമനം നിലവിൽ പി.എസ്.സി മുഖേന മാത്രമേ നടത്തുവാൻ കഴിയൂ. സർവകലാശാലയിൽ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിക്കപ്പെടുന്ന പൊതുമരാമത്ത് വിഭാഗം ഉൾക്കൊള്ളുന്ന എൻജിനീയറിംഗ് വിംഗിൽ ആവശ്യത്തിനുള്ള തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നതും അനുവദിച്ച തസ്തികകൾ നികത്താതെ ഒഴിച്ചിട്ടതും യോഗ്യരായ ജീവനക്കാരെ നിയമിക്കുന്നതിന് പകരം യോഗ്യതയില്ലാത്ത ആളെ അസിസ്റ്റന്റ് എൻജിനീയർ തസ്തികകയിൽ നിയമിച്ചതും വഴി സർവകലാശാലയിലെ അധികാരികൾ തന്നെയാണ് എൻജിനീയറിംഗ് വിഭാഗത്തിലെ നിലവിലെ പ്രതിസന്ധിക്കിടയാക്കിയതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## (5) ഓഡിറ്റ് നിർദ്ദേശങ്ങൾ

- *എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിലുള്ള സർവകലാശാല എൻജിനീയർ തസ്തിക സൃഷ്ടിക്കുക.*
- *ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തിക, ഓവർസിയർ ഗ്രേഡ് (സിവിൽ ) തസ്തിക എന്നിവ നികത്തുന്നതിന് സത്വരനടപടി സ്വീകരിക്കുക.പി എസ് സി വഴി നിയമനം നടത്തുന്നതിന് കാലതാമസം ഉള്ള പക്ഷം സർക്കാർ സ്പെഷൽ ഓർഡർ വഴിയോ ഡെപ്യൂട്ടേഷൻ മുഖേനയോ ഒഴിവുകൾ നികത്തുക.*
- *നിലവിൽ അസിസ്റ്റന്റ് എൻജിനീയറുടെ അംഗീകൃതതസ്തികയുടെ എണ്ണം ഒന്ന് ആണ്. ഇത് തികച്ചും അപര്യാപ്തമാണ്. ഇതു സംബന്ധിച്ച് ഒരു വർക്ക് സ്റ്റഡി നടത്തുകയും ആയത് പ്രകാരം*

അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക സൃഷ്ടിക്കുക. ഈ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് നടത്തുക.

- അംഗീകരിച്ച പ്ലാൻ,എസ്റ്റിമേറ്റ് എന്നിവ പ്രകാരം വിവിധ ഏജൻസികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. അളവ് പുസ്തകത്തിലെ അളവുകൾ സർവകലാശാല എൻജിനീയർ ചെക്ക് മെഷർ ചെയ്യുക.
- പ്രവൃത്തികളുടെ നിശ്ചിത ഇടവേളകളിലും നിർബന്ധമായും അളവെടുക്കേണ്ട സന്ദർഭങ്ങളിലും അസിസ്റ്റന്റ് എൻജിനീയർ അളവുകൾ പരിശോധിച്ച് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുക.
- സർവകലാശാല നടത്തുന്ന വിവിധ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

## 3-2-2 യൂണിവേഴ്സിറ്റി കാഷ് കൗണ്ടർ

വിദ്യാർത്ഥികൾക്ക് വിവിധ ഫീസുകൾ നേരിട്ട് സർവ്വകലാശാലയിൽ ഒടുക്കുന്നതിനായുള്ള കാഷ് കൗണ്ടറും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനായുള്ള വെബ്സെന്ററും സർവ്വകലാശാല ആസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ബാങ്കിന്റെ ഓൺലൈൻ പേയ്മെന്റ് പോർട്ടലായ എസ്.ബി.ഐ കളക്ടിലൂടെ എ.ടി.എം/ഡെബിറ്റ് കാർഡ് വഴിയോ ഇന്റർനെറ്റ് ബാങ്കിങ് വഴിയോ ഓൺലൈനായി പണമടക്കാനുള്ള സൗകര്യം വെബ്സെന്ററിൽ ഒരുക്കിയിട്ടുണ്ട്. കാഷ് കൗണ്ടർ, വെബ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>വിദ്യാർത്ഥികളിൽ നിന്നും അധികം തുക ഈടാക്കുന്നു.</u>

യൂണിവേഴ്സിറ്റി കാഷ് കൗണ്ടറിൽ പ്രതിദിനം ശരാശരി 150 കുട്ടികൾ വിവിധ തരം ഫീസടക്കുവാൻ എത്തുന്നുണ്ട്. ഈ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിലുള്ള തുകയോടൊപ്പം സർവ്വീസ് ചാർജായി 10/- രൂപ അധികമായി ഈടാക്കുന്നുണ്ട്. ഓരോ രശീതിലും 10/-രൂപ അധികമായി ഈടാക്കുന്നതുവഴി വലിയ തുക സർവ്വകലാശാല അക്കൗണ്ടിൽ എത്തിച്ചേരുന്നുണ്ട്. ഇതു

സംബന്ധിച്ച് സർവ്വകലാശാല വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന സേവനത്തിനുള്ള സർവ്വീസ് ചാർജായാണ് 10/- രൂപ ഈടാക്കുന്നതെന്നും കാഷ് കളക്ഷനുമായി ബന്ധപ്പെട്ട സ്റ്റേഷനറിയും മറ്റുമായ ചെലവുകൾ കണ്ടെത്തുന്നതിനാണ് ഈ തുക ഈടാക്കുന്നതെന്നും ഫിനാൻസ് ഓഫീസർ അറിയിച്ചിട്ടുണ്ട് (05-03-2019 ലെ ഫിൻ ഇ1/8439/കെ.എസ്.എഡി ഓഡിറ്റ്/2017-18). സർവ്വകലാശാലയിൽ നേരിട്ട് പണമടക്കുന്ന വിദ്യാർത്ഥികളിൽ നിന്നും മാത്രം സർവ്വകലാശാല ഉത്തരവില്ലാതെ സർവ്വീസ് ചാർജായി 10/- രൂപ കൂടുതൽ ഈടാക്കുന്നത് ശരിയായ നടപടിയല്ല. സ്റ്റേഷനറിയും മറ്റ് ചെലവുകളും ഉൾപ്പെടുത്തിയാണ് സർവ്വകലാശാല വിവിധ ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. ഈ ഫീസ് നിരക്കിന് പുറമെ അധിക ചാർജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. ആയത് പിൻവലിക്കേണ്ടതാണ്.

**2) <u>ജീവനക്കാരൻ അവധിയിലാകുമ്പോൾ കൗണ്ടർ തുറന്നു പ്രവർത്തിക്കുന്നില്ല.</u>**

സർവ്വകലാശാലയിൽ ആകെ ഒരു കാഷ് കൗണ്ടർ മാത്രമാണ് പ്രവർത്തിക്കുന്നത്. കൗണ്ടർ വഴി പണം സ്വീകരിക്കുന്നതിന് ഒരു അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കൗണ്ടറിൽ ജോലിചെയ്യുന്ന അസിസ്റ്റന്റ് അവധിയിലാകുമ്പോൾ കാഷ് കൗണ്ടർ തുറന്നു പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. ബദൽ സംവിധാനം ഒന്നുംതന്നെ ഒരുക്കാതെ തുടർച്ചയായി ദിവസങ്ങളോളം കൗണ്ടർ അടഞ്ഞുകിടക്കാറുണ്ട്. ഉദാഹരണത്തിന് 2018 സെപ്തംബർ മാസം 3, 4, 10, 22, 24 എന്നീ ദിവസങ്ങൾ പ്രവൃത്തിദിനങ്ങൾ ആയിരുന്നിട്ടും കൗണ്ടർ തുറന്നു പ്രവർത്തിച്ചു കാണുന്നില്ല (ടി.ആർ.5 ഡെയ്‌ലി ചെക്കിങ് രജിസ്റ്റർ പ്രകാരം). ഇതുമൂലം ഡെബിറ്റ്/എ.ടി.എം കാർഡുകളുടെ സഹായമില്ലാതെ പണമടക്കാനെത്തുന്ന വിദ്യാർത്ഥികൾ ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ സ്റ്റുഡന്റ്സ് വെബ് സെന്ററിൽ ജോലിചെയ്യുന്നയാൾ അവധിയിലാകുമ്പോൾ വെബ്സെന്ററും പ്രവർത്തിക്കുന്നില്ല എന്നു കണ്ടു. ജീവനക്കാരുടെ കുറവു മൂലമാണ് കാഷ് കൗണ്ടറിലെയും വെബ്സെന്ററിലെയും ജീവനക്കാർ അവധിയിലാകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത് എന്നാണ് ഇതിന് മറുപടി ലഭ്യമാക്കിയത്. എന്നിരുന്നാലും കാഷ് കൗണ്ടർ, വെബ്സെന്റർ എന്നിങ്ങനെ പ്രാധാന്യമർഹിക്കുന്ന ഇടങ്ങളിൽ ജീവനക്കാർ അവധിയിലാകുമ്പോൾ ബദൽ സംവിധാനം ഏർപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**3) <u>കാഷ് കൗണ്ടർ കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച അപാകങ്ങൾ</u>**

05-03-2019 ന് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കിയ സർവ്വകലാശാല കാഷ് കൗണ്ടറിൽ പണമടക്കുന്ന വിദ്യാർത്ഥികൾക്ക് പ്രിന്റഡ് രശീതാണ് നൽകിവരുന്നത്. ചലാൻ ഫോം പൂരിപ്പിച്ചുനൽകി പണമടക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന രശീതിന്റെ ഒരു കോപ്പി സർവ്വകലാശാലയിൽ സൂക്ഷിക്കുന്നു. കമ്പ്യൂട്ടറൈസ് ചെയ്ത കാഷ് കൗണ്ടറിന്റെ പ്രവർത്തനത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. നിലവിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന രശീത് എ 4 പേപ്പറിലാണ് പ്രിന്റ്ചെയ്ത് നൽകുന്നത്. ഇത് ശരിയായ നടപടിക്രമമല്ല. മുൻകൂട്ടി പ്രിന്റ് ചെയ്ത സ്റ്റേഷനറി രശീതായി ഉപയോഗിക്കേണ്ടതാണ്. ഓരോ സ്റ്റേഷനറിക്കും ക്രമ നമ്പർ നൽകേണ്ടതുമാണ്.
2. ഒരിക്കൽ പ്രിന്റ് ചെയ്ത രശീതുകൾ ക്യാൻസൽ ചെയ്യേണ്ടി വരുന്ന വേളയിൽ അത് എഡിറ്റുചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത്

അടിയന്തിരമായി ഒഴിവാക്കേണ്ടതാണ്. ക്യാൻസൽ ചെയ്ത രശീതുകൾ ഒരു കാരണവശാലും എഡിറ്റ് ചെയ്യരുത്. വിദ്യാർത്ഥികൾക്ക് പകരം പുതിയ രശീത് നൽകേണ്ടതാണ്.

3. രശീത് കാൻസൽ ചെയ്ത് പണം തിരികെ നൽകുന്ന വിദ്യാർത്ഥികളിൽനിന്നും അവർക്ക് നൽകിയ രശീത് തിരികെ വാങ്ങി സൂക്ഷിക്കുന്നില്ല. ആയത് തിരികെ വാങ്ങി ഒറിജിനൽ രശീതിനൊപ്പം സൂക്ഷിക്കേണ്ടതാണ്.

# 3-2-3 പരീക്ഷാവിഭാഗം

## (1) <u>പരീക്ഷാവിഭാഗം തപാൽ സെക്ഷനിൽ അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിലും പരീക്ഷാവിഭാഗത്തിന് കൈമാറുന്നതിലും അനാവശ്യമായ കാലതാമസം.</u>

പരീക്ഷാവിഭാഗം തപാൽ സെക്ഷനിലെ വിവിധ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള സാധാരണ അപേക്ഷകൾ തപാൽ സെക്ഷനിൽ രജിസ്റ്റർ ചെയ്ത് പരീക്ഷാവിഭാഗം സർട്ടിഫിക്കറ്റ് സെക്ഷന് കൈമാറുന്നതിൽ വലിയ കാലതാമസം ഉള്ളതായി കാണുന്നു. തപാൽ സെക്ഷനിൽ സൂക്ഷിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുന്ന വിവിധ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ യഥാസമയം രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം തപാൽ സെക്ഷനിൽ ഇല്ല. ഓരോ മാസത്തെയും അപേക്ഷകൾ കെട്ടുകളായി തിരിച്ച് സൂക്ഷിക്കുകയും പിന്നീട് വളരെ വൈകി ട്രാൻസിറ്റ് രജിസ്റ്ററിൽ ചേർത്ത് പരീക്ഷാവിഭാഗത്തിലെ സർട്ടിഫിക്കറ്റ് സെക്ഷനുകൾക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇപ്രകാരം തപാൽ

സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരീക്ഷാവിഭാഗത്തിലെ സർട്ടിഫിക്കറ്റ് സെക്ഷനുകൾക്ക് നൽകുന്നതിന് ദീർഘമായ കാലതാമസം നേരിടുന്നതായി തപാൽ സെക്ഷനിലെ ട്രാൻസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. അപേക്ഷകൾ പരീക്ഷാവിഭാഗത്തിലെ സർട്ടിഫിക്കറ്റ് സെക്ഷനുകൾക്ക് കൈമാറുന്നതിൽ 9 മാസത്തിലധികം കാലതാമസം നേരിട്ടുള്ളതായി പരിശോധനയിൽ നിന്നും വ്യക്തമാണ്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകളുടെ വിവരം | അപേക്ഷ തപാൽ സെക്ഷനിൽ ലഭിച്ച മാസം | അപേക്ഷ പരീക്ഷാവിഭാഗം സർട്ടിഫിക്കറ്റ് സെക്ഷനുകൾക്ക് കൈമാറിയ തീയതി |
|---|---|---|---|
| 1 | ബി കോം റെഗുലർ&എസ്.ഡി.ഇ | 4/2017 | 02-02-2018 |
| 2 | ബി.കോം (ഓഫ് ലൈൻ) | മാർച്ച്,ഏപ്രിൽ,മെയ്, ജൂൺ 2017 | 07-02-2018 |
| 3 | ബി.എ | 07/2017 | 09-03-2018 |
| 4 | ബി.കോം റഗുലർ 2014 അഡ്മിഷൻ | 02/2018 | 13-07-2018 |

അപേക്ഷകൾ പരീക്ഷാവിഭാഗം സർട്ടിഫിക്കറ്റ് സെക്ഷനിൽ നിന്നും നൽകിയതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകളുടെ വിവരം | അപേക്ഷ തപാൽ സെക്ഷനിൽ ലഭിച്ച മാസം | അപേക്ഷ പരീക്ഷാവിഭാഗം സർട്ടിഫിക്കറ്റ് സെക്ഷനുകൾക്ക് കൈമാറിയ തീയതി | സർട്ടി ഫിക്കറ്റ് നൽകിയ മാസം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ബി.എ (അപേക്ഷ നം. 1713 മുതൽ 1851 വരെ) | 05/2018 | 09/2018 | 12/2018 | |
| 2 | ബി.എ (അപേക്ഷ നം. 683 മുതൽ 802 വരെ) | 05/2017 | 11/2017 | 03/2018 | |

മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകൾ വളരെ വൈകി കൈമാറുന്നതിനാൽ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും വലിയ കാലതാമസം സ്വാഭാവികമായും നേരിടേണ്ടി വരുന്നുണ്ട്. പരീക്ഷാനടത്തിപ്പും, സർട്ടിഫിക്കറ്റ് വിതരണവും സർവ്വകലാശാലയുടെ പ്രാഥമിക ചുമതലയിൽപ്പെടുന്നതാകയാൽ, തപാൽ സെക്ഷനിൽ തപാൽ രജിസ്റ്റർ ചെയ്യുന്നതിനും വിതരണത്തിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡിഗ്രി സർട്ടിഫിക്കറ്റ് സെക്ഷനുകളിൽ ജീവനക്കാരുടെ കുറവും അപേക്ഷകൾ സൂക്ഷിക്കുവാനുള്ള സ്ഥലപരിമിതിയും കാരണമാണ് തപാൽ സെക്ഷനിൽ നിന്നും അപേക്ഷകൾ കൈമാറുന്നതിന് കാലതാമസം നേരിടുവാനിടയായതെന്നും ആയതിന് പരിഹാര നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും പരീക്ഷാകൺട്രോളർ അറിയിക്കുകയുണ്ടായി.

## (2) പരീക്ഷാ നടത്തിപ്പ് ചെലവുകൾക്കായി അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

പരീക്ഷാ നടത്തിപ്പ് ചെലവുകൾക്കായി സർവ്വകലാശാല വിവിധ പരീക്ഷാ സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് മുൻകൂറുകൾ അനുവദിച്ചുവരുന്നുണ്ട്. മുൻകൂർ അനുവദിച്ച സർവ്വകലാശാല ഉത്തരവ് പ്രകാരം അവസാന പരീക്ഷ കഴിഞ്ഞ് ഒരു മാസത്തിനകം മുൻകൂർ ക്രമീകരിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം മുൻകൂർ ഇനത്തിൽ അനുവദിച്ച 19,47,050/- രൂപയിൽ 2,02,450/- രൂപ ഇനിയും ക്രമീകരിക്കാൻ ബാക്കിയുണ്ട്. ജി.ഒ(പി)നം.419/2011/ഫിൻ തീയ്യതി: 04-10-2011, ജി.ഒ(പി)നം.390/2012/ഫിൻ തീയ്യതി:10-07-2012 എന്നീ സർക്കാർ ഉത്തരവുകളിൽ മുൻകൂർ നിശ്ചിത സമയത്തിനകം ക്രമീകരിച്ചില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും മുൻകൂർ ക്രമീകരിക്കാൻ വൈകിയാൽ സർവ്വകലാശാല പലിശ ഈടാക്കുന്നില്ല.

## (3) കോൺഫിഡൻഷ്യൽ / സീക്രട്ട് ചെലവുകളുടെ സ്റ്റേയിറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്

പരീക്ഷാനടത്തിപ്പിനത്തിൽ ക്വസ്റ്റൻ പേപ്പർ തയ്യാറാക്കുന്നവർക്കുള്ള പ്രതിഫലം, ക്വസ്റ്റൻ പേപ്പർ പ്രിന്റിങ്ങ് തുടങ്ങിയവക്കായി സർവകലാശാലക്ക് കോൺഫിഡൻഷ്യൽ/ സീക്രട്ട് ചെലവുകൾ ചെയ്യേണ്ടി വരുന്നുണ്ട്. പരീക്ഷനടത്തിപ്പിന്റെ രഹസ്യാത്മകത നിലനിർത്തേണ്ടതിനാൽ ഇത്തരം ചെലവുകളുടെ വൗച്ചറുകൾ ഓഡിറ്റിന് സമർപ്പിക്കാൻ സാധിക്കില്ല. പരീക്ഷാ നടത്തിപ്പ് ഇനത്തിലുള്ള കോൺഫിഡൻഷ്യൽ/ സീക്രട്ട് ചെലവുകളുടെ സ്റ്റേയിറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും പ്രസ്തുത സ്റ്റേയിറ്റ്മെന്റ് സൂക്ഷിക്കുന്നില്ല എന്നാണ് ഓഡിറ്റ് അന്വേഷണം 1/21-11-2018 നുള്ള മറുപടിയിൽ പരീക്ഷ കൺട്രോളർ വ്യക്തമാക്കിയിട്ടുള്ളത്. ഭാവിയിൽ പരീക്ഷാ നടത്തിപ്പ് ഇനത്തിലുള്ള കോൺഫിഡൻഷ്യൽ/ സീക്രട്ട് ചെലവുകളുടെ സ്റ്റേയിറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

## (4) യു.ജി.സി സ്കെയിലിൽ ശമ്പളം പറ്റുന്ന അധ്യാപകർക്ക് റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയത്തിന് നൽകിയ പ്രതിഫലം തിരിച്ച് പിടിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കണം

സർക്കാർ ഉത്തരവ് 171/99/ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി. 21.12.1999 പ്രകാരം യു.ജി.സി സ്കെയിലിലുള്ള ശമ്പള നിരക്ക് 01.01.1996 പ്രാബല്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി. പ്രസ്തുത ഉത്തരവ് പ്രകാരം അധ്യാപകരുടെ ജോലി സമയം, അദ്ധ്യാപന സമയം എന്നിവ നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവിൻെറ ഖണ്ഡിക 15.13 ൽ പരീക്ഷയുമായി ബന്ധപ്പെട്ട ജോലികളും ചുമതലകളും അദ്ധ്യാപകരുടെ കർത്തവ്യത്തിൻെറ ഭാഗമാണെന്നും ആയത് അവരുടെ പ്രവർത്തനക്ഷമത വിലയിരുത്തലിൻെറ ഭാഗമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് 03-01-2001 ലെ സർക്കാർ ഉത്തരവ് നമ്പർ 5/2001/H.Edn പ്രകാരം പ്രൈവറ്റ് രജിസ്ട്രേഷൻ ഒഴികെയുള്ള വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയം അദ്ധ്യാപകരുടെ ഔദ്യോഗിക കർത്തവ്യത്തിൻെറ ഭാഗമാണെന്നും ആയതിനാൽ പ്രത്യേക പ്രതിഫലം നൽകേണ്ടതില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ യു.ജി.സി/സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയത്തിന് പ്രതിഫലം നൽകുന്ന വിവരം

വ്യക്തമാക്കിയതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയത്തിന് നൽകിയ പ്രതിഫലം മൂന്ന് മാസത്തിനുള്ളിൽ തിരിച്ച് പിടിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 21.12.2016-ൽ 26/2016/H.Edn നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത നിർദ്ദേശപ്രകാരം റെഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ മൂല്യനിർണ്ണയത്തിന് നൽകിയ പ്രതിഫലം തിരിച്ച് പിടിക്കുന്നതിന് നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടില്ല.

പരീക്ഷാവിഭാഗം ഉത്തരപുസ്തകങ്ങളുടെ വേതനരഹിതമൂല്യനിർണ്ണയം സംബന്ധിച്ചും വേതനവർദ്ധനവ് അനുവദിച്ചും കൊണ്ടുള്ള 24-06-2017 ലെ Ex.CII/4/7167/2015 നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം സർക്കാർ എയ്ഡഡ് കോളേജുകൾ, സർവകലാശാലകൾ എന്നിവിടങ്ങളിലെ യു.ജി.സി ശമ്പളസ്കെയിലുള്ള അദ്ധ്യാപകർ സർവകലാശാല നടത്തിവരുന്ന വിവിധ കോഴ്സുകളുടെ ഉത്തരപുസ്തകങ്ങൾ താഴെ ചേർത്ത എണ്ണം വീതം ഓരോ സെക്ഷൻ പരീക്ഷകളിലും വേതനം കൈപ്പറ്റാതെ മൂല്യനിർണ്ണയം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

| | ബിരുദ കോഴ്സുകൾ | ബിരുദാനന്തര ബിരുദ കോഴ്സുകൾ |
|---|---|---|
| ശാസ്ത്രവിഷയങ്ങൾ | 60എണ്ണം | 15എണ്ണം |
| ശാസ്ത്രേതരവിഷയങ്ങൾ | 75എണ്ണം | 22എണ്ണം |

യു.ജി.സി ശമ്പളസ്കെയിലുള്ള അദ്ധ്യാപകർ മേൽ സൂചിപ്പിച്ച രീതിയിൽ ഉത്തരപുസ്തകങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നുണ്ട്.

ഒരു അധ്യാപകൻ പഠിപ്പിക്കുന്ന റഗുലർ വിദ്യാർത്ഥികളുടെ എണ്ണം നിജപ്പെടുത്തി അതിനനുസൃതമായ എണ്ണം പരീക്ഷാപേപ്പറുകളുടെ മൂല്യനിർണ്ണയം നടത്തണമെന്ന് നിശ്ചയിച്ചിരുന്നുവെങ്കിൽ സർവകലാശാലയ്ക്ക് അധികബാധ്യത വരില്ലായിരുന്നു. ആയതിനാൽ ഓരോ അദ്ധ്യാപകനും പഠിപ്പിക്കുന്ന റഗുലർ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തി അധികം നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2-4 യു.ജി.സി-ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് സെന്റർ (എച്ച്.ആർ.ഡി.സി) - അവലോകനം

അദ്ധ്യാപകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായുള്ള യു.ജിസി-ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് സെന്റർ കണ്ണൂർ സർവകലാശാലയുടെ താവക്കര ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

ഹ്യൂമൺ റിസോഴ്സസ് ഡെവലപ്പ്മെന്റ് സെന്ററുകൾക്കായുള്ള യു.ജി.സി മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.2.2 പ്രകാരമുള്ള ലോക്കൽ പ്രോഗ്രാം പ്ലാനിങ്ങ് ആന്റ് മാനേജ്മെന്റ് കമ്മിറ്റി (എൽ.പി.പി.എം.സി) രൂപീകരിച്ചിട്ടുണ്ടെങ്കിലും 22-02-2016 ന് ശേഷം കമ്മിറ്റി യോഗം ചേർന്നിട്ടില്ല. നടത്തേണ്ട പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യാനും അവ നടപ്പിൽ വരുത്താനും, മോണിറ്റർ ചെയ്യാനും ചുമതലയുള്ള ലോക്കൽ പ്രോഗ്രാം പ്ലാനിങ്ങ് ആന്റ് മാനേജ്മെന്റ് കമ്മിറ്റി ചുമതല കൃത്യമായി നിർവഹിക്കാത്തതിനാൽ 2017-18 വർഷം ഷെഡ്യൂൾ ചെയ്ത പരിശീലന പരിപാടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. 2017-18 വർഷം ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരുന്ന 17 പരിശീലന പരിപാടികളിൽ 9 പരിശീലന പരിപാടികൾ മാത്രമാണ് പൂർത്തിയാക്കാൻ

സാധിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | ഷെഡ്യൂൾ ചെയ്ത പരിശീലന പരിപാടികളുടെ എണ്ണം | പൂർത്തിയാക്കിയ പരിശീലന പരിപാടികളുടെ എണ്ണം | നടത്താത പരിശീലന പരിപാടികളുടെ എണ്ണം |
|---|---|---|---|
| ഓറിയന്റേഷൻ പ്രോഗ്രാം | 4 | 4 | - |
| സ്പെസിഫിക്ക് റിഫ്രഷർ കോഴ്സ് | 3 | 2 | 1 |
| ഇന്റർ ഡിസിപ്ലിനറി റിഫ്രഷർ കോഴ്സ് | 3 | 1 | 2 |
| ഷോർട്ട് ടേം കോഴ്സ് | 5 | 1 | 4 |
| അഡീഷണൽ കോഴ്സ് | 2 | 1 | 1 |
| ആകെ | 17 | 9 | 8 |

അപേക്ഷകരുടെ കുറവാണ് കോഴ്സുകൾ നടക്കാത്തതിനുള്ള കാരണമായി രേഖപ്പെടുത്തിയിട്ടുള്ളത്. ലോക്കൽ പ്രോഗ്രാം പ്ലാനിങ്ങ് ആന്റ് മാനേജ്മെന്റ് കമ്മിറ്റി അപേക്ഷകർ കുറയാനുള്ള കാരണം വിലയിരുത്തേണ്ടതും കോഴ്സുകൾ ആസൂത്രണം ചെയ്തതിൽ പിഴവ് സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. സ്ഥിരം ജീവനക്കാരുടെ അഭാവവും സാമ്പത്തിക സഹായം വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കാത്തതുമാണ് യു.ജി.സി എച്ച്.ആർ.ഡി.സി യുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ കാരണമെന്ന് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

ഗ്രാന്റ് യഥാസമയം വിനിയോഗിക്കാത്തതിനാൽ 14,96,364/- രൂപ ഹ്യൂമൺ റിസോഴ്സസ് ഡവലപ്മെന്റ് സെന്ററിന് നഷ്ടപ്പെടുകയുണ്ടായി. യു.ജി.സി 12-ാം പദ്ധതിയുടെ കാലാവധി 2017 മാർച്ചിൽ അവസാനിച്ചതിനാൽ യു.ജി.സി- എച്ച്.ആർ.ഡി.സി ഗ്രാന്റിനത്തിൽ വിനിയോഗിക്കാൻ ബാക്കിയുണ്ടായിരുന്ന 14,96,364/- രൂപ ചെക്ക് നം. 651370 തീയതി:29-08-17 പ്രകാരം യു.ജി.സി യിലേക്ക് തിരിച്ചടക്കുകയുണ്ടായി. പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിലും സംഭവിച്ച പാളിച്ച കാരണമാണ് ഗ്രാന്റ് തുക മുഴുവനായി വിനിയോഗിക്കാൻ സാധിക്കാതിരുന്നത്. ലോക്കൽ പ്രോഗ്രാം പ്ലാനിങ് & മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി പരിശീലന പരിപാടികൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കി ഗ്രാന്റ് തുക മുഴുവൻ വിനിയോഗിക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

യു.ജി.സി യുടെ ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് സെന്ററുകൾക്കുവേണ്ടിയുള്ള മാർഗരേഖയിലെ ഖണ്ഡിക 3-8 അനുസരിച്ച് എല്ലാ പരിശീലനാർത്ഥികളിൽ നിന്നും 1000/- രൂപ വീതം അഡ്മിഷൻ ഫീസായി പിരിച്ചെടുക്കുന്നുണ്ട്. പരിശീലനാർത്ഥികളിൽ നിന്നും പിരിച്ചെടുക്കുന്ന തുക ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് സെന്ററിന്റെ വികസനത്തിനായി ഉപയോഗിക്കാമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പരിശീലനാർത്ഥികളിൽ നിന്ന് പിരിച്ചെടുക്കുന്ന അഡ്മിഷൻ ഫീസിന്റെ കണക്ക് സൂക്ഷിച്ചിട്ടില്ല. 2017-18 വർഷം ഈ ഇനത്തിൽ 4,95,000/- രൂപയോളം വരവുണ്ട്. അഡ്മിഷൻ ഫീസിനത്തിൽ ഇതേവരെ പിരിച്ചെടുത്ത തുകയുടെയും ഈ തുകയിൽ നിന്നുള്ള ചെലവിന്റെയും ഈ ഇനത്തിലുള്ള നീക്കിയിരിപ്പിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി കണക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ചാർട്ടേഡ് അക്കൗണ്ടന്റിന് 10,000 രൂപ ഓഡിറ്റ് ഫീസ് നല്കിയാണ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ് സെന്ററിന്റെ വാർഷിക അക്കൗണ്ട് ഓഡിറ്റ് ചെയ്ത് യു.ജി.സി ക്ക് അയച്ചുകൊടുക്കേണ്ട യൂട്ടിലസേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നത്. സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സ്ഥാപനമായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് സർവകലാശാലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റിന് ഓഡിറ്റ് ഫീസ് നല്കുന്നത് ഒഴിവാക്കാവുന്നതാണ്. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി വരവ്-ചെലവ് കണക്കുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ചാർട്ടേഡ് അക്കൗണ്ടന്റിന് ഓഡിറ്റ് ഫീസ് നല്കുന്ന ചെലവ് ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

ലോക്കൽ പ്രോഗ്രാം പ്ലാനിങ്ങ് ആന്റ് മാനേജ്മെന്റ് കമ്മിറ്റിയെ സജീവമാക്കി, കോഴ്സുകൾ ആസൂത്രണം ചെയ്യുന്നതിലും അവ നടപ്പിലാക്കുന്നതിലും മോണിറ്ററിങ്ങ് ചെയ്യുന്നതിലും ശ്രദ്ധ പതിപ്പിച്ച് ഹ്യൂമൺ റിസോഴ്സ്സസ് ഡെവലപ്പ്മെന്റ് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2-5 വിദൂരവിദ്യാഭ്യാസവിഭാഗം

കോളേജ് ഗോയിംഗ്-റഗുലർ ക്ലാസുകളിൽ ചേർന്ന് ഉപരിപഠനം സാധ്യമാകാത്തവർക്കു വേണ്ടി കണ്ണൂർ സർവ്വകലാശാല 2002 വർഷത്തിൽ ആരംഭിച്ചതാണ് വിദൂര വിദ്യാഭ്യാസ കേന്ദ്രം.

ഡയറക്ടറുടെ കീഴിൽ ഒരു അസിസ്റ്റന്റ് രജിസ്ട്രാറും SDE I, II, III, IV, V സെക്ഷനുകളിലായി 5 സെക്ഷൻ ഓഫീസർമാരും 12 സ്ഥിരം അസിസ്റ്റന്റുമാരും കൂടാതെ കരാറടിസ്ഥാനത്തിൽ നിയമിതരായ 7 അസിസ്റ്റന്റുമാരും 13 കോർഡിനേറ്റർമാരും ഓഫീസ് അറ്റന്റർമാരും ഉൾപ്പെടുന്ന ജീവനക്കാർ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ സേവനമനുഷ്ഠിച്ചുവരുന്നു. വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന് കീഴിൽ 8 ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

## (1) കോഴ്സുകൾ

10-06-2015 ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 6-1/13 പ്രകാരം വിദൂര വിദ്യാഭ്യാസ കേന്ദ്രം വഴി നടത്തപ്പെടുന്ന എല്ലാ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളും യു.ജി.സി അംഗീകൃത കോഴ്സുകളായിരിക്കേണ്ട താണ്. 2017-18 വർഷം ആകെ 17 കോഴ്സുകളാണ് അംഗീകരിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1 | ബി.എ ഹിസ്റ്ററി |
| 2 | ബി.എ ഇംഗ്ലീഷ് |
| 3 | ബി.ബി.എ |
| 4 | ബി.എ ഇക്കണോമിക്സ് |
| 5 | ബി.എ അഫ്സൽ ഉലമ |
| 6 | ബി.കോം |
| 7 | ബി.എസ്.സി മാത്സ് |
| 8 | ബി.എ മലയാളം |
| 9 | ബി.സി.എ |
| 10 | ബി.എ പൊളിറ്റിക്കൽ സയൻസ് |
| 11 | എം.എ ഹിസ്റ്ററി |
| 12 | എം.എ ഇംഗ്ലീഷ് |
| 13 | എം.എ ഇക്കണോമിക്സ് |
| 14 | എം.കോം |
| 15 | എം.എസ്.സി മാത്സ് |
| 16 | അഫ്സൽ ഉലമ (സർട്ടിഫിക്കറ്റ് കോഴ്സ്) |
| 17 | കോ-ഓപറേഷൻ (സർട്ടിഫിക്കറ്റ് കോഴ്സ്) |

ഏകദേശം 40,000-ത്തോളം വിദ്യാർത്ഥികൾ മേൽ കോഴ്സുകളിൽ രജിസ്റ്റർ ചെയ്യുകയും 34,000 -ത്തോളം വിദ്യാർത്ഥികൾ പഠനം തുടർന്നുവരുന്നുമുണ്ട്.

## (2) വരവ്-ചെലവുകൾ

വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ കഴിഞ്ഞ 3 വർഷത്തെ വരവ് -ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2015-16 | 51230487 | 14395206 |
| 2016-17 | 57337418 | 27863945 |
| 2017-18 | 64714191 | 21009380 |

മുൻ വർഷത്തേക്കാൾ താരതമ്യേന വരവിൽ വർദ്ധനവും ചെലവിൽ കുറവും ഉണ്ടായിട്ടുണ്ട്. 2017-18 മുതൽ ഡിമാന്റ് കളക്ഷൻ ബാലൻസ് സംബന്ധിച്ച് ഡി.സി.ബി പത്രിക തയ്യാറാക്കി വരുന്നുണ്ട്. എന്നാൽ 2017-18 വർഷത്തെ ഡി.സി.ബി പത്രിക പ്രകാരവും അക്കൗണ്ട് പ്രകാരവുമുള്ള കളക്ഷൻ തുകയിൽ പൊരുത്തക്കേട് കാണുന്നുണ്ട്. ഇത് സംബന്ധിച്ച് സംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനാൽ കൂടുതൽ പരിശോധന സാധ്യമാകുന്നില്ല ഡി.സി.ബി പ്രകാരമുള്ള തുകയും അക്കൗണ്ട് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുത്തേണ്ടതാണ്.

## (3) ഫീസ് കളക്ഷൻ

13-04-2018 ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം 2018-19 മുതൽ കോഴ്സ് ഫീസ് തുകയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. വാർഷിക പരീക്ഷയ്ക്കു മുമ്പ് ഇ-ഗ്രാന്റ് ലഭിക്കുന്ന വിദ്യാർത്ഥികളിൽ നിന്നൊഴികെ, മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി വരുന്നുണ്ട്. ചലാൻ പ്രകാരം ഈടാക്കിയതിന്റെയും ഓൺലൈനായി ലഭിക്കുന്നതുമായ ഫീസ് വിവരങ്ങൾ അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പിൽ നിന്നും ഫീസിനത്തിൽ ലഭ്യമാക്കേണ്ടുന്ന ഇ-ഗ്രാന്റ് തുക വൈകുന്ന പ്രവണത കണ്ടുവരുന്നുണ്ട്.

## (4) സെൽഫ് ഇൻസ്ട്രക്ഷണൽ മെറ്റീരിയൽ (SIM)

വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ നേടിയതിനു ശേഷം ഫീസ് ഒടുക്കുന്ന വിദ്യാർത്ഥികൾക്ക് SIM സൗജന്യമായാണ് നൽകിവരുന്നത്. SIM നൽകിയ വിവരവും അഡ്മിഷൻ രജിസ്റ്ററിലാണ് ചേർത്തു വരുന്നത്. അധികമായി ആവശ്യപ്പെടുന്ന SIM -നാണ് തുക ഈടാക്കി വരുന്നത്. SIM-ന്റെ സ്റ്റോക്ക് സംബന്ധിച്ച് വർഷങ്ങളായി തുടർന്നുവരുന്ന അലംഭാവം നിലവിലും തുടർന്നുവരുന്നുണ്ട്.

2016-17 വർഷം മുതൽ SIM അച്ചടിച്ച് വിതരണം ചെയ്യുന്നത് കോഴിക്കോടുള്ള "കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ് പ്രിന്റിങ് & ട്രെയിനിങ്" എന്ന സർക്കാർ സ്ഥാപനമാണ്. രണ്ടോ മൂന്നോ വർഷത്തേക്കുള്ള SIM ഒന്നിച്ച് അച്ചടിക്കുകയാണ് ചെയ്യുന്നത്. ഇത് സ്റ്റോക്കിൽ ബാലൻസിൽ വർദ്ധനവ് വരാൻ കാരണമാകുന്നുണ്ട്. ഓരോ വർഷവും ആവശ്യമായSIM മാത്രം അച്ചടിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അച്ചടിച്ച് ലഭ്യമാക്കിയ മെറ്റീരിയലുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഒരു മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിവരുന്നുണ്ട്. പിന്നീട് വിവിധ സെക്ഷനുകളിലേക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തുകയും ബാലൻസ് പൂജ്യം ആയി രേഖപ്പെടുത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ ബന്ധപ്പെട്ട സെക്ഷനുകൾ ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തുന്നില്ല. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ ഭൗതിക പരിശോധന നടത്തി ബാലൻസ് വിവരങ്ങൾ

സാക്ഷ്യപ്പെടുത്തുന്നുമില്ല. ആയതിനാൽ സിമ്മിന്റെ യഥാർത്ഥ നീക്കിയിരിപ്പ് തിട്ടപ്പെടുത്തുവാൻ സാധ്യമാകുന്നില്ല. SIM വിദ്യാർത്ഥികൾക്ക് ഇഷ്യൂ ചെയ്യുന്നതിനനുസരിച്ച് സ്റ്റോക്ക് ബാലൻസ് കാണിക്കുന്നതിനു പകരം ലഭ്യമാകുന്ന SIM മൊത്തമായി സെക്ഷനുകൾക്ക് നൽകി പൂജ്യം ബാലൻസ് കാണിക്കുന്നതിനാൽ ഓരോ സിമ്മിന്റെയും യഥാർത്ഥ നീക്കിയിരിപ്പ് കണക്കാക്കാൻ കഴിയാത്ത അവസ്ഥയാണ്. സിമ്മിന്റെ സ്റ്റോക്കെടുപ്പിലും വിതരണത്തിലും സുതാര്യത പാലിക്കേണ്ടതുണ്ട്. മുന്നിരിപ്പ്, വരവ്, വിതരണം, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## (5) സ്മാർട്ട് വെബ് പ്രൊജക്ട് പുരോഗതി കൈവരിച്ചിട്ടില്ല.

2011-ൽ പൂർത്തിയാക്കിയ സ്മാർട്ട് വെബ് പ്രൊജക്ട് നിലവിലും ശൈശവാവസ്ഥയിലാണ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ വെബ്സൈറ്റായ സ്മാർട്ട് വെബ് നിലവിൽ ഹാക് ചെയ്ത സാഹചര്യമാണുള്ളതെന്നും അതിന്റെ സെക്യൂരിറ്റി ഓഡിറ്റ് നടത്തി പുനസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പരീക്ഷാ സംബന്ധമായ വിവരങ്ങൾ റഗുലർ വിദ്യാർത്ഥികൾക്ക് എന്ന പോലെ വിദൂര വിദ്യാഭ്യാസ വിഭാഗം വിദ്യാർത്ഥികൾക്കും സർവ്വകലാശാല ഔദ്യോഗിക വെബ്സൈറ്റിൽനിന്നും ലഭ്യമാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, യൂണിവേഴ്സിറ്റി നോട്ടിഫിക്കേഷൻ, ഫീസ് ഒടുക്കൽ മുതലായവ ഒഴികെ ഓഡിയോ-വീഡിയോ ക്ലാസുകൾ, അസൈൻമെന്റ് സബ്മിഷൻ മുതലായവ ഓൺലൈൻ വഴി സാധ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ സ്മാർട്ട് വെബിന്റെ സെക്യൂരിറ്റി പരിശോധന നടത്തി പ്രവർത്തനം പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (6) പ്രാക്ടിക്കൽ ക്ലാസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സർവ്വകലാശാല ആസ്ഥാനത്ത് ഒരുക്കിയിട്ടില്ല.

പ്രാക്ടിക്കൽ ക്ലാസ് ആവശ്യമായ "ബി.സി.എ കോഴ്സ്" നടത്തിവരുന്നുണ്ടെങ്കിലും കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ സർവ്വകലാശാല ആസ്ഥാനത്ത് ഒരുക്കിയിട്ടില്ല. പ്രാക്ടിക്കൽ ക്ലാസിനാവശ്യമായ സൗകര്യങ്ങൾ സർവ്വകലാശാല ആസ്ഥാനത്തും സ്റ്റഡി സെന്ററുകളിലും ഒരുക്കണമെന്ന് യു.ജി.സി നിഷ്കർഷിച്ചിട്ടുണ്ട്. യു.ജി.സി നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## (7) ചട്ടങ്ങൾ/റഗുലേഷൻസ് രൂപീകരിച്ചിട്ടില്ല.

1996 ലെ കണ്ണൂർ സർവ്വകലാശാല നിയമത്തിലെ ചാപ്റ്റർ II 5 XXVIII പ്രകാരം വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്തിപ്പിന് സർവ്വകലാശാലയെ അനുവദിക്കുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച് റഗുലേഷൻസ് രൂപീകരിച്ചിട്ടില്ല.

നിലവിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ/റഗുലേഷൻസ് സിൻഡിക്കേറ്റിന്റെ പരിഗണനയിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാറിന്റെ അംഗീകാരത്തോടെ ചട്ടം/റഗുലേഷൻ രൂപീകരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യപ്പെട്ടതിന്, കേരള സ്റ്റേറ്റ് ഓൺലൈൻ സർവ്വകലാശാല രൂപീകരിക്കുവാൻ സർക്കാർ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിൽ

